Newspaper for Malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
Vol.4 / Issue 45/ Pages 32
28
മെയ് 2025
ബുധനാഴ്ച
1200 ഇടവം 14

www.vachakam.com
news@vachakam.com

01 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 22 Cinema | 26 Sports | 28 Technology | 30 World

## വിദ്യാർത്ഥി വിസയിലെ ഭരണകൂട നടപടി

# യു.എസ് സമ്പദ്‌വ്യവസ്ഥയെ തിരിഞ്ഞ് കൊത്തുമെന്ന് വിദഗ്ധർ




വിദ്യാർത്ഥി വിസയിൽ കടുത്ത നടപടിയുമായി മുന്നോട്ട് പോവുകയാണ് ട്രംപ് ഭരണകൂടം. ഇപ്പോൾ വിദേശ വിദ്യാർത്ഥികൾക്കുള്ള വിസ അഭിമുഖം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ് ഭരണകൂടം. വിദേശ വിദ്യാർത്ഥികളുടെ സോഷ്യൽ മീഡിയ ഉപയോഗം നിരീക്ഷിക്കുന്ന പ്രവർത്തനം (സോഷ്യൽ മീഡിയ വെറ്റിങ്) വിപുലീകരിക്കുന്നതിന്റെ ഭാഗമായാണിതെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.എഫ്, എം, ജെ വീസ അപേക്ഷകൾക്കുള്ള ഇന്റർവ്യൂകൾക്കാണ് നടപടി ബാധകമാകുക. നിലവിൽ ഇന്റർവ്യൂ അപ്പോയിന്റ്മെന്റുകൾ ലഭിച്ചവരെ ഇതു ബാധിക്കില്ല. യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ കോൺസുലേറ്റുകൾക്ക് അയച്ച ഉത്തരവിലാണ് നിർദേശം. വിദ്യാർത്ഥികളും എക്സ്ചേഞ്ച് സന്ദർശകരുമായ അപേക്ഷകർക്ക് സോഷ്യൽ മീഡിയ വെറ്റിങ് സംബന്ധിച്ച് പരിഷ്കരിച്ച മാർഗ നിർദേശം പുറത്തിറക്കുമെന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ പ്രസ്താവനയിൽ വ്യക്തമാക്കിയിരുന്നു.

**കാരണങ്ങൾ പലത് ലക്ഷ്യം ഒന്ന്**

ട്രംപ് ഭരണകൂടം തങ്ങളുടെ കടുത്ത കുടിയേറ്റ അജണ്ട നിറവേറ്റുന്നതിനുള്ള വിപുലമായ ശ്രമങ്ങളുടെ ഭാഗമായി നാടുകടത്തൽ വർധിപ്പിക്കാനും വിദ്യാർത്ഥി വിസ റദ്ദാക്കാനും ശ്രമിച്ച സാഹചര്യത്തിലാണ് പുതിയ നീക്കമെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഈ നീക്കം വിദ്യാർത്ഥി വിസ പ്രോസസ്സിംഗിനെ ഗുരുതരമായി തടസ്സപ്പെടുത്തുമെന്നും അന്താരാഷ്ട്ര എന്റോൾമെന്റുകളെ വളരെയധികം ആശ്രയിക്കുന്ന യുഎസ് സർവകലാശാലകളെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കുമെന്നും റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു.മുൻകൂർ അറിയിപ്പ് കൂടാതെ വിസകൾ റദ്ദാക്കിക്കൊണ്ട് വിദേശ

ശേഷം പേജ് 8ൽ

*വഞ്ചി ഇപ്പോഴും വഞ്ചിയൂരു തന്നെ (സെബാസ്റ്റ്യൻ പോൾ എഴുതുന്നു)..... പേജ് 05*

*വിഷം തുപ്പും കണ്ടെയ്നറുകൾ; വിറ പൂണ്ട് കേരള തീരം ................ പേജ് 15*

*അൻവറിസത്തിൽ വട്ടം കറങ്ങുന്ന രാഷ്ട്രീയ നിലമ്പൂർ .......................... പേജ് 16*

*കണ്ണീരിന്റെ പേമാരിയിൽ 'കുട'യില്ലാതെ കരഞ്ഞു കൂവി കർഷക ജനത................................. പേജ് 24*

*പഹൽഗാം ഭീകരാക്രമണത്തിന് ശേഷമുള്ള വിശേഷം..! ................. പേജ് 25*

## തൊഴിലില്ലായ്മ വർധിക്കും, പണപ്പെരുപ്പം കൂടും

# യുഎസ് സമ്പദ്‌വ്യവസ്ഥ മാന്ദ്യഭീഷണിയിലെന്ന് ഫെഡറൽ മിനുട്സ്



ന്യൂയോർക്ക് : യുഎസിൽ തൊഴിലില്ലായ്മയും പണപ്പെരുപ്പവും വർദ്ധിക്കുന്നതായി ഫെഡറൽ മിനുട്സ്. മെയ് മാസത്തിൽ നടന്ന ഫെഡറൽ റിസർവിന്റെ പലിശ നിരക്ക് നിർണ്ണയ സമിതി യോഗത്തിലെ മിനിട്സിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് സ്റ്റാഗ്ഫ്ലേഷനറി അപകടസാധ്യതയുണ്ടെന്ന് കാണിക്കുന്നു.തൊഴിൽ വിപണി ഗണ്യമായി ദുർബലമാകുമെന്നും തൊഴിലില്ലായ്മ നിരക്ക് 2027 വരെ സ്വാഭാവിക നിരക്കിന് മുകളിൽ തുടരുമെന്നും റിപ്പോർട്ട് കാണിക്കുന്നു.2025-ൽ 4.4 ശതമാനവും 2026, 2027 വർഷങ്ങളിൽ 4.3 ശതമാനവും തൊഴിലില്ലായ്മ നിരക്ക് ഉണ്ടാകുമെന്ന് ഫെഡ് മാർച്ചിൽ പ്രവചിച്ചിരുന്നു. മെയ് മാസത്തിലെ മിനിറ്റുകൾ സൂചിപ്പിക്കുന്നത് ആ കണക്കിലും കൂടുതലായി

ശേഷം പേജ് 8ൽ

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

## രണ്ടാഴ്ച സമയപരിധി !

# ഉക്രെയ്ൻ വിഷയത്തിൽ പുടിന്റെ നിലപാടറിയാമെന്ന് ട്രംപ്

വാഷിംഗ്ടൺ: ഉക്രൈൻ യുദ്ധം അവസാനിപ്പിക്കാൻ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന് രണ്ടാഴ്ചത്തെ സമയപരിധി വയ്ക്കാൻ യുഎസ്. പുടിൻ യുദ്ധം അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നുണ്ടോ എന്ന മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് എനിക്ക് അത് നിങ്ങളോട് പറയാൻ കഴിയില്ല, പക്ഷേ രണ്ടാഴ്ചയ്ക്കുള്ളിൽ ഞാൻ നിങ്ങളെ അറിയിക്കും' എന്നാണ് ട്രംപ് ഉത്തരം നൽകിയത്.

റഷ്യ ഉക്രെയ്നിനെതിരായ ആക്രമണം ശക്തമാക്കിയതിനുശേഷം പുടിൻ തികച്ചും ഭ്രാന്തനായി മാറിയെന്നും തീകൊണ്ട് കളിക്കുകയാണെന്നും ഞായറാഴ്ച ട്രംപ് സോഷ്യൽ മീഡിയയിൽ വിമര്ശനമുന്നയിച്ചിരുന്നു.




2022 ഫെബ്രുവരിക്ക് ശേഷമുള്ള ഏറ്റവും ശക്തമായ ആക്രമണമാണ് കഴിഞ്ഞ ദിവസമുണ്ടായത്. ആഗോളതലത്തിൽ യുദ്ധം അവസാനിപ്പിക്കാനും വെടിനിർത്തലിനും ആവശ്യപ്പെട്ടുള്ള സമ്മർദ്ദം ശക്തമാവുന്നതിനിടെയാണ് കഴിഞ്ഞ ദിവസം വലിയ രീതിയിൽ ഉക്രെയ്നെതിരെ ഡ്രോൺ ആക്രമണം നടന്നത്. അനാവശ്യമായി പുടിൻ ആളുകളെ കൊല്ലുന്നുവെന്നാണ് ട്രംപിന്റെ വിമർശനം.

യുദ്ധം അവസാനിപ്പിക്കുന്നതിൽ പുടിൻ ഗൗരവമുള്ളവനാണെന്ന് കരുതുന്നുണ്ടോ എന്ന ചോദ്യത്തിന് ട്രംപിന്റെ ഉത്തരം ഇങ്ങനെയായിരുന്നു: രണ്ടാഴ്ചയ്ക്കുള്ളിൽ ഞാൻ നിങ്ങളെ അറിയിക്കും. രണ്ടാഴ്ചയ്ക്കുള്ളിൽ (പുടിൻ) നമ്മളെ പറ്റിക്കുകയാണോ ഇല്ലയോ എന്ന് ഞങ്ങൾ കണ്ടെത്തും. അദ്ദേഹം പറ്റിക്കുകയാണെങ്കിൽ, നമ്മൾ പ്രതികരിക്കുന്നത് അല്പം വ്യത്യസ്തമായിട്ടായിരിക്കുമെന്നും ട്രംപ് കൂട്ടിച്ചേർത്തു.

## American Diary — 80 Years Ago

### Operation Ten-Go: Kamikaze Attacks



The American destroyer USS Drexler was sunk northwest of Okinawa by a Japanese kamikaze attack. Broadcaster William Joyce ("Lord Haw-Haw") was arrested by the British in Flensburg, Germany.

The eighth Japanese Kamikaze attack of Operation Ten-Go occurred May 27-29, 1945. As with the prior attacks, numerous U.S. Navy ships were damaged, along with collisions and friendly fire. U.S. Navy ships lost: USS Drexler (DD-741) and the large craft support vessel - LSC(L)-119. Notable U.S. Navy ships damaged: USS Anthony (DD-515),

USS Braine (DD-630), USS Sandoval (APA-194), USS Shubrick (DD-639), USS Southard (DMS-10), and USS Tatum (APD-81). In this series of attacks, Japanese submarine I-367 damaged USS Gilligan (DE-508) and a Japanese suicide plane, which was reported as an ALF - a twin-float, single-engine bi-plane, crashed into U.S. freighter SS Mary A. Livermore. Our photograph collections do not have images of this specific attack. May 27-29, 1945

## ട്രംപിന് ഫെഡറൽ കോടതിയുടെ കടിഞ്ഞാൺ;

# തീരുവ ചുമത്തുന്നത് തടഞ്ഞു



വാഷിംഗ്ടൺ: ഇറക്കുമതിക്ക് വൻതോതിലുള്ള തീരുവ ചുമത്തുന്നതിൽ നിന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെ തടഞ്ഞ് ഫെഡറൽ കോടതി. ഏകപക്ഷീയമായി താരിഫ് ചുമത്താൻ ട്രംപിന് അധികാരമില്ലെന്നും ഫെഡറൽ കോടതി വ്യക്തമാക്കി. ട്രംപിന്റെ ആഗോള താരിഫുകൾ നിയമവിരുദ്ധം ആണെന്നും വിലയിരുത്തി.

ട്രംപ്തന്റെഅധികാരംലംഘിച്ചുവെന്നും രാജ്യത്തിന്റെ വ്യാപാര നയം അദ്ദേഹത്തിന്റെ ഇഷ്ടാനുസരണം മാറ്റിയെന്നും വാദിക്കുന്ന നിരവധി കേസുകൾ പരിഗണിച്ചാണ് ന്യൂയോർക്ക് ആസ്ഥാനമായുള്ള യുഎസ് കോർട്ട് ഓഫ് ഇന്റർനാഷണൽ ട്രേഡിലെ മൂന്നംഗ ജഡ്ജിമാരുടെ പാനലിന്റെ വിധി വന്നത്.

1977 ലെ അന്താരാഷ്ട്ര അടിയന്തര സാമ്പത്തിക അധികാര നിയമം ('IEEPA') മറ്റ് രാജ്യങ്ങളിൽ നിന്നുമുള്ള സാധനങ്ങൾക്ക് പരിധിയില്ലാത്ത താരിഫ് ചുമത്താനുള്ള അധികാരം പ്രസിഡന്റിന് നൽകുന്നുണ്ടോ എന്നതാണ് കോടതിയുടെ മുന്നിലുള്ള രണ്ട് കേസുകളിലെയും ചോദ്യം. എന്നാൽ ഇത്തരം പരിധിയില്ലാത്ത അധികാരം നൽകാൻ IEEPA പറയുന്നില്ലെന്ന് പാനൽ വ്യക്തമാക്കി. കോടതിയുടെ വിധി ട്രംപ് ഭരണകൂടത്തിന്റെ വ്യാപാര യുദ്ധത്തിന് അന്ത്യം കുറിക്കുമോ എന്നാണ് ഇനി കാണാനുള്ളത്.

# പടിയിറങ്ങി മസ്ക്; ട്രംപിന്റെ ഉന്നത ഉപദേഷ്ടാവ് എന്ന സ്ഥാനമൊഴിഞ്ഞു ഇലോൺ മസ്ക്

നവാഷിങ്ടൺ: ട്രംപ് ഭരണകൂടത്തിലെ കാര്യക്ഷമതാ വകുപ്പിന്റെ മേധാവി (DOGE) എന്ന സ്ഥാനത്ത് നിന്ന് ഇലോൺ മസ്ക് പടിയിറങ്ങുന്നതായി

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO: Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director: Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad

Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisements, advertorials, articles or copyright issues.



റിപ്പോർട്ട്. ട്രംപിന്റെ ഉന്നത ഉപദേഷ്ടാവ് എന്ന സ്ഥാനത്ത് നിന്നാണ് മസ്ക് പടിയിറങ്ങുന്നത്.

'കാര്യക്ഷമതാ വകുപ്പിലെ പ്രത്യേക സർക്കാർ ജീവനക്കാരൻ എന്ന നിലയിലുള്ള തന്റെ കാലാവധി അവസാനിക്കുമ്പോൾ പ്രസിഡന്റ് ട്രംപിന് നന്ദി, ഡോജ് മിഷൻ കാലക്രമേണ ശക്തിപ്പെടും. അത് സർക്കാരിന്റെ രീതിയായി മാറും' എന്നാണ് സമൂഹ മാധ്യമമായ എക്സിൽ മസ്ക് കുറിച്ചത്.

മസ്കിന്റെ പോസ്റ്റ് കൃത്യമാണെന്നും ഓഫ്ബോർഡിംഗ് ബുധനാഴ്ച രാത്രി ആരംഭിക്കുമെന്നും വൈറ്റ് ഹൗസ് വ്യക്തമാക്കി. ജനുവരി 20ന് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള എക്സിക്യൂട്ടീവ് ഉത്തരവിൽ ട്രംപ് ഒപ്പുവെച്ചതുമുതൽ ഡോജിന്റെ പൊതുമുഖമായിരുന്നു മസ്ക്. എന്നാൽ ട്രംപിനെതിരെ വിമർശനം ഉന്നയിച്ചതിന് പിന്നാലെയാണ് മസ്കിന്റെ പടിയിറക്കം ഉണ്ടാകുന്നത്.

സർക്കാരിന്റെ ക്ഷേമ പദ്ധതികൾക്കായുള്ളചെലവുകൾകുത്തനെകൂട്ടാനും ആഭ്യന്തര നികുതികൾ കുറയ്ക്കാനും ലക്ഷ്യമിട്ടുള്ള ബില്ലാണ് ട്രംപ് കൊണ്ടുവന്നത്. എന്നാൽ സർക്കാരിന്റെ അധിക ചെലവ് നിയന്ത്രിക്കാൻ ആവിഷ്കരിച്ച ഡിപ്പാർട്ട്മെന്റ് ഓഫ് ഗവൺമെന്റ് എഫിഷ്യൻസിയുടെ പ്രവർത്തന ലക്ഷ്യത്തെ തന്നെ തകർക്കുന്നതാണ് ട്രംപിന്റെ പുതിയ ബില്ലെന്ന് ആണ് മസ്ക് ആഞ്ഞടിച്ചത്. ബിൽ നിരാശാജനകമാണെന്നും യുഎസ് ഗവൺമെന്റിന്റെ സാമ്പത്തികഭാരം കുറയ്ക്കുന്നതിന് പകരം കൂട്ടാനുള്ള ബില്ലാണിതെന്നും മസ്ക് വിമർശിച്ചിരുന്നു. ഇതിന് പിന്നാലെ ആണ് മസ്ക് പടിയിറങ്ങുന്നത്.

## റീ...പോളിംഗ്




*ദി ലെജൻഡ് ഡോക്യുമെന്ററിയിൽ തന്റെ അമ്മയുടെ പേര് തെറ്റിച്ചെന്ന് മുഖ്യമന്ത്രി*

# ഷിക്കാഗോ സീറോ മലബാർ രൂപതയുടെ സിൽവർ ജൂബിലി: അനുഗ്രഹ വർഷമായി 'ദിവ്യകാരുണ്യ പ്രദക്ഷിണം'



ന്യൂജേഴ്സി: ഇൻഡ്യയ്ക്കു പുറത്തു സ്ഥാപിതമായ ആദ്യ സീറോ മലബാർ രൂപതയായ, ഷിക്കാഗോ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ന്യൂജേഴ്സിയിലെ സോമർസെറ്റ് ഇടവകയിൽ വച്ച് മെയ് 23,24, 25 തീയതികളിൽ നടന്ന 'ദിവ്യ കാരുണ്യകോൺഗ്രസും' അതിനോടനുബന്ധിച്ചു നടത്തിയ 'ദിവ്യ കാരുണ്യ പ്രദക്ഷിണവും' വിശ്വാസികൾക്ക് നവ്യമായ അനുഭവമായി. ഷിക്കാഗോ രൂപതയിൽ ആദ്യമായാണ് തെരുവുവീഥികളിലൂടെ ദിവ്യ കാരുണ്യ പ്രദക്ഷിണം നടത്തുന്നത്. 'ദിവ്യകാരുണ്യം' പ്രതിഷ്ഠിച്ച പ്രത്യേകപേടകം, രൂപത അധ്യക്ഷൻ മാർ ജോയ് ആലപ്പാട്ടിന്റെ നേതൃത്വത്തിൽപന്ത്രണ്ടുവൈദികർചേർന്ന്വഹിച്ചു.

സീറോ മലബാർ സഭയുടെ മേലധ്യക്ഷൻ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ, ഷിക്കാഗോ രൂപതയുടെ പ്രഥമ ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത്, രൂപതയിലെ വിവിധ ഇടവകകളിലെ വികാരിമാർ, വൈദിക വിദ്യാർഥികൾ, സന്യാസിനികൾ, അൾത്താര ശ്രുശ്രൂഷികൾ, ആദ്യ കുർബാന സ്വീകരിച്ച കുട്ടികൾ, കുരിശുകളും മുത്തുക്കുടകളും വഹിച്ച വിവിധ ഇടവക പ്രതിനിധികൾ തുടങ്ങിയവർ ദിവ്യ കാരുണ്യം വഹിച്ചുകൊണ്ടുള്ള പേടകത്തെ അനുഗമിച്ചു.

ദിവ്യകാരുണ്യം വഹിച്ചുകൊണ്ടുള്ളപേടകം കടന്നുപോയ വഴിയുടെ ഇരുവശത്തുമായി നാലായിരത്തോളം വരുന്ന വിശ്വാസികൾ പ്രാർത്ഥനാപൂർവ്വം നിലകൊണ്ടു. ഫ്രാങ്ക്ളിൻ സ്കൂളിൽനിന്നുമാരംഭിച്ച പ്രദക്ഷിണം സോമർസെറ്റ് സൈന്റ് തോമസ് ഫൊറോനാ ദേവാലയ അങ്കണത്തിൽ തട്ടിൽ പിതാവിന്റെ ദിവ്യകാരുണ്യ ആശീർവാദത്തോടെ സമാപിച്ചു.

## ജൂബിലി നന്ദിയുടേയും കൃപയുടെയും ആഘോഷം: മാർ റാഫേൽ തട്ടിൽ

സിൽവർ ജൂബിലി ആഘോഷങ്ങൾ, കഴിഞ്ഞുപോയ വർഷങ്ങളെ നന്ദിപൂർവം സ്മരിക്കുവാനും, വീഴ്ചകൾ തിരുത്തുവാനും, അടുത്ത ഇരുപത്തഞ്ചു വർഷത്തേക്കുള്ള പദ്ധതികൾ ആവിഷ്കരിക്കാനുമുള്ള അവസരമാക്കി മാറ്റണമെന്ന് സീറോ മലബാർ സഭാമേലധ്യക്ഷൻമേജർആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ വിശ്വാസികളെ ഉദ്ബോധിപ്പിച്ചു. ഷിക്കാഗോ സീറോ മലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ന്യൂജേഴ്സിയിലെ സോമർസെറ്റ് ഇടവകയിൽ വച്ച് മെയ് 23,24,25 തീയതികളിൽ നടന്ന 'ദിവ്യ കാരുണ്യ കോൺഗ്രസ്' ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയാരിരുന്നു മാർ റാഫേൽ തട്ടിൽ. അമേരിക്കയിൽ സീറോ മലബാർ സഭയുടെ വളർച്ചക്കുവേണ്ട സഹായങ്ങൾ നൽകിയ തദ്ദേശ ലത്തീൻ സഭയോട് നമ്മൾ എന്നും നന്ദിയുള്ളവരായിക്കുകയും, അവർക്കു വേണ്ടി പ്രാർഥിക്കുകയും വേണമെന്നും പിതാവ് ഓർമ്മിപ്പിച്ചു. അതുപോലെ ഒന്നും ഇല്ലായ്മയിൽ നിന്നും ഈ രൂപതയെ പടുത്തു ഉയർത്തുവാൻ ഏറെ കഷ്ടപ്പാടുകൾ സഹിച്ച എല്ലാവരെയും കൃതജ്ഞതാ പൂർവം സ്മരിക്കുവാനും, അവരേയുംചേർത്ത് നിർത്തുവാനും നമ്മുക്ക് സാധിക്കണം. അതോടൊപ്പം വിശ്വാസികളെ ഏകോപിപ്പിക്കുന്നതിനും രൂപതയുടെ വളർച്ചക്കും നിസ്വാർഥമായ നേതൃത്വം നൽകുകയും ചെയ്ത മാർ ജേക്കബ് അങ്ങാടിയത്തിനേയും മാർ തട്ടിൽ നന്ദിപൂർവം സ്മരിച്ചു. സഭ പല പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോഴും ഷിക്കാഗോ രൂപതയിൽ നിന്നും ധാരാളം ദൈവ വിളികൾ ഉണ്ടാകുന്നതിൽ താൻ ഏറെ അഭിമാനിക്കുന്നതായി പിതാവ് പറഞ്ഞു. അടുത്ത തലമുറയ്ക്ക് 'ബാറ്റൺ' കൈമാറാൻ നമ്മൾ ഇപ്പോഴേ ഒരുങ്ങണം. ഷിക്കാഗോ രൂപതയിൽ ഉണ്ടായിരിക്കുന്ന വിശ്വാസ വളർച്ചയിൽ താൻ ഏറെ സന്തുഷ്ടനാണെന്നും, അതിനുനേതൃത്വവും പ്രോത്സാഹനവും നൽകിവരുന്ന രൂപതാദ്ധ്യക്ഷൻ മാർജോയ് ആലപ്പാട്ടിനെ അഭിനന്ദിക്കുന്നതായും മേജർ ആർച്ച് ബിഷപ് പറഞ്ഞു.

മൂന്നുദിവസം നീണ്ടു നിന്ന 'ദിവ്യ കാരുണ്യ കോൺഗ്രസിൽ' പ്രശസ്ത വചന പ്രഘോഷകൻ റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ മലയാളത്തിലും, അമേരിക്കയിലെ പ്രശസ്ത വചന പ്രഘോഷകരായ ഡോ. സ്കോട്ട് ഹാൻ, പോൾ ജെ. കിം, അലക്സ്ഗോടൈ, ഡോ.ലോറൻസ് ഫിൻഗോൾഡ് എന്നിവരും ഷിക്കാഗോ രൂപതയുടെ ഭാഗമായ റവ. ഫാ. കെവിൻ മുണ്ടക്കൽ, സി. ആഗ്നസ് എന്നിവർ ഇംഗ്ലീഷിലും വിശുദ്ധ കുർബാനയെപ്പറ്റി പ്രഭാഷങ്ങൾ നടത്തി.

ശനിയാഴ്ച വൈകുന്നേരം അതിഥേയ ഇടവകാംഗങ്ങൾ അവതരിപ്പിച്ച 'ജീവന്റെ അപ്പം' എന്ന സ്റ്റേജ്ഷോ ഏവരുടെയും പ്രശംസ പിടിച്ചുപറ്റി.

മൂന്നുദിവസം നീണ്ടുനിന്ന ദിവ്യകാരുണ്യ കോൺഗ്രസിനും, സമാപന ദിവസം നടന്ന 'ദിവ്യകാരുണ്യ' പ്രദക്ഷിനത്തിനും ആതിഥേയത്വം നൽകിയ സോമർസെറ്റ് ഇടവകയുടെ നേതൃപാടവം ഏറെ പ്രശംസിക്കപ്പെട്ടു. 'ദിവ്യകാരുണ്യ കോൺഗ്രസിന്' നേതൃത്വം നൽകിയ കോർഡിനേറ്റർ വികാരി ജനറാൾ റവ. ഫാ.തോമസ് കാടുകപ്പിള്ളിൽ, സോമർസെറ്റ് ഇടവക വികാരി റവ. ഫാ. ആന്റണി സേവ്യർ പുല്ലുകാട്ട്, ഇടവക കൈക്കാരമ്മാർ, പാരിഷ് കൗൺസിൽ, വിവിധ കമ്മിറ്റി അംഗങ്ങൾ, ഇടവകയിലെ യുവജനങ്ങൾ, കൂടാതെ എല്ലാ ഇടവകാംഗങ്ങൾക്കും രൂപതാധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് നന്ദി അറിയിച്ചു.

വികാരി ജനറാൾ റവ. ഫാ.ജോൺ മേലേപ്പുറം, ചാൻസലർ റവ. ഫാ.ജോർജ് ദാനവേലിൽ, വൈസ് ചാൻസലർ റവ. ഫാ.ജോൺസൺ കോവൂർപുത്തൻപുര, പ്രൊക്യൂറേറ്റർ റവ. ഫാ. കുര്യൻ നടുവേലിചാലുങ്കൽ എന്നിവരും ദിവ്യകാരുണ്യ കോൺഗ്രസിന്റെ സുഗമമായ നടത്തിപ്പിനു നേതൃത്വം നൽകി.

ദിവ്യകാരുണ്യ കോൺഗ്രസിന്റെ സമാപന സമ്മേളനത്തിൽ, രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളോടനുബദ്ധിച്ചു 2026 ജൂലൈ 9,10, 11,12 തീയതികളിൽ ഷിക്കാഗോയിൽ വച്ചു നടത്തപ്പെടുന്ന സിറോ മലബാർ കൺവൻഷന്റെ കിക്ക് ഓഫും നടന്നു.

◗ ഷോളി കുമ്പിളുവേലി

# മാർ റാഫേൽ തട്ടിലിന് സ്വീകരണം മെയ് 29 വ്യാഴാഴ്ച്ച വൈകിട്ട്




ഷിക്കാഗോ: ഷിക്കാഗോയിലെ രണ്ടാമത്തെ ക്നാനായ ഇടവകയും പ്രവാസി ക്നാനായ സമൂഹത്തിലെ ഏറ്റവും വലിയ ഇടവകയുമായ ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പതിനഞ്ചാമത് വാർഷികാഘോഷങ്ങളിൽ പങ്കെടുക്കുവാൻ എത്തുന്ന സീറോ മലബാർ സഭാധ്യക്ഷൻ മേജർ ആർച്ച് ബിഷപ്പ് റാഫേൽ തട്ടിലിന് ഇടവകയിൽ നൽകുന്ന ഔപചാരികമായ സ്വീകരണത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. മെയ് 29 വ്യാഴാഴ്ച്ച വൈകിട്ട് 6 മണിക്കാണ് കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട്, ഷിക്കാഗോ സീറോ മലബാർ രൂപതാധ്യക്ഷൻ മാർ ജോയി ആലപ്പാട്ട്, ഷിക്കാഗോ സീറോ മലബാർ രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്ത് എന്നിവരോടൊപ്പം എത്തുന്ന പിതാവിന് സ്വീകരണം ഒരുക്കുന്നത്.

താളമേളങ്ങളുടെയും താലപ്പൊലികളുടെയും അകമ്പടിയോടെ പിതാവിനെ സ്വീകരിച്ചാനയിക്കും. തുടർന്ന് ഇടവകയുടെ പതിനഞ്ചാമത് വാർഷികാഘോഷങ്ങളുടെ ഭാഗമായി നടത്തപെടുന്ന, ആഘോഷമായ പൊന്തിഫിക്കൽ കുർബ്ബാനയിൽ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ മുഖ്യ കാർമികത്വം വഹിക്കും.

മാർ മാത്യു മൂലക്കാട്ട്, മാർ ജോയി ആലപ്പാട്ട്, മാർ ജേക്കബ് അങ്ങാടിയത്ത് എന്നിവരോടൊപ്പം ക്നാനായ റീജിയൻ ഡയറക്ടർ മോൺസിഞ്ഞോർ തോമസ് മുളവനാൽ, ഇടവകയുടെ സ്ഥാപക വികാരി ഫാ. എബ്രഹാം മുത്തോലത്ത്, വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര എന്നിവർ സഹകാർമ്മികരായിരിക്കും. ആഘോഷങ്ങളുടെ ഭാഗമായി ഇടവകയ്ക്ക് പതിനഞ്ച് വർഷങ്ങളായി നേതൃത്വം നൽകിയ വൈദീകരെയും, സന്ന്യസ്തരെയും, അല്മായരെയും ഈ വർഷം ഗ്രാജുവേറ്റ് ചെയ്ത യുവതീ യുവാക്കളെയും ആദരിക്കും. സ്നേഹവിരുന്നോടെയായിരിക്കും പരിപാടികൾ സമാപിക്കുക.

2010 ജൂലൈ മാസത്തിൽ കൂദാശചെയ്യപ്പെട്ട സെന്റ് മേരീസ് ഇടവക ദൈവാലയം പതിനഞ്ചുവർഷങ്ങൾ പൂർത്തിയാക്കുമ്പോൾ ഇടവകയുടെ നാൾ വഴികളെയും ഇടവകയ്ക്ക് വേണ്ടി അഹോരാത്രം അധ്വാനിച്ചവരെയും പ്രാർത്ഥനയോടെ സ്മരിക്കുക എന്നത് ഇടവകയുടെ പൊതുവായ ഉത്തരവാദിത്വം ആണ് എന്ന് ഇടവക വികാരി ഫാ. സിജു മുടക്കോടിൽ അറിയിച്ചു. ഷിക്കാഗോയിലെ രണ്ടു ക്നാനായ കത്തോലിക്കാ ദൈവാലയങ്ങളുടെയും സ്ഥാപക വികാരിയായിരുന്ന ഫാ. എബ്രഹാം മുത്തോലത്ത്, ഒൻപത് വർഷം ഇടവകയെ നയിച്ച ഫാ. മുളവനാൽ എന്നിവരടക്കം ഇടവകയിൽ സേവനം ചെയ്ത വൈദീകരും സന്ന്യസ്തരും അല്മായ പ്രതിനിധികളും ഇടവക ജനത്തോടൊപ്പം ഒരുമിച്ചു നിന്നുകൊണ്ട് മുന്നോട്ട് പോയതിന്റെ സൽഫലങ്ങളാണ് ഇന്ന് ഇടവകയുടെ മികച്ച പ്രവർത്തനങ്ങളിലൂടെ ദർശിക്കുവാൻ സാധിക്കുന്നത് എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ആഘോഷങ്ങളുടെ ഭാഗമായി നടത്തപെടുന്ന പതിനഞ്ചിന പരിപാടികൾ മികച്ച രീതിയിൽ തന്നെ നടത്തുവാനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നതായി ആഘോഷ കമ്മറ്റി ചെയർമാൻ ബിനു കൈതക്കത്തൊട്ടിയിൽ അറിയിച്ചു. ആഘോഷങ്ങളുടെ ക്രമീകരണങ്ങൾക്കായി ബിനു കൈതക്കത്തൊട്ടി, സ്റ്റീഫൻ കിഴക്കേക്കുറ്റ്, സ്റ്റീഫൻ ചൊള്ളമ്പേൽ, ടോണി പള്ളിയറതുണ്ടത്തിൽ, മിനി എടകര, ടെസ്സി ഞാറവേലിൽ എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മറ്റിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പാരിഷ് കൗൺസിൽ അംഗങ്ങളോടും വാർഷികാഘോഷ കമ്മറ്റിയോടുമൊപ്പം, ഇടവക വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം, പി.ആർ.ഒ. അനിൽ മറ്റത്തിക്കുന്നേൽ എന്നിവർ പരിപാടികളുടെ വിജയത്തിനായി പ്രവർത്തിക്കുന്നു.

◗ അനിൽ മറ്റത്തിക്കുന്നേൽ



# ഷിക്കാഗോ മലയാളി അസോസിയേഷൻ ഇലക്ഷൻ കമ്മീഷൻ നിലവിൽ വന്നു



ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷന്റെ 2025-27 വർഷത്തേക്കുള്ള ഇലക്ഷൻ കമ്മീഷൻ അംഗങ്ങളെ 2025 മെയ് 18 ന് അസോസിയേഷൻ ഹാളിൽ കൂടിയ പൊതുയോഗം തെരഞ്ഞെടുത്തു.

തിരഞ്ഞെടുക്കപ്പെട്ട അഞ്ചു പേരും അസോസിയേഷന്റെ മുൻ പ്രസിഡന്റുമാരാണ്. ഇലക്ഷൻ കമ്മീഷൻ അംഗങ്ങൾ പി.ഒ. ഫിലിപ്പ് (ചെയർമാൻ), ജോയ് വാച്ചാച്ചിറ, ജോൺസൻ കണ്ണൂക്കാടൻ, സണ്ണി വള്ളിക്കളം, ലെജി പട്ടരുമഠം.

അസോസിയേഷൻ പ്രസിഡന്റ് ജെസ്സി റിൻസിയുടെ അധ്യക്ഷതയിൽ ചേർന്ന പൊതുയോഗം ഇലക്ഷൻ കമ്മിറ്റി അംഗങ്ങളെ അനുമോദിച്ചു.

സെക്രട്ടറി ആൽവിൻ ഷിക്കോർ, ട്രഷറർ മനോജ് അച്ചേട്ട്, ജോയിന്റ് ട്രഷറർ സിബിൽ ഫിലിപ്പ്, ജോയിന്റ് സെക്രട്ടറി വിവീഷ് ജേക്കബ് എന്നിവർ സംസാരിച്ചു.

ബിജു മുണ്ടക്കൽ

# ഡാളസ്സിൽ സംഘടിപ്പിക്കുന്ന ദേശീയ വടംവലി മാമാങ്കത്തിന്റെ കിക്കോഫ് ഉജ്വലമായി



ഡാളസ്: ഡാളസ്സിൽ സംഘടിപ്പിക്കുന്ന ദേശീയ വടംവലി മാമാങ്കത്തിന്റെ കിക്കോഫ് ഡാളസ് കേരള അസോസിയേഷനിൽ വെച്ച് നടത്തപ്പെട്ടു. കേരള അസോസിയേഷൻ ഓഫ് ഡാളസ്, ഇന്ത്യ കൾച്ചറൽ എജുക്കേഷൻ സെന്റർ സംയുക്തമായിട്ടാണ് ദേശീയ വടംവലി മത്സരം സംഘടിപ്പിക്കുന്നത്.

ദേശീയ വടംവലി മത്സരത്തിന്റെ കിക്കോഫ് പ്രശസ്ത സിനിമാതാരം ദിലീഷ് പോത്തൻ നിർവഹിച്ചു. മത്സരത്തിന് എല്ലാ ആശംസകളും ദിലീഷ് നേർന്നു. ഗാർലൻഡ് ബെൽറ്റ് ലൈനിലുള്ള കേരള അസോസിയേഷൻ കോൺഫറൻസ് ഹാളിലാണ് കിക്കോഫ് സമ്മേളനം സംഘടിപ്പിച്ചത്. പ്രസിഡന്റ് പ്രദീപ് നാഗനൂലിൽ അധ്യക്ഷതവഹിച്ചു.

ജൂൺ 24ന് രാവിലെ 9 മണി മുതൽ വൈകുന്നേരം 7 മണി വരെയാണ് ആവേശകരമായ മത്സരം നടക്കുകയെന്നു പ്രസിഡന്റ് പറഞ്ഞു. ഗാർലൻഡ് സെന്റ് തോമസ് സീറോ മലബാർ ചർച്ച് പാർക്കിംഗ് ലോട്ടിലാണ് വടംവലി മത്സരത്തിന് അരങ്ങൊരുങ്ങുന്നത്.

പുരുഷന്മാരുടെയും വനിതകളുടെയും ടീമുകളുമാണ് മാറ്റുരയ്ക്കുന്നത്. ന്യൂയോർക്ക്, ഷിക്കാഗോ തുടങ്ങി മറ്റു പല സ്റ്റേറ്റുകളിൽ നിന്നുള്ള ടീമുകൾ ആവേശകരമായ മത്സരത്തിൽ പങ്കുകൊള്ളുമെന്നും അധ്യക്ഷ പ്രസംഗത്തിൽ പ്രദീപ് നാഗനൂലിൽ പറഞ്ഞു.

ചടങ്ങിൽ മെമ്പർഷിപ്പ് ഡയറക്ടർ വിനോദ് ജോർജ്, ആർട് ഡയറക്ടർ സിബി ഫിലിപ്പ്, ടോമി നെല്ലുവേലിൽ, റ്റിജോ, മെഗാ സ്പോൺസർ രാജൻ ചിറ്റാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. പ്രസിഡന്റ് - പ്രദീപ് നാഗനൂലിൽ, സെക്രട്ടറി - മൻജിത് കൈനിക്കര, ട്രഷറർ - ദീപക് നായർ, കേരള അസോസിയേഷൻ, ട്രസ്റ്റി ബോർഡ് കമ്മിറ്റി അംഗങ്ങളും ഉൾപ്പെടുന്ന വിപുലമായ ഒരു കമ്മിറ്റിയാണ് വടംവലി മത്സരത്തിന്റെ ചുക്കാൻ പിടിക്കുന്നത്. ചെണ്ടമേളവും ബൈക്ക് റാലിയും ഫുഡ് കോർട്ടുകളും കലാപരിപാടികളും ചേർന്നുള്ള ഒരു മുഴുനീള മാമാങ്കമാണ് അരങ്ങേറുന്നത്. മത്സര വിജയികൾക്ക് ഒന്നാം സമ്മാനമായി 3000 ഡോളറും രണ്ടാം സമ്മാനമായി 2000 ഡോളറും മൂന്നാം സമ്മാനമായി 1000 ഡോളറും നാലാം സമ്മാനമായി 500 ഡോളറും ലഭിക്കും.

# ഷിക്കാഗോ മലയാളി അസോസിയേഷൻ വാർഷികപ്പതിപ്പ്

ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷൻ 2025 ഓണത്തോടനുബന്ധിച്ച് പുറത്തിറക്കുന്ന വാർഷികപ്പതിപ്പിലേക്ക് കഥകൾ, കവിതകൾ, ലേഖനങ്ങൾ തുടങ്ങിയ സാഹിത്യ സൃഷ്ടികൾ ക്ഷണിക്കുന്നു. സാഹിത്യ സൃഷ്ടികൾ ഈ വാർഷികപ്പതിപ്പിൽ പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ രചനകൾ താഴെ നൽകിയിരിക്കുന്ന ഇമെയിൽ/ പോസ്റ്റൽ മെയിൽ അഡ്രസ്സിൽ ജൂൺ 15 നു മുൻപായി അയയ്ക്കാവുന്നതാണ്. രചനകൾ അയയ്ക്കുമ്പോൾ അവ സ്വന്തം രചനകൾ ആണെന്നുള്ള സാക്ഷ്യ പത്രം കൂടി അയയ്ക്കേണ്ടതാണ്. വാർഷികപ്പതിപ്പ് എഡിറ്റോറിയൽ ബോർഡ് തിരഞ്ഞെടുത്ത രചനകൾ വാർഷികപ്പതിപ്പിൽ ഉൾപ്പെടുത്തുന്നതാണ്.

രചനകൾ അയയ്ക്കേണ്ട വിലാസം: cmamagazine2025@gmail.com. Postal Mail :1340 E Eton Dr, Arlington Hts, IL 60004

# KAC/KCCC യുടെ 2025 ലെ സ്വാതന്ത്ര്യദിനാഘോഷവും ആനുവൽ പിക്നിക്കും ക്രിസ്തുമസ് നവവത്സര ആഘോഷവും

ഷിക്കാഗോ: കേരളാ അസോസിയേഷൻ ഓഫ് ഷിക്കാഗോയും കേരള കൾച്ചറൽ സെന്ററും സംയുക്തമായി 2025 ലെ അമേരിക്കൻ സ്വാതന്ത്ര്യദിനാഘോഷവും ആനുവൽ പിക്നിക്കും ചെണ്ടമേള പ്രഘോഷണവും ക്രിസ്തുമസ് നവവത്സര ആഘോഷവും നടത്തുന്നു. 2025 ജൂൺ 20ന് അംഗങ്ങൾ ഒരു ദിവസം താമസിച്ചുള്ള പിക്നിക് നടത്തുന്നതാണ്, പങ്കെടുക്കുവാൻ താല്പര്യം ഉള്ളവർ ബന്ധപ്പെടേണ്ട ഫോൺ നമ്പർ 630-723-1112 (സീറ്റുകൾ പരിമിതം)

2025 ജൂലായ് 4-ാം തീയതി അമേരിക്കൻ സ്വാതന്ത്ര്യദിനം കേരളാ കൾച്ചറൽ സെന്റർ കെ.സി.സി.സി. പ്രീമൈസിസിൽ (5737 Woodward Ave, Downers Grove) രാവിലെ 11 മുതൽ പരമ്പരാഗത കേരളീയ രീതിയിലുള്ള ചേമ്പും ചേനയും കപ്പയും ഉൾപ്പെട്ട പ്രഭാത ഭക്ഷണവും ഉച്ചകഴിഞ്ഞ് ബാർബക്യൂവും. വൈകുന്നേരം ചായയും കടിയും ഒരുക്കുന്നതാണ്.

ജൂലായ് 27ന് വാർഷിക പിക്നിക്കും ചെണ്ടമേളാവതരണവും വുഡ്രിഡ്ജ് കസ്റ്റാൾഡോ പാർക്കിൽ (3024 71st Street, Woodridge) രാവിലെ 11 മണിമുതൽ വൈകുന്നേരം 6 മണിവരെ നടത്തുന്നു. പ്രഭാതഭക്ഷണവും, ബാർബെക്യു, വൈകുന്നേരം ചായയും ലഘു ഭക്ഷണവും ഉണ്ടായിരിക്കുന്നതാണ്. വിവിധ കായിക മത്സരങ്ങളും, മ്യൂസിക് കോൺസെർട്, ചെണ്ടമേള പ്രഘോഷണവും ഉണ്ടായിരിക്കും. എല്ലാവർക്കും സ്വാഗതം.

ഈ വർഷത്തെ ഇതര വിവിധ പരിപാടികൾ ഓണാഘോഷം സെപ്തംബർ 5ന് കേരളാ കൾച്ചറൽ സെന്റർ കെ.സി.സി.സി പ്രീമൈസിസിൽ (5737 Woodward Ave, Downers Grove)

Thanks giving volunteering service on Thanks giving Day (November 2th, 2025)

Mega Christmas/New Year Celebration and final celebration at KCCC premises.

ക്രിസ്തുമസ് നവവത്സര ആഘോഷങ്ങൾ ഡിസംബർ 27ന് വുഡ്റിഡ്ജ് അക്ഷയന ബാങ്ക്റ്റ് ആൻഡ് റെസ്റ്റാറ്റാന്റിൽ (1620 75th street Downers Grove). പ്രദേശവാസികളുടെ സൗകര്യാർത്ഥം കെ.എ.സി/കെ.സി.സി.സി സംയുക്തമായി നടത്തുന്ന ഇ പരിപാടികളിലേക്ക് സഹൃദയരേ സംയുക്തമായി സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക്: ആന്റോ കവലക്കൽ 630-666-7310, പ്രമോദ് സക്കറിയാസ് 630-464-4464, സിബി പാത്തിക്കൽ 630-723-1112, ജോസ് ചെന്നിക്കര 773-842-9149, ഹെറാൾഡ് ഫിഗുരേദോ 630-963-7795, സന്തോഷ് അഗസ്റ്റിൻ 630-441-0643, ജോർജ് കുര്യാക്കോസ് 708-642-1630, സുനിൽ കിടങ്ങയിൽ 630-915-0670.



പലരും പലതും 10

# വഞ്ചി ഇപ്പോഴും വഞ്ചിയൂരു തന്നെ


ഡോ. സെബാസ്റ്റ്യൻ പോൾ

തിരുനക്കരയ്ക്ക് കോപ്പിറ്റെറ്റുള്ള ഒരു പഴയ പ്രയോഗം ചെറുതായൊന്നു മാറ്റിയാൽ വഞ്ചി ഇപ്പോഴും വഞ്ചിയൂരുതന്നെ എന്നു പറയാൻ കഴിയും. അത്ര വ്യത്തിയില്ലാത്ത അഭിഭാഷകവൃത്തിക്കു പുറമേ ബെയിലിൻ ദാസ് എന്ന വഞ്ചിയൂർ അഭിഭാഷകൻവ്യാപരിക്കുന്നത്വഞ്ചിയൂമായി ബന്ധപ്പെട്ട പ്രവൃത്തിയിലാണെന്ന് ബാർ അസോസിയേഷൻ പ്രസിഡന്റുതന്നെ ചാനൽ ചർച്ചയിൽ പറഞ്ഞതിനാൽ കുലത്തൊഴിലിനെ അടിസ്ഥാനമാക്കി ഞാൻ 'സീനിയർ' അഭിഭാഷകനെ അവഹേളിച്ചുവെന്ന് പരാതിയുണ്ടാവില്ല. സീനിയറുടെ ജൂനിയറായ ശ്യാമിലിയുടെ കവിൾ കണ്ടാലറിയാം ബെയിലിൻ ദാസിന്റെ കൈപ്പത്തിക്കരുത്ത്. തുഴ പിടിക്കുന്ന കൈക്ക് കരുത്തു കൂടും. ദേശീയപാതയുടെ മിനുക്കത്തെ ഹേമമാലിനിയുടെ കവിളിനോടുപമിച്ച ഒരു നേതാവ് പണ്ട് കുഴപ്പത്തിലായിട്ടുണ്ട്.

നമ്മുടെ നാട്ടിൽ എന്തു പറഞ്ഞാലും ആരുടെയെങ്കിലും വികാരം വ്രണപ്പെടും. അല്ലെങ്കിൽ മാനം ഹനിക്കപ്പെടും. മാധ്യമപ്രവർത്തകരും അഭിഭാഷകരും തമ്മിലുള്ള സംഘർഷകാലത്ത് തെരുവിലെ സമകാലികമായ ഒരു പ്രതിഭാസത്തെ സ്പർശിച്ചുകൊണ്ട്ഞാൻനടത്തിയപരാമർശം അഭിഭാഷകരെ വല്ലാതെ വേദനിപ്പിച്ചു. വേദനയുടെ മൂർദ്ധന്യത്തിൽ അവർ നെയ്യാറ്റിൻകര മുതൽ തളിപ്പറമ്പ് വരെ എനിക്കെതിരെ ആറിടങ്ങളിൽ അപകീർത്തിക്കേസ് ഫയൽ ചെയ്തു. എനിക്ക് അഭിഭാഷകന്റെ സേവനം തടഞ്ഞുകൊണ്ട് ബാർ അസോസിയേഷനുകൾ ഏറ്റവും നിയമവിരുദ്ധമായ രീതിയിൽ പ്രമേയം പാസാക്കി. എന്നെ കേരളം മുഴുവൻ ഓടിക്കുമെന്നായിരുന്നു അവരുടെ ഭീഷണി. ഓടില്ലെന്നു തീരുമാനിച്ചാൽ ഓടില്ല. ഓടിക്കാൻ വന്നവരാണ് ഓടിയത്.

ഒരു യുവഅഭിഭാഷക വിലക്ക് വകവയ്ക്കാതെ ഹൈക്കോടതിയിൽ ധൈര്യത്തോടെ ഹാജരായി എനിക്കെതിരെയുള്ള എല്ലാ കേസുകളും റദ്ദാക്കിച്ചു. പെണ്ണിന്റെ കവിൾ ആണിന്റെ തരിപ്പ് തീർക്കാനുള്ള ഇടമാണെന്ന് ദീർഘകാലമായി സിനിമയും സീരിയലും കണ്ട് ഒരു ധാരണ എനിക്കുണ്ടായിട്ടുണ്ട്. ആദ്യം പിതാവ്, പിന്നെ സംരക്ഷകനാകുന്ന സഹോദരൻ, തഴയപ്പെടുന്ന കാമുകൻ, കോപിക്കുന്ന ഭർത്താവ് അങ്ങനെ പോകുന്നു അടിയുടെ അധികാരികൾ. അക്കൂട്ടത്തിലേക്കാണ് ഇപ്പോൾ സീനിയർ എന്ന വിഭാഗം കടന്നുവന്നിരിക്കുന്നത്. ഓഫീസിൽ ഒന്നോരണ്ടോ അഭിഭാഷകരുണ്ടെങ്കിൽ ആർക്കും സീനിയറാകാം. അഡ്വക്കേറ്റ്സ് ആക്റ്റനുസരിച്ച് സീനിയറാകണമെങ്കിൽ ഹൈക്കോടതി അപ്രകാരം അംഗീകരിക്കണം. അതൊരു പദവിയാണ്.

ഏതായാലും തിരുവനന്തപുരത്ത് യുവ അഭിഭാഷകയെ സീനിയർ മർദിച്ചുവെന്നാണ് കേസ്. ജൂനിയറെ നന്നാക്കിയെടുക്കാൻ സീനിയർ ചതുരുപായങ്ങളും പ്രയോഗിക്കുമെന്ന് ഇപ്പോഴാണ് മനസിലായത്. അഭിഭാഷകർ നിൽക്കുന്നത് ബാറിലും ഇരിക്കുന്നത് ചേംബറിലുമാണ്. ബെയിലിൻ ദാസിന്റെ ചേംബർ ഇംഗ്ളണ്ടിലെ പഴയ സ്റ്റാർ ചേംബറിനെ അനുസ്മരിപ്പിക്കുന്നു. ക്രൂരവും മനുഷ്യത്വരഹിതവുമായ പ്രവൃത്തികൾക്ക് കുപ്രസിദ്ധിയാർജിച്ച സ്ഥാപനമാണ് സ്റ്റാർ ചേംബർ.

ഇംഗ്ളീഷിൽdéjàvu എന്നൊരു ഫ്രഞ്ച് പദമുണ്ട്. ഇപ്പോൾ കാണുന്നത് പണ്ടെപ്പോഴോ കണ്ടതാണല്ലോ എന്ന വിചാരമാണത്. Already seen എന്ന അനുഭവത്തിന് നല്ല ഉദാഹരണമായി ബെയിലിനു ലഭിച്ച അഭിഭാഷക പിന്തുണ. കൊച്ചിയിലെപ്രശ്നകാലത്ത്തെരുവിൽ അപമാനിക്കപ്പെട്ട യുവതിക്കൊപ്പമല്ല, പരാതിക്ക് കാരണക്കാരനായ അഭിഭാഷകനൊപ്പമായിരുന്നു കേരളത്തിലെ അഭിവന്ദ്യമായ അഭിഭാഷകസമൂഹം. മാധ്യമപ്രവർത്തകരുടെ കോടതികളിലേക്കുള്ള പ്രവേശനം തടഞ്ഞുകൊണ്ട് 2016ലെ സംഘർഷകാലത്ത് അവർ പകരം തീർത്തു. ബെയ്ലിന്റെ അടിയേക്കാൾ പ്രഹരശേഷിയുണ്ടായിരുന്നു അന്നത്തെ അഭിഭാഷകരുടെ അടിക്ക്.

ബെയിലിനെ കോടതിയിലെത്തിക്കുന്നത് റിപ്പോർട്ട് ചെയ്യാൻ വഞ്ചിയൂർ കോടതിയുടെ മുന്നിലെത്തിയ ടെലിവിഷൻ ക്രൂവിനുനേരേ അഭിഭാഷകർ അക്രമാസക്തരായി. ഇതാണ് ഡെജാ വു. എല്ലാം നേരത്തെ കണ്ടതിന്റെയും കേട്ടതിന്റെയും ആവർത്തനം. സഹപ്രവർത്തകർക്കെതിരെ ശ്യാമിലി ഉന്നയിച്ച ആക്ഷേപംപോലും. എല്ലാം അങ്ങനെതന്നെയേ നടക്കൂ.




വർഗബോധം സംഘടിതശക്തിയാകുമ്പോൾ ഇര ഒറ്റപ്പെടും. അവിടെ ആണെന്നോ പെണ്ണെന്നോ വ്യത്യാസമില്ല. അഭിഭാഷകർക്ക് അഹിതകരമായ കാര്യങ്ങൾ പറഞ്ഞതിന് ഹൈക്കോടതി അഭിഭാഷക അസോസിയേഷൻ എന്നെ സസ്പെൻഡ് ചെയ്തു. ആറാം വർഷം ഹൈക്കോടതി ഇടപെട്ടപ്പോഴാണ് അത് പിൻവലിക്കപ്പെട്ടത്. ഭ്രഷ്ടായിരുന്നു എനിക്കെതിരെ.

ഇപ്പോൾശ്യാമിലി അനുഭവിക്കുന്നതുപോലെ പ്രഫഷനിൽ സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളും ഇല്ലെന്ന കാര്യം എനിക്ക് ബോധ്യമായി. അവർക്കൊപ്പം നിന്നില്ലെങ്കിൽ അവർ തെറി പറഞ്ഞ് ചെവിപൊട്ടിക്കുമെന്നാണ്നിസഹായതയോടെ ഒരു സീനിയർ അഭിഭാഷകൻ എന്നോട് പറഞ്ഞത്. ഇന്നത്തെ ബെയിലിൻ അന്നത്തെ സംഘർഷകാലത്ത് ആക്ടിവിസ്റ്റ് ആയിരുന്നിരിക്കണം.

നിയമത്തിന്റെ നിയന്ത്രണത്തിലും കർശനമായ ചട്ടക്കൂടിലും പ്രവർത്തിക്കുന്നവരാണ് അഭിഭാഷകർ. പക്ഷേ അവിടെയാണ് അഴിഞ്ഞാട്ടത്തിന്റെ ആധിക്യം. എൻറോൾ ചെയ്യുന്നവരിൽ പാതിയും വ്യാജബിരുദം ഹാജരാക്കുന്നവരാണെന്ന് സുപ്രീം കോടതിയിൽനിന്നുതന്നെ പരാമർശമുണ്ടായിട്ടുണ്ട്. പ്രാക്ടീസ് ചെയ്യാൻ അയോഗ്യതയുള്ള ആയിരത്തിലേറെ അഭിഭാഷകരുടെലിസ്റ്റ് സംസ്ഥാന ബാർ കൗൺസിൽ പുറത്തുവിട്ടിട്ടുണ്ട്. ഡ്രൈവിങ് പഠിച്ചാൽ ലൈസൻസില്ലാതെയും ഡ്രൈവ് ചെയ്യാം. പക്ഷേ നിയമാനുസൃതം ഡ്രൈവ് ചെയ്യണമെങ്കിൽ ലൈസൻസ് വേണം. ബിരുദത്തിൽ മാത്രമല്ല, അഭിഭാഷകവൃത്തിയിൽത്തന്നെ അവശ്യം വേണ്ടതായ പല ഗുണങ്ങളിലുമുള്ള ശോചനീയമായ അപര്യാപ്തത അഭിഭാഷകവൃത്തിയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. അഭിഭാഷകവൃത്തിയിലെ പ്രതിസന്ധി പൗരസമൂഹത്തിന്റെ ഭരണഘടനാപരമായ ജീവിതത്തിൽ പ്രതിസന്ധിക്ക് കാരണമാകും.

ബെയിലിൻ ദാസിന്റെ ഓഫീസിലെ കയ്യാംകളിയിൽ അക്രമി പുറത്തുനിന്നൊരാൾ ആയിരുന്നുവെന്ന് കരുതുക. എന്താകുമായിരുന്നു കേരളത്തിലെ കോടതികളിൽ നടക്കുമായിരുന്ന പുകിൽ! അനഭിമതർക്ക് അഭിഭാഷകസഹായം നിഷേധിക്കുകയെന്നതാണ് അവരുടെ ആവനാഴിയിലെ മുനയൊടിഞ്ഞ ആയുധം. ഗോവിന്ദച്ചാമിക്ക് അഭിഭാഷകനെ കിട്ടിയ നാട്ടിൽ അപകീർത്തിക്കേസിൽ പ്രതിയായ എനിക്ക് അഭിഭാഷകന്റെ സേവനം ലഭിച്ചില്ല. വഞ്ചിയൂർ കോടതിയിൽ എനിക്കുവേണ്ടി ഹാജരായ അഭിഭാഷകയെ തടഞ്ഞുവച്ച് വക്കാലത്ത് പിടിച്ചുവാങ്ങി കീറിക്കളഞ്ഞവരാണിവർ. ഇതും ഇതിലപ്പുറവും അവിടെ നടക്കും. സഹപ്രവർത്തകർ കൂടെ നിന്നില്ലെന്ന് പറയുന്ന ശ്യാമിലിയുടെ വേദന എനിക്ക് മനസിലാകും. കവിളിലെ പുകച്ചിലിനേക്കാൾ തീവ്രമാണ് മനസിലെ വേദന. അവർ കൂട്ടം കൂടുന്നത് നീതിയുടെ താത്പര്യങ്ങൾക്കുവേണ്ടിയല്ല. വേദനിക്കുന്നവർക്ക് നിയമത്തിന്റെ സാന്ത്വനമാകാൻ അവർക്ക് കഴിയില്ല.

കോടതികളിൽ അഭിഭാഷകർ അനിയന്ത്രിതമായും അപകടകരമായും അഴിഞ്ഞാടിയപ്പോൾ പരാതിപ്പെട്ട മാധ്യമപ്രവർത്തകരോട് മുഖ്യമന്ത്രി പ്രസിദ്ധമായി പറഞ്ഞ ഒരു വാചകമുണ്ട്. തല്ലു കൊള്ളാനായി ആരും അങ്ങോട്ട് പോകേണ്ട. അഡ്വക്കേറ്റ് ശ്യാമിലി തല്ലു കൊള്ളാനായി കോടതിയിൽ പോയ ആളല്ല. എത്താൻ അർഹതയും അവകാശവും ഉള്ളിടത്തേക്കാണ് അവർ പോയത് ബെയിലിൻ ദാസിന്റെ ജൂനിയറായല്ല, കോടതിയിലെ അഭിഭാഷകയായി. അന്നത്തെ സംഘർഷകാലത്ത് വഞ്ചിയൂർ കോടതിയിൽ പ്രമുഖമായ സ്പേസിൽ എല്ലാവരുടെയും ദൃഷ്ടി പതിയത്തക്കവിധം ഒരു നായയുടെ വലിയ കട്ടൗട്ട് ദീർഘകാലം പ്രദർശിപ്പിച്ചിരുന്നു. നായയുടെ തല മാറ്റി പകരം എന്റെ മുഖമാണ് പിടിപ്പിച്ചിരുന്നത്.

അങ്ങനെയാണ് എന്റെ മുഖം വഞ്ചിയൂർ അഭിഭാഷകർക്ക് സുപരിചിതമായത്. കേടുപാടുകൾ തീർത്ത് കട്ടൗട്ടുകൾ പുറത്തെടുക്കാൻ സമയമായി. കാര്യങ്ങളുടെ പോക്ക് ഇങ്ങനെയാണെങ്കിൽ, വഞ്ചി ഇപ്പോഴും വഞ്ചിയൂരിലെ ജീർണിച്ച കുറ്റിയിൽത്തന്നെയാണ് കെട്ടിയിരിക്കുന്നതെങ്കിൽ, ചില കാര്യങ്ങൾ ഇനിയും പറയേണ്ടിവരും. പണ്ടത്തെ സംഘർഷത്തെക്കുറിച്ചന്വേഷിക്കുന്നതിന് ഒരു ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചിരുന്നു. നാല് വർഷവും 2.73 കോടി രൂപയും ചെലവാക്കി ജസ്റ്റിസ് പി.എ. മുഹമ്മദ് സമർപ്പിച്ചതായി കരുതപ്പെടുന്ന റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താനുള്ള ഉചിതമായ സമയമാണിത്. ഹേമ കമ്മിറ്റിക്കു പുറമേ മുഹമ്മദ് കമ്മീഷനും വാർത്തയാകട്ടെ.

# മലങ്കര അതിഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഇന്ത്യൻ ഫുഡ് ഫെസ്റ്റ് മേയ് 31ന്

അമേരിക്കൻ മലങ്കര അതിഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ഭദ്രാസനത്തിന്റെ ധനശേഖരണാർത്ഥം ഭദ്രാസനാസ്ഥാനത്തുവെച്ച് (236 Old Malankara Archdiocesan Extra Vaganza (MAE 2025)) മേയ് 31 ശനിയാഴ്ച രാവിലെ 9 മണിമുതൽ വൈകിട്ട് 5 മണിവരെ ഭദ്രാസനാധിപൻ അഭിവന്ദ്യ യൽദൊ മോർ തീത്തോസ് മെത്രാപോലീത്തായുടെ മേൽനോട്ടത്തിലും ഭദ്രാസന കൗൺസിൽ അംഗങ്ങൾ സ്പെഷ്യൽ കമ്മിറ്റിയംഗങ്ങൾ, ഭക്തസംഘടനാ പ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിലും നടത്തുന്നതിനുള്ള ഒരുക്കങ്ങൾ അതിന്റെ അന്തിമഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കയാണ്.

തദവസരത്തിൽ അഭിവന്ദ്യ മാത്യൂസ് മോർ അഫ്രേം മെത്രാപോലീത്തായുടെ (പെരുമ്പാവൂർ മേഖല) സാന്നിദ്ധ്യവും ഉണ്ടായിരിക്കുന്നതാണ്.




കഴിഞ്ഞവർഷം നടത്തിയ MAE 2024 വൻ വിജയകരമായി പൂർത്തിയാക്കിയതിന്റെ പ്രചോദനം ഉൾക്കൊണ്ട്, ഈ വർഷവും ന്യൂയോർക്കിലേയും ന്യൂജേഴ്സിയിലേയും വിവിധ ദേവാലയങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ട് കഴിഞ്ഞ വർഷത്തേക്കാൾ ഭംഗിയായി നടത്തുന്നതിന് ഊർജ്ജസ്വലമായ ഒരുക്കങ്ങളാണ് നടത്തിവരുന്നത്.

വിവിധതരം കലാപരിപാടികൾ ആർട്ട് എക്സിബിഷൻ, യോഗ & ഹെൽത്ത് ഫെയർ, പ്ലാന്റ് സെയിൽ, ഇന്ത്യൻ ഗാർമെന്റ്സ് സെയിൽ, Henna & Face Painting, കുട്ടികൾക്കായുള്ള Bounce House എന്നിങ്ങനെയുള്ള വിവിധ ഇനങ്ങൾ ഈ വർഷത്തെ പ്രോഗ്രാമിലെ മുഖ്യഘടകങ്ങളാണ്. ഈ വർഷം ഭക്ഷ്യമേളയിൽ ഒരുക്കുന്ന നാടൻ തട്ടുകട, തണ്ണീർപന്തൽ, അമ്മച്ചിയുടെ കലവറ എന്നീ ഇനങ്ങൾ MAE 2025 ന്റെ പ്രധാന ആകർഷണമാണ്. മേളയുടെ വിജയത്തിനായി ഏവരുടേയും ആത്മാർത്ഥമായ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നതോടൊപ്പം ഏവരേയും ഹാർദവമായി മേളയിലേക്ക് സ്വാഗതം ചെയ്യുന്നതായും അഭിവന്ദ്യ മെത്രാപോലീത്താ അറിയിച്ചു. പരിപാടിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ഭദ്രാസനാസ്ഥാനവുമായി (ഫോൺ 845-364-6003) ബന്ധപ്പെടാവുന്നതാണ്. അമേരിക്കൺ മലങ്കര അതിഭദ്രാസന പി.ആർ.ഒ കറുത്തേടത്ത് ജോർജ് അറയിച്ചതാണിത്.



### ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ

# ദിവ്യകാരുണ്യ സ്വീകരണം ഭക്തിപൂർവ്വം നടത്തപ്പെട്ടു

ഷിക്കാഗോ: ഷിക്കാഗോയിലെ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ പൊതുവായ ആഘോഷപൂർവമായ ദിവ്യകാരുണ്യ സ്വീകരണം മെയ് 25 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ആരംഭിച്ച തിരുക്കർമ്മങ്ങളോടെ ഭക്ത്യാദരപൂർവ്വം നടത്തപ്പെട്ടു. കോട്ടയം അതിരൂപതാധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട് മുഖ്യ കാർമികത്വം വഹിച്ച തിരുക്കർമ്മങ്ങളിൽ ക്നാനായ റീജിയൻ ഡയറക്ടർ മോൺസിഞ്ഞോർ തോമസ് മുളവനാൽ, വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര, കൈപ്പുഴ ഫൊറോനാ വികാരി ഫാ. സാബു മാലിത്തുരുത്തേൽ, ഫാ. ബോബൻ വട്ടംപുറത്ത്, ഫാ. ബേബി വെള്ളാപ്പള്ളിൽ, ഫാ. ജോസ് ആദോപള്ളിൽ ഫാ. ബിൻസ് ചേത്തലിൽ എന്നിവർ സഹകാർമികത്വം വഹിച്ചു. മുപ്പത് കുട്ടികളാണ് ഒരു വർഷത്തോളം നീണ്ടു നിന്ന ഒരുക്കങ്ങൾക്ക് ശേഷം ഈ വർഷത്തെ ആഘോഷപൂർവ്വമായ ദിവ്യകാരുണ്യ സ്വീകരണത്തിൽ പങ്കെടുത്തത്. സജി പൂതൃക്കയിൽ, മനീഷ് കൈമൂലയിൽ എന്നിവരുടെ നേതൃത്വത്തിൽ നടത്തപെടുന്ന വിശ്വാസ പരിശീലന സ്കൂളിലെ അധ്യാപകരുടെ കഠിന പ്രയത്നത്തിന്റെയും സമർപ്പണത്തിന്റെയും ഫലമായാണ് ഒരു വർഷത്തോളം നീണ്ടു നിന്ന പരിശീലനത്തിനൊടുവിൽ ദിവ്യകാരുണ്യ സ്വീകരണം ആഘോഷപൂർവ്വം നടത്തുവാൻ സാധിച്ചത്. പള്ളിയിലെ തിരുക്കർമ്മങ്ങൾക്ക് ശേഷം വൈകിട്ട് ആറുമണിമുതൽ നൈൽസിലെ വൈറ്റ് ഈഗിൾ ബാങ്കറ്റ് ഹാളിൽ വച്ച് മാതാപിതാക്കളുടെ നേതൃത്വത്തിൽ ആഘോഷങ്ങളും സംഘടിപ്പിച്ചിരുന്നു. വിഭവ സമൃദ്ധമായ ഭക്ഷണവും കലാ പരിപാടികളും ആഘോഷത്തിന് വർണ്ണപ്രഭ ചാർത്തി. ഇടവക വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം, സജി പുതൃക്കയിലിന്റെ നേതൃത്വത്തിലുള്ള വിശ്വാസ പരിശീലന സ്കൂൾ അധ്യാപകർ, ജിനു പുന്നശ്ശേരിൽ, ടിനു പറഞ്ഞാട്ട് എന്നിവരുടെ നേതൃത്വത്തിലുള്ള മാതാപിതാക്കൾ എന്നിവർ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി.



# ബെൻസൻവിൽ ഇടവകയിലെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം

ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ഇടവകയിലെ പതിനഞ്ച് മാലാഖാക്കുത്തുങ്ങളുടെ ആഘോഷമായ ദിവ്യകാരുണ്യസ്വീകരണം മെയ് 24 ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് കോട്ടയം അതിരൂപത മെത്രാപ്പോലിത്ത മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തയുടെ മുഖ്യ കാർമ്മികത്വത്തിൽ ഭക്തി സാന്ദ്രമായി നടത്തപ്പെട്ടു.

ഇടവക ജനം മുഴുവന്റെയും അനുഗ്രഹീത സാന്നിധ്യം കൊണ്ടും മനോഹരവും ചിട്ടയായ ക്രമീകരണം കൊണ്ടും തിരുഹൃദയ ദൈവാലയത്തിലെ ആഘോഷമായ ദീവ്യകാരുണ്യ സ്വീകരണം ഏറെ ശ്രദ്ധേയമായി. അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തായോടൊപ്പം വികാരി ഫാ.തോമസ് മുളവനാൽ, സെന്റ് മേരീസ് പള്ളി വികാരി ഫാ.സിജു മുടക്കോടിൽ, കൈപ്പുഴ സെന്റ് ജോർജ് ഫെറോന വികാരി ഫാ. സാബു മാലിത്തുരുത്തേൽ, അസി.വികാരിമാരായ ഫാ. ബിൻസ് ചേത്തലിൽ, ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ എന്നിവർ സഹ കാർമ്മികരായി തിരുകർമ്മത്തിൽ പങ്കെടുത്തു.

പുതിയ ദൈവാലയത്തിലേക്ക് മാറ്റപ്പെട്ടതിന് ശേഷമുള്ള രണ്ടാമത്തെ ആഘോഷമായ ദിവ്യകാരുണ്യസ്വീകരണത്തിന് മാതാപിതാക്കളുടെയും ദൈവാലയ എക്സിക്യൂട്ടീവ് അംഗങ്ങളായ തോമസ് നെടുവാമ്പുഴ, മത്തിയാസ് പുല്ലാപ്പള്ളിൽ, സാബു മുത്തോലം, കിഷോർ കണ്ണാല, ജെൻസൻ ഐക്കരപറമ്പിൽ, മതബോധന അദ്ധ്യാപകരായ ആൻസി ചേലയ്ക്കൽ, മഞ്ജു ചകിരിയാംതടത്തിൽ എന്നിവർ നേതൃത്വം നൽകി.

ഈ വർഷം സമാന്ത കണ്ടാരപ്പള്ളിൽ, ആന്റണി കരിമ്പുംകാലായിൽ, ജേക്കബ് മൂന്നുപറയിൽ, ആഡലിൻ വെള്ളാപ്പിള്ളിൽ, സെമീറ വെള്ളാപ്പിള്ളിൽ, ബെഞ്ചമിൻ മലേമുണ്ടയ്ക്കൽ, റൈലി മലേമുണ്ടയ്ക്കൽ, എമ്മലൈൻ കുളത്തിൽകരോട്ട്, അമായ പുഴക്കരോട്ട്, ജെനീസ് കരുനാട്ട്, ആലിസൻ മുണ്ടുപാലത്തിങ്കൽ, നാഡ്ലിൻ പുതുശ്ശേരിൽ, നോവ വഞ്ചിപ്പുരയ്ക്കൽ, ജെസ്വിൻ ഒറവക്കുഴിയിൽ, നോവ ഈന്തുംകാട്ടിൽ, എന്നിവരാണ് ആഘോഷമായ ദിവ്യകാരുണ്യം സ്വീകരിച്ചത്.

തിരുക്കർമ്മങ്ങൾക്ക് ശേഷം ദൈവാലയ ഹാളിൽ കുട്ടികൾക്ക് സ്വീകരണവും കലാപരിപാടികളും സ്നേഹവിരുന്നും ക്രമീകരിച്ചിരുന്നു.

ഇടവക ദൈവജനം മുഴുവൻ പ്രാർത്ഥനയോടെ ഈ പുണ്യദിനത്തിനായി ഒരുങ്ങിയതിന് കുഞ്ഞുങ്ങളുടെ മാതാപിതാക്കൾ പ്രത്യേകം നന്ദി പറഞ്ഞു.



# ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പതിനഞ്ചാമത് വാർഷികാഘോഷം

ഷിക്കാഗോ: ഷിക്കാഗോയിലെ രണ്ടാമത്തെ ഇടവകയും പ്രവാസി ക്നാനായ സമൂഹത്തിലെ ഏറ്റവും വലിയ ഇടവകയുമായ ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പതിനഞ്ചാമത് വാർഷികാഘോഷങ്ങൾ കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്തു. മെയ് 25 ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് നടത്തപ്പെട്ട ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണ തിരുക്കർമ്മങ്ങൾക്ക് ശേഷമായിരുന്നു വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ടത്. 2010 ജൂലൈ മാസത്തിൽ കൂദാശചെയ്യപ്പെട്ട സെന്റ് മേരീസ് ഇടവക ദൈവാലയം പതിനഞ്ചുവർഷങ്ങൾ പൂർത്തിയാക്കുമ്പോൾ, ആഘോഷങ്ങളുടെ ഭാഗമായി വിപുലമായ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. പങ്കാളിത്വത്തിൽ ആഗോള ക്നാനായ സമൂഹത്തിലെ തന്നെ ഏറ്റവും വലിയ ഇടവകയായി കരുതപ്പെടുന്ന ഷിക്കാഗോ സെന്റ് മേരീസ്, ഭക്തിനിർഭരമായ തിരുക്കർമ്മങ്ങൾക്കും സജീവമായ മിനിസ്ട്രികളുടെ പ്രവർത്തനങ്ങൾക്കും പുറമെ, ആഗോള ക്നാനായ സമൂഹത്തിൽ നിസ്തുലമായ സേവന സന്നദ്ധ പ്രവർത്തനങ്ങളും കൊണ്ട് ക്നാനായ സമുദായത്തിന് തന്നെ അഭിമാനമായി മാറിയിട്ടുണ്ട് എന്ന് അഭി. മാർ മാത്യു മൂലക്കാട്ട് പ്രസ്താവിച്ചു. ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുറമെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി നിരവധി സഹായങ്ങൾ നിർല്ലോഭമായി ചെയ്തുവരുന്ന ഇടവക എന്ന നിലക്ക്, ഈ ഇടവകയുടെ പ്രവർത്തനങ്ങൾ ഏറെ അഭിനന്ദനീയമാണ് എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ഇടവകയുടെ പതിഞ്ചാമത് വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചത് ഈ ദൈവാലയത്തിൽ പ്രഥമ ദിവ്യബലി അർപ്പിച്ച അഭി. മാർ മാത്യു മൂലക്കാട്ട് പിതാവാണ് എന്നത് ഏറെ സന്തോഷം നൽകുന്ന കാര്യമാണ് എന്ന് ഇടവക വികാരി ഫാ. സിജു മുടക്കോടിൽ അറിയിച്ചു. ആഘോഷങ്ങളുടെ ഭാഗമായി നടത്തപെടുന്ന സീറോ മലബാർ സഭാധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവിന് നൽകുന്ന സ്വീകരണമടക്കമുള്ള പതിനഞ്ചിന പരിപാടികൾ മികച്ച രീതിയിൽ തന്നെ നടത്തുവാനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നതായി ആഘോഷ കമ്മറ്റി ചെയർമാൻ ബിനു കൈതക്കത്തൊട്ടിയിൽ അറിയിച്ചു. ആഘോഷങ്ങളുടെ ക്രമീകരണങ്ങൾക്കായി ബിനു കൈതക്കത്തൊട്ടിയുടെ നേതൃത്വത്തിൽ സ്റ്റീഫൻ കിഴക്കേക്കുറ്റ്, സ്റ്റീഫൻ ചൊള്ളമ്പേൽ, ടോണി പള്ളിയറതുണ്ടത്തിൽ, മിനി എടകര, ടെസ്സി ഞാറവേലിൽ എന്നിവരടങ്ങിയ കമ്മറ്റി ഇടവക വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം, പി.ആർ.ഒ അനിൽ മറ്റത്തിക്കുന്നേൽ എന്നിവരോടൊപ്പം പ്രവർത്തിച്ചുവരുന്നു.

*അനിൽ മറ്റത്തിക്കുന്നേൽ*



# യങ് അഡൽറ്റ്സിന് 'തിയോളജി ഓൺ റ്റാപ്' വ്യത്യസ്തത ഒരുക്കി ബെൻസൻവിൽ ഇടവക

ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ദൈവാലയത്തിലെ പ്രധാന തിരുനാൾ ഏറ്റെടുത്തുനടത്തുന്ന യങ് കപ്പിൾസിന്റെ നേതൃത്വത്തിൽ ഒരുമിച്ചുചിന്തിച്ച് യുവജനങ്ങളും കുടുംബ ജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുവാൻ 'തിയോളജി ഓൺ റ്റാപ്' എന്ന പരിപാടി പ്രത്യേകം ക്രമീകരിച്ചു. വൈദികരുടെ സാന്നിധ്യത്തിൽ യുവജനങ്ങളോടും യങ് കപ്പിൾസിനുമൊപ്പമാണ് പരിപാടി ഒരുക്കിയത്. മെമ്മോറിയൽ ദിനമായ മെയ് 26 തിങ്കൾ വൈകിട്ട് 5 മുതൽ 9 വരെ ഓക്ബ്രൂക്കിലെ ഓൾട്ടർ ബ്രീവിങ് കിച്ചനിലാണ് പരിപാടി നടന്നത്.

ഫാ. മെൽവിൻ, ഫാ. തോമസ് മുളവനാൽ, ഫാ. ബിൻസ് എന്നിവർ യങ്അഡൽറ്റ്സുമായി പ്രത്യേകം സമയം ചിലവഴിച്ചു. ആത്മീയതയിൽ വ്യത്യസ്തമായി ചിന്തിച്ച് കൂട്ടായ്മ ഒരുക്കുന്ന യങ് കപ്പിൾസിന്റെ വേറിട്ട ശൈലിയെ വികാരി ഫാ.തോമസ് മുളവനാൽ പ്രശംസിച്ചു. വേറിട്ട ചിന്തയോടെ ഒരുക്കിയ ഈ കൂട്ടായ്മ ഏവർക്കും ഹൃദ്യമായിരുന്നു.

*ലിൻസ് താന്നിച്ചുവട്ടിൽ*



# നോർത്ത് അമേരിക്കൻ മലയാളികൾക്ക് ഫോക്കാനയുടെ മെഡിക്കൽ കാർഡ് വലിയ തോതിൽ വിപുലീകരിച്ചു

കേരളത്തിലെ പ്രധാനപ്പെട്ട ആറു സുപ്രധാന ഹോസ്പിറ്റലുകളെ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഫൊക്കാന മെഡിക്കൽ കാർഡ് നിലവിൽ വന്നത്. കൊച്ചിൻ രാജഗിരി ഹോസ്പിറ്റൽ, പാല മെഡ്സിറ്റി, തിരുവല്ല ബിലീവേഴ്സ് ഹോസ്പിറ്റൽ, ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ കോഴിക്കോട്, കിംസ് ഹോസ്പിറ്റൽ തിരുവനന്തപുരം, കാരിത്താസ് കോട്ടയം എന്നീ കേരളത്തിലെ പ്രമുഖ ഹോസ്പിറ്റലുകളുമായാണ് ഫൊക്കാന ഹെൽത്ത് കാർഡ് അഫിലിയേറ്റ് ചെയ്തിരിക്കുന്നത്.

ഫൊക്കാനയിലെ അംഗസംഘടനയിലെ എല്ലാ അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും നാട്ടിലെ ബന്ധു മിത്രാധികൾക്കും പ്രയോജനകരമായ ഒട്ടേറെ ഇളവുകൾ ഉൾക്കൊള്ളിച്ചിട്ടുകൊണ്ട് പുതിയ ഹെൽത്ത്കാർഡ് നിലവിൽവന്നിരിക്കുന്നത്. ഹെൽത്ത്കാർഡ്ഹോൾഡേഴ്സിന് സ്പെഷ്യൽ ഡിസ്കൗണ്ടുകളും സ്പെഷ്യൽ പ്രിവിലേജുകളും ഈ ഹോസ്പിറ്റലുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

അമേരിക്കൻ കനേഡിയൻ മലയാളികൾക്ക്ഫൊക്കാനയുടെസ്നേഹസമ്മനമായി ഫൊക്കാന മെഡിക്കൽ കാർഡ് ഫ്രീ ആണ്, ഹെൽത്ത് കാർഡിന് ആവശ്യമുള്ളവർ ഈ ലിങ്കിൽ നിങ്ങളുടെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. https://medical.fokanaonline.org

അന്താരാഷ്ട്ര നിലവാരമുള്ള ആശുപത്രികളെ മാത്രമേ ഈ സ്കീമിന്റെ ഭാഗമായി ഫൊക്കാന ഉൾപ്പെടുത്തുകയുള്ളു. വിദേശങ്ങളിൽ ലഭിക്കുന്ന അതേ ചികിത്സ കേരളത്തിലും ലഭിക്കുന്ന ഹോസ്പിറ്റലുകളെ ആണ് ഫൊക്കാന ഹെൽത്ത് കാർഡിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അമേരിക്കയിലെ ഇൻഷുറൻസ് പരിരക്ഷയുടെ പരിധിയിൽ വരാത്ത ഡെന്റൽ, കോസ്മറ്റിക്ക് ചികിത്സകളും അമേരിക്കൻ മലയാളികൾക്ക് പ്രത്യേക പരിഗണന നൽകി സേവനം നൽകാൻ ഫൊക്കാന ഹെൽത്ത് കാർഡ് ഉപയോഗപ്പെടുന്നതിനോടൊപ്പം, നിങ്ങളുടെ നാട്ടിലെ പ്രായമായ മാതാപിതാക്കളും ബന്ധു ജനങ്ങളും മെഡിക്കൽ കാർഡ് വഴി പ്രത്യേക ചികിത്സ ഏർപ്പാട് ചെയ്യാനും ഓൺലൈൻ വഴി അപ്പോയ്ന്റ്മെന്റ് എടുക്കുവാനും ഡോക്ടറെ കാണുവാനും ഉള്ള സംവിധാനവും ഹെൽത്ത് കാർഡ് വഴി ലഭിക്കുന്നുണ്ട്.

ഹെൽത്ത് ചെക്ക് അപ്പും ഈ പാക്കേജിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2020 മുതൽ 2022 വരെ ജോർജി വർഗീസ് പ്രസിഡന്റും സജിമോൻ ആന്റണി സെക്രട്ടറിയും ആയിരുന്ന സമയത്ത് ഫൊക്കാന ഹെൽത്ത് കാർഡ് രണ്ടായിരത്തിൽ അധികം ആളുകൾ ഉപയോഗിക്കുകയുണ്ടായി. അന്ന് രാജഗിരി ഹോസ്പിറ്റലുമായി മാത്രമായിരുന്നു അഫ്‌ലിയേഷൻ. പക്ഷേ ഇന്ന് ആറു ആശുപത്രികളെ ഉൾപ്പെടുത്തി ഈ പ്രോഗ്രാം വിപിലീകരിച്ചു, കേരളത്തിലെ എല്ലാ മേജർ സിറ്റീസിലെ മുഖ്യ ഹോസ്പിറ്റലുകൾ ഇതിന്റെ ഭാഗമാകുമ്പോൾ വളരെ അധികം മലയാളികൾക്ക് പ്രയോജനം ഉണ്ടാകും എന്ന് ഫൊക്കാന പ്രതീക്ഷിക്കുന്നു.

ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയുടെ നേതൃത്വത്തിൽ നടന്ന അശ്രാന്തപരിശ്രമത്തിന്റെ ഫലമായാണ് ഈ കാർഡ് പ്രാവർത്തികമാക്കാൻ കഴിഞ്ഞത്.




# സെന്റ് മേരിസ് ദേവാലയത്തിൽ മിഷൻ ലീഗ് ചാരിറ്റി പ്രോജക്റ്റ് സമാപിച്ചു

ഷിക്കാഗോ: ഷിക്കാഗോ സെന്റ് മേരിസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ മിഷൻ ലീഗ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇക്കഴിഞ്ഞ സെപ്തംബറിൽ തുടക്കം കുറിച്ച 'പ്രാർത്ഥനാ സമർപ്പണവും അന്നദാനവും' എന്ന ചാരിറ്റി പ്രോജക്ടിന്റെ അനുഗ്രഹീത സമാപനം കോട്ടയം അതിരൂപതയിലെ മിഷൻ ലീഗ് യൂണിറ്റുമായി കൈകോർത്തുകൊണ്ട് ഈ മെയ് മാസം 25–ാം തീയതി ഞായറാഴ്ച കോട്ടയം നവജീവൻ ട്രസ്റ്റ് എന്ന അഗതിമന്ദിരത്തിൽ വച്ച് നടത്തപ്പെട്ടപ്പോൾ

അന്നേ ദിവസം തന്നെ ഇതിനോടനുബന്ധിച്ചുള്ള പ്രാർത്ഥനാ സമർപ്പണം കോട്ടയം അതിരൂപത ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്ത ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ നിർവഹിച്ചു. ഇടവക വികാരി ഫാദർ സിജു മുടക്കോടിയിൽ പ്രോജക്ട് സംഗ്രഹ വിശദീകരണം നൽകി. സെന്റ് മേരിസ് കത്തോലിക്കാ ദേവാലയത്തിലെ ചെറുപുഷ്പ മിഷൻ ലീഗ് യൂണിറ്റിനെ പ്രതിനിധീകരിച്ച് ട്രഷറർ ജാഷ് തോട്ടുങ്കൽ സംസാരിച്ചു. എല്ലാ ഇടവക ജനങ്ങളുടെയും പ്രത്യേകിച്ച് ഞങ്ങളുടെ ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട് പിതാവിന്റെ സാന്നിധ്യത്തിൽ, ഇന്ന് ഇത് ആതിഥേയത്വം വഹിക്കാൻ കഴിയുന്നതിൽ ഞങ്ങൾ ഏറെ അഭിമാനിക്കുന്നു എന്നും ഞങ്ങളുടെ സിഎംഎൽ പരിപാടിയുടെ അവിശ്വസനീയമായ വിജയവും ഞങ്ങൾ ഒരുമിച്ച് ഉണ്ടാക്കിയ അത്ഭുതകരമായ സ്വാധീനവും ആഘോഷിക്കുന്നത് ശരിക്കും സന്തോഷകരമാണ് എന്നും ജാഷ് സൂചിപ്പിച്ചു.

ഈ പരിപാടിയിലൂടെ, നാമെല്ലാവരും നമ്മുടെ ജീവിതത്തിൽ ഈ പ്രധാന മൂല്യങ്ങൾ അനുഭവിക്കുകയും വികസിപ്പിക്കുകയും ചെയ്തു കുഞ്ഞ് മിഷണറിമാരായി വളരുവാൻ ഈ പദ്ധതി ഞങ്ങൾക്ക് ഉപകാരപ്പെട്ടു എന്ന് ജോഷ് കൂട്ടിച്ചേർത്തു.

മാതാപിതാക്കളുടെ സഹായത്തോടെ ഇന്ത്യയിലുടനീളമുള്ള 35 അനാഥാലയങ്ങളെ പിന്തുണയ്ക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു എന്നും 2024 സെപ്തംബർ 29ന് ആരംഭിച്ച ഈ പദ്ധതി എല്ലാ ഞായറാഴ്ചയും തടസ്സമില്ലാതെ തുടർന്നു കൊണ്ടു പോയി ഏകദേശം 5,000 അഗതികൾക്ക് വേണ്ടി പ്രാർത്ഥിക്കുവാനും ഭക്ഷണം നൽകുവാനും പ്രാപ്തരാക്കിയ ഇടവകയിലെ എല്ലാ സുമനസ്സുകളോടും ഉള്ള നന്ദി ജോഷ് തദവസരത്തിൽ അറിയിച്ചു. ഈ പദ്ധതി അടുത്ത സിസിഡി വർഷവും തുടരും എന്നും പക്ഷേ ക്രിസ്മസ്, പുതുവത്സരം, ഈസ്റ്റർ തുടങ്ങിയ പ്രത്യേക അവസരങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തുന്നതിനാൽ ഈ പദ്ധതിയെ തുടർന്നും പിന്തുണയ്ക്കാൻ എല്ലാവരെയും സ്വാഗതം ചെയ്യുന്നു എന്ന് മിഷൻ ലീഗ് യൂണിറ്റ് ഭാരവാഹികൾ അറിയിച്ചു.



# യു.എസ് സമ്പദ്‌വ്യവസ്ഥയെ തിരിഞ്ഞ് കൊത്തുമെന്ന് വിദഗ്ധർ

(ഒന്നാം പേജ് തുടർച്ച)

വിദ്യാർത്ഥികൾക്കെതിരായ നടപടികൾ യുഎസ് സർക്കാർ ശക്തമാക്കിക്കൊണ്ടിരിക്കുകയാണ്. പാലസ്തീൻ അനുകൂല പ്രതിഷേധങ്ങൾ മുതൽ ട്രാഫിക് നിയമലംഘനങ്ങൾ വരെ ഓരോ കേസിലും കാരണങ്ങൾ വ്യത്യസ്തമാണ്. ഇത്തരം നടപടികൾ നിയമപരമായ പ്രതിസന്ധിയിലേക്കും വലിയ ആശയക്കുഴപ്പത്തിലേക്കും വിദ്യാർത്ഥികളെ തള്ളിവിടുന്ന അവസ്ഥയാണ്.

2023-24 അധ്യയന വർഷത്തിൽ യുഎസ് കോളജുകളിലും സർവകലാശാലകളിലും ചേർന്നത് 1.1 ദശലക്ഷത്തിലധികം അന്താരാഷ്ട്ര വിദ്യാർത്ഥികളാണെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർനാഷണൽ എഡ്യൂക്കേഷന്റെ കണക്കുകൾ പറയുന്നു.

നാഷണൽ അസോസിയേഷൻ ഓഫ് ഫോറിൻ സ്റ്റുഡന്റ് അഡ്വൈസറിന്റെ റിപ്പോർട്ട് അനുസരിച്ച്, വിദേശ വിദ്യാർത്ഥികൾ യുഎസ് സമ്പദ്‌വ്യവസ്ഥയിലേക്ക് പ്രതിവർഷം 43.8 ബില്യൺ യുഎസ് ഡോളർ നിക്ഷേപിക്കുകയും രാജ്യത്ത് 3,78,000ത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്.

### അമേരിക്കൻ സമ്പദ്‌വ്യവസ്ഥയെ കാത്തിരിക്കുന്നത് വൻ തിരിച്ചടി

അതേസമയം വിദ്യാർത്ഥി വിസയിൽ കടുത്ത നടപടിയുമായി ട്രംപ് ഭരണകൂടം മുന്നോട്ട് പോവുകയാണെങ്കിൽ അമേരിക്കൻ സമ്പദ്‌വ്യവസ്ഥയ്ക്ക് വൻ തിരിച്ചടി ഉണ്ടാകുമെന്ന് മുന്നറിയിപ്പ് നൽകി രംഗത്തെത്തിയിരിക്കുകയാണ് മുൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഗവർണർ രഘുറാം രാജൻ.ബ്ലൂംബെർഗ് ടിവിക്ക് നൽകിയ അഭിമുഖത്തിൽ, വിദേശ വിദ്യാർത്ഥികളുടെ ഒഴുക്ക് യുഎസിന്റെ പ്രധാന സാമ്പത്തിക സ്രോതസ്സാണെന്നും നിലവിലെ നയങ്ങൾ ഈ നേട്ടം ഇല്ലാതാക്കുമെന്നും രഘുറാം രാജൻ വ്യക്തമാക്കുന്നു.

സെർജി ബ്രിൻ പോലും വിദ്യാർത്ഥിയായി വന്ന് അമേരിക്കൻ സമ്പദ്‌വ്യവസ്ഥയ്ക്ക് അത്ഭുതങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അദ്ദേഹം ഓർമിപ്പിച്ചു. ട്രംപിന്റെ പുതിയ നയം സ്റ്റുഡന്റ് വിസ പ്രോസസിങ്ങിനെ മാത്രമല്ല, സാമ്പത്തികമായി വിദേശ വിദ്യാർത്ഥികളുടെ പ്രവേശനത്തെ വളരെയധികം ആശ്രയിക്കുന്ന അമേരിക്കൻ സർവകലാശാലകളെയും ബാധിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

യുഎസിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഏകദേശം 19 ദശലക്ഷം വരുന്ന ജനസംഖ്യയുടെ 5.9% അന്താരാഷ്ട്ര വിദ്യാർത്ഥികളാണ്.

2023-2024 അധ്യയന വർഷത്തിൽ, 1.1 ദശലക്ഷത്തിലധികം വിദേശ വിദ്യാർത്ഥികൾ യുഎസിലേക്ക് വന്നു. അതിൽ ഏറ്റവും കൂടുതൽ വിദേശ വിദ്യാർത്ഥികളെ അയച്ചത് ഇന്ത്യയാണ്, തൊട്ടുപിന്നാലെ ചൈനയും.

### ചൈനീസ് വിദ്യാർത്ഥികളുടെ വിസയും റദ്ദാക്കും

യുഎസിൽ പഠിക്കുന്ന ചൈനീസ് വിദ്യാർത്ഥികളുടെ വിസയും റദ്ദാക്കുമെന്ന് മുന്നറിയിപ്പ് നൽകിയിരിക്കുകയാണ് ട്രംപ് ഭരണകൂടം. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി ബന്ധമുള്ളവരോ നിർണായക മേഖലകളിൽ പഠിക്കുന്നവരോ ഈ നീക്കത്തിൽ ഉൾപ്പെടുമെന്ന് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ പ്രസ്താവനയിൽ പറഞ്ഞു. ചൈനയിൽ നിന്നും ഹോങ്കോങ്ങിൽ നിന്നുമുള്ള ഭാവി വിസ അപേക്ഷകരുടെ സൂക്ഷ്മപരിശോധന വർദ്ധിപ്പിക്കുന്നതിന് വിസ മാനദണ്ഡങ്ങൾ പരിഷ്കരിക്കുമെന്നും റൂബിയോ കൂട്ടിച്ചേർത്തു.

ട്രംപിന്റെ താരിഫുകൾ മൂലമുണ്ടായ രണ്ട് വൻശക്തികൾക്കിടയിൽ ഒരു വ്യാപാര യുദ്ധം പൊട്ടിപ്പുറപ്പെട്ടതിനാൽ ബീജിംഗും വാഷിംഗ്ടണും തമ്മിലുള്ള ബന്ധം സമീപ കാലങ്ങളിൽ ഇടിഞ്ഞിരുന്നു. തിങ്കളാഴ്ച, അമേരിക്കയുടെ ഉന്നത നയതന്ത്രജ്ഞനായ റൂബിയോ, ലോകമെമ്പാടുമുള്ള യുഎസ് എംബസികളോട് വിദ്യാർത്ഥി വിസകൾക്കുള്ള അപ്പോയിന്റ്മെന്റുകൾ ഷെഡ്യൂൾ ചെയ്യുന്നത് നിർത്താൻ ഉത്തരവിട്ടിരുന്നു. സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് അത്തരം അപേക്ഷകരുടെ സോഷ്യൽ മീഡിയ പരിശോധന വിപുലീകരിക്കാൻ തയ്യാറെടുക്കുകയാണ്.

കഴിഞ്ഞ വർഷം യുഎസിൽ ഏകദേശം 280,000 ചൈനീസ് വിദ്യാർത്ഥികൾ പഠിച്ചിരുന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. യുഎസ് സർവകലാശാലകളിൽ ഏറ്റവും ജനസംഖ്യയുള്ള അന്താരാഷ്ട്ര ഗ്രൂപ്പായിരുന്നു ചൈനീസ് വിദ്യാർത്ഥികൾ, എന്നാൽ അടുത്തിടെ അത് മാറി. പാൻഡെമിക് കാലഘട്ടത്തിലെ നിയന്ത്രണങ്ങൾ മുതൽ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം വഷളാകുന്നത് വരെ, സമീപ വർഷങ്ങളിൽ അവരുടെ എണ്ണം കുറഞ്ഞുവെന്ന് യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ ഡാറ്റ വ്യക്തമാക്കുന്നു.

പ്രസിഡന്റ് ട്രംപിന്റെ നേതൃത്വത്തിൽ, ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി ബന്ധമുള്ളവരോ നിർണായക മേഖലകളിൽ പഠിക്കുന്നവരോ ഉൾപ്പെടെയുള്ള ചൈനീസ് വിദ്യാർത്ഥികൾക്കുള്ള വിസകൾ റദ്ദാക്കുന്നതിന് യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ഹോംലാൻഡ് സെക്യൂരിറ്റി വകുപ്പുമായി ചേർന്ന് പ്രവർത്തിക്കുമെന്ന് റൂബിയോ ബുധനാഴ്ച പ്രസ്താവനയിൽ പറഞ്ഞിരുന്നു. പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയിൽ നിന്നും ഹോങ്കോങ്ങിൽ നിന്നുമുള്ള ഭാവിയിലെ എല്ലാ വിസ അപേക്ഷകളുടെയും സൂക്ഷ്മപരിശോധന വർദ്ധിപ്പിക്കുന്നതിന് തങ്ങൾ വിസ മാനദണ്ഡങ്ങൾ പരിഷ്കരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു.

ട്രംപ് ഭരണകൂടം ഇതിനകം തന്നെ നിരവധി വിദേശ വിദ്യാർത്ഥികളെ നാടുകടത്താൻ നീക്കം തുടങ്ങിയിട്ടുണ്ട്. അതേസമയം മറ്റുള്ളവർക്ക് ആയിരക്കണക്കിന് വിസകൾ റദ്ദാക്കി. അതേസമയം ഈ നടപടികളിൽ പലതും കോടതികൾ തടയുകയും ചെയ്തു. കൂടാതെ സർവകലാശാലകൾക്കുള്ള കോടിക്കണക്കിന് ഡോളറിന്റെ ധനസഹായവും മരവിപ്പിച്ചിരിക്കുന്നു. ഹാർവാർഡ് പോലുള്ള അമേരിക്കയിലെ ഏറ്റവും ഉന്നത സർവകലാശാലകളിൽ ചിലത് വളരെ ലിബറലാണെന്ന് പ്രസിഡന്റ് കാണുകയും കാമ്പസിലെ യഹൂദവിരുദ്ധതയെ ചെറുക്കുന്നതിൽ അവർ പരാജയപ്പെട്ടുവെന്ന് വ്യക്തമാക്കിയും ആയിരുന്നു കടുത്ത നടപടി.

### സർവകലാശാലകളും ഫണ്ടിംഗും

പല യുഎസ് സർവകലാശാലകളും അവരുടെ ഫണ്ടിംഗിന്റെ ഒരു പ്രധാന ഭാഗത്തിനായി വിദേശ വിദ്യാർത്ഥികളെയാണ് ആശ്രയിക്കുന്നത്. കഴിഞ്ഞ കുറച്ച് ദിവസങ്ങളിൽ പ്രഖ്യാപിച്ച ആസൂത്രിത വിസ മാറ്റങ്ങളിൽ നിരവധി അന്താരാഷ്ട്ര വിദ്യാർത്ഥികളാണ് വലയുന്നത്. ഭരണകൂടം വിസ അപ്പോയിന്റ്മെന്റുകൾ നിർത്തിവച്ചതിനാൽ, തങ്ങൾ ഇതുവരെ പരിശ്രമിച്ചുകൊണ്ടിരുന്ന ബിരുദങ്ങൾ നേടിയെടുക്കാൻ കഴിയാതെ പോയേക്കുമെന്ന ഭയവും പലർക്കും ഉണ്ട്.

ചിലർ പറയുന്നത് യുഎസിൽ പഠിക്കാൻ ഒരിക്കലും തീരുമാനിച്ചിരുന്നില്ലെങ്കിൽ എന്ന് ആഗ്രഹിക്കുന്നു എന്നാണ്. 'എനിക്ക് അതിൽ ഖേദമുണ്ട്,' പെൻസിൽവാനിയ സർവകലാശാലയിൽ പഠിക്കാനുള്ള വിസ അപകടത്തിലാകുമെന്ന് ഭയന്ന് പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ഷാങ്ഹായിൽ നിന്നുള്ള 22 വയസ്സുള്ള ഒരു മാസ്റ്റേഴ്സ് വിദ്യാർത്ഥി പറഞ്ഞു.

### ഇന്ത്യൻ വിദ്യാർത്ഥികളുടെ സംഭാവന

അമേരിക്കൻ സർവകലാശാലകളിലെ വിദ്യാഭ്യാസ ചെലവുകൾക്കായി ഇന്ത്യൻ വിദ്യാർത്ഥികൾ എല്ലാ വർഷവും 15 ബില്യൺ ഡോളറിലധികം ചെലവഴിക്കുന്നുണ്ട്. ഗവേഷണം, വികസനം, പ്രാദേശിക ജോലികൾ, നികുതികൾ, പുതിയ ഉൽപ്പന്നങ്ങൾ എന്നിവയിലൂടെ സൃഷ്ടിക്കപ്പെടുന്ന സാമ്പത്തിക മൂല്യം കുറഞ്ഞത് 50 മടങ്ങ് പ്രാദേശിക ബിസിനസുകൾക്കും സർക്കാരിനും ഭാവി തലമുറയ്ക്കും ഗുണം ചെയ്യും.

മഹത്തായ രാഷ്ട്രത്തിനായി സൃഷ്ടിച്ച നവീകരണത്തിലൂടെയും ബൗദ്ധിക സ്വത്തവകാശത്തിലൂടെയും ആപ്പിൾ, എൻവിഡിയ, മൈക്രോസോഫ്റ്റ്, ഗൂഗിൾ, ഫാർമ കമ്പനികൾ, മറ്റ് നിരവധി വ്യവസായങ്ങൾ എന്നിവയ്ക്ക് ഇതുമൂലം നേട്ടമുണ്ടാകുകയും ചെയ്യും.

ഈ പ്രശ്നം വേഗത്തിൽ പരിഹരിക്കപ്പെട്ടില്ലെങ്കിൽ ഭാവിയിൽ വൻ സാമ്പത്തിക പ്രതിസന്ധിയാകും അമേരിക്കയെ കാത്തിരിക്കുന്നത്.



# ഇന്ത്യൻ എൻജിനീയേഴ്സ് അസോസിയേഷന്റെ ഗോൾഫ് ടൂർണമെന്റ് ജൂൺ 1 ന്

ഷിക്കാഗോ: ഇന്ത്യൻ എൻജിനീയേഴ്സ് അമ്പർല - ഓർഗനൈസേഷനായ അമേരിക്കൻ അസോസിയേഷൻ ഓഫ് എൻജിനീയേഴ്സ് ഓഫ് ഇന്ത്യൻ ഒർജിന്റെ (എഎഇഐഐഒ)ആനുവൽ ചാരിറ്റി ഗോൾഫ് ടൂർണമെന്റ് ജൂൺ 1 ഞായറാഴ്ച ബെൻസൻവില്ലായിലുള്ള വൈറ്റ്പ്ലെയിൻസ് ഗോൾഫ് ക്ലബിൽ വച്ച് നടത്തപ്പെടുന്നതാണ്. അതിനുശേഷം നടക്കുന്ന ഡിന്നറും എന്റർടെയിൻമെന്റും മഹാരാജ് ഇന്ത്യൻ റെസ്റ്റോറന്റ് ആന്റ് ബെൻങ്ക്വറ്റിൽ വച്ച് (3400 River Rd.,Franklin Park, IL) വച്ച് നടത്തപ്പെടുന്നതാണ്.ഈ ഗോൾഫ് ടൂർണമെന്റിലും ഡിന്നറിലും പങ്കെടുക്കുവാൻ താൽപ്പര്യമുള്ള എൻജിനീയേഴ്സ്, AAEIOSA@gmail.com ലേക്ക് ഈ മെയിൽ ചെയ്യുക.

എഎഇഐഐഒയുടെ പ്രസിഡന്റ് ഗ്ലാഡ്സൺ വർഗീസ് (Global Director, G.E), ഗോൾഫ് & ചാരിറ്റി ചെയർമാൻ ഗുൽസാർ സിംഗ് (CEO, PanOcanc, Inc), ഗോൾഫ് & ചാരിറ്റി കോ-ചെയർമാരായ ഡോ. പ്രമോദ് വോറ (President - Probys, Inc), ദിപൻ മോദി ((CEO, Modi Financial Group), നാഗ് ജയ്ഡവാൾ (Sr. Advisor, Sales Force, Inc), രാജിന്ദർ സിംഗ് മാഗോ (Sr. Manager, Navistar) എന്നിവർ ഈ ടൂർണമെന്റിന് നേതൃത്വം നൽകുന്നു. ജൂൺ 1ന് ഒരുമണിക്കാണ് ടൂർണമെന്റ് ആരംഭിക്കുന്നത്.

നെറ്റ്‌വർക്കിംഗ് ആന്റ് ഡിന്നർ അഞ്ചുമണിക്ക് ആരംഭിക്കുന്നതാണ്. ഈ ടൂർണമെന്റിൽ നിന്ന് ലഭിക്കുന്ന ഫണ്ട് സംഘടനയുടെ വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതാണ്. എൻജിനീയേഴ്സ് കുട്ടികൾക്കുള്ള സ്കോളർഷിപ്പുകൾ സെപ്തംബറിൽ ഓക്ബ്രൂക്ക് മാരിറ്റിൽ വച്ച് നടത്തുന്ന ആനുവൽ ഗാലയിൽ വച്ച് വിതരണം ചെയ്യുമെന്ന് എക്സിക്യൂട്ടീവ് ബോർഡ് അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക് AAEIOUSA.org ൽ നിന്ന് ലഭിക്കുന്നതാണ്.




# ക്നാനായ റീജിയണൽ കോൺഫറസ് ഡാളസ്സിൽ

ഷിക്കാഗോ രൂപത ക്നാനായ റീജിയണൽ കോൺഫറൻസ് ജൂൺ 2 മുതൽ 4 വരെ ഡാളസ്സിൽ വച്ച് നടത്തപ്പെടുന്നു. ജൂൺ 2 തിങ്കളാഴ്ച രാവിലെ 11 മണിക്ക് കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലിത്തയുടെയും സഹായ മെത്രാൻ ഗീവർഗീസ് മാർ അപ്രേം പിതാവിന്റെയും കാർമികത്വത്തിൽ വി.കുർബാന അർപ്പിക്കപ്പെടും.

തുടർന്ന് വിവിധ വിഷയങ്ങളെ ആസ്പദമാക്കി ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ചകളും അതിന്റെ അവതരണവും ഉണ്ടായിരിക്കും. ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തയും സഹായ മെത്രാൻ ഗീവർഗീസ് മാർ അപ്രേം പിതാവും വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിക്കുകയും സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്യും. സമാപന സമ്മേളനം ഷിക്കാഗോ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് ഉദ്ഘാടനം ചെയ്ത് സംസാരിക്കും. വൈദികർ, സന്യസ്തർ, അല്മായ പ്രതിനിധികൾ ഉൾപ്പെടെ അറുപത്തഞ്ചോളം പേർ കോൺഫറൻസിൽ പങ്കെടുക്കും. ഒരുക്കങ്ങൾ ഇതിനോടകം പൂർത്തിയായി കഴിഞ്ഞു എന്ന് ക്നാനായ റീജിയൻ ഡയറക്ടറും വികാരി ജനറാളുമായ ഫാ.തോമസ് മുളവനാൽ അറിയിച്ചു.

◗ ലിൻസ് താന്നിച്ചുവട്ടിൽ

# യുഎസ് സമ്പദ്‌വ്യവസ്ഥ മാന്ദ്യഭീഷണിയിലെന്ന് ഫെഡറൽ മിനുട്സ്

(ഒന്നാം പേജ് തുടർച്ച)

രിക്കുമെന്നാണ്. തൊഴിൽ, വാണിജ്യ വകുപ്പുകളുടെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം പണപ്പെരുപ്പവും മൊത്ത ആഭ്യന്തര ഉൽപ്പാദന വളർച്ചയും കുറഞ്ഞു.


വൈറ്റ് ഹൗസ് താരിഫ് നയങ്ങളുടെ ഫലമായി ഉൽപ്പാദനക്ഷമത കുറയുമെന്ന് ബാങ്കർമാർ പ്രതീക്ഷിക്കുന്നതായി ഫെഡിന്റെ മെയ് മിനിറ്റുകൾ കാണിക്കുന്നു, ഇത് വരും വർഷങ്ങളിൽ ജിഡിപിയിൽ നിന്ന് കൂടുതൽ കുറവുണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

നയപരമായ അനിശ്ചിതത്വങ്ങൾക്കിടയിലും ഫെഡ് പലിശ നിരക്ക് കുറയ്ക്കുന്നതിൽ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.

കഴിഞ്ഞ വർഷം അവസാന പകുതിയിൽ ഫെഡ് മൂന്ന് നിരക്കുകളിൽ ഇളവ് വരുത്തുകയും ജനുവരിയിൽ അവ നിർത്തലാക്കുകയും അതിനുശേഷം 4.25 ശതമാനം മുതൽ 4.5 ശതമാനം വരെ നിരക്കിൽ ഇളവ് വരുത്തുകയും ചെയ്തു.

## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**സാംപ്രസാദ് ഡേവിഡ്**

#052825

### ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**മറിയാമ്മ ഡേവിഡ്**

#052825


**Holiday Let**
**Penthouse in Kochi**

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/ Shopping centres. Beautiful view of Kochi City. Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#043025

**ബേബി സിറ്ററെ ആവശ്യമുണ്ട്**

**അഡിസണിൽ താമസിക്കുന്ന മലയാളി** കുടുംബത്തിന് 17 മാസം പ്രായമുള്ള കുട്ടിയെ നോക്കാൻ മെയ് മാസം പകുതി മുതൽ (തിങ്കൾ മുതൽ വെള്ളിവരെ) വീട്ടിൽ താമസിച്ചോ അല്ലാതെയോ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**വിളിക്കുക: 847–890–5941, 847–942–1057**

#052825

**ROOMS FOR RENT IN DOWNERS GROVE**

Three private rooms for rent in Downers Grove, ideal for bachelors. Only 5 minutes from Highway 355, with all amenities and parking included.

For more information
**Contact: +1-630-723-1112 or email: siby.joseph1@gmail.com**

#052125

**SEEKING BRIDEGROOM**

**We are seeking a** suitable alliance for our niece, aged 25, from Idukki. She has completed her B.Tech in Computer Science from Amal Jyothi College of Engineering Kanjirappally. She worked with Infosys for almost 3 years and is currently pursuing a course in Data Analytics. We are looking for a Christian (RCSC) boy from a respected family background. For more details, please contact:

**Chavara ID: CKTA500214**
**847-778-6907 (Chicago)**

#052125

**SEEKING BRIDE**

**We are seeking** a suitable alliance for our nephew, aged 29, from Idukki.

He has completed his MBA from Rajagiri College of Social Sciences and is currently working in our family business.

We are looking for a Christian (RCSC) girl from a respected family background. Interested families may contact us for further details.

**Chavara ID: CKTA459984**
**847-778-6907 (Chicago)**

#052125

**വരനെ ആവശ്യമുണ്ട്**

ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി(യുഎസ്‌സിറ്റിസൺ) അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നുംവിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#052125

Newspaper for Malayalees Worldwide ◆Estd.2020
വാചകം VACHAKAM

To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com
Vachakam.com

For E-Paper reading visit Vachakam.com


# ബാക്കപ്പ് ക്യാമറയിലെ തകരാർ; ഒരു ദശലക്ഷത്തിലധികം വാഹനങ്ങൾ തിരിച്ചുവിളിച്ച് ഫോർഡ്

ന്യൂയോർക്ക്: ബാക്കപ്പ് ക്യാമറയിലെ തകരാർ കാരണം ഒരു ദശലക്ഷത്തിലധികം വാഹനങ്ങൾ തിരിച്ചുവിളിച്ച് പ്രമുഖ വാഹന നിർമാതാക്കളായ ഫോർഡ്. സെന്റർ ഇൻഫോടെയ്ൻമെന്റ് സ്ക്രീനിലും റിയർവ്യൂ ക്യാമറ സിസ്റ്റങ്ങളിലുമുള്ള പ്രശ്നം കാരണമാണ് വാഹനങ്ങൾ തിരിച്ചുവിളിക്കുന്നത്.

ക്യാമറയിലെ പ്രശ്നം വാഹനത്തിന് പിന്നിലെ കാഴ്ചയെ തടസ്സപ്പെടുത്തുകയും അപകടങ്ങൾക്കുള്ള സാധ്യത വർധിപ്പിക്കുകയും ചെയ്യും.

2021–2024 കാലയളവിലെ ബ്രോങ്കോ, എഫ്150, 2021–2024 എഡ്ജ്, 2023–2024 എസ്കേപ്പ്, എഫ്250, എഫ്350, എഫ്450, എഫ്550, എഫ്600, 2022–2024 എക്സ്പെഡിഷൻ, 2022–2025 ട്രാൻസിറ്റ്, 2021–2023 മാക്ഇ, 2024 റേഞ്ചർ, മുസ്താങ്, 2021–2023 ലിങ്കൺ നോട്ടിലസ്, 2022–2024 നാവിഗേറ്റർ, 2023–2024 കോർസെയർ എന്നീ മോഡലുകളാണ് നിലവിൽ തിരിച്ചുവിളിച്ചിരിക്കുന്നത്.



വാഹന ഉടമകൾക്ക് അറിയിപ്പ് ജൂൺ 16മുതൽ മെയിൽ വഴി ലഭിക്കും. ഉടമകൾക്ക് കൂടുതൽ വിവരങ്ങൾക്കായി 1-866-436-7332 എന്ന നമ്പറിൽ ഫോർഡ് കസ്റ്റമർ സർവീസുമായി ബന്ധപ്പെടാവുന്നതാണ്.

നാഷനൽ ഹൈവേ ട്രാഫിക് സേഫ്റ്റി അഡ്മിനിസ്ട്രേഷൻ വെഹിക്കിൾ സേഫ്റ്റി ഹോട്ട്ലൈനിൽ 888-327-4236 എന്ന നമ്പറിലും ബന്ധപ്പെടാം. കൂടാതെ സൗജന്യ സോഫ്റ്റ്‌വെയർ അപ്ഡേറ്റിനായി നിങ്ങളുടെ വാഹനം അംഗീകൃത ഡീലർഷിപ്പിൽ എത്തിക്കാവുന്നതാണ്.

# 'മരിച്ച കുട്ടികളുടെ മാതാപിതാക്കളുടെ നിലവിളികൾ സ്വർഗ്ഗത്തിലെത്തുന്നു'; ഗാസയിൽ വെടിനിർത്തലിന് ആഹ്വാനം ചെയ്തു ലിയോ മാർപാപ്പ

തന്റെ മുൻഗാമിയായ ഫ്രാൻസിസ് മാർപാപ്പയുടെ പാത പിന്തുടർന്ന് ഗാസയിൽ വെടിനിർത്തലിനും ബന്ദികളെ മോചിപ്പിക്കാനും ആഹ്വാനം ചെയ്തു ലിയോ മാർപാപ്പ. മേയ് 28 ന് ആണ് അദ്ദേഹം വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ ഇക്കാര്യം ആവശ്യപ്പെട്ടത്.

'ഗാസ മുനമ്പിൽ, മരിച്ച കുട്ടികളുടെ മൃദേഹത്തിൽ മുറുകെ പിടിക്കുന്ന അമ്മമാരുടെയും അച്ഛന്റെയും തീവ്രമായ നിലവിളി കൂടുതൽ കൂടുതൽ സ്വർഗ്ഗത്തിലെത്തുന്നു, ഉത്തരവാദിത്തമുള്ളവരോട്, ഞാൻ എന്റെ അഭ്യർത്ഥന പുതുക്കുന്നു: പോരാട്ടം നിർത്തുക. എല്ലാ ബന്ദികളെ മോചിപ്പിക്കുക. മാനുഷിക നിയമത്തെ പൂർണ്ണമായും മാനിക്കുക.' എന്നാണ് ലിയോ മാർപാപ്പ വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ വ്യക്തമാക്കിയത്.

ഏപ്രിൽ 21 ന് ആണ് ഫ്രാൻസിസ് മാർപാപ്പയുടെ മരണത്തെത്തുടർന്ന് അടുത്തതായി നടന്ന മാർപ്പാപ്പ കോൺക്ലേവിൽ തിരഞ്ഞെടുക്കപ്പെട്ടതിന് ശേഷം ലിയോ മാർപ്പാപ്പ സ്ഥാനം ഏറ്റെടുത്തത്. അതേസമയം അന്താരാഷ്ട്ര സംഘർഷങ്ങളെക്കുറിച്ച് ലിയോ സംസാരിക്കുന്നത് ഇതാദ്യമല്ല.



തന്റെ ആദ്യ ഞായറാഴ്ച സന്ദേശത്തിൽ, 'ഇനി യുദ്ധം വേണ്ട', ഗാസയിൽ വെടിനിർത്തൽ നടപ്പിലാക്കണം എന്നും, ബന്ദികളെ മോചിപ്പിക്കുക, ഉക്രെയ്നിൽ ആധികാരികവും ശാശ്വതവുമായ സമാധാനം വേണം' എന്നും അദ്ദേഹം ആവശ്യപ്പെട്ടിരുന്നു.

മെയ് 21 ന്, ഗാസയിലെ പ്രതിസന്ധിയെ അദ്ദേഹം പ്രതിവാര ഞായറാഴ്ച സദസ്സിൽ അഭിസംബോധന ചെയ്തിരുന്നു.'ശത്രുതകൾ അവസാനിപ്പിക്കുക' എന്ന് അദ്ദേഹം ആവശ്യപ്പെടുകയും ചെയ്തു.

# ഇസ്രയേലിന് സമ്മർദ്ദം; ഫലസ്തീനിനെ അംഗീകരിക്കാൻ ഒരുങ്ങി ഫ്രാൻസ് പ്രസിഡന്റ് ഇമാനുവൽ മാക്രോൺ

ഫ്രാൻസിന്റെ പ്രസിഡന്റ് ഇമാനുവൽ മാക്രോൺ ഫലസ്തീനെ അംഗീകരിക്കാനൊരുങ്ങുന്നതായി റിപ്പോർട്ട്. എന്നാൽ, ഇതു ഇസ്രയേലുമായി സമാധാനം സ്ഥാപിക്കാൻ സഹായകമാകില്ലെന്നും ഇപ്പോഴത്തെ സാഹചര്യത്തിൽ ഈ തീരുമാനം വളരെ നേരത്തെ ആയി പോയി എന്നും ആണ് വിദഗ്ധർ പറയുന്നത്.



ഇത് യൂറോപ്പ്, അമേരിക്ക, ഇസ്രയേൽ എന്നീ രാജ്യങ്ങൾ തമ്മിൽ തർക്കത്തിന് കാരണം ആയേക്കാം എന്നും, വെറുതെ അംഗീകാരം കൊടുക്കുന്നത് കൂടാതെ മറ്റു കർശന നടപടി ക്രമങ്ങളും വേണം എന്നും അവർ പറയുന്നു. അംഗീകാരം ഫലപ്രദമാക്കാനായി സാമ്പത്തിക നിയന്ത്രണങ്ങളും വ്യാപാര നിരോധനങ്ങളും വേണമെന്നും ഇവർ വ്യക്തമാക്കുന്നു.

അതേസമയം ജൂൺ 17 മുതൽ 20 വരെ, ഫ്രാൻസും സൗദി അറേബ്യയും ഐക്യരാഷ്ട്രസഭാ സമ്മേളനം സംഘടിപ്പിച്ച് ഫലസ്തീൻ രാജ്യത്തിനുള്ള മാർഗരേഖകൾ ചർച്ച ചെയ്യും എന്നാണ് മാക്രോൺ വ്യക്തമാക്കുന്നത്. 'ഇസ്രയേലിന്റെ സുരക്ഷ ഉറപ്പാക്കിയും ഫലസ്തീൻ രാജ്യത്തെ അംഗീകരിക്കാനും നാം ഈ സമ്മേളനം നടത്തും' എന്നാണ് അദ്ദേഹം വ്യക്തമാക്കുന്നത്.

അതേസമയം ഫ്രാൻസ് ഈ തീരുമാനം എടുത്താൽ, യൂറോപ്പിലെ വലിയ ജൂതമുസ്ലിം സമൂഹമുള്ള രാജ്യമായിരിക്കുമെന്നും മറ്റും രാജ്യങ്ങൾ പിന്തുടരാൻ സാധ്യതയുണ്ടെന്നും ആണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ഇസ്രയേലിന്റെ ഗാസയിലെ ആക്രമണങ്ങളും പടിഞ്ഞാറൻ തീരദേശത്തിലെ പ്രവർത്തനങ്ങളും മാക്രോൺ നിലപാട് മാറ്റാനുള്ള പ്രധാന കാരണങ്ങളാണ്. എന്നാൽ ഇപ്പോൾ മാക്രോണിന് അന്തിമ തീരുമാനം എടുക്കാനില്ല, അടുത്ത ഐക്യരാഷ്ട്രസഭാ സമ്മേളനത്തിന്റെ ഫലങ്ങളെ ആശ്രയിച്ചാകും തീരുമാനമുണ്ടാകുക.

അതേസമയം ഇസ്രയേൽ മാക്രോണിനെ ഈ തീരുമാനത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നു. ഇത് നടപ്പാക്കിയാൽ ഇസ്രയേലിന്റെ പ്രധാന ബന്ധമായ ഫ്രാൻസിനോടുള്ള ബന്ധം തകരാൻ സാധ്യതയുണ്ട്.

അതേസമയം, ഫ്രാൻസ് ഈ സമ്മർദ്ദങ്ങളെ അവഗണിച്ച് മുന്നോട്ട് പോവുമെന്ന് വിശ്വസിക്കുന്നു. മാക്രോൺ 2027ൽ പ്രസിഡന്റിന്റെ പദവി അവസാനിക്കുന്നതിനു മുമ്പ് ഈ ചരിത്രപരമായ തീരുമാനം എടുക്കാൻ ഉദ്ദേശിക്കുന്നുണ്ട് എന്നാണ് റിപ്പോർട്ടുകൾ.

# ചാൾസ്റ്റൺ വിമാനത്താവളത്തിലെ സ്റ്റാറാണ് ഇവൻ!




മനുഷ്യരിൽ മാത്രമല്ല സൂപ്പർ ഹീറോസ് ഉള്ളത്. നായയ്ക്കളുടെ ഇടയിലും ഉണ്ട്. സ്കൂബിഡൂ, സ്പൈക്ക്, 101 ഡാൽമേഷ്യൻ തുടങ്ങിയ സൂപ്പർ പവർ ഉള്ള നായകളെ മാത്രം അറിയുന്നവർക്ക്, ഇവരെ അത്ര പരിചയം കണ്ടെന്നു വരില്ല. കാർട്ടൂൺ കഥാപാത്രങ്ങളെ പോലെ തന്നെ സ്പെഷ്യലാണെങ്കിലും ഇവർ റിയൽ ഹീറോസാണ്. മലമുകളില്ലുള്ള ഒരു വിമാനത്താവളമാണ് ഇവരുടെ വാസകേന്ദ്രം. ടെയ്ക്ക് ഓഫ് സമയത്ത് പക്ഷികളും മറ്റും ഇല്ലെന്ന് ഉറപ്പ് വരുത്താനും വന്യജീവികളെ കണ്ട് പേടിച്ച് നിൽക്കുന്ന യാത്രക്കാരെ സുരക്ഷിതമായി എത്തിക്കാനും നായ്ക്കളായ ഹെർക്കുലീസും നെഡിനെയും ഉണ്ടാകും.

യുഎസിലെ വെസ്റ്റ് വിർജീനിയ ഇന്റനാഷണൽ യെഗർ വിമാനത്താവളം എന്ന് അറിയപ്പെടുന്ന ചാൾസ്റ്റൺ വിമാനത്താവളത്തിലെ വന്യജീവികളെ സംരക്ഷിക്കുന്ന നായ്ക്കളാണ് ഹെർക്കുലീസും നെഡിനെയും. കാണുന്നത് പോലെയല്ല, ഇവർ സെലിബ്രിറ്റികൾ കൂടിയാണ്. സ്വന്തമായി ഇൻസ്റ്റാഗ്രാം, ടിക്ടോക്ക് അക്കൗണ്ടുകളും വിശാലമായ ഓഫിസുമുണ്ട്. ഇത് കൊണ്ടാണ് ഹെർക്കുലീസ് മുഖ്യ അംബാസഡർ കൂടിയായത്.

പക്ഷികളും മറ്റ് വന്യജീവികളും വിമാനങ്ങളിൽ നിന്ന് അകന്നു നിൽക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും അതിർത്തിയിൽ ഒരു മൈൽ നീളമുള്ള എയർഫീൽഡിൽ ദിവസേന പട്രോളിംഗ് നടത്താനും ഇവർക്ക് ഒരു മടിയില്ല. മലയുടെ മുകളിലാണ് വിമാനത്താവളം സ്ഥിതി ചെയ്യുന്നത് എന്നതുകൊണ്ടു തന്നെ കാനഡ വാത്ത, പരുന്ത്, താറാവ്, പാട്ടുപക്ഷി, വവ്വാൽ തുടങ്ങി നിരവധി വന്യജീവികളുടെ ശേഖരം തന്നെ ഇവിടെയുണ്ട്.

ഇങ്ങനെ യാത്രക്കാരെ സംരക്ഷിക്കുക മാത്രമല്ല ഇവരുടെ ജോലി. വിമാനം പറക്കാനും ലാന്റ് ചെയ്യാനും ഇവരുടെ അനുവാദം വേണം. വിമാനത്താവളത്തിൽ വരുന്ന യാത്രക്കാരോട് സൗഹൃദം ഉണ്ടാക്കിയെടുക്കാനും ഇവർ ശ്രമിക്കാറുണ്ട്. 2018ൽ യേഗർ മാനേജ്മെന്റാണ് ഹെർക്കുലീസ് എന്ന നായയെ വാങ്ങുന്നത്. ആദ്യത്തെ 18 മാസം വാത്തകളെയും ആടുകളെയും മേയ്ക്കുന്നതിനാണ് പരിശീലനം നൽകിയിരുന്നത്. പിന്നീടാണ് വിമാനത്താവളത്തിൽ ഓൾ ഇൻ ഓൾ ആയി മാറിയത്. 2 വയസുള്ളപ്പോഴാണ് നെഡിനെ കൊണ്ട് വരുന്നത്. ഫെച്ച് കളിക്കാൻ നീല ബൗൺസി ബോൾ കൊണ്ടുവരുന്ന നെഡിനെ എല്ലാവർക്കും ഇഷ്ടമാണ്. ടെർമിനലിനുള്ളിലെ യാത്രക്കാരെ ഹെർക്കുലീസ് വാൽ ആട്ടി അഭിവാദ്യം ചെയ്യും.

1988 മുതൽ 2023 വരെ, വന്യജീവികളുമായി കൂട്ടിയിടിച്ചുണ്ടായ അപകടങ്ങളിൽ യുഎസിൽ 76 പേർ കൊല്ലപ്പെടുകയും 126 വിമാനങ്ങൾ നശിക്കുകയും ചെയ്തു. തുടർന്നാണ് ഇവരെ സംരക്ഷിക്കാൻ നായ്ക്കളായ ഹെർക്കുലീസിനെയും നെഡിനെയും പരിശീലിപ്പിച്ചത്. 'പക്ഷി വിമാനത്തിൽ വന്ന് ഇടിക്കുന്നത് തടയുന്നതിനാണ് പ്രധാനമായും ഹെർക്കുലീസിനെയും നെഡിനെയും ട്രെയിൻ ചെയ്യുന്നതെന്ന്' വിമാനത്താവളത്തിലെ വന്യജീവി വിദഗ്ധനായ ക്രിസ് കീസർ പറഞ്ഞു.



# ഏറ്റവും മൂല്യമുള്ള കറൻസി കുവൈറ്റ് ദിനാർ; അപ്പോൾ അമേരിക്ക?



കുവൈറ്റ് ദിനാർ ആണ് ലോകത്ത് ഏറ്റവും മൂല്യമുള്ള കറൻസി. എന്നാൽ ലോകത്ത് ഏറ്റവും കൂടുതൽ വ്യാപാരം നടക്കുന്നത് അമേരിക്കൻ ഡോളറിലാണ്. എന്നാൽ അമേരിക്കൻ ഡോളർ ഏറ്റവും മൂല്യമുള്ള കറൻസികളുടെ പട്ടികയിൽ ആദ്യ അഞ്ചിൽ പോലും വരുന്നില്ല എന്നതാണ് അതിശയകരം.

മൂല്യമുള്ള കറൻസിയെ നിശ്ചയിക്കുന്നതിന് ചില മാനദണ്ഡങ്ങളൊക്കെ ഉണ്ട്. വ്യാപാരം നടക്കുന്നത് മാത്രമാണ് പരിഗണിക്കുന്ന ഘടകമെങ്കിൽ അമേരിക്കൻ ഡോളർ ആകുമായിരുന്നു പട്ടികയിൽ ആദ്യ സ്ഥാനത്ത്.

എന്നാൽ മറ്റു ചില കാര്യങ്ങൾ കൂടി ഇക്കാര്യത്തിൽ പരിഗണിക്കുന്നുണ്ട്. പട്ടികയിലെ ആദ്യ മൂന്നും ഗൾഫ് രാജ്യങ്ങളിലെ കറൻസികൾക്കാണ് എന്നതും ശ്രദ്ധേയമാണ്.

180 കറൻസികളാണ് ഐക്യരാഷ്ട്രസഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ളത്. കറൻസിയുടെ ശക്തി കണക്കാക്കുന്നതിൽ പ്രധാന ഘടകം കറൻസിയുടെ വാങ്ങൽ ശേഷിയാണ്. വിദേശ കറൻസി വിപണിയിൽ കൂടുതൽ പേർ താൽപ്പര്യപ്പെടുന്ന കറൻസിക്ക് മൂല്യം കൂടും.

ഓരോ രാജ്യത്തിന്റെയും പണപ്പെരുപ്പം, സാമ്പത്തിക ഭദ്രത, കേന്ദ്ര ബാങ്കുകൾ സ്വീകരിക്കുന്ന നയങ്ങൾ, രാജ്യത്തിന്റെ സുസ്ഥിരത എന്നിവയെല്ലാമാണ് കറൻസിയുടെ മൂല്യം നിർണയിക്കുന്ന പ്രധാന ഘടകങ്ങൾ

ഫോബ്സ് ഈ വർഷം പുറത്തിറക്കിയ മൂല്യമുള്ള കറൻസികളുടെ പട്ടികയിൽ ആദ്യം ഇടംപിടിച്ചിരിക്കുന്നത് കുവൈറ്റ് ദിനാർ ആണ്. നികുതി രഹിത സംവിധാനവും സുസ്ഥിരതയുമാണ് കുവൈറ്റ് ദിനാറിനെ ഒന്നാം സ്ഥാനത്ത് നിലനിർത്തുന്നത്.

1960 ൽ പുറത്തിറക്കിയ കറൻസിക്ക് കറൻസി വിപണിയിൽ ആവശ്യക്കാർ ഏറെയാണ്. എണ്ണയെ ആശ്രയിച്ചാണ് കുവൈറ്റിന്റെ സമ്പദ് വ്യവസ്ഥ നിലനിൽക്കുന്നത്.

ദ്വീപ് രാജ്യമായ ബഹ്റൈന്റെ കറൻസിയായ ബഹ്റൈൻ ദിനാർ ആണ് പട്ടികയിൽ രണ്ടാം സ്ഥാനത്ത്. 1965 ലാണ് ഈ കറൻസി നിലവിൽ വന്നത്. മൂന്നാം സ്ഥാനത്ത് ഒമാൻ റിയാൽ ആണ്. എണ്ണ വിപണിയെ ആശ്രയിച്ചാണ് പട്ടികയിലെ ആദ്യ മൂന്ന് രാജ്യങ്ങളും നിലനിൽക്കുന്നത് എന്ന കാര്യം എടുത്തു പറയണം. സുസ്ഥിരമായ വിനിമയ നിരക്ക് നിലനിർത്താൻ ബഹ്റൈന്റെയും ഒമാന്റെയും കറൻസികൾക്ക് സാധിക്കുന്നുണ്ട്.

### നാലാം സ്ഥാനത്ത് ജോർദാൻ ദിനാർ

നാലാം സ്ഥാനത്ത് ജോർദാൻ ദിനാർ ആണ്. പശ്ചിമേഷ്യൻ രാജ്യമായ ജോർദാന്റെ ആദ്യ കറൻസി പാലസ്തീൻ പൗണ്ട് ആയിരുന്നു. 1950 ലാണ് ജോർദാൻ ദിനാർ പുറത്തിറക്കിയത്. അച്ചടക്കമുള്ളതും വൈവിധ്യം നിറഞ്ഞതുമായ സമ്പദ് വ്യവസ്ഥയാണ് ജോർദാന്റേത്. ജിബ്രാൾട്ടറിന്റെ കറൻസിയായ ജിബ്രാൾട്ടർ പൗണ്ട് ആണ് അഞ്ചാം സ്ഥാനത്തുള്ളത്. ടൂറിസവും ഇഗെയിമിങ്ങുമാണ് ഈ രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ. ബ്രിട്ടീഷ് സമ്പദ് വ്യവസ്ഥയുമായി ചേർന്ന് പോകുന്ന അവരുടെ ഭരണപ്രദേശം കൂടിയാണിത്.

ബ്രിട്ടന്റെ കറൻസിയായ ബ്രിട്ടീഷ് പൗണ്ട് ആണ് ആറാം സ്ഥാനത്ത്. ആഗോള ധനകാര്യ മേഖലയിൽ നിർണായക സാന്നിധ്യമായി നൂറ്റാണ്ടുകളായി തുടരുന്ന കറൻസി കൂടിയാണ് പൗണ്ട്. സയ്മാൻ ദ്വീപിന്റെ കറൻസിയായ സയ്മാൻ ദ്വീപ് ഡോളർ ആണ് പട്ടികയിൽ ഏഴാം സ്ഥാനത്ത്. അമേരിക്കൻ ഡോളറുമായി ഒത്തുനോക്കിയാണ് ഈ കറൻസിയുടെ വിനിമയ നിരക്ക് നിശ്ചയിക്കുന്നത്.

### യുഎസ് ഡോളർ

യൂറോപ്യൻ രാജ്യമായ സ്വിറ്റ്സർലാന്റിന്റെ കറൻസിയായ സ്വിസ് ഫ്രാങ്ക് ആണ് പട്ടികയിൽ എട്ടാം സ്ഥാനത്തുള്ളത്. 1850ലാണ് ഈ കറൻസി പുറത്തിറക്കിയത്. ലോകത്തെ സമ്പന്ന രാജ്യങ്ങളുടെ പട്ടികയിൽ പ്രധാനിയായ സ്വിറ്റ്സർലാന്റിന് ഇളക്കം തട്ടാത്ത സമ്പദ്വ്യവസ്ഥയാണുള്ളത്.

19 യൂറോപ്യൻ രാജ്യങ്ങളുടെ കറൻസിയായ യൂറോ ആണ് പട്ടികയിൽ ഒമ്പതാം സ്ഥാനത്ത്. ലോകത്ത് ഡോളർ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഇടപാട് നടക്കുന്ന കറൻസി കൂടിയാണിത്. അമേരിക്കൻ ഡോളർ ആണ് പത്താം സ്ഥാനത്തുള്ളത്. 1792ലാണ് ഡോളർ പുറത്തിറക്കിയത്. ആഗോള സാമ്പത്തികവ്യാപാര മേഖലയിൽ ഡോളറിനുള്ള പ്രാധാന്യമാണ് ഈ കറൻസിയെ മൂല്യമുള്ളതാക്കുന്നത്.

# നാറ്റോയുടെ റീആം പദ്ധതിയിൽ ചേരാൻ കാനഡ



ഒട്ടാവ: ജൂലൈ 1 ഓടെ പ്രതിരോധം ശക്തിപ്പെടുത്തുന്നതിനുള്ള യൂറോപ്യൻ പദ്ധതിയിൽ കാനഡ അംഗമാകണമെന്ന് കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി. യുഎസിനെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനായി അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പ്രതിരോധ ചെലവ് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയായ റീആം യൂറോപ്പിൽ കാനഡ ഒപ്പുവെക്കുമെന്ന് പ്രതീക്ഷിക്കുന്നതായി കാർണി പറഞ്ഞു.

പ്രതിരോധത്തിനായുള്ള മൂലധന ചെലവിന്റെ ഓരോ (കനേഡിയൻ) ഡോളറിന്റെയും എഴുപത്തിയഞ്ച് സെന്റ് അമേരിക്കയ്ക്കാണ് പോകുന്നത്. അത് ബുദ്ധിപരമല്ലെന്നും കാർണി പറഞ്ഞു. പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഭീഷണികളെത്തുടർന്ന് യുഎസുമായുള്ള പിരിമുറുക്കത്തിനിടയിലാണ് അദ്ദേഹത്തിന്റെ പരാമർശങ്ങൾ.

കാർണിയുടെ പ്രസ്താവനകൾക്ക് പിന്നാലെ വർദ്ധിച്ചുവരുന്ന ആഗോള ഭീഷണികളെ നേരിടാൻ തന്റെ രാജ്യം പ്രതിരോധ ശേഷി വേഗത്തിൽ വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നുവെന്ന് കാനഡയുടെ പ്രതിരോധ മന്ത്രിയും പറഞ്ഞു. കാനഡ ഉൾപ്പെടെയുള്ള പാശ്ചാത്യ പ്രതിരോധ സഖ്യത്തിലെ അംഗങ്ങൾ വാർഷിക പ്രതിരോധ ചെലവ് ഓരോ രാജ്യത്തിന്റെയും ജിഡിപിയുടെ 5% ന് തുല്യമായ തലത്തിലേക്ക് വർദ്ധിപ്പിക്കുമെന്ന് നാറ്റോ സെക്രട്ടറി ജനറൽ മാർക്ക് റുട്ടെ പറഞ്ഞതിന് പിന്നാലെയാണ് കനേഡിയൻ ഉദ്യോഗസ്ഥരുടെ പ്രസ്താവന.

നാറ്റോയുടെ ചെലവ് ലക്ഷ്യം വർദ്ധിപ്പിക്കാനുള്ള പദ്ധതിക്ക് ജൂൺ അവസാനം നെതർലൻഡ്സിൽ യോഗം ചേരുന്ന അംഗരാജ്യ നേതാക്കൾ അംഗീകാരം നൽകേണ്ടതുണ്ട്.

# ഇറാൻ ആണവകരാർ അടുത്തെന്ന് ട്രംപ്

ഇറാൻ ആണവകരാറിൽ തന്റെ ഭരണകൂടം ഒരു പരിഹാരത്തോട് അടുക്കുകയാണെന്ന് വിശ്വസിക്കുന്നതായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ബുധനാഴ്ച വെളിപ്പെടുത്തി. ചർച്ചകൾ തടസ്സപ്പെടുത്തരുതെന്ന് താൻ ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന് വ്യക്തിപരമായി മുന്നറിയിപ്പ് നൽകിയിരുന്നതായും അദ്ദേഹം സ്ഥിരീകരിച്ചു.

കഴിഞ്ഞയാഴ്ച തന്റെ അടുത്ത സഖ്യകക്ഷിയായ നെതന്യാഹുവിന്, ചർച്ചകൾക്ക് വിഘാതം സൃഷ്ടിക്കുന്ന ഏതൊരു നീക്കവും 'അനുചിതമായിരിക്കും' എന്ന് താൻ മുന്നറിയിപ്പ് നൽകിയിരുന്നതായി ട്രംപ് മാധ്യമപ്രവർത്തകരോട് പറഞ്ഞു. നെതന്യാഹുവുമായുള്ള ഫോൺ സംഭാഷണത്തിൽ ചർച്ചകൾക്ക് തടസ്സമുണ്ടാക്കരുത് എന്ന് താൻ മുന്നറിയിപ്പ് നൽകിയിരന്നോ എന്ന ചോദ്യത്തിന്, 'ഞാൻ സത്യസന്ധമായി പറയാൻ ആഗ്രഹിക്കുന്നു. അതെ, ഞാൻ നൽകി,' എന്നായിരുന്നു ട്രംപിന്റെ മറുപടി. 'അതൊരു മുന്നറിയിപ്പായിരുന്നില്ല – അത് അനുചിതമാണെന്ന് ഞാൻ പറഞ്ഞു,' എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ചർച്ചകളുമായി ബന്ധപ്പെട്ട വൃത്തങ്ങൾ ട്രംപിന്റെ ശുഭാപ്തിവിശ്വാസം പങ്കുവെക്കുകയും, യു.എസ്. ഇറാനുമായി അടുത്ത തവണ കൂടിക്കാഴ്ച നടത്തുമ്പോൾ, മിക്കവാറും പശ്ചിമേഷ്യയിൽ വെച്ച്, ഒരു വലിയ കരാറിന് അടുത്തെത്താൻ സാധ്യതയുണ്ടെന്ന് സി.എൻ.എന്നിനോട് പറഞ്ഞു. ചർച്ചകൾക്ക് തടസ്സമുണ്ടാക്കാൻ ഇസ്രായേൽ ശ്രമിക്കമോ എന്ന ആശങ്ക നിലനിൽക്കുന്നതിനിടെയാണ് ട്രംപിന്റെ ഈ തുറന്നുപറച്ചിൽ. ഇറാൻ ആണവ കേന്ദ്രങ്ങളിൽ ആക്രമണം നടത്താൻ ഇസ്രായേൽ ഒരുങ്ങുന്നുവെന്ന പുതിയ രഹസ്യാന്വേഷണ വിവരങ്ങൾ യു.എസിന് ലഭിച്ചുവെന്ന സി.എൻ.എൻ റിപ്പോർട്ടിന് പിന്നാലെയാണ് നെതന്യാഹുവുമായുള്ള സംഭാഷണത്തെക്കുറിച്ചുള്ള ട്രംപിന്റെ വെളിപ്പെടുത്തൽ. ടെഹ്റാനുമായുള്ള ഏതൊരു കരാറിനെയും നെതന്യാഹു ശക്തമായി എതിർക്കുന്നയാളാണ്.

തന്റെ സംഘം ഇറാനുമായി 'വളരെ നല്ല ചർച്ചകൾ' നടത്തുകയാണെന്നും, പശ്ചിമേഷ്യയിലെ പ്രത്യേക പ്രതിനിധി സ്റ്റീവ് വിറ്റ്കോഫിന്റെ നേതൃത്വത്തിൽ ഒമാൻ മധ്യസ്ഥനായി കഴിഞ്ഞ ഏതാനും ആഴ്ചകളായി ചർച്ചകൾ നടന്നുവരികയാണെന്നും ട്രംപ് വ്യക്തമാക്കി. 'ഇപ്പോൾ, അവർക്കൊരു കരാർ ഉണ്ടാക്കാൻ താൽപ്പര്യമുണ്ടെന്ന് ഞാൻ കരുതുന്നു. നമുക്കൊരു കരാർ ഉണ്ടാക്കാൻ സാധിച്ചാൽ, എനിക്ക് ഒരുപാട് ജീവൻ രക്ഷിക്കാൻ കഴിയും,' ട്രംപ് പറഞ്ഞു







# കപ്പലിനെ മുക്കിയത് ബല്ലാസ്റ്റ് ടാങ്ക് തകരാർ

കൊച്ചി: ലൈബീരിയൻ ചരക്കുകപ്പൽ മുങ്ങിയത് ബല്ലാസ്റ്റ് ടാങ്കിന്റെ തകരാർ മൂലമെന്ന് മറൈൻ മർക്കന്റൈൽ ഡിപ്പാർട്ട്മെന്റ് (എം.എം.ഡി). കപ്പലിന്റെ സന്തുലനം ഉറപ്പാക്കാൻ അടിത്തട്ടിൽ വെള്ളം സംഭരിക്കുന്ന ടാങ്കുകളാണ് ബല്ലാസ്റ്റ്. വലതുവശത്തെ ടാങ്കുകളിലൊന്നിലേക്ക് കൂടുതൽ വെള്ളം നിറയുകയും കപ്പൽ ഒരുവശത്തേക്ക് ചെരിഞ്ഞ് മുങ്ങിത്താഴുകയുമായിരുന്നു.



ചെരിഞ്ഞ കപ്പലിനെ രക്ഷിക്കാനുള്ള ശ്രമം മോശം കാലാവസ്ഥയിൽ സങ്കീർണമായി. ഫസ്റ്റ് ഓഫീസറുടെ പരിചയക്കുറവ് അപകടത്തിന് വഴിവച്ചോയെന്ന് പരിശോധിക്കുന്നുണ്ട്. മാനുഷിക പിഴവാണ് കാരണമെന്ന് റഷ്യൻ പൗരനായ ക്യാപ്ടൻ ഇവാനോവ് അലക്സാണ്ടർ വെളിപ്പെടുത്തിയിരുന്നു. അപകടത്തിനു പിന്നാലെ വൈദ്യുതി വിതരണം നിലയ്ക്കുകയും കപ്പൽ ഇരുട്ടിലാവുകയും ചെയ്തു. മോശം കാലാവസ്ഥയാണ് അപകട കാരണമെന്ന വാദം എം.എം.ഡി പൂർണമായും തള്ളി.

20 ഫിലിപ്പീൻസുകാരും രണ്ട് യുക്രെയിൻ പൗരന്മാരും ഒരു ജോർജിയക്കാരനുമാണ് ക്യാപ്ടനെ കൂടാതെ കപ്പലിലുണ്ടായിരുന്നത്. വിഴിഞ്ഞത്തു നിന്ന് കഴിഞ്ഞ വെള്ളിയാഴ്ച രാവിലെയാണ് 643 കണ്ടെയ്നറുകളുമായി എം.എസ്.ഇ എൽസ 3 കൊച്ചിയിലേക്ക് തിരിച്ചത്. ശനിയാഴ്ച ഉച്ചയ്ക്ക് 1.35ഓടെ കൊച്ചി തീരത്തു നിന്ന് 38 നോട്ടിക്കൽ മൈൽ (70.കി.മീറ്റർ) അകലെയായിരുന്നു അപകടം.

### ബല്ലാസ്റ്റിംഗ്

1. ചരക്ക് കയറ്റുന്നതിനനുസരിച്ച് ഭാരം കൂട്ടിയും കുറച്ചും ബാലൻസും താഴ്ചയും ക്രമീകരിക്കാൻ അടിത്തട്ടിലെ വ്യത്യസ്തമായ അറകളിൽ കടൽവെള്ളം കയറ്റുകയും പുറന്തള്ളുകയും ചെയ്യുന്ന പ്രക്രിയ
2. കപ്പലിന്റെസുരക്ഷിതത്വത്തിനുംസുഗമസഞ്ചാരത്തിനും ഇത് അനിവാര്യം
3. ശക്തിയേറിയ നിരവധി മോട്ടോറുകളും പൈപ്പ് ശൃംഖലയും ഇതിനായി കണ്ടെയ്നർ കപ്പലുകളിലുണ്ടാകും
4. പ്രക്ഷുബ്ധമായ കടലിൽ സഞ്ചരിക്കുമ്പോൾ സാഹചര്യത്തിന് അനുസരിച്ച് ബല്ലാസ്റ്റിംഗ് വേണ്ടിവരും
5. ഇതിന് ഇന്റർനാഷണൽ മാരിടൈം ഓർഗനൈസേഷന്റെ മാർഗനിർദ്ദേശങ്ങളുണ്ട്

''അന്വേഷണവുമായി മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനി (എം.എസ്.ഇ) സഹകരിക്കുന്നുണ്ട്. കപ്പലിലെ ഫസ്റ്റ് ഓഫീസർ പുതിയ ആളാണെന്ന് മനസിലാക്കുന്നു. ഇയാളുടെ പരിചയക്കുറവ് അപകടത്തിന് കാരണമായോയെന്ന് അന്വേഷിക്കുന്നുണ്ട്' ഡയറക്ടറേറ്റ് ജനറൽ ഒഫ് ഷിപ്പിംഗ് അഡിഷണൽ ഡയറക്ടർ ജനറൽ അജിത്കുമാർ സുകുമാരൻ പറഞ്ഞു.

## കപ്പലിലെ എണ്ണയും കണ്ടെയ്നറുകളും വീണ്ടെടുക്കാനുള്ള ദൗത്യത്തിന് തുടക്കം

കൊച്ചി: മുങ്ങിയ ചരക്കുകപ്പൽ എം.എസ്.സി എൽസ 3ൽ നിന്ന് ഇന്ധനവും കണ്ടെയ്നറുകളും വീണ്ടെടുക്കുന്ന ദൗത്യം ആരംഭിച്ചു. മൂന്ന് ഘട്ടമായി ആസൂത്രണം ചെയ്യുന്ന ദൗത്യം ജൂലായ് ഏഴിന് പൂർത്തിയാകും. തന്ത്രപ്രധാന മേഖലയിൽ നിന്ന് കപ്പൽ നീക്കാനാണ് ഇന്നലെ കൊച്ചിയിൽ ചേർന്ന ഉന്നതതല യോഗം നിർദേശം നൽകിയത്. അതിനാൽ ഉപേക്ഷിക്കാനുള്ള നീക്കത്തിൽനിന്ന് കമ്പനിക്ക് പിൻമാറേണ്ടിവരും

കേന്ദ്രഷിപ്പിംഗ്മന്ത്രാലയത്തിന്റെനിർദ്ദേശപ്രകാരം ഡയറക്ടർ ജനറൽ ഒഫ് ഷിപ്പിംഗ് ശ്യാം ജഗന്നാഥന്റെ സാന്നിദ്ധ്യത്തിലായിരുന്നു യോഗം. സംസ്ഥാന സർക്കാർ പ്രതിനിധികൾ, മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനി പ്രതിനിധികൾ, കസ്റ്റംസ്, കോസ്റ്റ് ഗാർഡ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

ഇതുവരെ ഹാനികരമായ വസ്തുക്കൾ തീരത്തടിഞ്ഞിട്ടില്ലെന്ന് ഡയറക്ടർ ജനറൽ ഒഫ് ഷിപ്പിംഗ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. കപ്പൽ മുങ്ങിയെങ്കിലും ടാങ്കുകളിലെ ഇന്ധനം ചോർന്നിട്ടില്ല. കാത്സ്യം കാർബൈഡും മറ്റും സംഭരിച്ചിരുന്ന അപകടകരമായ കണ്ടെയ്നറുകൾ തീരത്ത് എത്തിയിട്ടില്ല.

എം.എസ്.സി ചുമതലപ്പെടുത്തിയ അമേരിക്കൻ സാൽവേജ് കമ്പനി കണ്ടെയ്നറുകൾ വീണ്ടെടുക്കുന്ന ദൗത്യം ഏറ്റെടുത്തു. 108 പേരാണ് സംഘത്തിൽ. അധികമായി 36 പേരെക്കൂടി നിയോഗിച്ചു. തീരത്തടിഞ്ഞ 50 കണ്ടെയ്നറുകളും കടലിൽ മുങ്ങിയ കണ്ടെയ്നറുകളും കരയ്ക്കെത്തിക്കും.

### 450 ടൺ

ഹാനികരമായ വസ്തുക്കളുള്ള 13 കണ്ടെയ്നറുകളും കപ്പലിന്റെ ടാങ്കിൽ 450 ടണ്ണോളം ഇന്ധനവുമാണുള്ളത്. ഈ കണ്ടെയ്നറുകൾ വായു കടക്കാതെയാണ് സൂക്ഷിച്ചിരുന്നത്. ടി.ആൻഡ്.ടി സാൽവേജിന്റെ നാല് ടഗുകൾ രണ്ടെണ്ണം സ്ഥലത്ത് സർവേയും എണ്ണ നീക്കലും തുടങ്ങി. രണ്ടെണ്ണം നാളെ എത്തും. തീരത്തടിഞ്ഞ കണ്ടെയ്നറുകൾ യാർഡിലേക്ക് മാറ്റുന്നത് രണ്ട് ദിവസത്തിനുള്ളിൽ പൂർത്തിയാക്കും.

### ആദ്യഘട്ടം

15 ദിവസത്തെ ദൗത്യം. ടഗ്ഗ് ബോട്ടുകളെയും ഉദ്യോഗസ്ഥരെയും മേഖലയിൽ എത്തിക്കും. സർവേ ഉപകരണവും ഡൈവിംഗ് ബോട്ടും ഉപയോഗിച്ചുള്ള ജോലികൾ ജൂൺ 12ന് മുമ്പ് തീർക്കും.

### രണ്ടാം ഘട്ടം

ഒരു മാസത്തെ ദൗത്യത്തിൽ, ഒഴുകി നടക്കുന്ന കണ്ടെയ്നറുകൾ വീണ്ടെടുക്കൽ, തീരത്തടിഞ്ഞ മാലിന്യം നീക്കൽ, എണ്ണപ്പാട നീക്കൽ എന്നിവയാണ് പൂർത്തിയാക്കുക. ഇതിനൊപ്പം സൈറ്റ് സർവേയും അണ്ടർവാട്ടർ ഓപ്പറേഷൻ പ്ലാനും തയ്യാറാക്കും. അഞ്ച് ദിവസത്തെ ഗ്യാസ് ഡൈവിംഗ് ഈഘട്ടത്തിലാണ്.

### മൂന്നാം ഘട്ടം

ജൂൺ 13ന് മുങ്ങിയ കപ്പലിൽ നിന്ന് എണ്ണ വീണ്ടെടുക്കൽ തുടങ്ങും. ഇത് ജൂലായ് മൂന്നിന് പൂർത്തിയാകും. പിറ്റേന്ന് മുതലാണ് കപ്പലിൽ നിന്ന് കണ്ടെയ്നറുകൾ ഉയർത്തുക. കപ്പലും ഉയർത്താനാണ് തീരുമാനം.









# അൻവറിന്റെ മുന്നണി പ്രവേശനം; കോൺഗ്രസിൽ ചർച്ച മുറുകുന്നു

നിലമ്പൂർ: പി.വി.അൻവറിന്റെ യു.ഡി.എഫ് പ്രവേശനത്തെച്ചൊല്ലി കോൺഗ്രസിൽ ചർച്ച മുറുകുന്നു. മുന്നണി പ്രവേശനമില്ലാത്തതിലും യു.ഡി.എഫിന്റെ സ്ഥാനാർത്ഥി നിർണ്ണയത്തിലുമുള്ള അതൃപ്തി പരസ്യമാക്കിയ അൻവർ, തൃണമൂൽ കോൺഗ്രസ് സ്വന്തം സ്ഥാനാർത്ഥിയെ മത്സരത്തിനിറക്കുമെന്ന സൂചനയും നൽകിയിട്ടുണ്ട്.

ആര്യാടൻഷൗക്കത്തിനെപരസ്യമായി എതിർത്തതിൽ പ്രതിഷേധമുണ്ടെങ്കിലും തിരഞ്ഞെടുപ്പ് വേളയിൽ അൻവറിനെ പിണക്കുന്നത് നല്ലതല്ലെന്ന ചിന്ത കോൺഗ്രസിലുണ്ട്. ഉപ തിരഞ്ഞെടുപ്പുമായും യു.ഡി.എഫിന്റെ പ്രവർത്തനങ്ങളുമായും സഹകരിക്കുമോയെന്ന് അൻവർ തീരുമാനിക്കണമെന്ന് ഇന്നലെയും പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ആവർത്തിച്ചു.

നിലമ്പൂരിലെ യു.ഡി.എഫ് സ്ഥാനാർത്ഥിയെ അൻവർ തള്ളിപ്പറഞ്ഞത് അംഗീകരിക്കാനാവില്ലെന്ന് കെ.പി.സി.സി പ്രസിഡന്റ് സണ്ണി ജോസഫും വ്യക്തമാക്കി. അതിനിടെ, അൻവറിനനുകൂലമായ പ്രസ്താവനയുമായി മുൻ കെ.പി.സിസി പ്രസിഡന്റ് കെ. സുധാകരൻ രംഗത്തെത്തിയത് കോൺഗ്രസിൽ ആശയക്കുഴപ്പമുണ്ടെന്ന സൂചന നൽകി.

അൻവറും കോൺഗ്രസും തമ്മിലുള്ള പ്രശ്നപരിഹാരത്തിന് മുസ്ലിം ലീഗ് നേതാവ് പി.കെ.കുഞ്ഞാലിക്കുട്ടി മുൻകൈയെടുത്ത് കെ.സി.വേണുഗോപാലും, മറ്റ് ചില കോൺഗ്രസ് നേതാക്കളുമായി സംസാരിച്ചു.




### മുഖത്ത് ചവിട്ടുന്നു: അൻവർ

യു.ഡി.എഫ് തന്നെ വസ്ത്രാക്ഷേപം നടത്തി തെരുവിലേക്ക് വിട്ടിരിക്കുകയാണെന്നും കാല് പിടിക്കുമ്പോൾ മുഖത്ത് ചവിട്ടുകയാണെന്നും അൻവർ ഇന്നലെ പത്രസമ്മേളനത്തിൽ ആരോപിച്ചിരുന്നു. കെ.സി. വേണുഗോപാലിലാണ് ഇനി പ്രതീക്ഷയെന്നും കൂട്ടത്തിൽ കൂട്ടാൻ പറ്റാത്ത ചൊറിയും ചിരങ്ങും പിടിച്ച ഒരുത്തനാണോ താനെന്ന് വേണുഗോപാലിനോട് ചോദിക്കുമെന്നും അൻവർ പറഞ്ഞു. കെ. സുധാകരന്റെയും രമേശ് ചെന്നിത്തലയുടെയും പിന്തുണ തനിക്കുണ്ടെന്ന് പറഞ്ഞ അൻവർ, വി.ഡി. സതീശനാണ് മുന്നണി പ്രവേശനം തടയുന്നതിന് പിന്നിലെന്ന് പരോക്ഷമായി സൂചിപ്പിച്ചു.

യു.ഡി.എഫ് തീരുമാന പ്രകാരം സതീശനുമായി കൂടിക്കാഴ്ച നടത്തുകയും യോജിച്ച് പോകാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. വിവരം രണ്ടു ദിവസത്തിനകം വാർത്താ സമ്മേളനം വിളിച്ച് പറയുമെന്ന് പറഞ്ഞ പ്രതിപക്ഷ നേതാവ് പിന്നീട് ഒരക്ഷരം പറഞ്ഞില്ല. സതീശനെ ആര്, എങ്ങനെ പറ്റിച്ചെന്നും ജനങ്ങളോട് പറയും. പ്രതിപക്ഷ നേതാവ് മാത്രമല്ല ഇതിൽ കുറ്റക്കാരൻ. അദ്ദേഹത്തെ ഈ കുഴിയിൽ ചാടിച്ച ഒന്നു രണ്ട് ആളുകളുണ്ട്. യു.ഡി.എഫ് സഹകരിപ്പിച്ചില്ലെങ്കിൽ ടി.എം.സി സ്വന്തം സ്ഥാനാർത്ഥിയെ മത്സരിപ്പിക്കുമെന്നും ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി ഉൾപ്പെടെയുള്ള പ്രമുഖരെ മണ്ഡലത്തിലെത്തിച്ച് പ്രചാരണം കടുപ്പിക്കുമെന്നും അൻവർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇനി കാലു പിടിക്കാനില്ല അൻവർ പറഞ്ഞു.

അതിനിടെ യു.ഡി.എഫ് പ്രവേശനത്തിൽ അനിശ്ചിതത്വം തുടരുന്നതിനിടെ പി.വി. അൻവറിനെ അനുകൂലിച്ച് നിലമ്പൂരിൽ ഫ്ളക്സ് ബോർഡുകൾ. നിലമ്പൂരിന്റെ സുൽത്താൻ, പി.വി. അൻവർ തുടരും എന്നാണ് ഫ്ളക്സ് ബോർഡിലുള്ളത്. ടി.എം.സി വഴിക്കടവ് പഞ്ചായത്ത് കമ്മിറ്റിയുടെയും ചുങ്കത്തറ കൂട്ടായ്മയുടെയും പേരിലാണ് ഫ്ളക്സ് ബോർഡുകൾ ഉയർന്നത്.

### അൻവറിനെ ഒറ്റപ്പെടുത്തണമെന്ന ചിന്താഗതിയില്ല: കെ.സി.വേണുഗോപാൽ

മലപ്പുറം: പി.വി.അൻവറിനെ ഒറ്റപ്പെടുത്തണമെന്ന ചിന്താഗതി യു.ഡി.എഫിൽ ആർക്കുമില്ലെന്ന് എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ മാദ്ധ്യമങ്ങളോട് പറഞ്ഞു.


ഇടതുപക്ഷ മുന്നണിക്കെതിരെ ശക്തമായ ആക്രമണം അഴിച്ചു വിട്ട വ്യക്തിയായതിനാൽ അദ്ദേഹത്തെ സംരക്ഷിക്കേണ്ട ഘട്ടം വന്നാൽ അത് ചെയ്യണമെന്ന് ചിന്തിക്കുന്നവരാണ് യു.ഡി.എഫിലുള്ളത്. കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് ഉണ്ടായിട്ടുണ്ടെങ്കിൽ സംസാരിച്ച് തീർക്കണം. യു.ഡി.എഫ് നേതാക്കളുമായെല്ലാം സംസാരിച്ച ശേഷം തീരുമാനമെടുക്കും. ഇടതുപക്ഷ സർക്കാരിനെ താഴെയിറക്കാനാണ് അൻവർ രാജി വച്ചത്. അത് മാനിക്കണമെന്നു തന്നെയാണ് യു.ഡി.എഫിന്റെയും കോൺഗ്രസിന്റെയും പൊതുവായ നിലപാട്. പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടണം. നിലവിലെ സർക്കാരിന്റെ അവസാനം നിലമ്പൂർ ഉപതിരഞ്ഞെടുപ്പോടെയുണ്ടാകുമെന്ന ചിന്താഗതിയിൽ അൻവറിന് വിയോജിപ്പുണ്ടാകുമോയെന്നും കെ.സി.വേണുഗോപാൽ ചോദിച്ചു.

### രമ്യമായി പരിഹരിക്കും: ചെന്നിത്തല

പി.വി.അൻവർ പ്രശ്നം രമ്യമായി പരിഹരിക്കുമെന്ന് കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല. മുന്നണിയിലേക്ക് ഒരു ഘടകകക്ഷിയെ എടുക്കുമ്പോൾ നടപടിക്രമങ്ങളുണ്ട്. കേന്ദ്ര നേതൃത്വത്തിന്റെ അനുവാദം തേടണം. മറ്റ് ഘടകകക്ഷികളോട് സംസാരിക്കണം. അതിനാലാണ് അൽപ്പം താമസം ഉണ്ടായിട്ടുള്ളത്. ഒരു തീരുമാനത്തിലെത്താനുള്ള ശ്രമങ്ങളാണ് നടത്തുന്നത്.

### പ്രതീക്ഷിക്കുന്നത് ശുഭ പര്യവസാനം: പി.കെ. കുഞ്ഞാലിക്കുട്ടി

അൻവറിന്റെ കാര്യത്തിൽ നടക്കുന്നത് കൂട്ടായ ചർച്ചയാണെന്ന് പ്രതിപക്ഷ ഉപനേതാവ് പി.കെ. കുഞ്ഞാലിക്കുട്ടി. തിരഞ്ഞെടുപ്പിൽ വിജയം ഉറപ്പിക്കുന്നതാണ് പ്രധാനം. ഇതിനായുള്ള ചർച്ചകളും ആശയവിനിമയവും നടക്കുന്നുണ്ട്. ഇപ്പോൾ നടക്കുന്ന കാര്യങ്ങളിൽ ശുഭകരമായ പര്യവസാനമാണ് പ്രതീക്ഷിക്കുന്നത്.









# പോലീസിൽ നവീകരണം അനിവാര്യം: മുഖ്യമന്ത്രി



തിരുവനന്തപുരം: ആധുനിക കാലത്തിനനുസരിച്ച് പോലീസ് സേനയിൽ നവീകരണം ആവശ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സേനയിലെ സൈബർ വിഭാഗത്തെയടക്കം ഇതിന്റെ ഭാഗമായി നവീകരിച്ചിട്ടുണ്ട്.

കേരള പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ 35-ാം സംസ്ഥാന സമ്മേളനത്തിന്റെ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

പോലീസ് സേനയെ നവീകരിച്ചും ശുദ്ധീകരിച്ചും സർക്കാർ മുന്നോട്ടു പോകുമ്പോൾ സംഘടനകൾക്കും ഉത്തരവാദിത്തമുണ്ട്. അത് മാതൃകാപരമായി നിർവഹിക്കാൻ കഴിയണം. സേനാംഗങ്ങളുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾ കാലതാമസമില്ലാതെ അംഗീകരിക്കണം. സേനയ്ക്ക് പുറത്തുള്ള വിദഗ്ധരുടെ അഭിപ്രായങ്ങൾ അന്വേഷണത്തെ ബാധിക്കരുത്. അന്വേഷണ വിവരങ്ങൾ പുറത്തു വിടുന്നതും അനുയോജ്യമല്ല. നേർവഴിക്ക് നീങ്ങുന്ന ഒരുദ്യോഗസ്ഥനുമെതിരെ നടപടിയുണ്ടാകില്ല. അതേസമയം, നീതിരഹിതവും നിയമവിരുദ്ധവുമായി പ്രവർത്തിക്കുന്നവർക്ക് ഒരു സംരക്ഷണവുമുണ്ടാകില്ല.

പോലീസുകാരുടെ മാനസിക പിരിമുറുക്കം കുറയ്ക്കാൻ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കും. എന്നാൽ വ്യക്തികൾക്കും ഇതിൽ സ്വയം മാറ്റമുണ്ടാക്കാൻ കഴിയും.

## ഭദ്രമായ കുടുംബ ബന്ധം വേണം

ശാന്തമായ മാനസിക നിലയ്ക്കുള്ള ഏറ്റവും നല്ല ഔഷധം ഭദ്രമായ കുടുംബ ബന്ധമാണ്. ജോലി സമയത്തിന് ശേഷം കഴിയാവുന്നത്ര കുടുംബവുമായി കഴിയാൻ ശ്രമിക്കണം. അത് ജോലിയിൽ പ്രതിഫലിക്കും. പോലീസ് സേനയിൽ ജീവിക്കാൻ പറ്റാത്ത രീതിയിലുള്ള ശമ്പളക്കുറവില്ല. അത്ര പാപ്പരായ അവസ്ഥയിലാണ് നിങ്ങളെന്നും ആരും കരുതുന്നില്ല. മാന്യമായി ജീവിച്ചു പോകാനുള്ള ശമ്പളം ലഭിക്കുന്നുണ്ട്. വർദ്ധനവ് കാലാനുസൃതമായി നടപ്പാക്കും മുഖ്യമന്ത്രി പറഞ്ഞു.









# വിഷം തുപ്പും കണ്ടെയ്നറുകൾ; വിറ പൂണ്ട് കേരള തീരം





ബാബു കദളിക്കാട്

കെടുതികളുമായി കാലവർഷമെത്തിയതിനിടെ കൊച്ചിയുടെ പുറംകടലിൽ മുങ്ങിയ ചരക്ക് കപ്പൽ കേരള തീരമാകെ ഭീതി പരത്തുന്നു. ലൈബീരിയയുടെ പതാക പേറുന്ന എം.എസ്.സി എൽസ 3 യിൽ നിന്ന് വീണ കണ്ടെയ്നറുകൾ ഉയർത്തുന്നത് അതിസങ്കീർണ്ണ പ്രശ്നങ്ങളാണ്. കപ്പലിൽ മൊത്തം 643 കണ്ടെയ്നറുകളാണ് ഉണ്ടായിരുന്നത്. അവയിൽ കുറേയെണ്ണം കൊല്ലം, ആലപ്പുഴ തീരങ്ങളിൽ അടിഞ്ഞു. കടലിൽ വിഷം കലർന്നാൽ അത് തങ്ങളുടെ ജീവിതം കുറച്ചു കാലത്തേക്കെങ്കിലും വഴിമുട്ടിക്കുമെന്ന് മത്സ്യത്തൊഴിലാളികൾ ഭയപ്പെടുന്നു. കാലാതീതമായ പ്രശ്നങ്ങളെക്കുറിച്ചും ആശങ്കയുണരുന്നു.

കണ്ടെയ്നറുകിൽ 13 എണ്ണം രാസവസ്തുക്കൾ അടങ്ങിയതാണെന്നാണ് അനൗദ്യോഗിക വിവരം. ഇതിൽ 12 എണ്ണത്തിൽ കാൽസ്യം കാർബൈഡ് ആണെന്നു പറയുന്നു. മറ്റേതിൽ ഏതുതരം രാസവസ്തുവാണെന്നതിൽ വ്യക്തതയില്ല. ഇക്കാര്യങ്ങളെല്ലാം കേരളത്തിന്റെ ആധി കൂട്ടുന്നു. കാറ്റും കോളും മാത്രമല്ല, കടലിൽ പരക്കുന്ന വിഷ വിപത്തും മത്സ്യത്തൊഴിലാളികളുടെ നെഞ്ചിടിപ്പ് കൂട്ടുന്നു. രാസവസ്തുക്കൾ, സ്ഫോടക വസ്തുക്കൾ, റേഡിയോ ആക്ടീവ് പദാർത്ഥങ്ങൾ തുടങ്ങി മനുഷ്യജീവനും പരിസ്ഥിതിക്കും വലിയ ഭീഷണിയാകാവുന്ന പലതരം വസ്തുക്കൾ കപ്പലുകൾ കടത്താറുണ്ട്. ലൈബീരിയ എന്ന അസാധാരണ സ്വഭാവമുള്ള രാജ്യത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കപ്പലായതിനാൽ എം.എസ്.സി എൽസ 3 യുടെ കണ്ടെയ്നറുകളിൽ നിറച്ചിരിക്കുന്ന വസ്തുക്കളെ സംബന്ധിച്ച് പുറത്തുവിടുന്ന വിവരം പൂർണമായും ശരിയാകണമെന്നില്ലെന്ന് വിദഗ്ധർ പറയുന്നു.

ആളപായമൊന്നും സംഭവിച്ചില്ലെന്ന് ആശ്വസിക്കുമ്പോഴും കടലിൽ താഴ്ന്നുപോയതും പരന്നൊഴുകുന്നതുമായ കണ്ടെയ്നറുകൾ വിതയ്ക്കുന്ന പാരിസ്ഥിതിക ആഘാതം ഒട്ടും ചെറുതല്ല. വീണു പോയ കണ്ടെയ്നറുകൾക്കുള്ളിൽ അപകടകരമായ രാസവസ്തുക്കൾ ഉണ്ടെങ്കിൽ അത് വീണ്ടെടുത്ത് സുരക്ഷിത മാർഗങ്ങളിലൂടെ നശിപ്പിക്കുകയോ നിർവീര്യമാക്കുകയോ ചെയ്യുന്നതുവരെ കടലിനുള്ളിലെ 'ബോംബ്' ആയി അത് നിലനിൽക്കും. ബഹുഭൂരിപക്ഷം കണ്ടെയ്നറുകളും കടലിനടിയിലുണ്ടെന്ന കാര്യം വ്യക്തമായി, ആലപ്പുഴ തീരത്തുനിന്ന് 14.6 നോട്ടിക്കൽ മൈൽ മാത്രം ദൂരെ. ഒഴുകിപ്പോയവയും കടലിൽ താഴ്ന്നുപോയവയുമായ കണ്ടെയ്നറുകൾ തെക്കൻ തീര, ഉൾക്കടൽ മേഖലയിൽ സീമകളില്ലാത്ത പാരിസ്ഥിതിക ഭീഷണിയാണ് ഉയർത്തിയിട്ടുള്ളത്.

ചരിഞ്ഞു തുടങ്ങിയിരുന്നെങ്കിലും മുങ്ങില്ലെന്ന നേരിയ പ്രതീക്ഷയും അസ്ഥാനത്താക്കിയാണ് ഞായറാഴ്ച രാവിലെ 7.30 ഓടെ എം.എസ്.സി എൽസ3 എന്ന ലൈബീരിയൻ ചരക്കുകപ്പൽ കടലാഴങ്ങളിലേക്ക് മറഞ്ഞത്. കപ്പലിലുണ്ടായിരുന്ന 24 ജീവനക്കാരെയും സുരക്ഷിതമായി കരയിലെത്തിക്കാൻ നാവികസേനയ്ക്കും തീരസംരക്ഷണ സേനയ്ക്കും കഴിഞ്ഞു. വിഴിഞ്ഞത്തുനിന്ന് കൊച്ചിയിലേക്ക് തിരിച്ച ഫീഡർ ചരക്കുകപ്പലിൽ ഉണ്ടായിരുന്ന 643 കണ്ടെയ്നറുകളിൽ 73 എണ്ണം കാലിയാണെന്നാണ് പുറത്തുവരുന്ന വിവരം. പക്ഷേ, കാലിയല്ലാത്ത കണ്ടയ്നറുകളിൽ നിന്ന് വാതകങ്ങളോ രാസവസ്തുക്കളോ ചോരുന്നത് അന്തരീക്ഷത്തിലും കടലിലും വിഷാംശം വ്യാപിപ്പിച്ചാൽ തീരക്കടലിന്റെയും തീരത്തിന്റെയും ആവാസ വ്യവസ്ഥ തന്നെ തകരാനിടയാകാം. തീരത്തുള്ളവർക്ക് രാസവസ്തുക്കളുമായി നേരിട്ട് സമ്പർക്കമുണ്ടാകുന്നപക്ഷം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളും വന്നുപെടും.

13 കണ്ടെയ്നറുകളിൽ അപകടകരമായ രാസവസ്തുക്കളും 12 എണ്ണത്തിൽ കാത്സ്യം കാർബൈഡുമാണുള്ളത്തതത്രേ. കാത്സ്യം കാർബൈഡുണ്ടെന്ന വിവരം ആശങ്ക ഇരട്ടിയാക്കുന്നു. ഇത് കടൽ വെള്ളവുമായി കലർന്നാൽ അപകടകരമായ വാതകങ്ങൾ രൂപപ്പെടുമെന്നാണ് വിദഗ്ധർ പറയുന്നത്. കൂടാതെ, മുങ്ങിത്താണ കപ്പലിന്റെ ഇന്ധനം ഇതിനകം കടലിൽ പരക്കാൻ തുടങ്ങിയിട്ടുണ്ട്. ചോർന്ന ഇന്ധനം രണ്ട് നോട്ടിക്കൽ മൈൽ ദൂരത്തോളം വ്യാപിച്ചുവെന്നാണ് വിദഗ്ധർ പറയുന്നത്.

84.44 ടൺ ഡീസലും 367.1 ടൺ ഫർണസ് ഓയിലുമുണ്ടെന്നാണ് വിവരം. ഇത് പൂർണമായും കടലിൽ പരന്നാൽ അറബിക്കടലിന്റെ തീരവും തീരക്കടലും സമാനകളില്ലാത്ത പാരിസ്ഥിതിക പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടി വരും. കടലിൽ ഒഴുകിനടക്കുന്ന കണ്ടെയ്നറുകൾ തീരത്തടിയുന്നതിനു മുമ്പ് മറ്റ് ജലയാനങ്ങളിൽ ഇടിച്ച് അപകടമുണ്ടാകാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാകില്ല.

കണ്ടെയ്നറുകൾ തീരത്തടിഞ്ഞാൽ അതിന്റെ സമീപത്തേക്ക് ഓടിയടുക്കാതിരിക്കാൻ നാട്ടുകാർ ജാഗ്രത പുലർത്തേണ്ടതാണ്. കണ്ടെയ്നറുകൾ പരമാവധി വീണ്ടെടുക്കപ്പെട്ടലേ ജനങ്ങളുടെ ഉത്കണ്ഠയ്ക്ക് ശമനമാകൂ. കടലിൽ പരന്ന എണ്ണപ്പാട നിയന്ത്രിക്കാനും വീണ്ടെടുക്കാനുമുള്ള തീവ്രശ്രമം നടക്കുന്നുണ്ട്. തീരസംരക്ഷണ സേനയുടെ ഐ.സി.ജി.എസ് സക്ഷം, ഓഫ്ഷോർ പട്രാൾ കപ്പലായ ഐ.സി.ജി.എസ് സമർഥ് എന്നിവയാണ് ദൗത്യത്തിലെ മുഖ്യ പങ്കാളികൾ. എണ്ണപ്പാട കരയിലേക്ക് എത്തുന്നത് തടയാൻ ബൂമുകളും ബാരിയറുകളും വിന്യസിച്ചു. അടിക്കടലിൽ ആണ്ടുപോയ കണ്ടെയ്നറുകൾ സുരക്ഷിതമായി പുറത്തെടുക്കാനുള്ള സങ്കേതിക വിദ്യ ഇന്ന് ലഭ്യമാണ്. ഇതിനായി വിവിധ ഏജൻസികളുമായി ബന്ധപ്പെട്ടുള്ള നടപടികളുടെ ഏകോപനം സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും നിർവഹിക്കേണ്ടതുണ്ട്. കപ്പൽ കമ്പനിയിൽ നിന്ന് നഷ്ട പരിഹാരം ഈടാക്കുകയെന്ന ഭഗീരഥ ദൗത്യമാണ് മറ്റൊന്ന്.

മത്സ്യമേഖലയുമായി ബന്ധപ്പെട്ടുള്ള ആഘാതമാണ് ഒരു ഗുരുതര ആശങ്ക. കപ്പൽ മുങ്ങിയ സ്ഥലത്തിന് 20 നോട്ടിക്കൽ മൈൽ പരിധിയിൽ ഉടൻ തന്നെ മത്സ്യബന്ധനം നിരോധിച്ചു. രാസപദാർഥങ്ങൾ കടലിൽ പരക്കുന്നതോടെ സമുദ്രത്തിന്റെ സ്വാഭാവിക പരിസ്ഥിതി താറുമാറാകും. രാസവസ്തുക്കളും എണ്ണച്ചോർച്ചയും മത്സ്യസമ്പത്തിന് ഹ്രസ്വദീർഘകാല പ്രഹരമേൽപ്പിക്കും. എണ്ണപ്പാട പടരുന്നത് വഴി മീനുകൾ ചത്തൊടുങ്ങാൻ തുടങ്ങും. പ്രത്യേകിച്ചും കാലവർഷാരംഭത്തിൽ തീരത്തോട് അടുത്ത കടലിൽ മത്സ്യപ്രജനനം വർധിക്കുന്ന സമയമായതിനാൽ ഗുരുതര സ്ഥിതിവിശേഷം വന്നുപെടും. അനിതരസാധാരണമായ ഇത്തരമൊരു സാഹചര്യത്തിൽ കടലും കരയും നേരിടുന്ന പാരിസ്ഥിതികാഘാതത്തെ നേരിടാനായി സർക്കാരും വിവിധ ഏജൻസികളും ഒപ്പം പ്രദേശവാസികളും ഒത്തൊരുമിച്ച് നിൽക്കേണ്ടതുണ്ട്.

എണ്ണപ്പാട കരയിലെത്തുന്നത് മത്സ്യങ്ങളെയും തീരമേഖലയിലെ കണ്ടൽക്കാടുകളെയും മാത്രമല്ല, അവിടങ്ങളിലെ മനുഷ്യരെയും ബാധിക്കും. കണ്ടെയ്നറുകൾ ഒഴുകിപ്പരക്കുന്ന മേഖലയിലും കരയ്ക്കടിയുന്ന സ്ഥലങ്ങളുടെ സമീപത്തും ചെറുകിട മത്സ്യബന്ധനംപോലും സാധ്യമാകില്ല. ഇത്തരമൊരു സാഹചര്യത്തിൽ കടലോരവാസികളുടെ സുരക്ഷിത ജീവിത സാഹചര്യം ഉറപ്പുവരുത്താനുള്ള അതിവേഗ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

### അട്ടിമറിയോ?

അതേസമയം, കൊച്ചിക്കു സമീപം അറബിക്കടലിൽ മുങ്ങിത്താണ ലൈബീരിയൻ ചരക്ക് കപ്പൽ സ്വയം മുങ്ങിയതല്ലെന്നും കപ്പലിനെ മുക്കിയതാകാമെന്നുമുള്ള ആരോപണം തള്ളിക്കളയാനാകില്ലെന്ന അഭിപ്രായമാണ് ഷിപ്പിംഗ് രംഗത്തെ വിദഗ്ധർക്കുള്ളത്. കേരള മത്സ്യത്തൊഴിലാളി ഐക്യവേദി സംസ്ഥാന അദ്ധ്യക്ഷൻ ചാൾസ് ജോർജ് ആണ് ആദ്യം ഈ ആരോപണം ഉന്നയിച്ചത്. കപ്പലിന് ഇൻഷുറൻസ് പരിരക്ഷയുള്ളതിനാൽ കമ്പനിക്ക് നല്ലൊരു തുക ലഭിക്കും.


എംഎസ്സിയുടെ എൽസ് 3 മുങ്ങിയത് സംബന്ധിച്ചുള്ള ദുരൂഹത ഇനിയും മാറിയിട്ടില്ലെന്ന് ചാൾസ് ജോർജ് പറയുന്നു. കപ്പൽ മുക്കിയതാണെന്ന് സംശയം തോന്നിപ്പിക്കുന്ന ചില കാര്യങ്ങൾ കൂടി ഇപ്പോൾ പുറത്തുവന്നിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ഇത്തരമൊരു കപ്പൽ ഉണ്ടാക്കണമെങ്കിൽ 400 കോടി രൂപയെങ്കിലും ചെലവ് വരും. മുങ്ങിയ കപ്പിലിന് 28 വർഷം പഴക്കമുണ്ട്.

കാലാവധി കഴിഞ്ഞ് മൂന്നുവർഷം പിന്നിട്ട കപ്പലാണിത് എന്നാണ് അറിയാൻ കഴിയുന്നത്. ജപ്പാനിൽ 15 വർഷമാണ് ഒരു ചരക്കു കപ്പലിന്റെ കാലപരിധി. ഈ കപ്പൽ ഡ്രൈ ഡോക്ക് ചെയ്യാനും അടുത്ത ആഴ്ച മുതൽ പുതിയ കപ്പൽ കൊണ്ടുവരുവാനും ഷിപ്പിംഗ് കമ്പനി തീരുമാനിച്ചിരുന്നതുമാണ്. ഈ സാഹചര്യത്തിലാണ് കപ്പൽ മുങ്ങിയത്.

കപ്പൽ പൊക്കിയെടുക്കുകയെന്നത് ദുഷ്ക്കരമായതിനാൽ ആ ദൗത്യം ഉപേക്ഷിക്കാനാണ് സാദ്ധ്യത. കപ്പലിന്റെ ഫിറ്റ്നെസ് സംബന്ധിച്ചും ചില സംശയങ്ങളുണ്ടെന്നു ചാൾസ് ജോർജ് ആരോപിച്ചു. കപ്പൽ പുറപ്പെടുന്നതിനു മുൻപ് മെർക്കന്റൈൽ മറൈൻ വകുപ്പ് പരിശോധിച്ച് ഇത് ഉറപ്പുവരുത്തേണ്ടതാണ്. അതുണ്ടായിട്ടില്ലെന്നാണ് അറിയാൻ കഴിയുന്നത്. 26 ഡിഗ്രി മാത്രം ചെരിഞ്ഞ ഒരു കപ്പൽ 12 മണിക്കൂറിനകം മുങ്ങിയതും പരിശോധിക്കണം. സാധാരണ കപ്പലുകൾ 15 മീറ്റർ വരെ തിര ഉയരുന്ന മെഡിറ്ററേനിയൻ കടലിൽ പ്രവർത്തിക്കാവുന്ന തരത്തിലാണ് നിർമ്മിക്കുക.

ഇവിടെ കടൽത്തിരകൾ അത്രയേറെ രൂക്ഷമായിരുന്നില്ല. 623 കണ്ടെയ്നറുകൾ ആയിരുന്നു കപ്പലിൽ ഉണ്ടായിരുന്നത്. കയറ്റുമ്പോൾ തന്നെ ഇത് സംബന്ധമായ ബില്ലുകൾ നൽകേണ്ടതുണ്ട്. രാസപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നതിനു കപ്പലിലും തുറമുഖത്തുമുള്ള പ്രോട്ടോക്കോൾ പാലിച്ചിട്ടുണ്ടോ എന്നതും പരിശോധിക്കണമെന്നും ചാൾസ് ആവശ്യപ്പെട്ടു.

പ്രകൃതിക്കും മനുഷ്യനും ഈ അപകടം മൂലം യാതൊരു ഹാനിയും ഉണ്ടാകാതിരിക്കാൻ വേണ്ട എല്ലാ നടപടികളും സ്വീകരിക്കണമെന്നതാണ് ജനങ്ങളുടെ അടിയന്തിര ആവശ്യം. സമാന അപകടം ഉണ്ടായിട്ടുള്ള സ്ഥലങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾക്ക് നേതൃത്വം നൽകിയിട്ടുള്ളവരുടെ സഹായം തേടാനും ശ്രമം ആവശ്യം. കപ്പലിൽ അപകടകരമായ രാസവസ്തുക്കൾ അടക്കമുള്ള കണ്ടെയ്നറുകൾ എത്രയുണ്ടെന്ന് ഷിപ്പിങ് ഏജൻസിയുടെയും പോർട്ട് അധികൃതരുടെയും രേഖകളിൽനിന്ന് കൃത്യമായി മനസിലാക്കാൻ കഴിയുമെന്നു പറയുമ്പോഴും രേഖകളിലെ കൃത്യത ആർക്കും ഉറപ്പില്ല. കൈക്കൂലിയും അഴിമതിയും നടമാടുന്ന ലൈബീരിയ പോലുള്ള അവികസിത രാജ്യങ്ങളുടെ തുറമുഖങ്ങളിൽ ഏതു തിരിമറിയും നടക്കാം. അതിനാൽ കൃത്യമായ പരിശോധനയ്ക്കുശേഷമേ പുറത്തുവന്നിരിക്കുന്ന വിവരങ്ങൾ ശരിയണോ എന്ന് സ്ഥിരീകരിക്കാനാവൂ.

# അൻവറിസത്തിൽ വട്ടം കറങ്ങുന്ന രാഷ്ട്രീയ നിലമ്പൂർ




നിലമ്പൂർ.. യു.ഡി.എഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തിന്റെ പിതാവ് ആര്യാടൻ മുഹമ്മദ് ഏറെക്കാലം തന്റെ സ്വന്തമാക്കി വച്ചിരുന്ന കോൺഗ്രസ് മണ്ഡലം.. യു.ഡി.എഫിന്റെ ഉറച്ച കോട്ട എന്ന് ഒരു കാലത്ത് മുദ്ര കുത്തിയിരുന്ന സ്ഥലം. അവിടെ രണ്ടു വട്ടം വിള്ളലുണ്ടാക്കിയ ബിസിനസുകാരനായ രാഷ്ട്രീയ പ്രവർത്തകനാണ് പി.വി.അൻവർ. എ.ഐ.സി.സി. അംഗവും, സ്വാതന്ത്ര സമര സേനാനിയുമായിരുന്ന പി.വി. ഷൗക്കത്തലിയുടെ മകൻ. മലപ്പുറം എടവണ്ണ സ്വദേശി. എം.ഇ.എസ്. മമ്പാട് കോളേജിൽ യുണിയൻ ജനറൽ സെക്രട്ടറിയും ചെയർമാനുമായി രാഷ്ട്രീയ കളരി.

മുസ്‌ലിം ഭൂരിപക്ഷ ജില്ലയായ മലപ്പുറത്ത് യു.ഡി.എഫിൽ നിന്ന് മണ്ഡലങ്ങൾ പിടിച്ചെടുക്കാൻ സി.പി.എം. പയറ്റിയ തന്ത്രത്തിന്റെ ഭാഗമായി പാർട്ടി ഇറക്കിയ നേതാവ്. തിരഞ്ഞെടുപ്പിൽ (2011) ഏറനാട് മണ്ഡലത്തിൽ നിന്നും സ്വതന്ത്രനായി മത്സരിച്ച് പി.കെ. ബഷീറിനോട് പരാജയം. പതിനാറാം ലോകസഭാതിരഞ്ഞെടുപ്പിൽ വയനാട് ലോകസഭാ മണ്ഡലത്തിൽ നിന്നും സ്വതന്ത്രനായി മത്സരിച്ച് വീണ്ടും തോൽവിയുടെ കയ്പറിഞ്ഞ നേതാവ്. 2016 ലെ നിയമസഭാ പൊതു തിരഞ്ഞെടുപ്പിൽ നിലമ്പൂർ നിയമസഭാ മണ്ഡലത്തിൽ നിന്ന് ചലച്ചിത്ര തിരക്കഥാകൃത്തും, നിർമ്മാതാവും കോൺഗ്രസ് നേതാവുമായ ആര്യാടൻ ഷൗക്കത്തിനെ തോൽപ്പിച്ച് നിയമസഭയിൽ. ദക്ഷിണാഫ്രിക്കയിൽ മണലരിച്ച് സ്വർണം തേടുന്ന കച്ചവടം മുതൽ വാട്ടർ തീം പാർക്ക് വരെ തൊട്ടതെല്ലാം വിവാദത്തിലായ വ്യവസായ സംരംഭകൻ.

2005ൽ കെ. കരുണാകരന്റെ നേതൃത്വത്തിൽ ഡെമോക്രാറ്റിക് ഇന്ദിര കോൺഗ്രസ് രൂപീകരിച്ചപ്പോൾ പി.വി. അൻവറും കോൺഗ്രസ്സിൽനിന്ന് ഡി.ഐ.സിയിലെത്തി. 2007ൽ കരുണാകരനടക്കമുള്ള വലിയ വിഭാഗം കോൺഗ്രസ്സിലേക്ക് തിരിച്ചുപോയെങ്കിലും തിരിച്ചുപോവാത്ത പ്രവർത്തകരിലൊരാളായിരുന്നു പി.വി. അൻവർ.

2011ലാണ് തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്ക് പി.വി. അൻവറെത്തുന്നത്. മലപ്പുറം ഏറനാട് മണ്ഡലത്തിൽ സ്വതന്ത്ര സ്ഥാനാർത്ഥിയായാണ് മത്സരം. സി.പി.എമ്മുമായി അക്കാലത്തുതന്നെ അദ്ദേഹം ചർച്ചകൾ നടത്തിയിരുന്നു. 2011ൽ തന്നെ പി.വി. അൻവറിനെ പിന്തുണയ്ക്കാൻ സി.പി.എമ്മിലെ ഒരു വിഭാഗം താല്പര്യവും പ്രകടിപ്പിച്ചിരുന്നു. എന്നാൽ സി.പി.ഐ ശക്തമായി എതിർത്തു.

വിവാദങ്ങൾക്കും ആരോപണങ്ങൾക്കുമൊടുവിൽ സി.പി.ഐയിലെ അശ്റഫ് അലി കാളിയത്ത് സ്ഥാനാർത്ഥിയായി. സ്വതന്ത്രനായ അൻവറിനു പുറമെനിന്ന് സി.പി.എം നൽകിയ പിന്തുണ വലുതായിരുന്നു. സി.പി.ഐ സ്ഥാനാർത്ഥി 2,700 വോട്ടുമായി നാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടപ്പോൾ 47,452 വോട്ട് പി.വി. അൻവർ നേടി.

2014ൽ വയനാട് ലോക്സഭാ തെരഞ്ഞെടുപ്പിലും പി.വി. അൻവർ സ്ഥാനാർത്ഥിയായി. സി.പി.ഐയുടെ സീറ്റാണ് വയനാടും. സത്യൻ മെകേരിയായിരുന്നു എൽ.ഡി.എഫ് സ്ഥാനാർത്ഥി. 20000 വോട്ടിനാണ് കോൺഗ്രസ്സിലെ എം.ഐ. ഷാനവാസിനോട് സത്യൻ മെകേരി പരാജയപ്പെട്ടത്. അൻവർ നേടിയത് 37000 വോട്ടും.

എന്നാൽ 2016ൽ എല്ലാ എതിർപ്പുകളേയും മറികടന്ന് ഔദ്യോഗിക എൽ.ഡി.എഫ് സ്ഥാനാർത്ഥിയായി നിലമ്പൂരിൽ അൻവറെത്തി. പ്രദേശിക തലത്തിൽ വലിയ ചർച്ചകളും പ്രതിഷേധങ്ങളും നടന്നു. പരസ്യമായി അൻവറിന്റെ സ്ഥാനാർത്ഥിത്വത്തിനെതിരെ പ്രകടനങ്ങൾ നടന്നു. പക്ഷേ, കോടിയേരി ബാലകൃഷ്ണൻ സെക്രട്ടറിയായ സംസ്ഥാന നേതൃത്വം അൻവറിൽ ഉറച്ചുനിന്നു. കോൺഗ്രസ്സിലെ ആര്യാടൻ മുഹമ്മദിന്റെ തട്ടകമായ നിലമ്പൂർ അൻവറിലൂടെ സി.പി.എം പിടിച്ചെടുത്തു. 1987 മുതൽ 2016 വരെ തുടർച്ചയായി കോൺഗ്രസ്സിലെ ആര്യാടൻ മുഹമ്മദായിരുന്നു നിലമ്പൂരിലെ എം.എൽ.എ. 2016ൽ മകൻ ആര്യാടൻ ഷൗക്കത്തിനെ 11000 വോട്ടിനാണ് പി.വി. അൻവർ പരാജയപ്പെടുത്തിയത്.

2019ൽ പൊന്നാനിയിലും സി.പി.ഐയുടേയും സി.പി.എമ്മിലെ ഒരു വിഭാഗത്തിന്റേയും എതിർപ്പുകൾ മറികടന്ന് എൽ.ഡി.എഫിന്റെ സ്വതന്ത്ര സ്ഥാനാർത്ഥിയായി പി.വി. അൻവറിനെ സി.പി.എം മത്സരിപ്പിച്ചു. 2021ൽ വീണ്ടും നിലമ്പൂരിൽനിന്ന് നിയമസഭയിലേക്ക്. 2700 വോട്ടിന് കോൺഗ്രസ്സിലെ വി.വി. പ്രകാശിനെ പരാജയപ്പെടുത്തിയാണ് അൻവർ ജയിച്ചത്.

എന്നാൽ 2016ൽ എല്ലാ എതിർപ്പുകളേയും മറികടന്ന് ഔദ്യോഗിക എൽ.ഡി.എഫ് സ്ഥാനാർത്ഥിയായി നിലമ്പൂരിൽ അൻവറെത്തി. പ്രദേശിക തലത്തിൽ വലിയ ചർച്ചകളും പ്രതിഷേധങ്ങളും നടന്നു. പരസ്യമായി അൻവറിന്റെ സ്ഥാനാർത്ഥിത്വത്തിനെതിരെ പ്രകടനങ്ങൾ നടന്നു. പക്ഷേ, കോടിയേരി ബാലകൃഷ്ണൻ സെക്രട്ടറിയായ സംസ്ഥാന നേതൃത്വം അൻവറിൽ ഉറച്ചുനിന്നു. കോൺഗ്രസ്സിലെ ആര്യാടൻ മുഹമ്മദിന്റെ തട്ടകമായ നിലമ്പൂർ അൻവറിലൂടെ സി.പി.എം പിടിച്ചെടുത്തു. 1987 മുതൽ 2016 വരെ തുടർച്ചയായി കോൺഗ്രസ്സിലെ ആര്യാടൻ മുഹമ്മദായിരുന്നു നിലമ്പൂരിലെ എം.എൽ.എ. 2016ൽ മകൻ ആര്യാടൻ ഷൗക്കത്തിനെ 11000 വോട്ടിനാണ് പി.വി. അൻവർ പരാജയപ്പെടുത്തിയത്.

2019ൽ പൊന്നാനിയിലും സി.പി.ഐയുടേയും സി.പി.എമ്മിലെ ഒരു വിഭാഗത്തിന്റേയും എതിർപ്പുകൾ മറികടന്ന് എൽ.ഡി.എഫിന്റെ സ്വതന്ത്ര സ്ഥാനാർത്ഥിയായി പി.വി. അൻവറിനെ സി.പി.എം മത്സരിപ്പിച്ചു. 2021ൽ വീണ്ടും നിലമ്പൂരിൽനിന്ന് നിയമസഭയിലേക്ക്. 2700 വോട്ടിന് കോൺഗ്രസ്സിലെ വി.വി. പ്രകാശിനെ പരാജയപ്പെടുത്തിയാണ് അൻവർ ജയിച്ചത്.

### കൂടുവിട്ട പക്ഷി

എന്നാൽ സ്വതന്ത്രനായി സി.പി.എം തുറന്നുവിട്ട എം.എൽ.എ സ്വന്തം പാളയത്തിനു നേരെ തിരിഞ്ഞതോടെ വട്ടം കറങ്ങിയ രാഷ്ട്രീയ നാടകത്തിന്റെ ബാക്കി പത്രമാണ് നിലമ്പൂരിലെ ഉപതെരഞ്ഞെടുപ്പ്. പി.വി. അൻവർ തൊടുത്തുവിട്ട ആരോപണങ്ങൾ സി.പി. എമ്മിനേയും മുഖ്യമന്ത്രി പിണറായി വിജയനേയും പ്രതിക്കൂട്ടിലാക്കിയതോടെ അവസാനിച്ച ഇടതു ബാന്ധവം. പാർട്ടി ലേബലിൽ ചെയ്യാൻ പറ്റാത്ത പല കാര്യങ്ങൾക്കും സ്വതന്ത്രൻ എന്ന ലേബൽ തുണയായിരുന്ന അൻവറിന് ബിസിനസിൽ ഉണ്ടായ തിരിച്ചടികൾക്ക് ആക്കം കൂട്ടിയതും സി.പി. എമ്മിനേയും പിണറായിയെയും പിണക്കിയതു തന്നെ!

തുടക്കത്തിൽ സൈബറിടങ്ങളിൽ സി.പി.എമ്മിന്റെ പ്രതിരോധമുഖമായിരുന്നു അൻവർ. അൻവറിന്റെ കുറിപ്പുകൾ പങ്കുവെയ്ക്കാൻ അണികൾ കാത്തിരുന്നു. പി.വി. അൻവർ നടത്തിയതായി ആരോപിക്കപ്പെട്ട അനധികൃത നിർമ്മാണങ്ങളും അനധികൃത ഭൂമി സ്വന്തമാക്കലും ആരോപണമുനയിലുണ്ടായിരുന്ന ബിസിനസുകളും എല്ലാം പാർട്ടി നേതാക്കളും അണികളും ന്യായീകരിച്ചു കൊണ്ടിരുന്നു. അൻവർ ഉന്നയിച്ച ആരോപണങ്ങൾ പിണറായി വിജയനിലേക്ക് നീളുന്നതിനു മുമ്പുവരെ അൻവറാണ് ശരി എന്ന് ഉറക്കെ പറഞ്ഞ പാർട്ടി അനുഭാവികളുണ്ടായിരുന്നു. ആരോപണങ്ങളുടെ മുന മുഖ്യമന്ത്രിക്കും അദ്ദേഹത്തിന്റെ ഓഫീസിനും നേരെ തറച്ചപ്പോഴാണ് സി.പി.എം അൻവറെ എടുത്തെറിഞ്ഞത്.

മലപ്പുറത്ത് സ്വർണ്ണക്കള്ളക്കടത്ത് പെരുകുന്നുവെന്നും അതിലൂടെ വരുന്ന പണം ദേശദ്രോഹ ശക്തികൾ ഉപയോഗപ്പെടുത്തുന്നുവെന്നും മുഖ്യമന്ത്രി ഇംഗ്ലീഷ് പത്രത്തിനു കൊടുത്ത അഭിമുഖത്തിൽ നടത്തിയ പരാമർശം ആദ്യ ഒളിയമ്പായി. പിന്നീട് രാഷ്ട്രീയ അഭയം തേടി അലയുന്ന അൻവറിനെയാണ് കേരളം കണ്ടത്. ഒടുവിൽ തൃണമൂൽ കോൺഗ്രസ് വഴി യു.ഡി. എഫിന്റെ ഭാഗമാകാനാണ് അൻവർ ശ്രമിക്കുന്നത്. നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ യു.ഡി.എഫ് സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചതിന് പിന്നാലെ തൃണമൂൽ കോൺഗ്രസിനെ മുന്നണിയിലെടുക്കാനുള്ള വിലപേശലുകൾക്കും അനുനയ നീക്കത്തിനുമൊടുവിൽ പ്രതിപക്ഷ നേതാവ് വി.ഡി.സതീശനെതിനതിരെ രൂക്ഷ വിമർശനവുമായി രംഗത്തെത്തി.

തന്നെ വസ്ത്രക്ഷേപം നടത്തി തെരുവിൽ ദയാവധത്തിന് വിട്ടുകൊടുക്കുകയായിരുന്നുവെന്നും മുഖത്ത് ചെളിവാരി എറിയുകയാണെന്നും പി.വി. അൻവർ വാർത്താസമ്മേളനത്തിൽ തുറന്നടിച്ചതോടെ നിലമ്പൂരിലെ വോട്ടർമാർക്ക്, അൻവർ എവിടെ നിൽക്കുന്നുവെന്ന സംശയം ബാക്കിയായി. യു.ഡി.എഫിലെടുക്കുന്ന കാര്യത്തിൽ വിട്ടുവീഴ്ചക്കില്ലെന്നും അവസാന വഴിയെന്ന നിലയിൽ കോൺഗ്രസിന്റെ ഹൈക്കമാൻഡിനെ സമീപിക്കുമെന്നും പി.വി. അൻവർ നിലപാടെടുത്തു. യു.ഡി.എഫിന്റെ ഭാഗമാക്കിയിരുന്നെങ്കിൽ ഏതു വടിയെ നിർത്തിയാലും പിന്തുണക്കുമായിരുന്നുവെന്നും പി.വി. അൻവർ പറഞ്ഞു. താൻ സിറ്റിംഗ് സീറ്റ് ആണ് വിട്ടെറിഞ്ഞത്. എന്ത് സംരക്ഷണമാണുള്ളത്. സർക്കാർ തന്റെ ഗൺമാനെയും തനിക്കുള്ള സുരക്ഷയും പിൻവലിച്ചു. ബിസിനസ് തകർത്തു.

സർക്കാരിനെതിരെ പറഞ്ഞപ്പോൾ തനിക്കെതിരെ ഇപ്പോൾ 28 കേസുണ്ട്. തന്നെ ദയാവധത്തിന് വിട്ടുകൊടുത്തിരിക്കുകയാണ് യു.ഡി.എഫ്. ഇനി ആരുടെയും കാലുപിടിക്കാനില്ല. കാലുപിടിക്കാൻ ശ്രമിക്കുമ്പോൾ മുഖത്ത് ചവിട്ടരുത്. കത്രിക പൂട്ട് ഇട്ട് തന്നെ പൂട്ടുകയാണ്. കെ.സി. വേണുഗോപാലിലാണ് ഇനി പ്രതീക്ഷ. കെ.സി. വേണുഗോപാലുമായി സംസാരിക്കും. തൃണമൂലിനെ ഘടകകക്ഷിയാക്കിയാൽ തൃണമൂൽ നേതാക്കൾ പ്രചരണത്തിനെത്തും. തന്നോട് നാമനിർദേശ പത്രിക നൽകാൻ പാർട്ടി നേതൃത്വം പറഞ്ഞിട്ടുണ്ട്. കെ. സുധാകരനും ചെന്നിത്തലയും ബന്ധപ്പെടുന്നുണ്ട്. കെ. മുരളീധരനടക്കം ബന്ധപ്പെടുന്നുണ്ട്. തന്നെ അസോസിയേറ്റഡ് അംഗം ആക്കിയാലും മതി. അത് പ്രഖ്യാപിക്കണമെന്നും പി.വ.ി അൻവർ.

തെരഞ്ഞെടുപ്പിൽ സി.പി.എമ്മും ബി.ജെ.പിയും സ്ഥാനാർഥികളെപ്പോലും പ്രഖ്യാപിക്കുന്നതിന് മുൻപാണ് താൻ ചേക്കേറാൻ ലക്ഷ്യമിടുന്ന യു.ഡി.എഫിനെ വട്ടം കറക്കുന്ന അൻവറിസം പൊടി പൊടിക്കുന്നത്. താൻ രാജിവെച്ചത് പിണറായിയെ പുറത്താക്കാനാണ്. ഷൗക്കത്തുമായി വ്യക്തിപരമായ അഭിപ്രായ വ്യത്യാസമുണ്ട്. അത് ഇപ്പോൾ ചർച്ച ചെയ്യേണ്ടതില്ല. നിലവിലെ സാഹചര്യത്തിൽ അത്തരം ചർച്ചകൾ പ്രസക്തമല്ലെന്നും പി.വി. അൻവർ പറയുന്നുണ്ട്. യു.ഡി.എഫ് പ്രവേശനകാര്യത്തിൽ രണ്ടുദിവസം കൂടി കാക്കുമെന്നും ഉണ്ടായില്ലെങ്കിൽ മത്സരിക്കുമെന്നുമാണ് മുന്നറിയിപ്പ്.

അതിനിടെ, അൻവറിനെ അനുനയിപ്പിക്കാൻ കോഴിക്കോട് ഡി.സി.സിയുടെ ഭാഗത്തുനിന്നും ശ്രമമുണ്ടായി. എന്നാൽ, ഡി.സി.സി ഭാരവാഹികൾ ഒതായിയിൽ അൻവറിന്റെ വീട്ടിലെത്തി ചർച്ച നടത്തിയത് നേതൃത്വത്തിന്റെ അറിവോടെയല്ലെന്ന് വി.ഡി.സതീശൻ നിലപാടെടുത്തു. ആര്യാടൻ ഷൗക്കത്തിനെ യു.ഡി.എഫ് സ്ഥാനാർഥിയായി പ്രഖ്യാപിച്ചതോടെ ഇടഞ്ഞ പി.വി. അൻവറിനെ സമ്മർദത്തിലാക്കുകയാണ് യഥാർത്ഥത്തിൽ കോൺഗ്രസ് നേതൃത്വം ചെയ്തത്.

യു.ഡി.എഫുമായി സഹകരിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് അൻവറാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പ്രതികരിച്ചത് ഇതിന്റെ ഭാഗമായാണ്. യു.ഡി.എഫിനായി പ്രചാരണത്തിനിറങ്ങുന്ന കാര്യം അൻവർ തീരുമാനിക്കട്ടെയെന്നും യു.ഡി.എഫ് നിലപാട് അതിനുശേഷം പറയാമെന്നും സതീശൻ പറഞ്ഞതോടെ അൻവറിന്റെ സമ്മർദങ്ങൾക്കു വഴങ്ങേണ്ടെന്ന സന്ദേശമാണ് കോൺഗ്രസ് നൽകുന്നത്.

യു.ഡി. എഫിൽ കാര്യങ്ങൾ കലങ്ങി മറിയുമ്പോഴും നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ സി.പി.എം സ്ഥാനാർഥി പ്രഖ്യാപനം മേയ് 30 ഓടെ തിരുവനന്തപുരത്തുണ്ടാകുമെന്നാണ് പ്രതീക്ഷ. സംസ്ഥാന സെക്രട്ടറിയേറ്റ് ചേർന്ന് ചർച്ച ചെയ്താകും പ്രഖ്യാപനം. ഏകദേശ ധാരണയായതായി പാർട്ടി നേതൃത്വം സൂചന നൽകുന്നു.

അതേസമയം, നിലമ്പൂർ സീറ്റിൽ ബി.ജെ.പി മത്സരിച്ചേക്കില്ല. ഉപതെരഞ്ഞെടുപ്പിൽ എൻ.ഡി.എ ഘടകകക്ഷിയായ ബി.ഡി.ജെ.എസ് മത്സരിക്കും. മത്സരിക്കുന്നില്ലെന്നും സീറ്റ് ബി.ഡി.ജെ.എസിന് വിട്ടുനൽകാമെന്നും ബി.ജെ.പി സംസ്ഥാന നേതൃത്വം അറിയിച്ചതായാണ് വിവരം. ബി.ഡി.ജെ.എസ് സംസ്ഥാന എക്സിക്യൂട്ടീവും, എൻ.ഡി.എ കമ്മിറ്റിയും ചേർന്ന ശേഷം രണ്ട് ദിവസത്തിനകം തീരുമാനം ഉണ്ടാകുമെന്ന് അറിയിക്കുന്നു.

പൂർണ ചിത്രം തെളിയാൻ ഇനിയും സമയം ബാക്കിനിൽക്കെ, അൻവറിസത്തിനു പിന്നാലെയാണ് തൽക്കാലം നിലമ്പൂർ. വയനാട് ലോകസഭാമണ്ഡലത്തിൽ ഉൾപ്പെടുന്ന നിയമസഭാമണ്ഡലം. ലോകത്തിലെ ഏറ്റവും പഴക്കമുള്ള തേക്കിൻതോട്ടമുള്ള നിലമ്പൂരിന്റെ രാഷ്ട്രീയ ഉൾക്കരുത്തും നിലപാടും ഏറ്റവും കൂടുതൽ പരീക്ഷിക്കപ്പെടുന്ന ജനാധിപത്യ പോരാട്ടത്തിന് സാക്ഷ്യം വഹിക്കാൻ രാഷ്ട്രീയ കേരളം കാത്തിരിക്കുന്നു, അക്ഷമയോടെ.

◗ പ്രജിത് രാജ്



# തപ്പിത്തടയുന്ന കോൺഗ്രസും 2006ലെ തെരഞ്ഞെടുപ്പും..!





ജോഷി ജോർജ്

2006ലെ നിയമസഭയിലേക്കുള്ള പൊതു തെരഞ്ഞെടുപ്പിന്റെ ചുമതലക്കാരനായിരുന്നു എ.ഐ.സി.സി സെക്രട്ടറിയും മുൻ കർണാടക മുഖ്യമന്ത്രിയുമായ വീരപ്പമൊയിലി. എൽ.ഡി.എഫിൽ ഇടംകിട്ടാതെ, നിക്കക്കള്ളിയില്ലാതെ നട്ടംതിരിഞ്ഞ കരുണാകരന്റെ ഡി.ഐ.സിയെ യു.ഡി.എഫിലേക്ക് കൊണ്ടുവരുന്നതിൽ മുഖ്യപങ്ക് വഹിച്ചയാളാണ് വീരപ്പമൊയ്‌ലി. മറ്റൊരാൾ എ.കെ ആന്റണിയും.! അവസാനനിമിഷം വരെ ഡി.ഐ.സിയുമായുള്ള നീക്കുപോക്ക് ഗുണകരമാവുമെന്നു പറയാൻ ഉമ്മൻചാണ്ടി തയ്യാറായിരുന്നില്ല.

കരുണാകരൻ എത്തിയതോടെ കോൺഗ്രസിൽ വിമത ശല്യം പാർട്ടിയുടെ നിലനിൽപ്പിനെപ്പോലും അവതാളത്തിലാക്കും വിധം വളർന്നു. എങ്ങും വെല്ലുവിളികൾ അരങ്ങു തകർക്കുന്നു. യു.ഡി.എഫിന്റെ സ്ഥാനാർത്ഥിപ്പട്ടിക പുറത്തുവന്നതോടെ വിമതപ്പട ഇയാംപാറ്റകണക്കെ പാഞ്ഞുവരുന്ന കാഴ്ചയാണ് ഓരോ മണ്ഡലങ്ങളിലും കാണാനായത്. ഉമ്മൻചാണ്ടിയുടെ ഏറ്റവും അടുത്ത സംഘക്കാരിൽ പലർക്കും സീറ്റ് നിഷേധിക്കപ്പെട്ടു. ബെന്നിബഹനാൻ, എം.ഐ ഷാനവാസ്, ആന്റോആന്റണി, എം.എം ഹസൻ എന്നിവരുടെ മുഖത്തുനോക്കാനാകാതെ പകച്ചുനിന്നുപോയി ഉമ്മൻചാണ്ടി. കെ.പി. വിശ്വനാഥനേയും കെ.കെ. രാമചന്ദ്രനേയും ഉഴിവാക്കിക്കൊണ്ടായിരുന്നു ആദ്യ സ്ഥാനാർത്ഥിപ്പട്ടിക വന്നത്..! അതിൽ ക്ഷുഭിതനായ ഉമ്മൻചാണ്ടി ഹൈക്കമാഡിൽ അതിയായി സമ്മർദ്ദം ചെലുത്തി ഇരുവരുടേയും സ്ഥാനാർത്ഥിത്വം ഉറപ്പാക്കിയിരുന്നു.

എന്തായാലും കോൺഗ്രസ്സിൽ വെട്ടിക്കിളി ശല്യത്തിനു സമാനമായി മാറിയിരിക്കുന്നു വിമതശല്യം..! തിരുവനന്തപുരത്ത് കെ.പി.സി.സി ആസ്ഥാനത്ത് ചാത്തന്നൂരിൽ നിന്നുമുള്ള കുറെ ഉത്തരവാദപ്പെട്ട നേതാക്കൾ ആത്മഹത്യക്കു തയ്യാറായിവന്നു. എന്തും സംഭവിക്കാവുന്നൊരവസ്ഥ..! എന്നിട്ടും മുതിർന്ന നേതാക്കൾ നിശ്ശബ്ദരായി കയ്യുംകെട്ടി നോക്കിനിന്നു എന്നാണ് വാർത്ത. ഡി.ഐ.യിയും കരുണാകരനും യു.ഡി.എഫിലേക്ക് വന്നതോടെ അവരുടെ വോട്ട് ലഭിക്കുമെന്നു വിശ്വസിക്കുന്ന യു.ഡി.എഫ് നേതൃത്വം കാണാത്തത് ജനങ്ങൾക്കിടയിൽ അതുണ്ടാക്കിയ പ്രതികൂലഭാവത്തെയാണ്.

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന് അഭൂതപൂർവമായ വിജയം നേടിക്കൊടുത്തത് അവരുടെ വോട്ട് മാത്രമല്ല ഈ അവസരവാദപരമായ ഐക്യം അരോചകമായി തോന്നിയ നിഷ്പക്ഷവിഭാഗങ്ങളുടെ വോട്ട് കൂടിയാണെന്ന് കോൺഗ്രസിന്റേയും യു.ഡി.എഫിന്റേയും നേതാക്കൾ തന്നെ നന്നായി മനസ്സിലാക്കിയ ശേഷമാണ് ഈ ആത്മഹത്യാമുനമ്പിലേക്ക് അവർ വീണ്ടും നടന്നടുത്തത്. അഥവാ തെരഞ്ഞെടുപ്പിൽ ജയിക്കുക എന്ന അത്ഭുതം സംഭവിച്ചാൽ തന്നെയും 2001 മുതൽ 2005 മേയ് ഒന്നിനു ഡി.ഐ.സി ഉണ്ടാകുന്നതുവരെ യു.ഡി.എഫ് സർക്കാരിന് അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളുടെ തനിയാവർത്തനത്തിനാണ് വഴി ഒരുങ്ങുക എന്നും അവർ മനസ്സിലാക്കിയില്ല. 100 സീറ്റിന്റെ വൻ നേട്ടവുമായി അധികാരത്തിൽ വന്ന് മാസങ്ങൾക്കകം ആന്റണി സർക്കാർ വൻ ബഹുജനരോഷത്തിനു പാത്രമായ സമീപകാലചരിത്രം പോലും ആരും ഓർത്തില്ല.

അത് തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ ധൈര്യവും ആർജവവും ബുദ്ധിയും കാണിച്ച കേരളത്തിലെ ഏക കോൺഗ്രസ് നേതാവ് ഉമ്മൻചാണ്ടിയാണെന്നതായിരിക്കും തെരഞ്ഞെടുപ്പിനു ശേഷം തെളിയുന്ന വസ്തുത. മുസ്ലിംലീഗിനും കെ.എം. മാണിക്കും മറ്റ് ഘടകകക്ഷികൾക്കും ഡി.ഐ.സിയെ മുന്നണിയിൽ കൊണ്ടുവരുന്നതിന് വ്യക്തമായ ഉദ്ദേശ്യങ്ങളുണ്ടായിരുന്നു. മുമ്പെന്നപോലെ കോൺഗ്രസിനെ വീണ്ടും തങ്ങളുടെ ചൊൽപടിയിലാക്കുന്നതിന് കരുണാകന്റേയും മുരളീധരന്റേയും സാന്നിധ്യം സഹായകമാകുമെന്ന് അവർ കണക്ക് കൂട്ടി. എന്നാൽ കോൺഗ്രസിൽ ഇതിനു മുൻകൈ എടുത്ത എ.കെ. ആന്റണിയുടെ ഉദ്ദേശ്യം ദുരൂഹമാണ്. ലോക്സഭാ തെരഞ്ഞെടുപ്പിലെ കനത്ത പരാജയത്തിന് പ്രധാന കാരണം താൻ മുൻകൈ എടുത്ത് കരുണാകരനുമായുണ്ടാക്കിയ ഐക്യം ജനം തിരസ്കരിച്ചതാണെന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട് തന്റെ സ്ഥാനനഷ്ടത്തിനു വഴിയൊരുക്കിയ ഉമ്മൻചാണ്ടി, ആര്യാടൻ പ്രഭൃതികളെ പാഠം പഠിപ്പിക്കുകയാണോ ആന്റണിയുടെ ലക്ഷ്യം എന്ന് സംശയിക്കുന്നവർപോലും ഉണ്ട്. മറ്റെന്തിനേക്കാളും ആന്റണിയുടെ നിർബന്ധമാണ് ഡി.ഐ.സിക്ക് സംസ്ഥാന കോൺഗ്രസ് നേതാക്കൾ വച്ച ഉപാധികൾ പലതും അവഗണിച്ചുകൊണ്ട് തന്നെ പച്ചക്കൊടി കാട്ടാൻ ഹൈക്കമാൻഡിനെ പ്രേരിപ്പിച്ചതെന്നാണ് സൂചനകൾ.

കരുണാകരനും കൂട്ടരും പോയതോടെ കോൺഗ്രസിലെ മൂന്ന് ദശാബ്ദം പ്രായമായ ഗ്രൂപ്പിസം അവസാനിച്ചെന്നായിരുന്നു പൊതുവേ ധാരണ..! ഇക്കാലമത്രയും കോൺഗ്രസിന്റെ മുഖമുദ്രയായി നിലനിന്ന എ–ഐ അല്ലെങ്കിൽ കരുണാകര–ആന്റണി ഗ്രൂപ്പിസം അവസാനിക്കുകയും ചെയ്തു. എ വിഭാഗത്തിന്റെ സൈന്യാധിപനായിരുന്നെങ്കിലും ഉമ്മൻചാണ്ടിയുടെ അധികാരത്തിലേക്കുള്ള ഗമനം ഗ്രൂപ്പ് സമവാക്യങ്ങളാകെ ഉടച്ചുവാർക്കുകയായിരുന്നു. അതോടെ കരുണാകരന്റെ ഐ ഗ്രൂപ്പ് മാത്രമല്ല കഥാവശേഷമായത് ആന്റണിയുടെ എ ഗ്രൂപ്പുമായിരുന്നു. ഈ രണ്ട് ഗ്രൂപ്പിലും പെടാത്ത ചെന്നിത്തല ഹൈക്കമാൻഡിന്റെ പൂർണ പിന്തുണയോടെ കെ.പി.സി.സി അധ്യക്ഷനുമായപ്പോൾ മൂന്നിലേറെ ദശാബ്ദം നീണ്ട എ–ഐ യുഗത്തിന് തിരശ്ശീല വീഴുകയായി. ഗ്രൂപ്പിസത്തിന്റെ അന്ത്യം കോൺഗ്രസിൽ പുതിയൊരു ശക്തി പകർന്നു. അതിന്റെ ബഹിർസ്ഫുരണമായിരുന്നു കൊച്ചിയിലെ വിജയകരമായ കെ.പി.സി.സി സമ്പൂർണ സമ്മേളനത്തിൽ കണ്ടത്.

എന്നാൽ ഇതിനകം കോൺഗ്രസിലെ പുതിയ അധികാകേന്ദ്രങ്ങളായ ചാണ്ടി–ചെന്നിത്തല ദ്വയത്തിന്റെ ചുറ്റുമുള്ള ആരാധകവൃന്ദം വളരുകയായിരുന്നു. പഴയ എ ഗ്രൂപ്പുകാരിൽ വലിയൊരു വിഭാഗം പ്രത്യക്ഷത്തിൽ ഔപചാരിക രൂപം കൊണ്ടിട്ടില്ലാത്തതെങ്കിലും ആന്റണി സർക്കാരിന്റെ അവസാനകാലത്തു തന്നെ ജന്മമെടുത്തിരുന്നിരുന്ന ഉമ്മൻ ഗ്രൂപ്പ് അഥവാ ഒ ഗ്രൂപ്പിലേക്ക് ഒഴുകുകയായി.

ഇതോടൊപ്പം സംഘടനയിൽ പ്രബലനായി വന്ന രമേശ് ചെന്നിത്തലയുടെ മൂന്നാം ഗ്രൂപ്പ് എന്ന തിരുത്തൽ വാദികളും സ്വാഭാവികമായും വളർന്നു. കേന്ദ്രമന്ത്രി സ്ഥാനമൊക്കെ ലഭിച്ചതിനാൽ മാത്രം വയലാർ രവിയുടെ നാലാം ഗ്രൂപ്പും ജീവൻ പോകാതെ നിലനിന്നു. ഇപ്പോഴത്തെ സീറ്റ് പങ്കുവയ്പ്പിൽ ഈ ഗ്രൂപ്പ് സമവാക്യങ്ങൾ ആണ് തെളിഞ്ഞുകാണുന്നത്. ഏറ്റവും കൂടുതൽ സീറ്റ് ചാണ്ടി നേടിയപ്പോൾ രണ്ടാമത്തെ വലിയ പങ്ക് ചെന്നിത്തല സ്വന്തമാക്കി. വയലാർ രവിക്ക് ബാക്കിവന്ന കഷണം. ഇപ്പോൾ അനാഥ സംഘമായ പഴയ ഐ ഗ്രൂപ്പുകാരിലെ പി.പി. തങ്കച്ചൻ, കടവൂർ ശിവദാസൻ തുടങ്ങിയ ചില പ്രബലന്മാരൊഴിച്ചാൽ ബാക്കിയുള്ളവരേറെപ്പേരുടേയും കാര്യം നോക്കാൻ പക്ഷേ ആരുമുണ്ടായില്ല. കരുണാകരനെ ഉപേക്ഷിച്ചുവന്നവരാണെന്ന പരിഗണന പോലും അവർക്ക് ലഭിച്ചില്ല.

''ജീവിതകാലം മുഴുവൻ ലീഡർക്കൊപ്പം നിന്നശേഷമാണ് പാർട്ടിയുടെ ഐക്യത്തിനു വേണ്ടി ഗ്രൂപ്പിസം അവസാനിപ്പിച്ചവരാണ് മറുപക്ഷത്തേക്ക് വന്നതത്രയും..! അതേസമയം വി.എസ്. അച്യുതാനന്ദൻ സ്ഥാനാർത്ഥിയല്ലെന്നുള്ള സ്വന്തം തീരുമാനം 10 ദിവസത്തിനകം മാറ്റിക്കൊണ്ട് സി.പി.എം ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ടിന്റെ പ്രസ്ഥാവന വന്നു. അതോടെ എൽ.ഡി.എഫിന്റെ ഇടക്കാലത്തു മങ്ങിയ വിജയസാധ്യതകൾക്കു വീണ്ടും ചിറകുമുളയ്ക്കാൻ തുടങ്ങി.

ഘടകകക്ഷികളുടെ അതൃപ്തി ഉണ്ടെങ്കിലും എൽ.ഡി.എഫിന്റെ ഇടക്കാലത്ത് മങ്ങിയ വിജയ സാധ്യതകൾക്ക് ഇക്കഴിഞ്ഞ ദിവസങ്ങളിൽ തിളക്കം വീണ്ടെടുക്കാനായതാണ് ഇപ്പോഴത്തെ കാഴ്ച. ഇതിന്റെ കാരണങ്ങൾ പലതാണ്. ഒരു വശത്ത് ഡി.ഐ.സിയുമായുള്ള നീക്കുപോക്ക് കോൺഗ്രസിലും ഡി.ഐ.സിക്കുള്ളിലും ഉണ്ടാക്കിയ വലിയ കുഴപ്പങ്ങളും ഈ അവസരവാദ ബന്ധത്തിനെതിരെ ജനങ്ങൾക്കിടയിൽ വളരുന്ന വെറുപ്പും കോൺഗ്രസിന്റെ സ്ഥാനാർത്ഥിപ്പട്ടിക പാർട്ടിയിൽ സൃഷ്ടിച്ച അതൃപ്തിയും കുറച്ചൊന്നുമായിരുന്നില്ല.

മറുവശത്താകട്ടെ വി.എസിനെ സ്ഥാനാർത്ഥിയാക്കാൻ പി.ബി. തീരുമാനിച്ചതോടെ പാർട്ടിയിലുണ്ടായ സന്തോഷം പുത്തനുണർവായി മാറി. അതിലേറെ ഐക്യവും..! അതുണ്ടായില്ലായിരുന്നുവെങ്കിൽ സി.പി.എമ്മിന്റെ ചരിത്രത്തിലാദ്യമായി ഏറിയോ കുറഞ്ഞോ മിക്ക മണ്ഡലങ്ങളിലും പല ലേബലുകളിൽ വിമത സ്ഥാനാർത്ഥികൾ വരുന്നതും പരസ്യമായി പാർട്ടി പ്രവർത്തകർ ചേരി തിരിഞ്ഞ് വോട്ട് ചെയ്യുന്നതും മാത്രമല്ല തമ്മിലടിക്കുന്നതും കാണേണ്ടിവരുമായിരുന്നു. തീർന്നില്ല, വി.എസിനെ ആരാധിക്കുന്ന ഇടത്തരക്കാരും നിഷ്പക്ഷരുമായ ഒരു വലിയ വിഭാഗത്തിന് വി.എസിന്റെ വരവ് വലിയ ആവേശം പകരുകയും ചെയ്തു. കഴിഞ്ഞ ഒമ്പതു വർഷമായി വിചാരണതടവിൽ കോയമ്പത്തൂർ ജയിലിൽ കഴിയുന്ന പി.ഡി.പി നേതാവ് അബ്ദുൾ നാസർ മ്അദനി എൽ.ഡി.എഫിനു പ്രഖ്യാപിച്ച അസന്ദിഗ്ധ പിന്തുണ മറ്റൊരു ഘടകം. പി.ഡി.പി വലിയൊരു ശക്തി ഒന്നുമല്ലെങ്കിലും മഅദനി മുസ്ലിം ജനസാമാന്യത്തിൽ കൈവരിച്ചിരിക്കുന്ന പ്രതീകഭാവം ചെറുതല്ല.

ഇവയെല്ലാം കൂടി ചേർന്ന് ഒരു എൽ.ഡി.എഫ് തരംഗത്തിന്റെ ആരവം കണ്ടുതുടങ്ങിയിരുന്നു. 895 കോടി രൂപയുടെ കുടിശിക കണ്ടെത്തിയിട്ടും യു.ഡി.എഫ് സർക്കാർ നടത്തിയ കുറ്റകരമായ അനാസ്ഥയാണ് സ്ഥിതിഗതികൾ ഇത്രയ്ക്ക് വഷളാക്കിയത്.

ഒടുവിൽ ജനവിധി എൽ.ഡി.എഫിനെപ്പോലും അമ്പരപ്പിക്കുന്നതായിരുന്നു. യു.ഡി.എഫിന് കേവലം 42 സീറ്റുമാത്രം ലഭിച്ചപ്പോൾ ഇടതുപക്ഷം 98 സീറ്റുനേടി ബഹുദൂരം മുന്നിലെത്തി. എന്തിനേറെ, മുസ്ലിംലീഗിന്റെ സമുന്നത നേതാക്കളായ പി.കെ. കുഞ്ഞാലിക്കുട്ടി, ഇ.ടി. മുഹമ്മദ് ബഷീർ, ഡോ. എം.കെ. മുനീർ എന്നിവർ തോൽവി രുചിച്ച തിരഞ്ഞെടുപ്പായിരുന്നു അത്. കെ.ആർ. ഗൗരിയമ്മയ്ക്കും എം.വി. രാഘവനുമൊക്കെ അടിയറവ് പറയേണ്ടിവന്നു. ഡെമോക്രാറ്റിക് ഇന്ദിരാ കോൺഗ്രസ് (കരുണാകരൻ) പതിനെട്ടു സ്ഥാനാർഥികളെ മത്സരിപ്പിച്ചതിൽ കുട്ടനാട്ടിൽ തോമസ് ചാണ്ടി മാത്രമാണ് ജയിച്ചത്.

ഉമ്മൻചാണ്ടിയുടെ എതിർ സ്ഥാനാർത്ഥി എസ്.എഫ്.ഐയുടെ തീപ്പൊരി നേതാവ് സിന്ധു ജോയി ആയിരുന്നു. 19,863 വോട്ടിന്റെ ഭൂരിപക്ഷത്തിനു ഉമ്മൻചാണ്ടി വിജയിക്കുകതന്നെ ചെയ്തു.

(തുടരും)





# അരാംകോയുടെ നിർണായക നീക്കം ലക്ഷ്യമിടുന്നതെന്ത്?




സൗദി അറേബ്യയ്ക്ക് വരുമാനം കൊണ്ടുവരുന്ന പ്രധാന സ്രോതസാണ് എണ്ണ കമ്പനിയായ അരാംകോ. ലോകത്ത് ഏറ്റവും കൂടുതൽ എണ്ണ ഉൽപ്പാദിപ്പിച്ച് കയറ്റുമതി ചെയ്യുന്ന കമ്പനിയും ഇത് തന്നെയാണ്. മിക്ക രാജ്യങ്ങളുമായും കമ്പനിക്ക് എണ്ണ ഇടപാടുണ്ട്. എന്നാൽ ഓരോ വർഷവും കോടികൾ വരുമാനം കൊയ്തിരുന്ന കമ്പനിയുടെ സമീപകാലത്തെ ഗ്രാഫ് മികച്ചതല്ല.

സൗദി അരാംകോയുടെ കാര്യത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് ലാഭത്തിൽ ഇടിവ് വന്നിട്ടുണ്ട്. ഈ വിവരം പുറത്തുവന്നതിന് പിന്നാലെ അരാംകോയുമായി ബന്ധപ്പെട്ട് വ്യത്യസ്തമായ വാർത്തകളാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. എണ്ണ വില കുറഞ്ഞതാണ് അരാംകോയ്ക്ക് തിരിച്ചടിയായത്. അതുകൊണ്ടുതന്നെ ലാഭവിഹിതവും ഇപ്പോൾ കുറഞ്ഞിരിക്കുകയാണ്. ഫണ്ട് കണ്ടെത്താൻ വ്യത്യസ്തമായ നീക്കം നടത്താൻ പോകുകയാണ് അരാംകോ.

അതിനായി ആസ്തികൾ വിറ്റ് ഫണ്ട് കണ്ടെത്താനാണ് അരാംകോയുടെ നീക്കം. റോയിട്ടേഴ്സ് ആണ് വിവരം പുറത്തുവിട്ടത്. കമ്പനിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയുന്ന ചിലരെ ഉദ്ധരിച്ചാണ് വാർത്ത പുറത്തുവന്നത്. എന്നാൽ വിവരങ്ങൾ കൈമാറിയ ആരുടെയും പേര് പുറത്തുവിട്ടിട്ടില്ല. എങ്ങനെ ഫണ്ട് കണ്ടെത്താം എന്ന കാര്യത്തിൽ ആശയങ്ങൾ നിക്ഷേപകരിൽ നിന്ന് അരാംകോ ക്ഷണിച്ചിരുന്നു.

നിക്ഷേപകരുടെ നിർദേശ പ്രകാരമാണ് ആസ്തികൾ വിൽക്കാൻ ആലോചിക്കുന്നതെന്നാണ് വിവരം. എന്നാൽ ഏതൊക്കെ ആസ്തികളാണ് വിൽപ്പന നടത്തുക എന്ന് വ്യക്തമായിട്ടില്ല. അരാംകോ ഇക്കാര്യത്തിൽ ഔദ്യോഗികമായി പ്രതകരിച്ചിട്ടുമില്ല. ചെലവ് കുറയ്ക്കാനും വരുമാനം കൂട്ടാനുമുള്ള ആലോചനയാണ് അരാംകോയിൽ. ഇതിന്റെ ഭാഗമായി ജോലികൾ വെട്ടിക്കുറയ്ക്കുമോ എന്ന് വ്യക്തമല്ല.

വ്യോമയാനം, നിർമാണം, കായികം എന്നീ രംഗങ്ങളിലെല്ലാം ഇടപെടുന്ന കമ്പനിയാണ് അരാംകോ. അതുകൊണ്ട് തന്നെ ഏത് മേഖലയിലാണ് ആസ്തികൽ വിൽക്കുക എന്നത് കാത്തിരുന്ന് കാണേണ്ട കാര്യമാണ്. മുമ്പും സമാനമായ രീതിയിൽ ആസ്തി വിൽപ്പന നടത്തി ഫണ്ട് കണ്ടെത്തിയ ചരിത്രം അരാംകോയ്ക്ക് ഉണ്ട്. എന്നാൽ അപ്പോഴൊന്നും എണ്ണയുമായി ബന്ധപ്പെട്ട ആസ്തികളിൽ കാര്യമായി കൈവച്ചിട്ടില്ല.

### അരാംകോ പെട്ടത് ഇങ്ങനെ

ക്രൂഡ് ഓയിൽ വില കുറഞ്ഞതാണ് അരാംകോയ്ക്ക വെല്ലുവിളി സൃഷ്ടിച്ചത്. ബാരലിന് 90 ഡോളർ ചുരുങ്ങിയത് വേണം എന്നാണ് സൗദിയുടെ ആഗ്രഹം. അത്രയും വില ഉണ്ടെങ്കിലേ ബജറ്റ് പദ്ധതികൾ സൗദിക്ക് പൂർത്തീകരിക്കാൻ സാധിക്കൂ. എന്നാൽ നിലവിൽ 6065 ഡോളറാണ് ബാരൽ വില. ഇങ്ങനെ പോയാൽ സൗദിയുടെ സാമ്പത്തിക ഞെരുക്കം വർധിക്കാനാണ് സാധ്യത. പല പദ്ധതികളും വെട്ടിച്ചുരുക്കേണ്ടി വന്നേക്കാം.

ഇതിനിടെയാണ് സൗദി എണ്ണ ഉൽപ്പാദനം കൂട്ടാൻ തീരുമാനിച്ചത്. വിപണിയിലേക്ക് കൂടുതൽ എണ്ണ എത്തിയാൽ ഇനിയും വില കുറയുകയാണ് ചെയ്യുക. എന്നാൽ ഉൽപ്പാദിപ്പിക്കുന്ന എല്ലാ എണ്ണയും വിപണിയിൽ എത്തിക്കാനല്ല സൗദി ആലോചിക്കുന്നത്. പകരം, വർധിച്ചുവരുന്ന വൈദ്യുതി ആവശ്യത്തിന് വേണ്ടി ഉപയോഗിക്കാനാണ് പദ്ധതി. വരുന്ന മൂന്ന് മാസം സൗദിയിൽ വൈദ്യുതി ആവശ്യം കുത്തനെ വർധിക്കും.

അതേസമയം, മറ്റു വരുമാന മാർഗങ്ങൾ കൂടി സൗദി അരാംകോ ആലോചിക്കുന്നുണ്ട്. വിദേശങ്ങളിലെ പ്രധാന കമ്പനികളുമായി സഹകരിച്ച് നിക്ഷേപം നടത്തുക, വിദേശ കമ്പനികളുടെ ഓഹരികൾ വാങ്ങുക തുടങ്ങിയ പദ്ധതികളും നടപ്പാക്കി വരികയാണ്. ചൈനയുടെ പ്രധാന എണ്ണ ശുദ്ധീകരണ ശാലകളിൽ നിക്ഷേപിക്കാൻ സൗദി തീരുമാനിച്ചു. ചിലിയൻ ഇന്ധന വിൽപ്പന കമ്പനിയായ എസ്മാക്സ്, അമേരിക്ക കേന്ദ്രമായുള്ള വാതക കമ്പനിയായ മിഡ് ഓഷ്യൻ എന്നിവിയിലും സൗദി അരാംകോ നിക്ഷേപിച്ചിട്ടുണ്ട്. ട്രംപ് അടുത്തിടെ സൗദിയിലെത്തിയപ്പോൾ 9000 കോടി ഡോളറിന്റെ 34 സുപ്രധാന കരാറുകളിൽ അരാംകോ ഒപ്പുവച്ചിരുന്നു.

# ശതകോടീശ്വരന്മാർ ബ്രിട്ടൺ വിടാൻ കാരണമെന്ത്?



ശതകോടീശ്വരന്മാരുടെ നഗരങ്ങളാണ് ന്യൂയോർക്കും പാരിസും ലണ്ടനുമൊക്കെ. ഈ ഗണത്തിലേക്ക് കുറേ കാലമായി ദുബായും സ്ഥാനം പിടിച്ചിട്ടുണ്ട്. എന്നാൽ അടുത്ത കാലത്തായി കോടീശ്വരന്മാരുടെ ഇഷ്ട നഗരങ്ങളുടെ പട്ടികയിൽ നിന്ന് ലണ്ടൻ പടിയിറങ്ങി വരികയാണ്. ലണ്ടൻ മാത്രമല്ല ബ്രിട്ടനെ മൊത്തമായി ഒഴിവാക്കാൻ താൽപ്പര്യപ്പെടുകയാണത്രെ മിക്ക ധനികരും.

ബ്രിട്ടൻ ഒഴിവാക്കി മറ്റേതെങ്കിലും രാജ്യത്തേക്ക് പോകാം എന്ന് കോടീശ്വരന്മാർ തീരുമാനിക്കാൻ പ്രധാന കാരണം, സമീപകാലത്ത് ബ്രിട്ടീഷ് ഭരണകൂടം നടപ്പാക്കിയ നികുതി പരിഷ്കാരമാണ്. അതേസമയം യുഎഇയിലേക്ക് കൂടുതൽ കോടീശ്വരന്മാർ വരുന്നതിന് കാരണം അവിടെയുള്ള നികുതി ഇളവുകളാണ്. ബ്രിട്ടൻ ഒഴിവാക്കി യുഎഇ തിരഞ്ഞെടുത്തിരിക്കുകയാണ് ശ്രാവിൺ ഭാരതി മിത്തൽ.

ഇന്ത്യയിലെ സമ്പന്നരായ മിത്തൽ കുടുംബത്തിലെ അംഗമാണ് 37 കാരനായ ശ്രാവിൺ മിത്തൽ. സുനിൽ ഭാരതി മിത്തലിന്റെ മകനായ അദ്ദേഹം വർഷങ്ങളായി ബ്രിട്ടനിലാണ് താമസവും ബിസിനസും.

ബ്രിട്ടനിലെ പ്രമുഖ ടെലികോം കമ്പനിയായ ബിടി ഗ്രൂപ്പിന്റെ പ്രധാന ഓഹരി ഉടമകളിൽ ഒരാളാണ് ഈ യുവാവ്. ഇദ്ദേഹം യുഎഇയിലേക്ക് താമസം മാറ്റി എന്നതാണ് ഇതുമായി ബന്ധപ്പെട്ട പുതിയ വാർത്ത.

വിദേശ വംശജരായ കോടീശ്വരന്മാർക്ക് ബ്രിട്ടനിൽ നികുതി കാര്യത്തിൽ ലഭിച്ചിരുന്ന സംരക്ഷണം അടുത്തിടെ എടുത്തു മാറ്റിയിരുന്നു. ലണ്ടൻ കേന്ദ്രമായി ശ്രാവിൺ രൂപീകരിച്ച അൺബൗണ്ട് എന്ന നിക്ഷേപ കമ്പനിയുടെ ബ്രാഞ്ച് ഇപ്പോൾ അബുദാബിയിൽ രജിസ്റ്റർ ചെയ്തിരിക്കുകയാണ്.

ശ്രാവിൺ ലണ്ടൻ വിട്ട് യുഎഇയിലേക്ക് താമസം മാറിയതിന്റെ സൂചനയായി മാധ്യമങ്ങൾ ചൂണ്ടിക്കാട്ടുന്ന കാര്യങ്ങളിൽ ഒന്നാണ് കമ്പനിയുടെ രജിസ്ട്രേഷൻ.

### ബ്രിട്ടനിലെ നികുതി പരിഷ്കാരം

ബിടി ഗ്രൂപ്പിന്റെ 24.5 ശതമാനം ഓഹരി മിത്തൽ കുടുംബത്തിന്റെ നിയന്ത്രണത്തിലാണ്. ഭാരതി ഗ്ലോബൽ ഹോൾഡിങ്സ് വഴിയാണ് കുടുംബം ഈ ഓഹരികൾ നിയന്ത്രിക്കുന്നത്. ഏകദേശം 2720 കോടി ഡോളറിന്റെ മൂല്യമുള്ളതാണ് ഈ നിക്ഷേപം. അതുകൊണ്ടുതന്നെ ശ്രാവിൺ ലണ്ടൻ വിട്ട് യുഎഇയിലേക്ക് താമസം മാറുന്നത് ബ്രിട്ടന് തിരിച്ചടിയാണ്. യുഎഇക്ക് നേട്ടവും. നികുതി പരിഷ്കരണം കാരണം നേരത്തെയും ചില കോടീശ്വരന്മാർ ബ്രിട്ടൻ വിട്ട് പോയിരുന്നു. അതിസമ്പന്നരായ പൗരന്മാർക്ക് വിദേശ രാജ്യങ്ങളിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന് ബ്രിട്ടൻ അടുത്ത കാലം വരെ നികുതി ഇളവ് നൽകിയിരുന്നു. 15 വർഷം വരെ ഇക്കാര്യത്തിൽ ഇളവ് ലഭിച്ചിരുന്നു. എന്നാൽ ഇപ്പോൾ മാറ്റം വന്നിരിക്കുകയാണ്. ഏപ്രിൽ മുതൽ ഇത്തരക്കാർക്ക് നികുതി ചുമത്തുന്നുണ്ട്. ലോകത്തിന്റെ പല ഭാഗങ്ങളിലും ആദായ മാർഗമുള്ള മിത്തൽ കുടുംബത്തെ പോലുള്ളവർക്ക് വലിയ തിരിച്ചടിയാണ് ബ്രിട്ടന്റെ പുതിയ തീരുമാനം.

### എതുകൊണ്ട് യുഎഇ?

അമേരിക്കയിലുള്ള വരുമാനത്തിനും ഫ്രാൻസിലുള്ള വരുമാനത്തിനും ഇന്ത്യയിലുള്ള വരുമാനത്തിനുമെല്ലാം ബ്രിട്ടനിൽ നിശ്ചിത നികുതി കൊടുക്കേണ്ട സാഹചര്യം വ്യവസായികൾക്ക് വലിയ തിരിച്ചടിയാകും. ഒന്നിലധികം രാജ്യങ്ങളിൽ നികുതി കൊടുക്കേണ്ട അവസ്ഥയാണ് അവരെ മാറ്റി ചിന്തിപ്പിക്കുന്നത്. എന്നാൽ യുഎഇയിലേക്ക് എന്തുകൊണ്ട് ആകർഷിക്കപ്പെടുന്നു എന്ന ചോദ്യവുമുണ്ട്. അവിടെയാണ് യുഎഇ നൽകുന്ന നികുതി ഇളവ് ചർച്ചയാകുക.

യുഎഇയിൽ വ്യക്തിഗത ആദായ നികുതിയില്ല. മൂലധന നികുതിയുമില്ല. നിക്ഷേപകരെ ആകർഷിക്കാൻ യുഎഇ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുമുണ്ട്. അതിലൊന്നാണ് 10 വർഷം താമസ അനുമതി നൽകുന്ന ഗോൾഡൻ വിസ തന്നെയാണ്. അതിസമ്പന്നരായ വ്യക്തികൾ യുഎഇയിലേക്ക് താമസം മാറുമ്പോൾ നടപടികൾ ലളിതവുമാണ്. യുഎഇയിലേക്ക് കോടീശ്വരന്മാർ താമസം മാറ്റുന്നു എന്നത് പ്രധാന കാര്യമാണ്. എന്നാൽ ബ്രിട്ടൻ വിട്ട് കോടീശ്വരന്മാർ പോകുന്നു എന്നതും വലിയ ചർച്ചയാണിന്ന്. ഇതുവഴി ബ്രിട്ടന്റെ വരുമാനത്തിൽ വലിയ ഇടിവ് സംഭവിക്കുമെന്ന ആശങ്കയും സാമ്പത്തിക നിരീക്ഷകർ പങ്കുവയ്ക്കുന്നു.



# കന്നടയുടെ ഉത്ഭവം തമിഴിൽനിന്ന്, കമലഹാസനെതിരെ വൻ പ്രതിഷേധം

## കമലഹാസൻ രാജ്യസഭയിലേക്ക്

ചെന്നൈ: ചലച്ചിത്ര താരവും മക്കൾ നീതി മയ്യം അദ്ധ്യക്ഷനുമായ കമലഹാസൻ തമിഴ്നാട്ടിൽ നിന്ന് രാജ്യസഭയിലെത്തും. മക്കൾ നീതി മയ്യം കമലഹാസനെ ഇന്നലെ സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചു. ഡി.എം.കെയുമായുള്ള ധാരണ പ്രകാരമാണ് തീരുമാനം. ഇന്നലെ തിരുവനന്തപുരത്തുണ്ടായിരുന്ന കമലഹാസനും ഇക്കാര്യം സ്ഥിരീകരിച്ചു.

തമിഴ്നാട്ടിൽ ഒഴിവ് വരുന്ന ആറ് രാജ്യസഭാ സീറ്റുകളിൽ ജൂൺ 19നാണ് തിരഞ്ഞെടുപ്പ്. മൂന്ന് സ്ഥാനാർത്ഥികളെ ഡി.എം.കെയും പ്രഖ്യാപിച്ചു. പി.വിൽസൻ വീണ്ടും രാജ്യസഭയിലേക്ക് മത്സരിക്കും. എസ്.ആർ ശിവലിംഗം, എഴുത്തുകാരി സൽമ എന്നിവരാണ് ഡി.എം.കെയുടെ മറ്റ് സ്ഥാനാർത്ഥികൾ. അതേ സമയം, നിലവിൽ രാജ്യസഭാംഗമായ വൈക്കോയ്ക്ക് സീറ്റ് നിഷേധിച്ചു.

ഡി.എം.കെ മുന്നണിക്ക് നാലു പേരെ ജയിപ്പിക്കാനുള്ള അംഗബലമുണ്ട്. രണ്ടു പേരെ എൻ.ഡി.എക്ക് രാജ്യസഭയിലെത്തിക്കാം. അതിലൊന്ന് ബി.ജെ.പിക്ക് വേണമെന്ന് സംസ്ഥാന നേതൃത്വം അണ്ണാ ഡി.എം.കെയോട് ആവശ്യപ്പെട്ടതായാണ് സൂചന. ആവശ്യം അണ്ണാ ഡി.എം.കെ അംഗീകരിച്ചാൽ മുൻ സംസ്ഥാന പ്രസിഡന്റ് കെ. അണ്ണാമലൈ സ്ഥാനാർത്ഥിയായേക്കും.

കമലഹാസന് രാജ്യസഭാ സീറ്റ് നൽകാൻ നേരത്തെ ഡി.എം.കെ തീരുമാനിച്ചിരുന്നു. ഡി.എം.കെയുമായുണ്ടാക്കിയ ധാരണയനുസരിച്ച് കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ മക്കൾ നീതി മയ്യം സ്ഥാനാർത്ഥികളെ നിറുത്തിയില്ല. പകരം കമലഹാസൻ താരപ്രചാരകന്റെ റോളിൽ മുന്നണിക്കു വേണ്ടി വോട്ടു തേടിയിരുന്നു.

''ജനങ്ങളുടെ ശബ്ദം രാജ്യസഭയിലെത്തിക്കും. ഭാഷയ്ക്കോ സംസ്ഥാനത്തിനോ വേണ്ടിയല്ല, രാജ്യത്തിനു വേണ്ടി സംസാരിക്കും'' കമലഹാസൻ

ചെന്നൈ: തമിഴിൽ നിന്നാണ് കന്നട ഉത്ഭവിച്ചതെന്ന നടൻ കമല ഹാസന്റെ പരാമർശത്തിനെതിരെ കർണാടകയിൽ വൻ പ്രതിഷേധം. ചെന്നൈയിൽ പുതിയ സിനിമ 'തഗ് ലൈഫി'ന്റെ റിലീസിനോട് അനുബന്ധിച്ചുനടന്ന പരിപാടിയിൽ നടത്തിയ പരാമർശമാണ് വിവാദമായത്.

'നിങ്ങളുടെ ഭാഷ (കന്നട) തമിഴിൽ നിന്ന് പിറന്നതാണ്' എന്നാണ് പറഞ്ഞത്. പിന്നാലെ രൂക്ഷ വിമർശനമാണുയർന്നത്. കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ ഉൾപ്പെടെ നിരവധിപേർ വിയോജിപ്പുമായി രംഗത്തെത്തി. കർണാടക ബി.ജെ.പി അദ്ധ്യക്ഷനും കന്നട അനുകൂല സംഘടനകളും പ്രതിഷേധമറിയിച്ചു.

ബംഗളൂരുവിൽ വിവിധ സംഘടനകളുടെ പ്രതിഷേധ പ്രകടനങ്ങൾ നടന്നു. കമല ഹാസന്റെ പുതിയ സിനിമ തഗ് ലൈഫ് പുറത്തിറങ്ങാനിരിക്കെയാണ് വിവാദം. സിനിമാ പോസ്റ്ററുകൾ കീറിയെറിഞ്ഞാണ് പലയിടത്തും പ്രതിഷേധിച്ചത്. തന്റെ പരാമർശം തെറ്റിദ്ധരിച്ചതാണെന്ന് പിന്നീട് കമല ഹാസൻ പ്രതികരിച്ചു.

'ഉയിരേ ഉറവേ തമിഴേ' (എന്റെ ജീവിതവും കുടുംബവും തമിഴ് ഭാഷയാണ്) എന്ന് പറഞ്ഞുകൊണ്ടാണ് അദ്ദേഹം പ്രസംഗം ആരംഭിച്ചത്. കന്നട നടൻ ശിവരാജ് കുമാറും ചടങ്ങിൽ പങ്കെടുത്തു. 'എന്റെ കുടുംബമാണിത്. അതുകൊണ്ടാണ് അദ്ദേഹം (ശിവരാജ് കുമാർ) ഇവിടെ വന്നത്. അതുകൊണ്ടാണ് ഞാൻ എന്റെ പ്രസംഗം ജീവൻ, ബന്ധം, തമിഴ് എന്ന് പറഞ്ഞുതുടങ്ങിയത്. നിങ്ങളുടെ ഭാഷ (കന്നട) തമിഴിൽ നിന്ന് പിറന്നതാണ്, അതിനാൽ നിങ്ങളും ഇതിൽ ഉൾപ്പെടുന്നു.' എന്നായിരുന്നു പരാമർശം.

സംസ്കാരമില്ലാത്ത പെരുമാറ്റമാണ് നടന്റേതെന്ന് ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ വിജയേന്ദ്ര യെദ്യൂരപ്പ പ്രതികരിച്ചു. 'കന്നടയെ അദ്ദേഹം അപമാനിച്ചു. തമിഴ് ഭാഷയെ മഹത്വവത്കരിക്കാനായി നടൻ ശിവരാജ് കുമാറിനെ വേദിയിലിരുത്തി കന്നടയെ അപമാനിച്ചത് അഹങ്കാരത്തിന്റെയും ധിക്കാരത്തിന്റെയും ഉദാഹരണമാണ്. കമല ഹാസൻ മാപ്പ് പറയണം'. അദ്ദേഹം ആവശ്യപ്പെട്ടു.





കന്നടയുടെ ചരിത്രത്തെക്കുറിച്ച് കമൽ ഹാസന് അറിയില്ല. കന്നടയ്ക്ക് ഒരു ചരിത്രമുണ്ട്. പാവം കമൽ ഹാസന് അതിനെക്കുറിച്ച് അറിയില്ല എന്ന് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ പറഞ്ഞു.

### കന്നഡയെ കുറിച്ച് പറഞ്ഞത് സ്നേഹം കൊണ്ട്: കമലഹാസൻ

തിരുവനന്തപുരം: കന്നഡ ഭാഷ തമിഴിൽ നിന്നാണ് ജന്മം കൊണ്ടതെന്ന് സ്നേഹം കൊണ്ടു പറഞ്ഞതാണെന്നും, സ്നേഹം ഒരിക്കലും ക്ഷമാപണം നടത്തില്ലെന്നും നടൻ കമലഹാസൻ. തമിഴ് ചിത്രം 'തഗ് ലൈഫിന്റെ' റിലീസിനോടനുബന്ധിച്ച് നടത്തിയ വാർത്താ സമ്മേളനത്തിലാണ് കമലഹാസൻ വിവാദ പരാമർശത്തിൽ പ്രതികരിച്ചത്.

കന്നഡ നടൻ ശിവരാജ് കുമാറിനോട് ഏറെ സ്നേഹത്തോടെ പറഞ്ഞ കാര്യമാണ് വിവാദമായത്. ഭാഷ സംബന്ധിച്ച് ആഴത്തിലുള്ള ചർച്ചകൾ ചരിത്രകാരന്മാർക്കും ഭാഷാ പണ്ഡിതന്മാർക്കും വിടുന്നതാവും ഉചിതമെന്നും കമലഹാസൻ പറഞ്ഞു. തഗ് ലൈഫ് സിനിമയെയും തന്നെയും ജനങ്ങൾ സംരക്ഷിക്കുമെന്നും അദ്ദേഹം പറഞ്ഞു.

മാപ്പ് പറഞ്ഞില്ലെങ്കിൽ പുതിയ സിനിമ ബഹിഷ്കരിക്കുമെന്ന് ചൂണ്ടിക്കാട്ടി കന്നഡ സംഘടനകൾ പ്രതിഷേധം ശക്തമാക്കുന്നതിനിടെയാണ് കമലഹാസൻ പ്രതികരിച്ചത്.

''ഞാൻ സ്നേഹത്തിന്റെ പുറത്തു പറഞ്ഞതാണ്. ആരോപണം ഉന്നയിക്കുന്നവർ ആശയക്കുഴപ്പമുണ്ടാക്കാനാണ് ശ്രമിക്കുന്നത്. തമിഴ്നാട് ഏറെ വിശാലമായി ചിന്തിക്കുന്ന അപൂർവമായ സംസ്ഥാനമാണ്. മേനോനും റെഡ്ഡിയും തമിഴനും കന്നഡിഗ അയ്യങ്കാറും അവിടെ മുഖ്യമന്ത്രിമാരായിട്ടുണ്ട്. എനിക്ക് ചെന്നൈയിൽ ഒരു പ്രശ്നമുണ്ടായപ്പോൾ കർണാടകയിൽ നിന്നാണ് വലിയ പിന്തുണ ലഭിച്ചത്. എവിടെയും പോകേണ്ട, കന്നടത്തിലേക്കു വരൂ ഇവിടെ വീട് നൽകാം എന്നാണ് കന്നഡിഗർ പറഞ്ഞത്.

വടക്കൻ മേഖലയിൽ നിന്നു നോക്കിയാൽ അവർ പറയുന്നതാണ് ശരിയെന്നു തോന്നും. തെക്ക് കന്യാകുമാരിയിൽ നിന്നു നോക്കിയാൽ ഞാൻ പറഞ്ഞതാവും ശരി. ചരിത്രകാരന്മാർക്കും ഗവേഷകർക്കും ഭാഷാ പണ്ഡിതന്മാർക്കും മൂന്നാമതൊരു വാദമുണ്ടാകും. കന്നഡ താരം ശിവണ്ണയോടാണ് ഞാൻ സ്നേഹത്തോടെ അങ്ങനെ പറഞ്ഞത്. ശിവണ്ണയുടെ പിതാവ് എനിക്ക് ജ്യേഷ്ഠതുല്യനാണ്. ഞങ്ങളുടേത് ഒരു കുടുംബം പോലെയാണ്. അതു പോലെയാണ് ഭാഷകളും. കമലഹാസൻ പറഞ്ഞു.











# റെക്കോർഡ് പ്രതിഫലം; കൂലിക്കായി രജനികാന്ത് വാങ്ങുന്നതെത്ര?

ലോകേഷ് കനകരാജ്-രജനീകാന്ത് കൂട്ടുകെട്ടിൽ ഒരുങ്ങുന്ന കൂലി എന്ന ചിത്രത്തിനായി തമിഴ് സിനിമാപ്രേമികൾ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. ചിത്രത്തെക്കുറിച്ചുള്ള ഓരോ അപ്ഡേറ്റുകളും മികച്ച പ്രതികരണമാണ് നേടിക്കൊണ്ടിരിക്കുന്നത്.ഓഗസ്റ്റ് 14 ന് ചിത്രം തിയേറ്ററുകളിൽ എത്തും. ഇപ്പോൾ, ചിത്രത്തിൽ അഭിനയിച്ചതിന് നടൻ രജനീകാന്തിന് ലഭിച്ച പ്രതിഫലത്തെക്കുറിച്ച് റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട്.350 കോടി ബജറ്റിലാണ് ചിത്രം നിർമിക്കുന്നതെന്നാണ് റിപ്പോർട്ടുകൾ. 150 കോടി രൂപയാണ് ചിത്രത്തിൽ അഭിനയിക്കുന്നതിനായി രജനികാന്ത് കൈപ്പറ്റിയിരിക്കുന്ന പ്രതിഫലമെന്നാണ് പുറത്തുവരുന്ന വിവരം. 50 കോടി രൂപയാണ് സംവിധായകൻ ലോകേഷിന്റെ ചിത്രത്തിലെ പ്രതിഫലം. പുറത്തുവരുന്ന റിപ്പോർട്ടുകൾ ശരിയാണെങ്കിൽ ഏറ്റവും കൂടുതൽ പ്രതിഫലം കൈപ്പറ്റുന്ന സംവിധായകൻ കൂലിയിലൂടെ ലോകേഷ് ആകും.



## ഫഹദ് ഫാസിൽ മികച്ച നടൻ, ഒന്നിച്ച് അഭിനയിക്കാൻ ആഗ്രഹിക്കുന്നു: ആലിയ ഭട്ട്

നടൻ ഫഹദ് ഫാസിലിനൊപ്പം അഭിനയിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു ബോളിവുഡ് നടി ആലിയ ഭട്ട്. കാൻ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ പങ്കെടുക്കാൻ എത്തിയപ്പോഴായിരുന്നു താരത്തിന്റെ പ്രതികരണം. ഏതെങ്കിലും സംവിധായകർക്കൊപ്പമോ നടന്മാർക്കൊപ്പമോ പ്രവർത്തിക്കാൻ താത്പര്യമുണ്ടോ എന്ന ചോദ്യത്തിനാണ് ഫഹദിനെ കുറിച്ചും ആവേശം സിനിമയെ കുറിച്ചും ആലിയ സംസാരിച്ചത്. ഫഹദ് അഭിനയിച്ച ആവേശം ആണ് തന്റെ പ്രിയപ്പെട്ട സിനിമയെന്നും ഫഹദ് ഫാസിൽ ഒരു മികച്ച നടനാണെന്നും എപ്പോഴെങ്കിലും അദ്ദേഹത്തോടൊപ്പം അഭിനയിക്കാൻ ആഗ്രഹമുണ്ടെന്നും ആലിയ പറഞ്ഞു. ഡാർലിങ്സിൽ റോഷൻ മാത്യുവിനൊപ്പം അഭിനയിച്ചതിന്റെ അനുഭവവും ആലിയ പങ്കുവെച്ചു. റോഷൻ മാത്യു മികച്ച നടനാണെന്നും അദ്ദേഹത്തിനൊപ്പം ജോലി ചെയ്യാനായത് മികച്ച അനുഭവമായിരുന്നുവെന്നും ആലിയ വ്യക്തമാക്കി. മലയാളത്തിൽ മികച്ച സിനിമകളുടെ ഭാഗമായ റോഷൻ മാത്യു ഹിന്ദിയിലും ഓളങ്ങളുണ്ടാക്കുകയാണെന്നും ആലിയ പറഞ്ഞു.ഒടിടി പ്ലാറ്റ്ഫോമുകൾ വന്നതോടെ പ്രാദേശിക വകഭേദങ്ങൾ ഇല്ലാതായെന്നും ആലിയ ഭട്ട് പറഞ്ഞു.





# നാലാമത്തെ ഗർഭം 'അൺപ്ലാനഡ് പ്രഗ്നെൻസി' ആയിരുന്നു: മേഗൻ ഫോക്സ്

തന്റെ നാലാമത്തെ ഗർഭം അൺപ്ലാനഡ് പ്രഗ്നെൻസി ആയിരുന്നുവെന്ന് നടി മേഗൻ ഫോക്സ്. പുതിയ ആമസോൺ പ്രൈം ടിവി പരമ്പരയായ ഓവർകമ്പൻസേറ്റിംഗിലെ തന്റെ വേഷത്തെക്കുറിച്ചുള്ള ഒരു വീഡിയോ പങ്കുവയ്ക്കുമ്പോഴായിരുന്നു പ്രതികരണം.38 വയസ്സുള്ള ഞാൻ ആറ് ആഴ്ച ഗർഭിണിയാണ്. അൺപ്ലാനഡ് ആണെങ്കിലും സന്തോഷമുണ്ടെന്ന് ഫോക്സ് എഴുതി. ദയവായി പുരുഷാധിപത്യത്തെ കേൾക്കുന്നത് നിർത്തുക. സ്ത്രീകൾ ശാശ്വത പ്രകാശജീവികളാണ്. നിങ്ങൾക്ക് ഒരു കാലഹരണ തീയതിയില്ല.നിങ്ങളുടെ ശക്തി കവർന്നെടുക്കാൻ അനുവദിക്കരുത്- ഫോക്സ് കൂട്ടിച്ചേർത്തു.മാർച്ചിലാണ് മെഷീൻ ഗൺ കെല്ലി (35) യിൽ നിന്ന് ഫോക്സ് തന്റെ നാലാമത്തെ കുഞ്ഞിന് ജന്മം നൽകിയത്. മുൻ ഭർത്താവ് ബ്രയാൻ ഓസ്റ്റിൻ ഗ്രീനിൽ നോഹ (12), ബോധി (11), ജേർണി (8) എന്നി 3 മക്കൾ ഫോക്സിനുണ്ട്.

# വേദിയിൽ നർത്തകരെ ചുംബിച്ച് ജെന്നിഫർ ലോപ്പസ്



2025ലെ അമേരിക്കൻ മ്യൂസിക് അവാർഡുകൾക്ക് തുടക്കം കുറിച്ച് ജെന്നിഫർ ലോപ്പസ്. 55 കാരിയായ ലോപ്പസ്, അതിശയിപ്പിക്കുന്ന ഷീർ ബോഡി സ്യൂട്ടിൽ ഹിറ്റ് ഗാനങ്ങളുടെ ഒരു മിശ്രിതം അവതരിപ്പിച്ചുകൊണ്ട് പ്രേക്ഷകരെ അത്ഭുതപ്പെടുത്തി.ലോപ്പസിന്റെ സിഗ്നേച്ചർ ശൈലിയും കരിഷ്മാറ്റിക്ക് പ്രകടനവും പരിപാടിയുടെ ഹൈലൈറ്റായിരുന്നു.പ്രകടനത്തിനിടെ ലോപ്പസ് രണ്ട് നർത്തകരെ ചുംബിച്ചു. അപ്രതീക്ഷിതമായ ആ ടിസ്റ്റ് ആരാധകരെയും കാഴ്ചക്കാരെയും ആവേശഭരിതരാക്കി.2024-ൽ ഫാമിലിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി ടൂറിൽ നിന്ന് പിന്മാറിയ ലോപ്പസിന് ഈ പ്രകടനം ശക്തമായ തിരിച്ചുവരവായി മാറി. റിഹേഴ്സലിനിടെ മുഖത്ത് പരിക്കേറ്റെങ്കിലും, തന്റെ തിരിച്ചുവരവ് പ്രധാനമാണെന്ന് ലോപ്പസ് ദൃഢനിശ്ചയം ചെയ്തു.ഗ്വെൻ സ്റ്റെഫാനി, ബ്ലെയ്ക്ക് ഷെൽട്ടൺ, ഗ്ലോറിയ എസ്റ്റെഫാൻ, ബെൻസൺ ബൂൺ, ലെയ്നി വിൽസൺ, റെനി റാപ്പ് എന്നിവരുൾപ്പെടെ ശ്രദ്ധേയമായ കലാകാരന്മാരുടെ ഒരു നിര തന്നെ ഷോയിൽ ഉണ്ടായിരുന്നു.



# ‘സിംഗിളാണ്, നല്ലൊരു പെൺകുട്ടിയെ കിട്ടിയാൽ വിവാഹം കഴിച്ച് കേരളത്തിൽ കൂടണം’:കിലി പോൾ

സോഷ്യൽ മീഡിയാ റീലുകളിലൂടെ മലയാളം ഗാനങ്ങൾക്ക് ലിപ് സിങ്ക് ചെയ്തും നൃത്തം ചെയ്തുമെല്ലാം കേരളത്തിന് സുപരിചിതനാണ് കിലി പോൾ. ടാൻസാനിയക്കാരനായ കിലി പോളിനെ ഉണ്ണിയേട്ടനെന്നാണ് മലയാളികൾ സോഷ്യൽ മീഡിയയിൽ സ്നേഹപൂർവം വിളിക്കുന്നത്. കേരളത്തിനോടുള്ള സ്നേഹം കിലി പ്രകടിപ്പിക്കാറുമുണ്ട്. കിലി ആദ്യമായി അഭിനയിക്കുന്ന മലയാളം സിനിമയാണ് ഇന്നസെന്റ്. സിനിമയുടെ പ്രമോഷൻറെ ഭാഗമായി കൊച്ചിയിൽ ലുലു മാളിൽ കിലി എത്തിയിരുന്നു. നല്ലൊരു മലയാളി പെൺകുട്ടിയെ കണ്ടെത്തിയാൽ വിവാഹം കഴിച്ച് കേരളത്തിൽ കൂടാണമെന്ന് പറയുകയാണ് കിലി.വിവാഹിതനാണോ എന്ന അവതാരകന്റെ ചോദ്യത്തിന് മറുപടിയായി, താൻ വിവാഹിതനല്ലെന്നും ഇപ്പോഴും സിംഗിളാണെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിൽ നിന്ന് നല്ലൊരു പെൺകുട്ടിയെ കണ്ടെത്തിയാൽ വിവാഹം ചെയ്ത് ഇവിടെ തന്നെ സ്ഥിരമായി താമസിക്കുമെന്നും കിലി പറഞ്ഞു.ഈ വീഡിയോ വ്യാപകമായി സോഷ്യൽ മീഡിയിൽ പ്രചരിക്കുന്നുണ്ട്. ശോഭനയാണ് മലയാളത്തിലെ ഇഷ്ടനടിയെന്നും നടന്മാരിൽ മോഹൻലാൽ, മമ്മൂട്ടി, ഫഹദ് ഫാസിൽ, ഉണ്ണി മുകുന്ദൻ എന്നിവരെയാണ് കൂടുതൽ ഇഷ്ടമെന്നും കിലി പറഞ്ഞു.



## കാഴ്ചയുടെ പൊടിപൂരം; കാണാം ഈ ആഴ്ചയിലെ

# അടിപൊളി ഒടിടി റിലീസുകൾ

***നിങ്ങൾ കാണണമെന്ന് ആ?ഗ്രഹിച്ചിരുന്ന ഒരുപിടി സിനിമകളാണ് ഈ വാരാന്ത്യത്തോടെ ഒടിടിയിൽ എത്തുന്നത്. വിവിധ ഒടിടി പ്ലാറ്റ്ഫോമുകളിലൂടെ സ്ട്രീമിങ് ആരംഭിക്കുന്ന ചിത്രങ്ങൾ ഏതൊക്കെ? അവ എപ്പോൾ, എവിടെ കാണാം? നോക്കാം***

**തുടരും**
(ജിയോ ഹോട്ട്സ്റ്റാർ)
തീയതി: മെയ് 30

മോഹൻലാലിനെയും ശോഭനയേയും കേന്ദ്ര കഥാപാത്രങ്ങളാക്കി തരുൺ മൂർത്തി സംവിധാനം ചെയ്ത ‘തുടരും’ തിയറ്ററുകളിൽ പ്രദർശനം തുടരുകയാണ്. ആഗോളതലത്തിൽ ചിത്രം 232.25 കോടി കളക്ഷൻ നേടിയതായാണ് റിപ്പോർട്ട്.
200 കോടി ക്ലബ്ബിലെത്തുന്ന മൂന്നാമത്തെ മലയാളം ചിത്രമെന്ന സവിശേഷതയും ചിത്രം ഇതിനോടകം സ്വന്തമാക്കിയിരുന്നു. ഇപ്പോഴിതാ ചിത്രത്തിന്റെ ഒടിടി റിലീസ് തീയതി ഔദ്യോഗികമായി പ്രഖ്യാപിച്ചിരിക്കുകയാണ്.

**ഹിറ്റ് 3**
(നെറ്റ്ഫ്ലിക്സ്)
തീയതി: മെയ് 29

നാനി നായകനായെത്തി സൂപ്പർ ഹിറ്റായി മാറിയ ചിത്രമാണ് ‘ഹിറ്റ് 3’. ചിത്രം ഇപ്പോൾ ഒടിടിയിലൂടെ പ്രേക്ഷകരിലേക്ക് എത്തുകയാണ്. നാനിയുടെ 32-ാമത് ചിത്രമാണ് ഹിറ്റ് 3. അർജുൻ സർക്കാർ എന്ന പൊലീസ് ഓഫീസറുടെ വേഷത്തിലാണ് നാനി എത്തുന്നത്.

**ജെറി**
(സിംപ്ലി സൗത്ത്)
തീയതി: മെയ് 30

അനീഷ് ഉദയ് സംവിധാനം ചെയ്ത ഫാമിലി എന്റർടെയ്നർ ജെറിയും ഒടിടിയിലേക്ക് എത്തുകയാണ്. പ്രമോദ് വെളിയനാട്, കോട്ടയം നസീർ, സണ്ണി ജോസഫ് തുടങ്ങിയവരാണ് ചിത്രത്തിൽ പ്രധാന വേഷങ്ങളിലെത്തുന്നത്.

**ടൂറിസ്റ്റ് ഫാമിലി**
(ജിയോ ഹോട്ട്സ്റ്റാർ)
തീയതി: ജൂൺ 6

സമീപകാലത്ത് തിയറ്ററുകളിൽ സർപ്രൈസ് ഹിറ്റായി മാറിയ ചിത്രമാണ് ടൂറിസ്റ്റ് ഫാമിലി. ശശികുമാറും സിമ്രാനും ഒന്നിച്ച ചിത്രം 50 കോടിയിൽ അധികമാണ് കളക്ഷൻ നേടിയത്. മെയ് ഒന്നിനായിരുന്നു ചിത്രം തിയറ്ററുകളിൽ എത്തിയത്. നവാഗതനായ അഭിഷാൻ ജീവിന്ത് സംവിധാനം ചെയ്ത ചിത്രം മികച്ച പ്രതികരണമാണ് നേടിയത്. ടൂറിസ്റ്റ് ഫാമിലി ജൂൺ ആറിന് ജിയോ ഹോട്ട്സ്റ്റാറിൽ ചിത്രം എത്തുമെന്നാണ് സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകൾ.

**റെട്രോ**
(നെറ്റ്ഫ്ലിക്സ്)
തീയതി: മെയ് 31

സൂര്യ നായകനായി അടുത്തിടെ പുറത്തിറങ്ങിയ ചിത്രമാണ് ആരാധകർ ആകാംക്ഷയോടെ കാത്തിരുന്ന റെട്രോ. കാർത്തിക് സുബ്ബരാജ് സംവിധാനം ചെയ്ത ചിത്രം സമ്മിശ്ര പ്രതികരണങ്ങളാണ് തിയറ്ററുകളിൽ നേടിയത്. പൂജ ഹെഗ്ഡെ ആണ് ചിത്രത്തിൽ നായികയായെത്തുന്നത്. ജോജു ജോർജ്, ജയറാം, കരുണാകരൻ തുടങ്ങി വമ്പൻ താര നിരയാണ് ചിത്രത്തിലുള്ളത്. നെറ്റ്ഫ്ലിക്സിലൂടെയാണ് റെട്രോ ഒടിടിയിലെത്തുന്നത്. തമിഴിനു പുറമേ മലയാളം, തെലുങ്ക്, കന്നഡ, ഹിന്ദി ഭാഷകളിലും ചിത്രം കാണാം.

**ക്യാപ്റ്റൻ അമേരിക്ക: ബ്രേവ് ന്യൂ വേൾഡ്**
ജിയോ ഹോട്ട്സ്റ്റാർ
തീയതി: മെയ് 28

ജൂലിയസ് ഓണ സംവിധാനം ചെയ്ത ഈ ചിത്രത്തിൽ ആന്റണി മാക്കി, ഹാരിസൺ ഫോർഡ്, ഡാനി റാമിറെസ്ഡെ, ഷിറ ഹാസ്, കാൾ ലംബ്ലി എന്നിവർ അഭിനയിക്കുന്നു.

**ദി ബെറ്റർ സിസ്റ്റർ**
ആമസോൺ പ്രൈം
തീയതി: മെയ് 29

അലാഫെയർ ബർക്കിന്റെ അതേ പേരിലുള്ള ഒരു പുസ്തകത്തെ ആസ്പദമാക്കിയുള്ള ഈ ചിത്രം ക്ലോയിയുടെ ഭർത്താവ് ആദത്തിന്റെ കൊലപാതക അന്വേഷണത്തെ വിവരിക്കുന്നു. ഒലിവിയ മിൽച്ചും റെജീന കൊറാഡോയും ചേർന്ന് സൃഷ്ടിച്ച ഈ പരമ്പരയിൽ ജെസീക്ക ബീൽ, എലിസബത്ത് ബാങ്ക്സ്, കോറി സ്റ്റോൾ, മാക്സ്വെൽ ഏസി ഡോണോവൻ, കിം ഡിക്കൻസ് എന്നിവർ അഭിനയിക്കുന്നു.























# സുരേഷ് ഗോപി വീണ്ടും വക്കീൽ കുപ്പായത്തിൽ; ജെ.എസ്.കെ അപ്ഡേറ്റ്

സുരേഷ് ഗോപി നായകനായി എത്തുന്ന ഏറ്റവും പുതിയ ചിത്രമാണ് ജെ.എസ്.കെ. ചിത്രത്തിന്റെ പുത്തൻ അപ്ഡേറ്റ് എത്തി. ജെ.എസ്.കെയുടെ ഒഫീഷ്യൽ മോഷൻ പോസ്റ്റർ ഉടൻ റിലീസ് ചെയ്യും എന്നാണ് സുരേഷ് ഗോപി അറിയിച്ചിരിക്കുന്നത്. പ്രവീൺ നാരായണൻ സംവിധാനം ചെയ്യുന്ന ചിത്രമാണ് ജെ.എസ്.കെ. സിനിമയുടെതായി നേരത്തെ റിലീസ് ചെയ്ത ടീസർ ഏറെ ശ്രദ്ധനേടിയിരുന്നു. ജെ എസ് കെ ഉടൻ തിയറ്ററുകളിൽ എത്തും. ഒരു ഇടവേളയ്ക്ക് ശേഷം സുരേഷ് ഗോപി വക്കീൽ വേഷത്തിൽ എത്തുന്ന ചിത്രം കൂടിയാണ് 'ജെ.എസ്.കെ'. കോർട് റൂം ഡ്രാമ വിഭാഗത്തിൽ പെടുന്നതാണ് ചിത്രം. സുരേഷ് ഗോപിയുടെ മകൻ മാധവ് അഭിനയിക്കുന്ന ചിത്രം എന്ന പ്രത്യേകതയും 'ജെഎസ്കെ'യ്ക്കുണ്ട്.




# അവഞ്ചേഴ്സ്: ഡൂംസ്ഡേ റിലീസ് 2026 ൽ

ഹോളിവുഡിൽ നിന്നുള്ള ഒരു പുതിയ റിപ്പോർട്ട് പറയുന്നത് മാർവൽ സ്റ്റുഡിയോസിന്റെ വരാനിരിക്കുന്ന ചിത്രം അവഞ്ചേഴ്സ്: ഡൂംസ്ഡേ 2026 ഡിസംബർ 18 ന് റിലീസ് ചെയ്യുമെന്നാണ്. അവഞ്ചേഴ്സ്, എക്സ്-മെൻ, ഫന്റാസ്റ്റിക് ഫോർ, തണ്ടർബോൾട്ട്സ് എന്നിവ ഒന്നിക്കുന്ന ചിത്രം നേരത്തെ 2026 മെയ് 1 ന് റിലീസ് ചെയ്യാൻ തീരുമാനിച്ചിരുന്നു. എന്നിരുന്നാലും, ഷൂട്ടിംഗ് വൈകിയതിനാൽ, സ്റ്റുഡിയോ പുതിയ തീയതി നിശ്ചയിക്കുകയായിരുന്നു.അതേസമയം ചിത്രത്തിൻറെ ചില സാമ്പത്തിക കണക്കുകളും വൈറലാകുന്നുണ്ട്. വൻ താരനിരയുമായി എത്തുന്ന ചിത്രം നിർമ്മാണത്തിനും ചിലവഴിക്കുന്നത് വൻ തുകയാണ്. അതിനാൽ തന്നെ ചിത്രം ലാഭകരമായി ബിസിനസ് നേടി എന്ന അവസ്ഥയിൽ എത്താൻ ചിത്രം ആഗോള വ്യാപകമായി 200 കോടി യുഎസ് ഡോളർ എങ്കിലും നേടേണ്ടി വരും എന്നാണ് പുതിയ കണക്കുകൾ പറയുന്നത്. ഈ കണക്ക് പ്രസക്തമാകുന്നത് ഇതുവരെ ലോക സിനിമയിൽ 2 ബില്ല്യൺ യുഎസ് ഡോളർ എന്ന നേട്ടം നേടിയ ചിത്രങ്ങൾ വെറും ആറെണ്ണം മാത്രമാണ്. അവതാർ (2009), ടൈറ്റാനിക് (1997), അവഞ്ചേഴ്സ്: എൻഡ്ഗെയിം (2019), സ്റ്റാർ വാർസ്: ദി ഫോഴ്സ് അവേക്കൻസ് (2015), അവഞ്ചേഴ്സ്: ഇൻഫിനിറ്റി വാർ (2018), അവതാർ: ദി വേ ഓഫ് വാട്ടർ (2022) എന്നിവയാണ് ഈ നേട്ടം നേടിയ ചിത്രങ്ങൾ. ഈ ലിസ്റ്റിൽ എത്തിയാൽ മാത്രമായിരിക്കും അടുത്ത അവഞ്ചേഴ്സ് ചിത്രം ഹിറ്റാണ് എന്ന് പറയാൻ സാധിക്കൂ. മാർവൽ സിനിമാറ്റിക് യൂണിവേഴ്സിലെ ഏറ്റവും വലിയ പണംവാരിപ്പടങ്ങളായ ആവേഞ്ചേർസ് ഇൻഫിനിറ്റി വാർ, എൻഡ് ഗെയിം എന്നിവ സംവിധാനം ചെയ്ത റൂസോ ബ്രദേഴ്സിൻറെ എംസിയു തിരിച്ചുവരവ് കൂടിയാണ് അവഞ്ചേഴ്സ്: ഡൂംസ്ഡേ.

# റണ്ണിംഗ് മാൻ റീമേക്കിൽ ഷ്വാസ്നെഗറിന് പകരം നടൻ ഗ്ലെൻ പവൽ

റണ്ണിംഗ് മാന്റെ റീമേക്കിൽ നിന്ന് പിന്മാറി നടൻ ആർനോൾഡ് ഷ്വാസ്നെഗർ. പകരം നടൻ ഗ്ലെൻ പവലിന് വേഷം നൽകി. ടോപ്പ് ഗൺ: മാവെറിക്കിലെ അഭിനയത്തിന് പേരുകേട്ട പവൽ ഈ ധീരമായ വെല്ലുവിളിയെ നേരിടാൻ തയ്യാറാണെന്ന് ഷ്വാസ്നെഗർ പറഞ്ഞു.1987-ൽ പോൾ മൈക്കൽ ഗ്ലേസറിന്റെ സംവിധാനത്തിൽ പുറത്തിറങ്ങിയ 'റണ്ണിംഗ് മാൻ', സ്റ്റീഫൻ കിംഗിന്റെ നോവലിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതാണ്. ഷ്വാസ്നെഗർ അവതരിപ്പിച്ചത് ബെൻ റിച്ചാർഡ്സ് എന്ന കഥാപാത്രത്തെയാണ്.ആർനോൾഡ് ഷ്വാസ്നെഗർ നിരവധി ഐക്കണിക് സിനിമകളുടെ ഭാഗമായിട്ടുണ്ട്, എന്നാൽ അദ്ദേഹത്തിന്റെ സയൻസ് ഫിക്ഷൻ ആക്ഷൻ ചിത്രമായ റണ്ണിംഗ് മാൻ (1987) ഒരു പ്രത്യേക ആരാധകവൃന്ദത്തെ ഉൾക്കൊള്ളുന്നു. ഇതിഹാസ വൺ-ലൈനറുകളും റിയാലിറ്റി ടിവിയുടെ പ്രവചനാത്മകമായ ഒരു കാഴ്ചപ്പാടും കൊണ്ട് ഒരു കൾട്ട് ക്ലാസിക് ആയി മാറി.റണ്ണിംഗ് മാന്റെ റീമേക്ക് 2025 നവംബർ 5 ന് റിലീസ് ചെയ്യും. ഏകദേശം നാല് പതിറ്റാണ്ടുകൾക്ക് ശേഷമാണ് ഈ ചിത്രത്തിന് റീമേക്ക് വരുന്നത്.




# മോഹൻലാൽ - പ്രഭാസ് ചിത്രം 'കണ്ണപ്പ'യുടെ ഹാർഡ് ഡിസ്ക്ക് കാണ്മാനില്ല



വിഷ്ണു മഞ്ചു ചിത്രം 'കണ്ണപ്പ'യുടെ നിർണായക രംഗങ്ങളടങ്ങിയ ഹാർഡ് ഡിസ്ക് കാണാതായെന്ന് വിവരം. ചിത്രത്തിലെ വിഎഫ്എക്സ് ഭാഗങ്ങൾ സൂക്ഷിച്ചിരുന്ന ഹാർഡ് ഡിസ്കാണ് കാണാതായത്. ഹാർഡ് ഡിസ്കുമായി വിഷ്ണു മഞ്ചുവിന്റെ ഓഫിസിൽ തന്നെയുള്ള ആളാണ് കൊണ്ടു പോയതെന്നാണ് വിവരം. സംഭവവുമായി ബന്ധപ്പെട്ട് രണ്ട് പേർക്കെതിരെ ഫിലിം നഗർ പോലീസ് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തു.നായകനായ വിഷ്ണു മഞ്ചുവിന്റെ ഓഫീസ് ജീവനക്കാരനായ രഘു, ചരിത എന്ന യുവതി എന്നിവർക്കെതിരെയാണ് കേസ്. ഇരുവരെയും നിലവിൽ കാണാനില്ല. മുംബൈയിൽ നിന്ന് സിനിമയുടെ ഹാർഡ് ഡ്രൈവ് ഫിലിം നഗറിലെ ട്വന്റി ഫോർ ഫ്രെയിംസ് ഫാക്ടറിയിലേക്ക് കൊറിയർ വഴി അയച്ചിരുന്നു.ഈ ഹാർഡ് ഡ്രൈവ് ഓഫീസ് ബോയ് രഘു കൈപറ്റിയതായും പിന്നീട് ചരിത എന്ന യുവതിക്ക് കൈമാറിയതായുമാണ് തെലുങ്ക് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. സിനിമയുടെ നിർമ്മാതാവ് ഫിലിം നഗർ പൊലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടിട്ടുണ്ട്. മറ്റു വിവരങ്ങൾ ഒന്നും തന്നെ ഇതുവരെ പുറത്തു വിട്ടിട്ടില്ല.കണ്ണപ്പ എന്ന ശിവ ഭക്തന്റെ കഥ പറയുന്ന ചിത്രം 1976ൽ പുറത്തിറങ്ങിയ തെലുങ്ക് ചിത്രം 'ഭക്ത കണ്ണപ്പ'യ്ക്കുള്ള ട്രിബ്യൂട്ട് എന്ന നിലയിലാണ് ഒരുക്കുന്നത്.



## ഹാരി പോട്ടർ പരമ്പരയ്ക്ക് ഇനി പുതിയ മുഖങ്ങൾ

എച്ച്ബിഒയുടെ ഹാരി പോട്ടർ പരമ്പരയ്ക്കായി ഇനി പുതിയ മുഖങ്ങൾ. ഡൊമിനിക് മക്ലോഗിൻ ഹാരി പോട്ടറായും അറബെല്ല സ്റ്റാന്റൺ ഹെർമാനിയായും അലിസ്റ്റർ സ്റ്റൗട്ട് റോൺ വീസ്ലിയായും വേഷമിടും. ഓഡീഷനെത്തിയ 30,000 കുട്ടികളിൽ നിന്നാണ് മൂവരെയും തിരഞ്ഞെടുത്തത്. റോൺ വീസ്ലിയായി വേഷമിടുന്ന അലിസ്റ്റർ സ്റ്റൗട്ട് ആദ്യമായാണ് അഭിനയിക്കുന്നത്. ഡൊമിനിക് മക്ലോഗിനും അറബെല്ല സ്റ്റാന്റനും മുൻപ് ഓരോ സീരീസുകളിൽ ചെറിയ വേഷങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. പരമ്പരയുടെ നിർമ്മാണം ഈ വേനൽക്കാലത്ത് ആരംഭിക്കും.ഹാരി പോട്ടർ പരമ്പരയിലെ പ്രധാന വില്ലൻ കഥാപാത്രമായി വോൾഡ്മോർട്ടായി ഇനി ആരെത്തും എന്ന് മാത്രമാണ് അറിയാനുള്ളത്. ഹാരി പോട്ടർ സിനിമയിൽ റെയ്ഫ് ഫൈൻസായിരുന്നു വോൾഡ്മോർട്ട് ആയി വേഷമിട്ടത്.ബ്രോണ്ട് ഫിലിം ആൻഡ് ടിവി, വാർണർ ബ്രദേഴ്സ് ടെലിവിഷൻ എന്നിവയുമായി സഹകരിച്ചാണ് ഈ പരമ്പര നിർമ്മിച്ചിരിക്കുന്നത്. എഴുത്തുകാരൻ ജെ കെ റൗളിംഗ്, നീൽ ബ്ലെയർ, റൂത്ത് കെൻലി-ലെറ്റ്സ്, ഡേവിഡ് ഹെയ്മാൻ എന്നിവരാണ് എക്സിക്യൂട്ടീവ് പ്രൊഡ്യൂസർമാർ.

# അഭിനേതാക്കളെ നാലാം നിലയിൽനിന്ന് താഴേക്കിടുമെന്ന് ഭീഷണിപ്പെടുത്തിയിട്ടുണ്ട് മണിരത്നം



തഗ് ലൈഫ് എന്ന തന്റെ പുതിയ ചിത്രത്തിലൂടെ പ്രേക്ഷകരെ രസിപ്പിക്കാൻ ഒരുങ്ങുകയാണ് സംവിധായകൻ മണിരത്നം. 38 വർഷങ്ങൾക്ക് ശേഷം കമൽ ഹാസനുമായി അദ്ദേഹം വീണ്ടും ഒന്നിക്കുന്ന ചിത്രം കൂടിയാണിത്, ആരാധകർ അവരുടെ മാജിക് വീണ്ടും സ്ക്രീനിൽ അനുഭവിക്കാൻ ആവേശത്തിലാണ്. ഹോളിവുഡ് റിപ്പോർട്ടർ ഇന്ത്യയ്ക്ക് നൽകിയ അഭിമുഖത്തിൽ താൻ ആഗ്രഹിച്ച പ്രകടനം ലഭിക്കാൻ കെട്ടിടത്തിൽനിന്ന് താഴേക്കെറിയുമെന്ന് അഭിനേതാക്കളെ ഭീഷണിപ്പെടുത്തിയിട്ടുണ്ടെന്ന് മണിരത്നം പറഞ്ഞു. 'തഗ് ലൈഫ്' പ്രൊമോഷന്റെ ഭാഗമായുള്ള അഭിമുഖത്തിലാണ് മണിരത്നം രസകരമായ സംഭവം ഓർത്തെടുത്തത്. താൻ ആഗ്രഹിച്ചത് ലഭിക്കാൻ അഭിനേതാക്കൾക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകുന്ന സംവിധായകനാണോ എന്ന ചോദ്യത്തോട് പ്രതികരിക്കുകയായിരുന്നു മണിര്തനം. എല്ലാവരോടും താൻ അങ്ങനെയല്ലെന്ന് പറഞ്ഞായിരുന്നു മണിരത്നം മറുപടി ആരംഭിച്ചത്.'ചില ആളുകളെ നിങ്ങൾക്ക് ഭീഷണിപ്പെടുത്തേണ്ടിവരും. ഞാൻ ചോദിക്കുന്നത് ചെയ്തില്ലെങ്കിൽ നാലാം നിലയിൽനിന്ന് താഴേക്കിടുമെന്ന് ഭീഷണിപ്പെടുത്തിയിട്ടുണ്ട്. അഞ്ചുവയസ്സുള്ള കുട്ടികൾക്ക് അസമയത്ത് ജോലി ചെയ്യാമെങ്കിൽ നിങ്ങൾക്ക് എന്തുകൊണ്ട് പറ്റില്ല എന്ന് ചില അഭിനേതാക്കളോട് ചോദിക്കേണ്ടിവരും. എല്ലാത്തിനും ഒരൊറ്റ പരിഹാരമില്ല', എന്നായിരുന്നു മണിരത്നത്തിന്റെ വാക്കുകൾ.അതേസമയം ഒരു നടന് അഭിനയിച്ച് കാണിച്ച് കൊടുക്കുന്നത് തനിക്ക് ഇഷ്ടമല്ലെന്ന് മണി സമ്മതിച്ചു, കാരണം അത് ഒരു സംവിധായകന്റെ ജോലിയല്ല, എങ്ങനെ അഭിനയിക്കണമെന്ന് കാണിച്ചുകൊടുത്താൽ ചിലപ്പോൾ ഒരു നല്ല നടന് ദേഷ്യം വന്നേക്കാം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

162

Movie Ahimsa (1982)
Director IV Sasi
Lyrics Bichu Thirumala
Music AT Ummer
Singers KJ Yesudas, S Janaki

കാറ്റ് താരാട്ടും കിളിമരത്തോണിയിൽ
കന്നിയിളം പെണ്മണി നീ
വാവാവോ വാവാവോ
ആ ....ആ ...ആ
ഈ ഓളം ഒരു താളം
ലയ മേളം വിളയാടൂ
(കാറ്റ് താരാട്ടും )
ഈ നേരം പുഴയോരം
ഇഴയൂതും വരവായി

ഈ നാട്ടു വഞ്ചി പോലെ
പൊള്ളും നെഞ്ചിൽ മോഹം മന്ദം മന്ദം
ഓരോ നെയ്തലാമ്പൽ പൂക്കും
പെണ്ണിൻ കണ്ണിൽ കള്ളനാണം വീണാൽ
തൂ മരന്ദമാകും ഇവൾ തേൻ വസന്തമാകും
ആറ്റുവഞ്ചി പൂക്കളുള്ളിൽ പീലി വീശുമ്പോൾ
എന്നെ ഞാൻ മറക്കുമ്പോൾ (കാറ്റ് താരാട്ടും )




ഈ ചാരുയൌവനാംഗം
തിങ്കൾ ബിംബം കണ്ടാൽ തങ്കം ചുങ്കം
മായാ മന്ത്ര ജാലമേൽക്കും
നിൻ തൂവുടൽ തൊട്ടാൽ
പൊന്നാകും ഞാൻ രോമാഹർഷമാകും
മെയ്യിൽ പാരിജാതം പൂക്കും
താമര പൂമെനിയാലെ താലികെട്ടുമ്പോൾ
എന്റെ സ്വന്തമാക്കുമ്പോൾ
(കാറ്റ് താരാട്ടും )

## മൂന്ന് പതിറ്റാണ്ടുകൾക്ക് ശേഷം മിഷൻ ഇംപോസിബിൾ ഫ്രാഞ്ചൈസിയിൽ ഈ നടൻ മടങ്ങിയെത്തി



'മിഷൻ ഇംപോസിബിൾ' പരമ്പരയിലെ ഏറ്റവും പുതിയ ചിത്രമായ 'ദ ഫൈനൽ റെക്കനിങ്' മെയ് 23 നാണ് യുഎസിൽ റിലീസ് ചെയ്തത്. മുൻ ചിത്രങ്ങളിലെന്ന പോലെ കേന്ദ്രകഥാപാത്രമായി ഏതൻ ഹണ്ടായി ഈ ചിത്രത്തിലും ടോം ക്രൂസ് നിറഞ്ഞാടി. ഒപ്പം മുതിർന്ന കഥാപാത്ര നടൻ റോൾഫ് സാക്സണിന്റെ തിരിച്ചുവരവും പ്രേക്ഷകർ കണ്ടു. ഇത് ഒരു പ്രധാന നിമിഷമായിരുന്നു. 1996-ൽ പുറത്തിറങ്ങിയ ദി ഫൈനൽ റെക്കണിംഗ് എന്ന ചിത്രത്തിൽ റോൾഫ് കുറച്ചുസമയം മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളൂ, എന്നാൽ ഇത്തവണ ദി ഫൈനൽ റെക്കണിംഗ് എന്ന ചിത്രത്തിൽ ടോം ക്രൂസും സംവിധായകൻ ക്രിസ്റ്റഫർ മക്വാരിയും ചേർന്ന് നടന് ഒരു പ്രധാന സഹകഥാപാത്രത്തെ സമ്മാനിച്ചു. സിനിമയിൽ ഒരു വേഷത്തിനായി തന്നെ പരിഗണിക്കുന്നുണ്ടെന്ന് ആദ്യം കേട്ടപ്പോൾ, അതൊരു തമാശയായിരിക്കാമെന്ന് കരുതിയെന്നും അത് ഗൗരവമായി എടുത്തില്ലെന്ന് നടൻ പങ്കുവെച്ചു. എന്നാൽ താമസിയാതെ ഇത് ഒരു തമാശയല്ലെന്ന് മനസ്സിലായി, ടോം ക്രൂസ് തന്നെ സിനിമയിൽ അഭിനയിക്കാൻ നിർബന്ധിച്ചുവെന്നും അദ്ദേഹം പറഞ്ഞു. ഗിൽഡ്ഹാൾ സ്കൂൾ ഓഫ് മ്യൂസിക് ആൻഡ് ഡ്രാമയിൽ നിന്നുള്ള സ്വർണ്ണ മെഡൽ ജേതാവാണ് റോൾഫ്.

## ഗുഡ് ബാഡ് അഗ്ലി'ക്കെതിരെ നിയമനടപടിക്കെന്ന് കസ്തൂരി രാജ



അജിത് കുമാർ ചിത്രം 'ഗുഡ് ബാഡ് അഗ്ലി'ക്കെതിരെ നടൻ ധനുഷിന്റെ പിതാവ് കസ്തൂരി രാജയും. തന്റെ അനുമതി ഇല്ലാതെ പഴയ ചിത്രങ്ങളിലെ പാട്ട് ഉപയോഗിച്ചതാണ് കസ്തൂരി രാജയെ ചൊടിപ്പിച്ചത്. നിർമാതാക്കൾക്കെതിരേ ഉടൻ നിയമനടപടി സ്വീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു. കഴിഞ്ഞദിവസം, സേലത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.താൻ സംവിധാനംചെയ്ത 'ഏട്ടുപട്ടി റാസ' എന്ന ചിത്രത്തിലെ പഞ്ചു മിട്ടായി, 'നാട്ടുപുര പാട്ടി'ലെ ഒത്ത റൂബ താരേൻ, 'തായ് മനസി'ലെ തോട്ടുവളയ് ഇലയ് അരച്ചി എന്നീ പാട്ടുകൾ 'ഗുഡ് ബാഡ് അഗ്ലി'യിൽ ഉപയോഗിച്ചതിനെതിരെയാണ് കസ്തൂരി രാജ രംഗത്തെത്തിയത്.

# കണ്ണീരിന്റെ പേമാരിയിൽ 'കുട'യില്ലാതെ കരഞ്ഞു കൂവി കർഷക ജനത...

കേരളാ വിൻഡോ



ആന്റണി ചടയംമുറി



ഇടതു സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങൾ ശീതികരിച്ച പന്തലിൽ ആഘോഷിക്കുമ്പോൾ, സംസ്ഥാനത്തെ കർഷകർ അവഗണനകളുടെ പേമാരിയിൽ നനഞ്ഞൊലിച്ച് നിൽക്കുന്നു. മന്ത്രിക്കു മുകളിൽ ഉദ്യോഗസ്ഥ ദുർഭരണം കൃഷിവകുപ്പിൽ തകർത്താടുകയാണ്. ഇന്നലെയും ഇന്നുമായി (ചൊവ്വ, ബുധൻ) കൃഷിവകുപ്പ് മന്ത്രിയുടെ സ്വന്തം മണ്ഡലമായ നെടുമങ്ങാട്ടു നിന്നുള്ള പച്ചക്കറി കർഷകർ ഹോർട്ടി കോർപ്പറേഷനെതിരെ രംഗത്തു വന്നു കഴിഞ്ഞിട്ടുണ്ട്.

നെടുമങ്ങാട്ടുള്ള അന്താരാഷ്ട്ര മാർക്കറ്റിൽ കർഷകർ എത്തിക്കുന്ന പച്ചക്കറികൾ, സ്വകാര്യ കച്ചവടക്കാർക്കു നൽകിക്കഴിഞ്ഞതിനുശേഷമുള്ളത് ഹോർട്ടി കോർപ്പ് വിലയ്ക്കെടുക്കുമെന്നു സർക്കാർ കർഷകരുമായി കരാറുണ്ടാക്കിയിരുന്നു. ഈ കരാർ ലംഘിച്ച് 'കമ്മീഷൻ' തട്ടാനായി ഉദ്യോഗസ്ഥലോബി തമിഴ്നാട്ടിൽ നിന്നുള്ള വിലകുറഞ്ഞ വിഷം പുരണ്ട പച്ചക്കറികൾ വാങ്ങുന്നതായി കർഷകർ ആരോപിക്കുന്നു. ഇതുമൂലം ഇരുപതു ലക്ഷം രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. 2025 ജനുവരി മുതൽ കർഷകരിൽ നിന്ന് പച്ചക്കറി വാങ്ങിയ പണം.

### സർക്കാർ കുടിശ്ശിക വരുത്തിയിട്ടുമുണ്ട്

ഇനി പാലക്കാട്ടെ നെൽ കർഷകരുടെ കാര്യം മില്ലുകാരോടൊപ്പം കൃഷിവകുപ്പ് മാത്രമല്ല, പൊലീസ് ഉദ്യോഗസ്ഥരും കർഷകർക്കെതിരെയുള്ള കരുനീക്കങ്ങളിൽ കൂട്ടു ചേർന്നതായി ചില ചാനൽ ദൃശ്യങ്ങൾ സൂചന നൽകിയിരുന്നു. 80 ശതമാനം നെൽക്കർഷകരും ഇവിടെ കാനറാ ബാങ്കിൽ അക്കൗണ്ടുള്ളവരാണ്. എന്നിട്ടും കാനറാ ബാങ്കുമായി സപ്ലൈകോ അധികൃതർ ചർച്ച നടത്താൻ വൈകി. ഇതുമൂലം നെൽക്കർഷകർ വളരെ കുറഞ്ഞ വിലയ്ക്ക് മില്ലുകാർക്ക് നെല്ല് വിൽക്കേണ്ടിവന്നു.

### പ്രോഗ്രസ്സ് റിപ്പോർട്ടിലെ കോമഡികൾ

സർക്കാരിന്റെ 326 പേജുകളുള്ള



പ്രോഗ്രസ് റിപ്പോർട്ടിൽ കർഷകർക്കായുള്ളത് മലയോര ഹൈവേയ്ക്കായി 1285 കോടി നീക്കിവച്ചിട്ടുണ്ടെന്നും നിർദ്ദിഷ്ട ഹൈവേയിലെ 166 കിലോമീറ്ററിലെ പണി പൂർത്തിയായിട്ടുമുണ്ടെന്ന അവകാശവാദമാണ്. കുട്ടനാട്ടിലെ കർഷകരെ 'തൊട്ടിലാട്ടുന്ന' സർക്കാർ നടപടികളെക്കുറിച്ച് ആലപ്പുഴ സി.പി.എം. ജില്ലാ സമ്മേളനത്തിൽ ഒന്നേകാൽ മണിക്കൂറാണ് മുഖ്യമന്ത്രി പ്രസംഗിച്ചത്. ഇപ്പോൾ കുട്ടനാട്ടിലെ പല പാടശേഖരങ്ങളും മടവീഴ്ചാ ഭീഷണിയിലാണ്. ബുധനാഴ്ച ആറ് പങ്ക് പാടശേഖരത്തിന്റെ ദൃശ്യങ്ങൾ ചാനലുകളിൽ കണ്ടു. എന്തൊരു ഗതികേടാണിത്?

കാലവർഷക്കെടുതികൾ കൂട് തുറന്നിറങ്ങിക്കഴിഞ്ഞു. സർക്കാരിന്റെ പ്രോഗസ് റിപ്പോർട്ട് കൊണ്ടൊന്നും ഈ ദുരിതാവസ്ഥയെ തടഞ്ഞുനിർത്താനാവില്ല. മുണ്ടക്കൈ ചൂരൽമല ദുരന്തബാധിതരെ മാധ്യമങ്ങൾ മറന്നു കഴിഞ്ഞു. ദേശീയ പാതയിലെ വിള്ളലുകളും നിലമ്പൂർ വാഗ്വാദങ്ങളുമായി അവർ പൊടിപൊടിച്ച് മുന്നേറുകയാണ്. ഇതിനിടെ മഴക്കെടുതികളുടെ ദൃശ്യങ്ങൾ ഇടയ്ക്ക് കാണിക്കുന്നുണ്ട്. ഈ ബഹളങ്ങൾക്കിടയിലും മെയ് 31ന് റിട്ടയർ ചെയ്യുന്ന ഇരുപതിനായിരത്തിലേറെ സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകാനായി ഏപ്രിൽ 29നും മെയ് 20നും 2000 കോടി രൂപ വീതം സർക്കാർ കടമെടുക്കുന്നതായി പത്രപ്പരസ്യം കണ്ടു.

ഒരു 'മരുമോനിസ' കഥ കൂടി: സ്മാർട്ട് റോഡ് പദ്ധതികളുടെ ക്രെഡിറ്റ് അവകാശപ്പെട്ട എം.ബി.രാജേഷിന്റെ പഞ്ചായത്ത് വകുപ്പ് നിർമ്മിക്കുന്ന റോഡുകൾ ഇനി 'സി.എം.റോഡ് നവീകരണ പദ്ധതി' യായി അറിയപ്പെടുമത്രെ. അതെ, പിണറായി ഒരു ലെജൻഡ് തന്നെ. ജനങ്ങൾക്ക് കാണാൻ കഴിയുന്ന വൻ നിർമ്മിതികൾ, തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ നടത്തുന്ന ജനകീയ പ്രശ്നങ്ങളുടെ തന്ത്രപൂർവമുള്ള ഓട്ടയടയ്ക്കൽ, പരസ്യങ്ങളിലൂടെയും ഇവന്റുകളിലൂടെയും സംസ്ഥാനത്ത് വ്യാപകമായി നടത്തിവരുന്ന 'നുണമാമാങ്കങ്ങൾ'...2025ൽ നടക്കേണ്ട തദ്ദേശ സ്ഥാപനങ്ങളിലേക്കും, 2026ൽ നടക്കേണ്ട നിയമസഭാ തെരഞ്ഞെടുപ്പുകൾക്കും മുന്നോടിയായി ഇടതു കക്ഷികൾ നടത്തിവരുന്ന പ്രചരണങ്ങൾ ചൂടുപിടിച്ചുവരവേയാണ് എൻ.എച്ച്.പണികൾ കോഞ്ഞാട്ടയായതും കരുവന്നൂർ കുരുക്കതയതും.

### പ്രതിപക്ഷം എന്തേ ഇങ്ങനെ?

ഭരണപക്ഷം നാലാംവാർഷികാഘോഷത്തിന്റെ പ്രോഗ്രസ് റിപ്പോർട്ട് പുറത്തിറക്കുമെന്ന് നേരത്തെ പ്രഖ്യാപിച്ചിരുന്നതാണ്. ഇതിന് ബദലായി പ്രതിപക്ഷം കരിദിനമാചരിച്ചു. ആ ദിനത്തിൽ ഒരു ബാനറും പിടിച്ച് ഒരു ചെറുജാഥ നടത്തിയാൽ അത് ജനങ്ങളെ ഇംപ്രസ് ചെയ്യുമോ? 13 ഓ 14 ഓ ലക്ഷം മുടക്കി മറിയക്കുട്ടി ചേടത്തിക്ക് കെ.പി.സി.സി. വീട് വച്ച് നൽകി. 'ഫോളോ അപ്പ്' എന്ന പരിപാടി കോൺഗ്രസിൽ ഇല്ലാത്തതുകൊണ്ടാകാം മറിയക്കുട്ടിയെ ബി.ജെ.പി. തട്ടിയെടുത്തു കഴിഞ്ഞു.

ക്ഷേമപെൻഷൻ കുടിശ്ശിക 2 മാസം മാത്രമായി കുറഞ്ഞിരിക്കെ, ഈ ജനകീയ പ്രശ്നത്തിന്റെ ബ്രാൻഡ് അമ്പാസിഡറെന്ന നിലയിൽ മറിയക്കുട്ടിച്ചേടത്തിയുടെ തിളക്കം ഇനി കുറയാനാണ് സാധ്യത.

കേന്ദ്രം തരാത്തതുകൊണ്ട് സാമ്പത്തിക മാനേജ്മെന്റിൽ ഒരു സംസ്ഥാന ഗവൺമെണ്ട് കഷ്ടപ്പെടുകയാണെന്ന ഇടതുസർക്കാരിന്റെ പരാതിയിൽ കഴമ്പുണ്ടോയെന്ന് പരിശോധിച്ച് എന്താണ് നിലവിലെ സംസ്ഥാനത്തിന്റെ 'ഖജനാവ് വർത്തമാന'മെന്ന് വിവരിക്കാൻ പോലും പ്രതിപക്ഷം സജ്ജമല്ല. വരുന്ന നിലമ്പൂർ തെരഞ്ഞെടുപ്പിലെ വിജയം കൊണ്ടുമാത്രം 'ബൂസ്റ്റ്' കഴിച്ച് ശക്തിയാർജ്ജിച്ച് പഞ്ചായത്ത് നിയമസഭാ തെരഞ്ഞെടുപ്പുകളെ നേരിടാമെന്ന് ധരിച്ചുവശാകുന്നത് നല്ല രാഷ്ട്രീയ തന്ത്രമല്ല.

### നിലമ്പൂരിലെ അടിയൊഴുക്കുകൾ

1987 മുതൽ 2016 വരെ മുസ്ലീംലീഗിനെ വെല്ലുവിളിച്ചുകൊണ്ട് ആര്യാടൻ മുഹമ്മദ് ജയിച്ച സീറ്റിൽ അദ്ദേഹത്തിന്റെ പുത്രൻ ആര്യാടൻ ഷൗക്കത്തിന് അനായാസം ജയിക്കാൻ പറ്റുന്ന രാഷ്ട്രീയ സാഹചര്യം ഇന്നില്ല. ലീഗും കോൺഗ്രസും തമ്മിലുള്ള ആര്യാടന്റെ കാലത്തെ തർക്കങ്ങൾ ഇപ്പോഴും നിലമ്പൂരിൽ കെടാതെ കിടക്കുന്നുണ്ട്. ഉദാഹരണം പറയാം: കാവുമ്പായി പഞ്ചായത്ത് മുസ്ലീംലീഗാണ് ഭരിച്ചുകൊണ്ടിരിക്കുന്നത്. പഞ്ചായത്ത് ഭരണത്തിനെതിരെ അവിശ്വാസ പ്രമേയം കൊണ്ടുവരുമെന്ന കോൺഗ്രസ് അംഗങ്ങളുടെ ഭീഷണി ഇല്ലാതാക്കാൻ ഡെൽഹിയിൽ നിന്ന് എ.ഐ.സി.സി. സെക്രട്ടറി കെ.സി.വേണുഗോപാൽ തന്നെ ഡെൽഹിയിൽ നിന്ന് വരേണ്ടി വന്നു! 2009ലാണ് നിലമ്പൂർ നിയമസഭാ മണ്ഡലം വിഭജിച്ചത്. യു.ഡി.എഫിന്റെ ഉറച്ച കോട്ടകളായ കാളികാവ്, ചാലിയാർ, ചോക്കാട് പഞ്ചായത്തുകൾ ഈ വിഭജനത്തോടെ മണ്ഡലത്തിനു പുറത്തായി. നിലവിൽ നഗരസഭയും 3 പഞ്ചായത്തുകളും ഭരിക്കുന്നത് ഇടതു മുന്നണിയാണ്. 4 പഞ്ചായത്തുകൾ യു.ഡി.എഫിന്റേതാണ്. കഴിഞ്ഞ 3 ലോക്സഭാ തിരഞ്ഞെടുപ്പിലും യു.ഡി.എഫിന് വൻഭൂരിപക്ഷം ലഭിച്ച കാര്യവും മറക്കാനാവില്ല. 2016ൽ നിലമ്പൂർ നഗരസഭ, അധ്യക്ഷനായിരിക്കെ ആര്യാടൻ ഷൗക്കത്തിന് പി.വി.അൻവറിനോട് പരാജയപ്പെടേണ്ടി വന്നതും രാഷ്ട്രീയ ചരിത്രം.

2021ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഷൗക്കത്തിനു പകരം വി.വി. പ്രകാശിനെ സ്ഥാനാർത്ഥിയാക്കിയെങ്കിലും ഇടതു സ്വതന്ത്രനായ അൻവറിനോട് തോൽക്കുകയായിരുന്നു. അതുകൊണ്ടുതന്നെ, നിലമ്പൂരിനെ 'തൊട്ടറിയാവുന്ന' അൻവറിനെ പെട്ടെന്ന് എഴുതിത്തള്ളാനാവില്ല.

### മലയോരം, മലയോളം പ്രശ്നങ്ങൾ

നിലമ്പൂരിൽ ഇലക്ഷൻ വിജയത്തിനായി ഇടതുപക്ഷം ഭരണനേട്ടങ്ങൾ അക്കമിട്ട് നിരത്തുമ്പോൾ, മലയോര ജനതകളുടെ പ്രശ്നങ്ങളായിരിക്കും പ്രതിപക്ഷം മുന്നോട്ടുവയ്ക്കുക. പക്ഷെ, മലയോരജനതയുടെ പ്രശ്നങ്ങളെന്ന നിലയിൽ നിലമ്പൂരിൽ ചർച്ചയാവുക വനംവകുപ്പിന്റെ അനാസ്ഥയായിരിക്കും. പക്ഷെ ഇക്കാര്യത്തിൽ പ്രതിപക്ഷം എത്രത്തോളം 'ഗ്രണ്ട് വർക്ക്' നടത്തിയിട്ടുണ്ടെന്ന് ചിന്തിക്കേണ്ടതുണ്ട്. ഒന്നാമതായി വന്യജീവികളുടെ ആക്രമണത്തിൽ മരിച്ചവരുടെ കണക്കിനെക്കാൾ, പരുക്കേറ്റവരുടെ എണ്ണമല്ലേ പ്രതിപക്ഷം തയ്യാറാക്കേണ്ടത്? 60,000 വന്യജീവി ആക്രമണത്തിൽ പരുക്കേറ്റവരുടെ എണ്ണമെടുക്കുകയും അങ്ങനെയുള്ളവർക്കായി സഹായനിധി രൂപീകരിക്കാനും പ്രതിപക്ഷം സന്നദ്ധരാകണം. കാട്ടാനയുടെ ആക്രമണത്തിൽ പരുക്കേറ്റ ആറളം കൃഷി ഫാമിലെ താത്ക്കാലിക ജീവനക്കാരൻ എം.എം. വൈഷ്ണവ് കിടപ്പിലായിട്ട് 11 മാസം കഴിഞ്ഞുവെന്ന വാർത്ത വായിച്ചതോർക്കുന്നു. 14 ലക്ഷം രൂപ ചികിത്സയ്ക്ക് നൽകിയ വനംവകുപ്പ് ഇപ്പോൾ വൈഷ്ണവിനെ മറന്നമട്ടാണ്. മെയ് 15 നു മുമ്പ് മലമ്പുഴ അകമലയിൽ പുലി വീട്ടിൽ കയറിയ സംഭവത്തിലും പ്രതി വനംവകുപ്പാണെന്ന് ഓർക്കുക. 2017ൽ വനം വകുപ്പ് സ്ഥാപിച്ച സൗരോർജ്ജ വേലി അറ്റകുറ്റപ്പണി നടത്താതെ ഉപയോഗശൂന്യമായെന്നായിരുന്നു പത്രവാർത്തകൾ.

### തുള്ളിയോടിയ പുള്ളിമാനും ആനവണ്ടിയും

ആനവണ്ടി പുള്ളിമാനെ ഇടിച്ച കഥയും കോമഡിയാണ്. കേന്ദ്രസംസ്ഥാന വനമന്ത്രാലയങ്ങളുടെ നിയമങ്ങളുടെ പ്രാകൃത സ്വഭാവം മെയ് 23 ന് മനോരമയിലെ ഒരു ലേഖനത്തിൽ പരാമർശിക്കുകയുണ്ടായി. റോഡിലൂടെ ആനവണ്ടി ഓടിച്ചുപോകവേ പുള്ളിമാനെ ഇടിച്ചതിന് ഡ്രൈവർക്കെതിരെ വനംവകുപ്പ് കേസെടുത്തതും 14 ലക്ഷം രൂപ നഷ്ടപരിഹാരമായി കോടതിയിൽ കെട്ടിവയ്ക്കാൻ ആവശ്യപ്പെട്ടതും എന്ത് നീതിയാണ്? പണം കെട്ടിവയ്ക്കാൻ 24 ദിവസം താമസിച്ചതും, അതുവരെ 'ആനവണ്ടി' വിട്ടുകൊടുക്കാതിരുന്നതും വനം വകുപ്പിന്റെ ധാർഷ്ട്യമല്ലാതെ മറ്റെന്താണ്?

വന്യജീവി ആക്രമണത്തിൽ 10 ലക്ഷം രൂപ സംസ്ഥാന സർക്കാർ നഷ്ടപരിഹാരം നൽകുന്നുണ്ടെന്ന് വനം മന്ത്രി അടക്കമുള്ളവർ തട്ടിവിടാറുണ്ട്. ഒരുവർഷം കഴിയുമ്പോൾ അതേ തുക കേന്ദ്രം സംസ്ഥാനത്തിന് കൈമാറുന്നുണ്ടെന്ന യാഥാർത്ഥ്യം എന്തിനാണ് മന്ത്രി മറച്ചുവയ്ക്കുന്നത്? വന്യജീവി ആക്രമണം സവിശേഷ ദുരന്തമായി കേന്ദ്രം പ്രഖ്യാപിച്ചിരിക്കെ കേന്ദ്രവും സംസ്ഥാനവും 10 ലക്ഷം രൂപ വീതവും ദുരന്ത നിവാരണ ഫണ്ടിൽ നിന്ന് 4 ലക്ഷവും അടക്കം 24 ലക്ഷം രൂപ നൽകേണ്ടിയിരിക്കെ വനംവകുപ്പ് അതേക്കുറിച്ച് ഒരക്ഷരം മിണ്ടുന്നതേയില്ല.

കേരളത്തിലെ 489 പഞ്ചായത്തുകൾ വനത്തിന്റെ സാമീപ്യമുള്ളതാണ്. ഈ പഞ്ചായത്തുകളിൽ സൈ്വര്യമായി ജനജീവിതം സാധ്യമല്ലാതായിട്ടുണ്ട്. വനം വകുപ്പിന് കഴിഞ്ഞ ബജറ്റിൽ നീക്കിവച്ചത് 48.85 കോടി കോടിയായിരുന്നു. ഇതിൽ വനം വകുപ്പ് ചെലവഴിച്ചത് 48 ശതമാനം മാത്രമാണ് !



# പഹൽഗാം ഭീകരാക്രമണത്തിന് ശേഷമുള്ള വിശേഷം..!

■ വീണ്ടും സജീവമായി കശ്മീരികൾ
■ ഭീകരാക്രമണത്തിന് ശേഷവും സഞ്ചാരികൾ എത്തുന്നു.
■ അമർനാഥ് യാത്രകളും, സീസണുകളും പഹൽഗാമിലേക്ക് വിനോദസഞ്ചാരികളെ തിരികെ എത്തിക്കും.

**ഡൽഹി ഡെർബാർ**

കാശ്മീരിലെ അനന്ത് നാഗ് ജില്ലയിലെ ഒരു ചെറു പട്ടണമാണ് പഹൽഗാം. ഇന്ത്യയിലെ തന്നെ ഏറ്റവും ജനപ്രിയ വിനോദ സഞ്ചാര കേന്ദ്രവും ഹിൽ സ്റ്റേഷനുമാണ്. അനന്ത് നാഗിൽ നിന്നും 45 കി.മീ അകലയായി ലിഡെർ നദിയുടെ തീരത്താണ് പഹൽഗാം സ്ഥിതി ചെയ്യുന്നത്. ഇവിടെ

ഭീകരാക്രമണത്തിന് ശേഷം ശൂന്യമായ തെരുവുകളും അടഞ്ഞ കടകളും സാവധാനം സാധാരണ ജീവിതത്തിലേക്ക് മടങ്ങിയിരിക്കുന്നു. ടൂറിസം വീണ്ടും ഉണരുമെന്ന പ്രതീക്ഷയോടെ സഞ്ചാരികളെ കാത്ത് കശ്മീർ സജീവതയോടെ ഒരുങ്ങിയിരിക്കുന്നു..!

ഒരു കാലത്ത് വിനോദ സഞ്ചാരികളുടെ ഒഴുക്ക് കൂടുതൽ ഉള്ള ഒരു പ്രദേശമായിരുന്നു പഹൽഗാം. വിവിധ നാടുകളിൽ നിന്ന് വന്നവർ, അവരുടെ ചിരികളും സംസാരവും കൊണ്ട് നിറഞ്ഞുനിന്ന തഴ്വരകളും വീഥികളും എല്ലാം ഒറ്റ ദിവസം കൊണ്ട് അവസാനിച്ചു.

അപ്രതീക്ഷിതമായി ഉണ്ടായ ഭീകരാക്രമണം കാശ്മീരിനെ മുഴുവനായും തകർക്കുകയായിരുന്നു. ഏറ്റവും മനോഹരമായ സ്ഥലങ്ങൾ പോലും എത്ര പെട്ടെന്നാണ് ശൂന്യമായിപ്പോയത്.

ആക്രമണം നടന്ന് ഒരു മാസം കഴിയും മുമ്പേ തന്നെ കശ്മീരി ജനത അതിജീവനത്തിന്റെ പാതയിലേക്ക് തിരികെയെത്തി. തങ്ങളുടെ സ്വപ്നം വീണ്ടെടുക്കാനുള്ള പ്രയാണത്തിലാണ് ഇന്ന് ആ നാടൊന്നാകെ. ഒരു കാലത്ത് വിനോദ സഞ്ചാരികളുടെ തിക്കും തിരക്കും കൊണ്ട് നിറഞ്ഞു നിന്ന പഹൽഗാമിലെ മാർക്കറ്റുകളും, വഴിയോര കടകളും മെല്ലെ മെല്ലെ സജീവതയിലേക്ക് നീങ്ങുന്നു.

'മിനി ഇന്ത്യ' എന്ന് അറിയപ്പെട്ടിരുന്ന പഹൽഗാം നിവാസികൾക്ക് ഏതുവിധേനെയെങ്കിലും ഉണർന്നേ പറ്റൂ. മുൻപ് ഇരിക്കാൻ സ്ഥലമില്ലാതെ നിറഞ്ഞിരുന്ന റെസ്റ്റോറന്റുകളിൽ ഇപ്പോൾ കാര്യമായ തിരക്കില്ല. എങ്കിലും ഇവിടുത്തെ കട ഉടമകളും ജോലിക്കാരും വരും ദിവസങ്ങളിൽ വിനോദ സഞ്ചാരികൾ എത്തുമെന്ന് പ്രതീക്ഷിച്ച് കാത്തിരിക്കുകയാണ്.


വഴിയോര കടകൾ കൊണ്ടും ടൂറിസം കൊണ്ടും മാത്രം ഉപജീവനം നടത്തുന്നവരാണ് കശ്മീരിലെ നിരവധി കുടുംബങ്ങൾ. അതുപോലെ തന്നെ ഭീകരക്രമണം പ്രദേശിക ബിസിനസുകളെ ബാധിച്ചു. കശ്മീരിലെ ടൂറിസം വളർത്തുന്നതിൽ ഏറ്റവും നല്ല പങ്ക് വഹിക്കുന്നവരാണ് ഇവിടുത്തെ പ്രദേശിക ബിസിനസുകാർ. എന്നാൽ ഭീകരക്രമണത്തിന് ശേഷം പ്രദേശിക ബിസിനസുകൾ നഷ്ടത്തിലാണ് പോകുന്നത്. വിനോദ സഞ്ചാരികളെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തിയിരുന്ന റസ്റ്റോറന്റുകൾ, ഹോട്ടലുകൾ, കരകൗശല കടകൾ എന്നിവ തുറക്കാൻ തന്നെ ആളുകൾ മടിക്കുകയാണ്.

ഈ അവസ്ഥ തുടരുകയാണെങ്കിൽ വിനോദ സഞ്ചാരികളെ വെച്ച് ഉപജീവനം നടത്തുന്നവരുടെ ജീവിതം ദുരിതത്തിലാകും. അതുകൊണ്ടുതന്നെ അവർ സൂക്ഷ്മതയോടെ മുന്നോട്ടു നീങ്ങുകയാണ്. ഒന്ന് രണ്ട് മാസത്തിനുള്ളിൽ സ്ഥിതികൾ മാറും എന്നുതന്നെയാണ് ഇവിടെയുള്ള പ്രദേശിക ബിസിനസുകാർ കരുതുന്നത്. അടുത്ത സീസണുകളിൽ പഴയതിനെക്കാൾ തിരക്ക് ഉണ്ടാകുമെന്നും പലരും വിശ്വസിക്കുന്നു.

ജനിച്ച് വളർന്ന നാട് എല്ലാവർക്കും ഒരു വികാരം തന്നെയാണ്. ഏറെ പ്രതീക്ഷകളും സ്വപ്നങ്ങളുമായി തങ്ങളുടെ പ്രിയപ്പെട്ട നാട്ടിലേക്ക് എത്തിയ നിരപരാധികളായ വിനോദ സഞ്ചാരികൾ, തങ്ങളുടെ മുന്നിൽ മരിച്ച് വീണപ്പോൾ പോലും നിസഹായരായി നിൽക്കേണ്ടി വന്നതിന്റെ വേദനയിലാണ് ഇവിടെയുള്ള ജനങ്ങൾ.

മികച്ച ജീവിതം സ്വപ്നം കണ്ട് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കശ്മീരിലേക്ക് താമസം മാറിയ നിരവധി ആളുകൾ ഇവിടെ ഉണ്ട്. എന്നാൽ ഇന്ന് അവർ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പാടുപെടുകയാണ്. എന്നിട്ടും കുട്ടികളും മുതിർന്നവരും വരും ദിവസങ്ങളിൽ തങ്ങളുടെ നഗരം പഴയതുപോലെ ആകുമെന്ന് പ്രതീക്ഷിക്കുകയാണ്. ഭയവും സങ്കടവും ഉണ്ടെങ്കിലും ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ വേണ്ടി പല കുടുംബങ്ങളും വീണ്ടും ബിസിനസുകൾ ആരംഭിച്ചിരിക്കുകയാണ്.

ഒരുകാലത്ത് വിഭജനത്തിന്റെ തീവ്രത ആവോളം അനുഭവിച്ച ജനതയാണ് കാശ്മീരികൾ. പത്രപ്രവർത്തകനായിരുന്ന ഖുശ്വന്ത് സിങ്ങ് ഈ വിഭജനത്തെ മുൻനിർത്തി എഴുതിയ ഒരു നോവലുണ്ട്. 'ട്രയിൻ ടു പാകിസ്ഥാൻ' 1956ൽ ആണ് ഈ പുസ്തകം പുറത്തിറങ്ങിയത്. പരസ്പരം വിശ്വസം നഷ്ടപ്പെട്ട സമുദായങ്ങളുടെ അവസ്ഥ വിവരിക്കുന്ന ഈ നോവൽ 1998ൽ സിനിമയുമായിട്ടുണ്ട്.




വിഭജനാനന്തരമുള്ള ആദ്യ മാസങ്ങളിൽ ഇന്ത്യ-പാകിസ്താൻ അതിർത്തിയിലെ മനോ മജ്റ എന്ന സാങ്കൽപിക ഗ്രാമത്തിന്റെ പശ്ചാത്തലത്തിലാണ് നോവൽ പുരോഗമിക്കുന്നത്. മുസ്ലിംകളും സിഖുകാരും ഗ്രാമത്തിൽ ഒരുമയോടെ കഴിയുകയാണ്. പുറം ലോകത്തെ കാര്യങ്ങളിൽ വലിയ താൽപര്യം കാട്ടാതിരുന്ന ഗ്രാമീണരിലേക്ക് കുപ്രചാരണങ്ങളിലൂടെയും കിംവദന്തികളി ലൂടെയുമാണ് വാർത്തകളെത്തിയിരുന്നത്. മനോ മജ്റയിലെ മുസ്ലിംകളെ അവരുടെ സുരക്ഷക്കായി സർക്കാർ നേരിട്ട് പാകിസ്ഥാനിലെത്തിക്കുമെന്ന് അറിഞ്ഞ ഒരു മുസൽമാൻ ചോദിച്ചു: 'നാമെന്തിന് പാകിസ്ഥാനിലേക്ക് പോകണം? നമ്മുടെ പിതാമഹന്മാരും നമ്മളും ഇവിടെ ജനിച്ചു. സിഖ് സഹോദരങ്ങൾക്കൊപ്പം സഹോദര്യത്തോടെയാണ് നാം ജീവിക്കുന്നത്.'

പാകിസ്ഥാനിലേക്ക് പോകാൻ മുസ്ലിംകൾ അഭയാർഥി ക്യാമ്പിലെത്തുന്നു. അതിനിടെ, മനോ മജ്റ സ്റ്റേഷനിലെത്തിയ ഒരു ട്രെയിനിലേക്ക് പതിവിന് വിപരീതമായി എല്ലാവരുടെയും ശ്രദ്ധ പതിഞ്ഞു. 1500ഓളം മൃതദേഹങ്ങളായിരുന്നു അതിലുണ്ടായിരുന്നത്! ഒരോ ട്രെയിൻ വരുമ്പോഴും നാട്ടുകാർ അതിനെ 'പ്രേത വണ്ടി' എന്ന് വിളിക്കും. അതിനകത്തുള്ളയാ ത്രക്കാർ ഇതിനകം കൊല്ലപ്പെട്ടിട്ടുണ്ടാകും. സമുദായങ്ങൾക്കിടയിൽ അവിശ്വാസമുണ്ടായതോടെ മുസ്ലിംകൾ ഗ്രാമം വിട്ടുപോയി. സിഖുകാരും ഹിന്ദുക്കളും മുസ്ലിംകളും കാലങ്ങളായി ഒരുമിച്ചു ജീവിച്ച ശാന്തമായ മനോ മജ്റ ഗ്രാമം അതോടെ നിർജീവമായി. സമീപ പ്രദേശങ്ങളിലെ കൂട്ടക്കൊലകൾ കാരണം ഒറ്റ രാത്രികൊണ്ട് അവിടത്തെ ജനങ്ങൾ ശത്രുക്കളാവുന്നു. ഇന്നിപ്പോൾ എന്തായാലും തീവ്രവാദികൾ ഹിന്ദുക്കളെ തെരഞ്ഞുപിടിച്ച് വെടിവെച്ചുകൊന്നതോടെ പലരും കരുതി ഒരു വർഗീയ കലാപം നടന്നേക്കും എന്ന് പക്ഷെ, അതുണ്ടായില്ലെന്നു മാത്രമല്ല, മുൻകാലത്തേക്കാൾ ഐക്യത്തോടെ കശ്മീർ ജനത ഒറ്റക്കെട്ടായി നിൽക്കുന്ന കാഴ്ചയാണ് കാണാനാകുന്നത്.

പഴയതു പോലെ സഞ്ചാരികൾ പഹൽഗാമിലേക്ക് എത്തിത്തുടങ്ങിയില്ലെങ്കിലും, കുറച്ച് സഞ്ചാരികൾ ഇവിടം സന്ദർശിക്കാൻ ധൈര്യം കാണിക്കുന്നുണ്ട് എന്നത് ആശ്വസമാണ്.

വരും ദിവസങ്ങളിൽ ഇവിടുത്തെ സുരക്ഷ നടപടികളിൽ വിശ്വസിച്ച് ആളുകൾ തിരികെ എത്തുമെന്ന് തന്നെയാണ് ഇവർ വിശ്വസിക്കുന്നത്. വരാൻ ഇരിക്കുന്ന അമർനാഥ് യാത്രകളും, ഉത്സവ സീസണുകളും പഹൽഗാമിലേക്ക് വിനോദസഞ്ചാരികളെ തിരികെ എത്തിക്കും എന്ന് തന്നെയാണ് പ്രദേശിക നേതാക്കളും ബിസിനസ്സുകാരും പ്രതീക്ഷിക്കുന്നത്

**പഹൽഗാം ലോകത്തിനു നൽകുന്ന പാഠം**

തോറ്റുപോയ ഒരുകൂട്ടം സാധാരണക്കാരുടെ കഥയല്ല പഹൽഗാം ലോകത്തിന് മുന്നിൽ പറയുന്നത്, മറിച്ച് ഒരുമയുടെ, സഹനശേഷിയുടെ സ്നേഹത്തിന്റെ കഥയാണ് പറയാനുള്ളത്. ഭീകരാക്രമണ സമയത്ത് ഊരും പേരും ഭാഷയും അറിയാത്ത കുറച്ച് പാവപെട്ട വിനോദസഞ്ചാരികളെ സ്വന്തം സഹോദരങ്ങളെ പോലെ ചേർത്ത് പിടിച്ച ഒരുകൂട്ടം മനുഷ്യരെ നമ്മൾ കണ്ടതാണ്.

പ്രതികൂല സാഹചര്യം വരുമ്പോൾ എങ്ങനെ അതിനെ അതിജീവിക്കാം എന്ന് പഹൽഗാമില്ലുള്ള ആളുകളെ നോക്കിയാൽ മനസിലാകും. ജീവിതത്തിലെ പ്രതിക്ഷകൾ നഷ്ടപ്പെടാതെ ജീവിക്കുന്ന കശ്മീരിലെ ജനങ്ങളെ എന്നും മാതൃകയാക്കാൻ പറ്റുന്നവരാണ്

◗ *എമ എൽസ എൽവിൻ*

# ഇന്ത്യൻ സർവകക്ഷി സംഘം എന്തിന് ഈ കുഞ്ഞൻ രാജ്യങ്ങൾ സന്ദർശിക്കണം?

ഭീകരവാദത്തിനെതിരേ ഇന്ത്യ ഉയർത്തുന്ന സന്ദേശം ലോകത്തിന് മുന്നിൽ അവതരിപ്പിക്കാൻ കേന്ദ്ര സർക്കാർ അയച്ച സർവകക്ഷി പ്രതിനിധി സംഘം ലോകരാജ്യങ്ങൾ സന്ദർശിച്ച് വരികയാണ്. വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും എംപിമാരും മുൻ കേന്ദ്രമന്ത്രിമാരുംസർക്കാർഉദ്യോഗസ്ഥരുമെല്ലാം ഓപ്പറേഷൻ സിന്ദൂറിന്റെ ഭാഗമായുള്ള ഈ സംഘത്തിൽ ഉൾപ്പെടുന്നുണ്ട്.

ഏഴ് സംഘങ്ങളായി തിരിഞ്ഞാണ് ഇവർ വിവിധ രാജ്യങ്ങൾ സന്ദർശിക്കുന്നത്. തീവ്രവാദത്തിനെതിരെ ആഗോളസമവായംസൃഷ്ടിക്കുന്നതിനായിഈ പ്രതിനിധികൾ വിവിധ രാജ്യങ്ങൾ സന്ദർശിച്ച് വരികയാണ്. അതേസമയം ഈ ഏഴ് പ്രതിനിധി സംഘങ്ങളിൽ ഒരുസംഘംഅൽപംവെല്ലുവിളിനിറഞ്ഞ ദൗത്യത്തിലാണുള്ളത്. മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെയുടെ മകനും ഏറ്റവും പ്രായം കുറഞ്ഞ നേതാവുമായ ശ്രീകാന്ത് ഷിൻഡെയുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘമാണിത്.

യുഎഇയിൽ നിന്ന് വലിയ പ്രതീക്ഷയോടെ അവർ ദൗത്യത്തിന് തുടക്കമിട്ടത്. നിലവിൽ റിപ്പബ്ലിക് ഓഫ് കോംഗോയിലാണ് അവരുള്ളത്. കോംഗോ റിപ്പബ്ലിക്കിന്റെ ഉപപ്രധാനമന്ത്രി, വിദേശകാര്യമന്ത്രി, സ്പീക്കർ, മറ്റ് പ്രമുഖ വ്യക്തികൾ എന്നിവരുമായി ഇന്ത്യൻ പ്രതിനിധി സംഘം ചൊവ്വാഴ്ച കൂടിക്കാഴ്ച നടത്തിയിരുന്നു. ഇന്ത്യയുടെ തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്തുകയും പ്രധാന ആഫ്രിക്കൻ രാജ്യങ്ങളിലെ ജനങ്ങളുമായുള്ള ബന്ധം കെട്ടിപ്പടുക്കുകയും തീവ്രവാദത്തിനെതിരേ അണിനിരത്തുകയുമാണ് ഈ സന്ദർശനത്തിന്റെ ലക്ഷ്യം.



ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയിൽ (ഡിആർസി) നടന്ന കൂടിക്കാഴ്ചകൾ ഫലപ്രദമായിരുന്നുവെന്നും ഭീകരതയെക്കുറിച്ചുള്ള ഇന്ത്യയുടെ നിലപാട് പ്രതിനിധി സംഘത്തിന് വ്യക്തമായി അവതരിപ്പിക്കാൻ കഴിഞ്ഞുവെന്നും ഒരു സ്രോതസ്സ് വ്യക്തമാക്കി. ഭീകരതയെ പിന്തുണയ്ക്കുന്ന പാകിസ്ഥാൻ പോലെയുള്ള രാജ്യങ്ങളെ പിന്തുണയ്ക്കുന്നതിലെ അപകടങ്ങൾ ഡിആർസി ഉയർത്തിക്കാട്ടി. അതിനാൽ ഇത്തരം രാജ്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും പ്രതിനിധി സംഘം ഊന്നിപ്പറഞ്ഞു.

ഇന്ത്യയിലേക്ക് മടങ്ങുന്നതിന് മുമ്പ് ഈ പ്രതിനിധി സംഘം രണ്ട് രാജ്യങ്ങൾ കൂടി സന്ദർശിക്കും. സീയറാ ലിയോണും ലൈബീരിയയുമാണ് അവർ സന്ദർശിക്കുന്ന രണ്ട് രാജ്യങ്ങൾ. ലോക ഭൂപടത്തിൽ ചെറുതും അത്ര ശ്രദ്ധിക്കപ്പെടാത്തതുമായ ഈ രാജ്യങ്ങളെയും ഇന്ത്യൻ സർക്കാർ തന്ത്രപരമായി ഒന്നിച്ച് നിർത്തിയിട്ടുണ്ട്. ഈ രണ്ട് രാജ്യങ്ങളും ഗുരുതരമായ ആഭ്യന്തര വെല്ലുവിളികളും നേരിടുന്നുണ്ട്. റിപ്പബ്ലിക് ഓഫ് കോംഗോയിൽ ആഭ്യന്തര സംഘർഷങ്ങളുടെയും കുറ്റകൃത്യങ്ങളുടെയും എണ്ണം ഉയരുന്നതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. അടുത്തിടെ ഒരു ഇന്ത്യൻ ബിസിനസുകാരന്റെ കൊലപാതകം ഇവിടെ നിന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

സീയറാ ലിയോണും ഇത്തരത്തിൽ ഗുരുതരമായ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. എംപോക്സ് കേസുകളുടെ എണ്ണം സമീപകാലത്ത് ഇവിടെ വ്യാപകമായി വർധിച്ചിട്ടുണ്ട്. കഴിഞ്ഞ പത്ത് ദിവസത്തിനുള്ളിൽ എംപോക്സ് കേസുകളിൽ 50 ശതമാനം വർധനവുണ്ടായതായി റിപ്പോർട്ടുകൾ പറയുന്നു. ഈ വർഷം ആദ്യമാണ് ഇവിടെ എംപോക്സ് ആദ്യമായി റിപ്പോർട്ട് ചെയ്തത്. അയൽ രാജ്യമായ ലൈബീരിയയിലേക്കും എംപോക്സ് പടരുമെന്ന ഭീഷണി നിലനിൽക്കുന്നുണ്ട്.

അതേസമയം ഈ രാജ്യങ്ങളിലേക്ക് പ്രതിനിധി സംഘത്തെ അയക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനത്തെ കോൺഗ്രസ് ഉൾപ്പെടെയുള്ള ചില രാഷ്ട്രീയ പാർട്ടികൾ ചോദ്യം ചെയ്തിരുന്നു. എന്നാൽ ഇന്ത്യൻ പ്രതിനിധി സംഘം തങ്ങളുടെ ദൗത്യം തുടരുകയാണ്. കഴിയുന്നത്ര അന്താരാഷ്ട്ര പിന്തുണ നേടുകയാണ് ഇന്ത്യ ലക്ഷ്യമിടുന്നത്.

ഐക്യരാഷ്ട്ര സുരക്ഷാ കൗൺസിലിൽ ഇടം പിടിക്കാൻ ശ്രമിക്കുന്ന ഈ രാജ്യങ്ങളുടെ പിന്തുണ ഇന്ത്യയെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്. സീയറാ ലിയോണ് ഇതിനോടകം തന്നെ യുഎൻഎസ്സിയിലെ സ്ഥിരമല്ലാത്ത അംഗവും ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കോഓപ്പറേഷനിലെ (ഒഐസി) അംഗവുമാണ്. ഇത് ഇന്ത്യയുടെ നീക്കത്തിന് നിർണായകമായ ഘടകമായി മാറും.

തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങളോടുള്ള ഇന്ത്യയുടെ നിലപാടിനെ ഒഐസിക്കുള്ളിലെ ശക്തമായ രാജ്യങ്ങളായ കുവൈറ്റും ബഹ്റൈനും പിന്തുണച്ചിട്ടുണ്ട്. കൂടാതെ, യുഎഇ പോലെയുള്ള രാജ്യങ്ങൾ ഇന്ത്യയുടെ പോരാട്ടത്തിന് പിന്തുണ പ്രഖ്യാപിച്ച് രംഗത്തെത്തിയിരുന്നു.

# 40 വയസ്സുവരെ കളിക്കും, ഭാവിയിൽ സൗദി ലീഗിലേക്കെന്നും മുഹമ്മദ് സലാ




40 വയസ്സ് വരെ ഫുട്ബോൾ കളിക്കുമെന്ന് ഈജിപ്ഷ്യൻ സൂപ്പർ താരം മുഹമ്മദ് സലാ . ഭാവിയിൽ സൗദി ലീഗിലേക്ക് മാറുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ നടക്കുന്നുണ്ടെന്നും ലിവർപൂൾ താരം പറഞ്ഞു.കഴിഞ്ഞ സീസണിൽ റെഡ് ഡെവിൾസിന്റെ പ്രീമിയർ ലീഗ് കിരീട വിജയത്തിൽ സലാ നിർണായക പങ്ക് വഹിച്ചു. ലീഗിലെ ടോപ് സ്കോററും പ്രീമിയർ ലീഗ് കളിക്കാരനുമായി. താരം 29 ഗോളുകൾ നേടുകയും 18 അസിസ്റ്റുകളും നൽകുകയും ചെയ്തു. ലിവർപൂളുമായുള്ള കരാർ പുതുക്കുന്നതിനെക്കുറിച്ചുള്ള അനിശ്ചിതത്വത്തിനിടയിൽ താരം സൗദി പ്രോ ലീഗിലേക്ക് പോകുമെന്ന് ശക്തമായ അഭ്യൂഹങ്ങളുണ്ടായിരുന്നു. വലിയ ഓഫറുകളുമായി സൗദി ക്ലബ്ബുകൾ താരത്തെ പിന്തുടരുകയായിരുന്നു.കഴിഞ്ഞ മാസമാണ് ക്ലബുമായി താരം പുതിയ കരാറിലെത്തിയത്. മനസ്സ് പറയുമ്പോൾ കളി അവസാനിപ്പിക്കുമെന്ന് ഈജിപ്ഷ്യൻ ടെലിവിഷന് നൽകിയ അഭിമുഖത്തിൽ സലാഹ് പറഞ്ഞു. ‘എന്നോട് അഭിപ്രായം ചോദിച്ചാൽ, 39-40 വയസ്സുവരെ കളിക്കുമെന്ന് പറയും, പക്ഷേ അതിനുമുമ്പ് നിർത്തണമെന്ന് മനസ്സ് പറഞ്ഞാൽ അവസാനിപ്പിക്കും.ഒരുപാട് കാര്യങ്ങൾ നേടി’ -താരം വ്യക്തമാക്കി. ലിവർപൂളുമായുള്ള കരാർ കാലാവധി അവസാനിച്ചതിനു പിന്നാലെ സൗദിയിലേക്ക് പോകാനുള്ള തയാറെടുപ്പിലായിരുന്നു. പക്ഷേ, ക്ലബ് കരാർ പുതുക്കിയെന്നും താരം കൂട്ടിച്ചേർത്തു.

# ടി. ദിലീപ് ഫീൽഡിങ് കോച്ചായി തിരിച്ചെത്തുന്നു



ഇന്ത്യയുടെ മുൻ ഫീൽഡിങ് കോച്ചായിരുന്നു ടി. ദിലീപ് ടീമിലേക്ക് തിരിച്ചെത്തുന്നു. ഇംഗ്ലണ്ട് പര്യടനത്തിന് മുമ്പ് ദിലീപ് ടീമിന്റെ ഭാഗമാകുമെന്നാണ് റിപ്പോർട്ട്. നേരത്തേ ബോർഡർ ഗാവസ്കർ ട്രോഫിയിലെ ഇന്ത്യയുടെ മോശം പ്രകടനത്തിന് പിന്നാലെയാണ് ദിലീപ് ടീമിൽ നിന്ന് പുറത്തായത്.ടി. ദിലീപിനെ വീണ്ടും ഫീൽഡിങ് കോച്ചായി നിയമിക്കുന്നത് ക്രിക്കറ്റ് ബോർഡ് ആലോചിച്ചെടുത്ത തീരുമാനമല്ലെന്നാണ് ക്രിക്ക്ബസ് റിപ്പോർട്ട് ചെയ്യുന്നത്. മറിച്ച് മുൻ ഇന്ത്യൻ ടെസ്റ്റ് ടീം നായകനായിരുന്ന രോഹിത് ശർമയുടെ ആവശ്യപ്രകാരമാണ് ഇത്തരത്തിലൊരു നീക്കം നടത്തുന്നത്. രോഹിത് ശർമ പരിശീലകൻ ഗൗതം ഗംഭീറിനോട് വ്യക്തിപരമായി ഇക്കാര്യം ഉന്നയിച്ചതായാണ് പുറത്തുവരുന്ന വിവരം. പിന്നാലെ ബിസിസിഐ ദിലീപിനെ തിരിച്ചെടുക്കാനുള്ള തീരുമാനമെടുക്കുകയായിരുന്നു.ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് പരമ്പരയ്ക്കുള്ള പതിനെട്ടംഗ ടീമിനെ അടുത്തിടെയാണ് ബിസിസിഐ പ്രഖ്യാപിച്ചത്. ശുഭ്മാൻ ഗിൽ ടീമിനെ നയിക്കുമ്പോൾ വിക്കറ്റ് കീപ്പർ ബാറ്റർ ഋഷഭ് പന്തിനെ വൈസ് ക്യാപ്റ്റനായി തിരഞ്ഞെടുത്തു.

# പുതിയ പരിശീലകന്റെ കീഴിൽ അടിമുടി മാറാൻ റയൽ





പുതിയ പരിശീലകന്റെ കീഴിൽ വലിയ മാറ്റങ്ങൾക്ക് തയ്യാറെടുക്കുകയാണ് സ്പാനിഷ് ക്ലബ്ബ് റയൽ മാഡ്രിഡ്. ഈ ആഴ്ച റയൽ ക്ലബ്ബിന്റെ പുതിയ സൈനിംഗുകൾ ആരാധകർക്ക് മുന്നിൽ അവതരിപ്പിക്കുമെന്ന് വിവിധ സ്പാനിഷ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ലിവർപൂൾ വിട്ട ട്രെന്റ് അലക്സാണ്ടർ-അർനോൾഡും ബെൻഫിക്കയുടെ അൽവാരോ കരേരസും ക്ലബ്ബുമായി പുതിയ കരാറുകളിൽ ഒപ്പുവച്ചു. കാർലോ ആൻസെലോട്ടിക്ക് പകരം റയൽ സാവി അലോൺസോയെ പരിശീലകനായി കൊണ്ടുവന്നു. ഇന്നലെ ക്രിസ്റ്റൽ പാലസിനെതിരായ തന്റെ അവസാന മത്സരം കളിച്ചതിന് ശേഷമാണ് ട്രെന്റ് അലക്സാണ്ടർ-അർനോൾഡ് ആൻഫീൽഡിനോട് വിട പറഞ്ഞത്. നിലവിൽ പോർച്ചുഗീസ് ക്ലബ്ബ് ബെൻഫിക്കയ്ക്കായി കളിക്കുന്ന കരേരസുമായും റയൽ ഒരു കരാറിൽ എത്തിയിട്ടുണ്ടെന്നാണ് റിപ്പോർട്ട്.സീസണിൽ വ്യത്യസ്ത ചാമ്പ്യൻഷിപ്പുകളിലായി ബെൻഫിക്കക്കായി 50 മത്സരങ്ങൾ കളിച്ച മുൻ മാഞ്ചസ്റ്റർ യുണൈറ്റഡ് താരം മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. 23കാരാനായ താരം 2017-2020 കാലയളവിൽ റയൽ മഡ്രിഡിൻറെ യൂത്ത് ടീമിനായി കളിച്ചിട്ടുണ്ട്.പിന്നാലെ യുണൈറ്റഡിൽ ചേർന്ന താരം വായ്പാടിസ്ഥാനത്തിൽ ഗ്രാനഡ, പ്രെസ്റ്റൻ, ബെൻഫിക്ക ക്ലബുകൾക്കായും പന്തുതട്ടി. 2024ലാണ് ബെൻഫിക്കയുമായി സ്ഥിരം കരാറിലെത്തുന്നത്. ഇതിനിടെ യുണൈറ്റഡും റയലും യുവതാരത്തെ തിരിച്ചെത്തിക്കാനുള്ള ശ്രമങ്ങൾ നടത്തി.

# ബാഴ്സയിൽതന്നെ യമാൽ മാജിക് തുടരും



ബാഴ്സലോണയുമായി ലാമിൻ യാമൽ ഒരു വർഷത്തെ പുതിയ കരാറിൽ ഒപ്പുവച്ചു. പുതിയ കരാർ പ്രകാരം 2031 വരെ അദ്ദേഹം ക്ലബ്ബിൽ തുടരും. കരാർ നീട്ടിയതായി ക്ലബ് തന്നെ സോഷ്യൽ മീഡിയയിലൂടെ പ്രഖ്യാപിച്ചു. ക്ലബ്ബുമായുള്ള യമലിന്റെ നിലവിലെ കരാർ 2026 വരെയായിരുന്നു. നിരവധി ക്ലബ്ബുകൾ കൗമാര താരത്തിനായി വല വീശാൻ തുടങ്ങിയതിനെ തുടർന്നാണ് സ്പാനിഷ് ഭീമന്മാർ ഇത്തരമൊരു നീക്കം നടത്തിയത്.2024–25 സീസണിൽ താരം മികച്ച പ്രകടനം കാഴ്ചവച്ചു. ക്ലബ്ബിനായി ലാ ലിഗ, കോപ്പ ഡെൽ റേ, സ്പാനിഷ് സൂപ്പർ കപ്പ് എന്നിവ താരം നേടി. ചാമ്പ്യൻസ് ലീഗിന്റെ സെമിഫൈനലിലെത്തി. 55 മത്സരങ്ങളിൽ നിന്ന് 18 ഗോളുകൾ നേടുകയും 25 അസിസ്റ്റുകളും നൽകുകയും ചെയ്തു. ഈ വർഷത്തെ ബാലൺ ഡി ഓർ സാധ്യതാ പട്ടികയിൽ താരം ഒന്നാം സ്ഥാനത്താണ്.

## സൗദി ലീഗിൽ സുവർണ പാദുകം സ്വന്തമാക്കി ക്രിസ്റ്റ്യാനോ



സൗദി ലീഗിൽ ക്രിസ്റ്റ്യാനോ റൊണാൾഡോ ഗോൾഡൻ ബൂട്ട് നേടി. ഈ സീസണിൽ അൽ നാസർ ക്യാപ്റ്റൻ 25 ഗോളുകൾ നേടിയിട്ടുണ്ട്. റൊണാൾഡോ തുടർച്ചയായി രണ്ടാം തവണയാണ് ഗോൾഡൻ ബൂട്ട് നേടുന്നത്.ഈ സീസണിൽ അൽ നാസർ വിടാൻ സാധ്യതയുള്ള ക്രിസ്റ്റ്യാനോയ്ക്ക് ഇത് ഒരു മികച്ച യാത്രയയപ്പായിരിക്കും. കഴിഞ്ഞദിവസം അൽ ഫത്തേഹിനെതിരെയുള്ള മത്സരം പരാജയപ്പെട്ടെങ്കിലും റൊണാൾഡോ ഗോൾ നേടിയിരുന്നു.അൽ അഹ്ലി, പാൽമിറാസ്, ചെൽസി ടീമുകൾ സിആർ 7ന്റെ പിന്നാലെയുണ്ട്. വരാനിരിക്കുന്ന ഫിഫ ക്ലബ് ലോകകപ്പിൽ ഈ ക്ലബ്ബുകൾ കളിക്കുന്നുണ്ട്.അൽ നാസർ പരിശീലകൻ സ്റ്റെഫാനോ പിയോലിയുടെ തന്ത്രങ്ങളിൽ സൂപ്പർതാരം തൃപ്തനല്ല. 2022ലാണ് റൊണാൾഡോ മാഞ്ചസ്റ്റർ യുണൈറ്റഡിൽ നിന്നും അൽ നാസറിലെത്തിയത്. ഇതിന് ശേഷം നിരവധി അന്താരാഷ്ട്ര താരങ്ങൾ സൗദി ലീഗിലെത്തി.

## ക്രിസ്റ്റ്യാനോ റൊണാൾഡോ അൽ നസർ വിടുന്നു

പോർച്ചുഗൽ സൂപ്പർ താരം ക്രിസ്റ്റ്യാനോ റൊണാൾഡോ സൗദി പ്രോ ലീഗ് വിടാനൊരുങ്ങുന്നുവെന്ന് റിപ്പോർട്ട്. സൗദി പ്രൊ ലീഗ് സീസൺ സമാപിച്ചതിന് പിന്നാലെ ആ അധ്യായം കഴിഞ്ഞുവെന്ന റൊണാൾഡോയുടെ സോഷ്യൽ മീഡിയ പോസ്റ്റാണ് പോർച്ചുഗൽ സൂപ്പർ താരം സൗദി പ്രോ ലീഗ് ടീമായ അൽ നസ്ർ വിടാനൊരുങ്ങുന്നുവെന്ന സൂചനകൾ നൽകിയത്. 2022ലാണ് ആരാധകരെ ഞെട്ടിച്ച് റെക്കോർഡ് ട്രാൻസ്ഫർ തുകയ്ക്ക് റൊണാൾഡോ ഇംഗ്ലീഷ് പ്രീമിയർ ലീഗ് ക്ലബ്ബായ മാഞ്ചസ്റ്റർ യുണൈറ്റഡിൽ നിന്ന് സൗദി പ്രോ ലീഗിൽ അൽ നസ്റിനായി കളിക്കാൻ കരാറൊപ്പിട്ടത്.പിന്നീട്, നെയ്മറും ബെൻസേമയും ഉൾപ്പെടെ ലോക ഫുട്ബോളിലെ നിരവധി സൂപ്പർതാരങ്ങൾ റൊണാൾഡോയുടെ പാത പിന്തുടർന്ന് സൗദി പ്രോ ലീഗിലെ വിവിധ ടീമുകളിൽ ചേർന്നു. അൽ നാസറുമായുള്ള റൊണാൾഡോയുടെ കരാർ ഈ സീസണിൽ അവസാനിക്കും. ക്ലബ് ലോകകപ്പിനായി കളിക്കാരെ സൈൻ ചെയ്യുന്നതിന് ജൂൺ 1 മുതൽ 10 വരെ ക്ലബ്ബുകൾക്ക് പ്രത്യേക ട്രാൻസ്ഫർ വിൻഡോ തുറക്കുന്നുണ്ട്. ഈ സമയത്ത് റൊണാൾഡോ അൽ നാസർ വിട്ട് മറ്റൊരു ക്ലബ്ബിലേക്ക് മാറുമെന്ന് സൂചനയുണ്ട്.25 ഗോളുകളുമായി ഈ സീസണിലും ലീഗിലെ ടോപ് സ്കോററായാണ് നാൽപതുകാരനായ റൊണാൾഡോ ടീമിനോട് വിടപറയാനൊരുങ്ങുന്നത്.

## ടി20 പരമ്പരയിൽ DRS ഒഴിവാക്കി പിസിബി

ബംഗ്ലാദേശിനെതിരായ ടി20 പരമ്പരയിൽ ഡിആർഎസ് സംവിധാനം ഒഴിവാക്കാൻ പാക് ക്രിക്കറ്റ് ബോർഡിന്റെ തീരുമാനം. വൻ ചെലവ് ചൂണ്ടിക്കാട്ടിയാണ് പിസിബിയുടെ തീരുമാനമെന്നാണ് റിപ്പോർട്ട്. അതിനാൽ പരമ്പരയിൽ അമ്പയർ എടുക്കുന്ന തീരുമാനങ്ങൾ അന്തിമമായിരിക്കും. മൂന്ന് മത്സരങ്ങളാണ് ടി20 പരമ്പരയിലുള്ളത്. ബംഗ്ലാദേശ് ക്രിക്കറ്റ് ബോർഡിന് സർക്കാരിൽ നിന്ന് അനുമതി ലഭിച്ചതിന് പിന്നാലെയാണ് ടീം പാകിസ്താനിൽ പോയി പരമ്പര കളിക്കുന്നത്. ആദ്യം അഞ്ച് ടി20 മത്സരങ്ങൾ കളിക്കാനാണ് നിശ്ചയിച്ചിരുന്നതെങ്കിലും പിന്നീട് മത്സരങ്ങളുടെ എണ്ണം മൂന്നായി ചുരുക്കുകയായിരുന്നു. എല്ലാ മത്സരങ്ങളും ലാഹോറിലെ ഗദ്ദാഫി സ്റ്റേഡിയത്തിൽ വെച്ചാണ് നടക്കുക. മേയ് 28, 30, ജൂൺ 1 തീയ്യതികളിലാണ് മത്സരങ്ങൾ നടക്കുന്നത്. നേരത്തേ ഇന്ത്യ-പാക് സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ പാകിസ്താനിൽ പോയി കളിക്കുന്ന കാര്യത്തിൽ ബിസിബിക്ക് ആശങ്കയുണ്ടായിരുന്നു.




## കുറഞ്ഞ ഓവർ നിരക്ക്; ഋഷഭ് പന്തിനും സംഘത്തിനും തിരിച്ചടി

ഇന്ത്യൻ പ്രീമിയർ ലീഗിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെതിരായ മത്സരത്തിലെ പരാജയത്തിന് പിന്നാലെ ലഖ്നൗ സൂപ്പർ ജയന്റ്സിന് വീണ്ടും തിരിച്ചടി. ബെംഗളൂരുവിനെതിരായ മത്സരത്തിലെ കുറഞ്ഞ ഓവർ നിരക്കിന് ടീമിലെ മുഴുവൻ താരങ്ങൾക്കും ബിസിസിഐ പിഴ വിധിച്ചു.ടീം ക്യാപ്റ്റൻ ഋഷഭ് പന്തിന് 30 ലക്ഷം രൂപയാണ് പിഴ വിധിച്ചിരിക്കുന്നത്.

ടീമിലെ മറ്റ് താരങ്ങൾക്ക് 12 ലക്ഷം രൂപയോ മാച്ച് ഫീയുടെ 50 ശതമാനമോ പിഴയായി അടയ്ക്കണം. ഐപിഎൽ സീസണിൽ ഇത് മൂന്നാംതവണയാണ് റിഷഭ് പന്തിന് കുറഞ്ഞ ഓവർ നിരക്കിനെ തുടർന്ന് ബിസിസിഐ പിഴ വിധിക്കുന്നത്.ഏപ്രിൽ നാലിന് നടന്ന മുംബൈ ഇന്ത്യൻസിനെതിരായ മത്സരത്തിന് പിന്നാലെയും ഋഷഭ് ബിസിസിഐ നടപടി നേരിട്ടിരുന്നു. അന്ന് ഋഷഭ് പന്തിന് 12 ലക്ഷം രൂപയാണ് പിഴ വിധിച്ചത്. സീസണിലെ ആദ്യ തവണ ആയതിനാൽ സഹതാരങ്ങൾക്ക് പിഴ വിധിച്ചിരുന്നില്ല.എന്നാൽ ഏപ്രിൽ 27ന് നടന്ന മുംബൈ ഇന്ത്യൻസ് ലഖ്നൗ സൂപ്പർ ജയന്റ്സ് മത്സരത്തിന് പിന്നാലെയും കുറഞ്ഞ ഓവർ നിരക്ക് തിരിച്ചടിയായി. അന്ന് ഋഷഭ് പന്തിന് 24 ലക്ഷം രൂപ പിഴയും സഹതാരങ്ങൾക്ക് ആറ് ലക്ഷം രൂപയോ മാച്ച് ഫീയുടെ 25 ശതമാനമോ ആണ് പിഴ വിധിച്ചിരുന്നത്.

# കരൾ കാൻസറിനുള്ള സാധ്യത വർധിപ്പിക്കുന്ന നാല് ദുശ്ശീലങ്ങൾ



ലോകത്തിലെ ഏറ്റവും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളിൽ ഒന്നാണ് കരൾ കാൻസർ. കാൻസർ മരണങ്ങളുടെ മൂന്നാമത്തെ പ്രധാന കാരണമാണിത്. ജീവിതശൈലിയും പാരിസ്ഥിതിക ഘടകങ്ങളുമാണ് കരൾ കാൻസറിന് പിന്നിലെ പ്രധാന ഘടകങ്ങൾ എന്ന് ഗ്യാസ്ട്രോഎൻട്രോളജിസ്റ്റ് ഡോ. സൗരഭ് സേഥി പറയുന്നു.

ചില അപകടസാധ്യതകൾ ഒഴിവാക്കാൻ കഴിയില്ലെങ്കിലും, ചില ബോധപൂർവമായ ജീവിതശൈലി മാറ്റങ്ങൾ കരൾ കാൻസറിനുള്ള സാധ്യത കുറയ്ക്കാൻ സഹായിക്കും. കരൾ കാൻസറിനുള്ള സാധ്യത കുറയ്ക്കുന്നതിന് ഒഴിവാക്കേണ്ട നാല് മോശം ശീലങ്ങൾ ഏതൊക്കെയെന്ന് നോക്കാം.

### പ്രോസസ്ഡ് മീറ്റ്

ബേക്കൺ, സോസേജുകൾ, ഹോട്ട് ഡോഗുകൾതുടങ്ങിയസംസ്കരിച്ചമാംസങ്ങൾ ഒഴിവാക്കാൻ ഡോക്ടർ സൗരഭ് സേഥി ഉപദേശിക്കുന്നു. ഈ ഭക്ഷണങ്ങളിൽ നൈട്രേറ്റുകളും പ്രിസർവേറ്റീവുകളും നിറഞ്ഞിരിക്കുന്നു, ഇത് കാലക്രമേണ നിങ്ങളുടെ കരളിന് ദോഷം വരുത്തുകയും കരൾ തകരാറിനും കാൻസറിനും സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യും.

### മദ്യം

മദ്യപാനം കരളിന്റെ ആരോഗ്യത്തെ സാരമായി ബാധിക്കും. ഇത് കരൾ രോഗ സാധ്യതയും വർദ്ധിപ്പിക്കുമെന്ന് ഡോക്ടർ പറയുന്നു. റെഡ് വൈൻ മദ്യത്തിൽ കൂട്ടത്തിൽ കൂട്ടാത്തവരുണ്ട്. അതുകൊണ്ട് ഇത് സുരക്ഷിതമാണെന്ന് തെറ്റിദ്ധരിക്കുന്നുവരും ഏറെയാണ്. എന്നാൽ അങ്ങനെയല്ല, റെഡ് വൈനും കരളിന് ആപത്താണ്.

### പഞ്ചസാര അടങ്ങിയ പാനീയങ്ങൾ

ഡോക്ടർ സേഥിയുടെ അഭിപ്രായത്തിൽ, പഞ്ചസാര അടങ്ങിയ പാനീയങ്ങളാണ് മറ്റൊരു പ്രധാന ശത്രു. സോഡകളിലും, എനർജി ഡ്രിങ്കുകളിലും, മറ്റ് മധുരമുള്ള പാനീയങ്ങളിലും അടങ്ങിയിരിക്കുന്ന ഫ്രക്ടോസ് കരളിന്മേൽ വലിയ ഭാരം ചുമത്തുന്നു, ഇത് ഫാറ്റി ലിവർ രോഗത്തിന്റെ വികാസത്തിന് കാരണമാകുന്നു. ഫാറ്റി ലിവർ കരൾ കാൻസറിനുള്ള അപകട ഘടകമാണ്.

### വറുത്ത ഭക്ഷണങ്ങൾ

ഫ്രഞ്ച് ഫ്രൈസ്, ചിപ്സ്, ഫ്രൈഡ് ചിക്കൻ തുടങ്ങിയ വറുത്ത ഭക്ഷണങ്ങൾ ഒഴിവാക്കുന്നതാണ് നല്ലതെന്ന് ഡോ. സേഥി പറയുന്നു. ഈ ഭക്ഷണങ്ങൾ പതിവായി കഴിക്കുമ്പോൾ വിട്ടുമാറാത്ത കരൾ വീക്കം ഉണ്ടാക്കാം, ഇത് കാലക്രമേണ കരൾ കാൻസറിനുള്ള സാധ്യത വർദ്ധിപ്പിക്കും.

# ജനനസമയത്തെ വിറ്റാമിൻ ഡിയുടെ കുറവ് കുഞ്ഞുങ്ങളിൽ ഓട്ടിസത്തിന് കാരണമാകുമോ?



വിറ്റാമിൻ ഡി കുറവുള്ള നവജാതശിശുക്കൾക്ക് ഓട്ടിസം, ശ്രദ്ധക്കുറവ്-ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡർ (എഡിഎച്ച്ഡി),സ്കീസോഫ്രീനിയതുടങ്ങിയ അവസ്ഥകൾ ഉണ്ടാകാനുള്ള സാധ്യതകൂടുതലാണെന്ന്പഠനം.71,000 ത്തിലധികം വ്യക്തികളുടെ വിറ്റാമിൻ ഡി നില വിലയിരുത്തിയ ക്വീൻസ്‌ലാൻഡ് സർവകലാശാല ഗവേഷകരാണ് ഈ പഠനം നടത്തിയത്. ഈ വ്യക്തികളിൽ പലർക്കും കുട്ടിക്കാലത്തോ കൗമാരത്തിന്റെതുടക്കത്തിലോമാനസികാരോഗ്യ വൈകല്യങ്ങൾ ഉള്ളതായി കണ്ടെത്തി. വിറ്റാമിൻ ഡിയുടെ അഭാവത്തിൽ മേജർ ഡിപ്രസീവ് ഡിസോർഡർ, ബൈപോളാർ ഡിസോർഡർ, സ്കീസോഫ്രീനിയ, എഡിഎച്ച്ഡി, ഓട്ടിസം സ്പെക്ട്രം ഡിസോർഡർ (എഎസ്ഡി), അനോറെക്സിയ നെർവോസ എന്നിവ ഉണ്ടാകാമെന്നും പഠനം കണ്ടെത്തി.

ഗർഭകാലത്തും ആദ്യകാല ജീവിതത്തിലും വിറ്റാമിൻ ഡി സപ്ലിമെന്റേഷൻ നൽകുന്നത്പിന്നീടുള്ളജീവിതത്തിലെ ചില മാനസിക വൈകല്യങ്ങൾ കുറയ്ക്കാൻസഹായിക്കുമെന്ന ആശയത്തെ ഈ കണ്ടെത്തലുകൾ പിന്തുണയ്ക്കുന്നു. കുട്ടികളുടെ വളർച്ചയിൽ വിറ്റാമിൻ ഡി വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്.

കുട്ടിയുടെ തലച്ചോറിന്റെ വികാസത്തിനും വിറ്റാമിൻ ഡി പ്രധാനമാണ്. അസ്ഥികളുടെ വളർച്ചയിലും പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിലും ഇത് ഒരു പ്രധാന പങ്ക് വഹിക്കുന്നു. കുട്ടികളിൽ വിറ്റാമിൻ ഡിയുടെ കുറവ് അകാല വാർദ്ധക്യത്തിനും പ്രതിരോധശേഷി ദുർബലപ്പെടുത്തുന്നതിനുംകാരണമാകും.

ഗർഭകാലത്ത് സാൽമൺ, സാർഡിൻ തുടങ്ങിയ കൊഴുപ്പുള്ള മത്സ്യങ്ങൾ, മുട്ടയുടെ മഞ്ഞക്കരു, മീൻ കരൾ എണ്ണ, ഫോർട്ടിഫൈഡ് ഡയറി അല്ലെങ്കിൽ സസ്യാധിഷ്ഠിത പാൽ, ചില ധാന്യങ്ങൾ, ജ്യൂസുകൾ എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തണം.

# ചടഞ്ഞിരിക്കരുത് ! രണ്ടാമത്തെ ഹൃദയാഘാതം തടയാൻ ജീവിതശൈലിയിൽവേണം മാറ്റങ്ങൾ



ഹൃദയാഘാതം സംഭവിച്ച അഞ്ചിൽ ഒരാൾക്ക് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ വീണ്ടും ഹൃദയാഘാതം ഉണ്ടാകാനുള്ള സാധ്യതയുണ്ടെന്ന് അമേരിക്കൻ ഹാർട്ട് അസോസിയേഷന്റെ കണക്ക്. ഹൃദയാഘാതം, പെട്ടെന്നുള്ള ഹൃദയസ്തംഭനം തുടങ്ങിയ മറ്റ് ഹൃദയ പ്രശ്നങ്ങൾക്കും ഇത് കാരണമാകും. ഒരിക്കൽ ഹൃദയാഘാതം ഉണ്ടായിട്ടുള്ളവരാണെങ്കിൽ വീണ്ടും ഉണ്ടാവാതിരിക്കുന്നതിൽ ജീവിതശൈലി പ്രധാന ഘടകമാണെന്ന് വ്യക്തമാക്കുന്ന പഠനമാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്.

ന്യൂയോർക്കിലെ കൊളംബിയ യൂണിവേഴ്സിറ്റി മെഡിക്കൽ സെന്ററിലെ അസോസിയേറ്റ് പ്രൊഫസറായ ഡോ. കീത്ത് ഡയസിന്റെ നേതൃത്വത്തിൽ നടത്തിയ പഠനം, സർക്കുലേഷൻ: കാർഡിയോവാസ്കുലർ ക്വാളിറ്റി & ഔട്ട്കംസ് എന്ന ജേണലിൽ പ്രസിദ്ധീകരിച്ചു.

ഹൃദയാഘാതത്തിന് ശേഷം ഉദാസീനമായി ഇരിക്കുന്ന ആളുകൾക്ക് വീണ്ടും ഹൃദയാഘാതം ഉണ്ടാകാനുള്ള സാധ്യത കൂടുതലാണെന്ന് പഠനത്തിൽ കണ്ടെത്തി. ഉദാസീനമായി ഇരിക്കുന്നതിനുപകരം അര മണിക്കൂർ മിതമായ വ്യായാമം ചെയ്യുകയും മതിയായ ഉറക്കം നേടുകയും ചെയ്യുന്നതിലൂടെ ഇത് തടയാൻ കഴിയുമെന്നും ഗവേഷകർ കണ്ടെത്തി.

21നും 96നും ഇടയിൽ പ്രായമുള്ള ഹൃദയാഘാതം ഉണ്ടായ 600 പേരുടെ ആരോഗ്യവിവരങ്ങൾ ശേഖരിച്ചാണ് പഠനം നടത്തിയത്. ഇവരുടെ ശാരീരിക പ്രവർത്തനങ്ങളും മറ്റും പരിശോധിച്ചാണ് വിലയിരുത്തലിൽ എത്തിയത്. ഹൃദയാഘാതത്തിനുശേഷം വ്യായാമം ചെയ്യാൻ ഭയം കാണിക്കുന്നവരാണ് ഭൂരിഭാഗം പേരും.

ഇതിനാൽ തന്നെ പലരും കാര്യമായ ശാരീരിക പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കുകയും ദിവസത്തിൽ ഭൂരിഭാഗവും ഇരുന്ന് സമയം ചെലവഴിക്കുകയും ചെയ്യും. ഇത് രണ്ടാമതൊരു ഹൃദയാഘാതത്തെ വിളിച്ചുവരുത്തുന്ന ശീലമാണ് പഠനത്തിന് നേതൃത്വം നൽകിയ ഡോ.കീത് പറയുന്നു.

ദിവസവും അരമണിക്കൂർ നന്നായി വ്യായാമം ചെയ്യുകയും മറ്റു സമയങ്ങളിൽ ചെറിയ ശാരീരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തവരിൽ രണ്ടാമത് ഹൃദയാഘാതം ഉണ്ടാകാനുള്ള സാധ്യത അമ്പത് ശതമാനം കുറവായിരുന്നുവെന്നും പഠനം കണ്ടെത്തി.

# കിഡ്നി സ്റ്റോൺ; ഈ ലക്ഷണങ്ങൾ ശ്രദ്ധിക്കണം



വൃക്കയിലെ കല്ലുകൾ വളരെ സാധാരണമായ ഒരു രോഗമാണ്. എന്നാൽ അവയെ നിസ്സാരമായി കാണരുത്. കാൽസ്യം, യൂറിക് ആസിഡ് തുടങ്ങിയ ധാതുക്കളുടെയും ലവണങ്ങളുടെയും ശേഖരണം മൂലമാണ് വൃക്കയിലെ കല്ലുകൾ രൂപപ്പെടുന്നത്. അവ ഒരു മണൽത്തരി പോലെ ചെറുതോ അപൂർവ്വമായി ഒരു ഗോൾഫ് ബോളിനേക്കാൾ വലുതോ ആകാം. വൃക്കയിലെ കല്ലുകളെ റീനൽ കാൽക്കുലി അല്ലെങ്കിൽ നെഫ്രോലിത്തിയാസിസ് എന്നും വിളിക്കുന്നു. കിഡ്നി സ്റ്റോണിന്റെ പ്രധാനപ്പെട്ട ലക്ഷണങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.

### മനംപിരട്ടലും ഛർദിയും

മനംപിരട്ടലും ഛർദിയും മൂത്രത്തിൽ കല്ലുള്ളവരിൽ പൊതുവായി കണ്ടുവരാറുണ്ട്. എന്നാലിത് വേദന കൊണ്ടും ഉണ്ടാവാം. മൂത്രത്തിൽ കല്ലുള്ളതിന്റെ പ്രധാന ലക്ഷണങ്ങളായി ഇവയെ കണേണ്ടതില്ല. പനി അടിവയറ്റിലോ നടുവിനോ വേദനയും ഒപ്പം പനിയുമുണ്ടെങ്കിൽ ഉടൻ തന്നെ ഡോക്ടറെ കാണണം. മൂത്രനാളിയിലുള്ള അണുബാധയുടെ പ്രധാനലക്ഷണങ്ങളാണിവ

### അടിവയറ്റിൽ വേദന, പുറം വേദന

അടിവയറ്റിൽ വേദന തോന്നുന്നതും പുറകിൽ വാരിയെല്ലുകൾക്ക് താഴെ വൃക്കകൾ സ്ഥിതി ചെയ്യുന്ന ഇടത്ത് തോന്നുന്ന വേദനയും വൃക്കയിലെ കല്ലിന്റെ ഒരു പ്രധാന ലക്ഷണമാണ്.

### മൂത്രമൊഴിക്കുമ്പോൾ വേദന, മൂത്രത്തിൽ രക്തം

മൂത്രമൊഴിക്കുമ്പോൾ വേദന, മൂത്രമൊഴിക്കുന്നതിൽ ബുദ്ധിമുട്ട്, മൂത്രമൊഴിക്കുമ്പോൾ പുകച്ചിൽ, മൂത്രത്തിൽ രക്തം കാണുക തുടങ്ങിയവ കിഡ്നി സ്റ്റോണിന്റെ ലക്ഷണങ്ങളാണ്.

### ഇടയ്ക്കിടെ മൂത്രമൊഴിക്കൽ, മൂത്രത്തിന്റെ നിറവ്യത്യാസം

ഇടയ്ക്കിടെയുള്ള മൂത്രമൊഴിക്കൽ, മൂത്രത്തിന്റെ നിറം മാറുക എന്നിവയും കിഡ്നി സ്റ്റോണിന്റെ ലക്ഷണമാകാം.

### കാലുകളിൽ വീക്കം

കാലുകളിൽ വീക്കം, നിൽക്കാനോ ഇരിക്കാനോ ബുദ്ധിമുട്ട് അനുഭവപ്പെടുക എന്നിവയും വൃക്കയിലെ കല്ലിന്റെ സൂചനകളാകാം.

### ഓക്കാനം, ഛർദ്ദി, ക്ഷീണം

ഓക്കാനം, ഛർദ്ദി, കടുത്ത പനിയും ക്ഷീണവും ഉണ്ടാകുന്നതും വൃക്കയിലെ കല്ലിന്റെ ലക്ഷണങ്ങളാകാം.

# കയറ്റുമതിയിൽ കുതിപ്പ് ! ആപ്പിളിനെ കടത്തി വെട്ടി ഷഓമി




2025 ന്റെ ആദ്യ പാദത്തിൽ വെയറബിൾസ് വിപണിയിൽ ഷഓമി ആധിപത്യം സ്ഥാപിക്കാൻ ഒരുങ്ങുന്നു. കയറ്റുമതിയിൽ മാത്രം 44 ശതമാനം വളർച്ച കൈവരിച്ച ചൈനീസ് ടെക് കമ്പനി ആപ്പിളിനെ മറികടന്നതായി കനാലിസിന്റെ റിപ്പോർട്ട് പറയുന്നു.

ചൈനീസ് കമ്പനിയായ ഹുവാവേ മൂന്നാം സ്ഥാനത്താണ്. സാംസങ് നാലാം സ്ഥാനത്തും ഗാർമിൻ അഞ്ചാം സ്ഥാനത്തും നിൽക്കുന്നു. വിലക്കുറവും ബാറ്ററി ലൈഫും ഹെൽത്ത് ട്രാക്കറുമാണ് വെയറബിൾ മാർക്കറ്റിൽ, പ്രത്യേകിച്ച് സ്മാർട്ട് വാച്ച് വിപണിയിൽ ഷഓമിയെ കൂടുതൽ ജനപ്രിയമാക്കിയത്.

ഷഓമിയുടെ വാർഷിക വളർച്ച 44 ശതമാനം ഉയർന്നപ്പോൾ ആപ്പിളിന്റേത് അഞ്ചുശതമാനം മാത്രം. വിപണി വിഹിതത്തിൽ ഷഓമി 19 ശതമാനവും ആപ്പിൾ 16 ശതമാനവും വളർച്ചയുണ്ടാക്കി.

ആഗോളതലത്തിൽ വെയറബിൾ ബാൻഡുകളുടെ കയറ്റുമതി 2025 ന്റെ ആദ്യപാദത്തിൽ 46.6 മില്യൺ (4.6 കോടി) ആയി കുതിച്ചുയർന്നു. വെയറബിൾ മുൻവർഷത്തെ അപേക്ഷിച്ച് 13 ശതമാനം വളർച്ച (ഇയർടുഇയർ) നേടിയതെന്നും കാൻലി റിപ്പോർട്ട് പറയുന്നു.

ബേസ് മോഡൽ വെയറബിൾസാണ് ആദ്യപാദത്തിൽ ഏറ്റവുമധികം വിറ്റുപോയത്. ദ് ഷഓമി സ്മാർട്ട് ബാൻഡ് 9, റെഡ്മി ബാൻഡ് 5 എന്നീ മോഡലുകളാണ് ഷഓമി ആദ്യപാദത്തിൽ പുറത്തിറക്കിയത്. വിൽപ്പന കുതിച്ചുകയറി. റെഡ്മി ബാൻഡ് 5 കമ്പനിയുടെ ബെസ്റ്റ് സെല്ലറായും മാറി.

പത്താം ആനിവേഴ്സറി സ്മാർട്ട് വാച്ച് പുറത്തിറക്കാനിരിക്കുന്ന ആപ്പിൾ രണ്ടാം പാദത്തിൽ കൂടുതൽ വളർച്ച നേടുമെന്നും കാൻലിസ് പ്രവചിക്കുന്നു. ഫിറ്റ്നസ്, ജിടി വെയറബിൾ വിപണി കീഴടക്കിയതോടെ വാവെയുടെ 7.1 മില്യൺ യൂണിറ്റുകൾ വിറ്റഴിഞ്ഞു.

# ഒറ്റ ടാപ്പിൽ സ്വിച്ച് ചെയ്യാം! ഒന്നിലധികം ഗൂഗിൾ അക്കൗണ്ടുള്ളവർക്ക് പരീക്ഷിക്കാം




വ്യത്യസ്ത ആവശ്യങ്ങൾക്കായി ഒന്നിലധികം ഗൂഗിൾ അക്കൗണ്ടുകൾ ഉപയോഗിക്കുന്ന ആളാണോ നിങ്ങൾ? എങ്കിൽ നിങ്ങൾക്ക് ഗൂഗിളിന്റെ അക്കൗണ്ട് സ്വിച്ചർ ഇന്റർഫേസ് പരിചിതമായിരിക്കും. ഇത് സമയമെടുക്കുന്നതും ചിലപ്പോൾ നിരാശാജനകവുമാണ്. അതുകൊണ്ട് ഗൂഗിൾ അതിന്റെ ആപ്പുകളിൽ ഉടനീളം ഒരു ലളിതമായ അക്കൗണ്ട് സ്വിച്ചർ ഫീച്ചർ പുറത്തിറക്കിയിരിക്കുന്നു.

ഈ സവിശേഷത ഇപ്പോൾ നിങ്ങളുടെ സ്മാർട്ട്ഫോണിലെ വ്യത്യസ്ത ഗൂഗിൾ അക്കൗണ്ടുകൾക്കിടയിൽ മാറുന്നത് എളുപ്പമാക്കും. വ്യത്യസ്ത പ്രൊഫൈലുകൾക്കിടയിൽ മാറാൻ കുറച്ച് ടാപ്പുകൾ മാത്രമേ ഇനി ആവശ്യമുള്ളൂ. ഈ വിധത്തിൽ, ഗൂഗിൾ അതിന്റെ പല ആപ്പുകളിലും അക്കൗണ്ടുകൾ മാറുന്ന രീതി മാറ്റുകയാണ്.

പുതിയതും മെച്ചപ്പെടുത്തിയതുമായ ഈ ഫീച്ചർ ഇപ്പോൾ ഗൂഗിൾ ട്രാൻസ്ലേറ്റ് (പതിപ്പ് 9.9.58), വാലറ്റ് (പതിപ്പ് 25.20), ടാസ്ക്സ് (പതിപ്പ് 2025.05.19) എന്നിവയിൽ ലഭ്യമാണ്. ഈ പുതിയ ഡിസൈൻ കമ്പ്യൂട്ടറിൽ കാണുന്നതുപോലെ തന്നെയാണ്. നേരത്തെ ഈ മാറ്റം ഗൂഗിൾ മാപ്പിലും കണ്ടിരുന്നു. കലണ്ടറിലും കീപ്പിലും ഈ ഫീച്ചർ വരുന്നതിന്റെ സൂചനകളും ഉണ്ടായിരുന്നു.

മുമ്പ്, പല ഗൂഗിൾ ആപ്പുകളിലും അക്കൗണ്ടുകൾ മാറാൻ ഒന്നിലധികം ഘട്ടങ്ങൾ ആവശ്യമായിരുന്നു. ആദ്യം നിങ്ങളുടെ പ്രൊഫൈലിൽ ടാപ്പ് ചെയ്യുക, തുടർന്ന് നിങ്ങളുടെ ഗൂഗിൾ അക്കൗണ്ട് മാനേജ് ചെയ്യുക എന്ന ഓപ്ഷനിലേക്ക് പോകുക. ഇതിനുശേഷം ഉപയോക്താവിന് തന്റെ പ്രൊഫൈലിന്റെ ലിസ്റ്റ് ലഭിക്കും. എന്നാൽ പുതിയ രൂപകൽപ്പന ഈ പ്രക്രിയയെ കൂടുതൽ ലളിതവും എളുപ്പവുമാക്കുന്നു.

പുതിയ രീതി അനുസരിച്ച് അക്കൗണ്ടുകൾ മാനേജ് ചെയ്യാൻ പോകേണ്ട ആവശ്യം ഇല്ല. പകരം ഉപയോക്താക്കൾക്ക് അവരുടെ പ്രൊഫൈൽ ഫോട്ടോയിൽ ഇപ്പോൾ 'അക്കൗണ്ട് മാറുക' എന്ന ഡ്രോപ്പ്ഡൗൺ ലഭിക്കും. അതിൽ ഒരിക്കൽ ടാപ്പ് ചെയ്താൽ ഉപയോക്താവിന്റെ മറ്റ് ലിങ്ക് ചെയ്ത അക്കൗണ്ടുകൾ, പുതിയ അക്കൗണ്ട് ചേർക്കാനുള്ള ഓപ്ഷൻ, ഉപകരണം കൈകാര്യം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ എന്നിവ കാണിക്കും. ഇവിടെ നിന്ന് ഉപയോക്താവിന് തന്റെ മറ്റ് വിവിധ അക്കൗണ്ടുകൾക്കിടയിൽ മാറാൻ കഴിയും.

# 'കോഡെക്സ്' പുതിയ എഐ ഏജന്റ് പുറത്തിറക്കി ഓപ്പൺഎഐ




ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിലെ ഒരു പ്രമുഖ കമ്പനിയായ ഓപ്പൺ എഐ, കോഡ് ജനറേഷൻ ഉൾപ്പെടെയുള്ള പ്രക്രിയകളിൽ സഹായിക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന 'കോഡെക്സ്' എന്ന പുതിയ എഐ ഏജന്റ് പുറത്തിറക്കി. കോഡെക്സ് ഇപ്പോൾ ചാറ്റ്ജിപിടിയിൽ സംയോജിപ്പിച്ചിരിക്കുന്നു.

ഒന്നിലധികം ജോലികൾ ഒരേസമയം കൈകാര്യം ചെയ്യാൻ കഴിയുന്ന ഒരു ക്ലൗഡ് അധിഷ്ഠിത സോഫ്റ്റ്‌വെയർ എഞ്ചിനീയറിംഗ് ഉപകരണമാണിത്. സോഫ്റ്റ്‌വെയർ വികസനത്തിൽ സഹായിക്കുന്നതിനാണ് കോഡെക്സ് പ്രത്യേകം രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഓപ്പൺഎഐയുടെ ഹൈ-ടെക് ഓ3 റീസണിംഗ് മോഡലിന്റെ ഒരു വകഭേദമായ കോഡെക്സ്-1 ആണ് ഇതിന് കരുത്ത് പകരുന്നത്.

ഈ നൂതന എഐ ടൂൾ ചാറ്റ്ജിപിടിയുമായി പരിധികളില്ലാതെ സംയോജിപ്പിച്ചിരിക്കുന്നു. ക്ലൗഡ് അധിഷ്ഠിത സോഫ്റ്റ്‌വെയർ എഞ്ചിനീയറിംഗ് സേവനമെന്ന നിലയിൽ, നിരവധി ജോലികൾ ഒരേസമയം കൈകാര്യം ചെയ്യാനുള്ള കഴിവ് കോഡെക്സിന് ലഭിക്കുന്നു. സോഫ്റ്റ്‌വെയർ വികസനം കാര്യക്ഷമമാക്കുന്നതിനായി പ്രത്യേകം വികസിപ്പിച്ചെടുത്ത 'കോഡെക്സ്' ഓപ്പൺഎഐയുടെ ലൈവ് സ്ട്രീമുകളിലൊന്നിൽ പ്രദർശിപ്പിച്ചു.

ബഗ് പരിഹരിക്കൽ, കോഡ്ബേസിനെക്കുറിച്ചുള്ള സാങ്കേതിക വിവരങ്ങൾ നൽകൽ, നടപ്പിലാക്കൽ ജോലികൾ എന്നിവയുൾപ്പെടെ വിവിധ പ്രവർത്തനങ്ങൾ നിർവഹിക്കാൻ ഇതിന് കഴിയും. ഓപ്പൺ എഐയുടെ ഓ3 റീസണിംഗ് മോഡലിൽ നിർമ്മിച്ച കോഡെക്സ്, മനുഷ്യസമാനമായ ഒരു കോഡിംഗ് ശൈലി പിന്തുടരുന്നു. പരിശോധനയിൽ വിജയിക്കുന്നതുവരെ കോഡ് തുടർച്ചയായി പരിഷ്കരിക്കുന്നു.

നിലവിൽ, ചാറ്റ്ജിപിടിയുടെ സബ്സ്ക്രിപ്ഷൻ പ്ലാനുകളുള്ള ഉപയോക്താക്കൾക്ക് കോഡെക്സ് ലഭ്യമാണ്. പ്രത്യേകിച്ചും ചാറ്റ്ജിപിടി പ്രോ, എന്റർപ്രൈസ്, ടീം പ്ലാനുകളുടെ ഉപയോക്താക്കൾക്ക് ഇത് ആക്സസ് ചെയ്യാൻ കഴിയും.

# മോഷ്ടിച്ച ഫോണുകൾ ഉപയോഗശൂന്യമാക്കും; ആൻഡ്രോയിഡ് 16ൽ കിടിലൻ ഫീച്ചർ




ആൻഡ്രോയിഡ് 16ൽ ഒരു പ്രധാന ഫീച്ചർ അവതരിപ്പിക്കാൻ ഗൂഗിൾ ഒരുങ്ങുന്നു. ഈ ആന്റി-തെഫ്റ്റ് ഫീച്ചർ മോഷ്ടിക്കപ്പെട്ട ഫോണുകളെ ഉപയോഗശൂന്യമാക്കും. ഉടമയുടെ അനുമതിയില്ലാതെ പുനഃസജ്ജമാക്കുന്ന ഉപകരണങ്ങളിലെ എല്ലാ പ്രവർത്തനങ്ങളെയും തടയുന്ന ഒരു സുരക്ഷാ ഉപകരണമാണിത്.


ആഗോളതലത്തിൽ വർദ്ധിച്ചുവരുന്ന മൊബൈൽ മോഷണം തടയാനുള്ള ഗൂഗിളിന്റെ വിശാലമായ ശ്രമത്തിന്റെ ഭാഗമാണിത്. മോഷ്ടിക്കപ്പെട്ട ഉപകരണങ്ങൾ പ്രവർത്തനരഹിതമാക്കുന്നതിലൂടെ, മോഷണത്തിനുള്ള പ്രോത്സാഹനം കുറയ്ക്കാനാണ് ടെക് ഭീമൻ പ്രതീക്ഷിക്കുന്നത്. ഈ വർഷം അവസാനത്തോടെ ആൻഡ്രോയിഡ് 16 ഓപ്പറേറ്റിംഗ് സിസ്റ്റത്തിനൊപ്പം ഈ ഫീച്ചർ പുറത്തിറങ്ങുമെന്ന് പ്രതീക്ഷിക്കുന്നു.

അടുത്തിടെ നടന്ന 'ദി ആൻഡ്രോയിഡ് ഷോ: ഐ/ഒ എഡിഷൻ' പരിപാടിയിലാണ് പുതിയ ഫീച്ചർ വെളിപ്പെടുത്തിയത്. മോഷ്ടിച്ച ഫോണുകൾ ഉപയോഗശൂന്യമാക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന സുരക്ഷാ ഫീച്ചറായ ഫാക്ടറി റീസെറ്റ് പ്രൊട്ടക്ഷനിലേക്കുള്ള (FRP) ശക്തമായ അപ്ഡേറ്റ് ഇതിൽ ഉൾപ്പെടുന്നു.

ആൻഡ്രോയിഡ് 15ൽ FRP-യിൽ ഗൂഗിൾ നിരവധി മെച്ചപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. വരാനിരിക്കുന്ന ആൻഡ്രോയിഡ് അപ്ഡേറ്റിൽ ഫാക്ടറി റീസെറ്റ് പ്രൊട്ടക്ഷൻ ഫീച്ചർ കൂടുതൽ ശക്തിപ്പെടുത്തും.


മോഷ്ടിച്ച ഉപകരണങ്ങൾ ഫോൺ വിളിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ അനുവദിക്കുന്ന നിലവിലെ ഘടനയേക്കാൾ കർശനമായ സുരക്ഷാ സവിശേഷതയാണ് ഇത്. എന്നിരുന്നാലും, ഇവിടെ ശ്രദ്ധിക്കേണ്ട ഒരു പ്രധാന കാര്യം, ഈ ജൂണിൽ ആൻഡ്രോയ്ഡ് 16ന്റെ പ്രാരംഭ റിലീസിനൊപ്പം FRP മെച്ചപ്പെടുത്തൽ വന്നേക്കില്ല എന്നതാണ്.

# യുദ്ധം നിർത്താം; പക്ഷേ നിബന്ധനകൾ മുന്നോട്ടുവച്ച് പുടിൻ



മോസ്കോ: ഉക്രെയ്നിലെ യുദ്ധം അവസാനിപ്പിക്കാൻ നിബന്ധനകൾ മുന്നോട്ട് വച്ച് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ. നാറ്റോ കിഴക്കോട്ട് വികസിപ്പിക്കുന്നത് നിർത്താനും, റഷ്യയ്ക്കെതിരായ ഉപരോധങ്ങളുടെ ഒരു ഭാഗം നീക്കാനും പാശ്ചാത്യ നേതാക്കൾ രേഖാമൂലം തയ്യാറാകണമെന്ന് റഷ്യൻ സ്രോതസ്സുകളെ ഉദ്ധരിച്ച് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്യുന്നു.സ്വന്തം നിബന്ധനകൾക്ക് അനുസൃതമായി ഒരു സമാധാന കരാറിലെത്താൻ കഴിയില്ലെന്ന് പുടിൻ മനസ്സിലാക്കിയാൽ, പശ്ചിമേഷ്യയിലെ സമാധാനം വീണ്ടും നഷ്ടപ്പെടുമെന്ന് സ്രോതസ്സ് പറഞ്ഞു.രണ്ടാം ലോക മഹായുദ്ധത്തിനു ശേഷമുള്ള ഏറ്റവും മാരകമായ യൂറോപ്യൻ സംഘർഷം അവസാനിപ്പിക്കണമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. വെടിനിർത്തൽ ചർച്ചകളിൽ ഏർപ്പെടാൻ വിസമ്മതിച്ചുകൊണ്ട് റഷ്യൻ നേതാവ് തീകൊണ്ട് കളിക്കുകയാണെന്ന് ചൊവ്വാഴ്ച ട്രംപ മുന്നറിയിപ്പ് നൽകിയിരുന്നു.കഴിഞ്ഞ ആഴ്ച ട്രംപുമായി രണ്ട് മണിക്കൂറിലധികം സംസാരിച്ചതിന് ശേഷം, വെടിനിർത്തൽ ഉൾപ്പെടെയുള്ള സമാധാന കരാറിന്റെ രൂപരേഖകൾ സ്ഥാപിക്കുന്ന ഒരു മെമ്മോറാണ്ടത്തിൽ ഉക്രെയ്നുമായി പ്രവർത്തിക്കാൻ താൻ സമ്മതിച്ചതായി പുടിൻ പറഞ്ഞിരുന്നു. മെമ്മോറാണ്ടത്തിന്റെ സ്വന്തം പതിപ്പ് നിലവിൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും അതിന് എത്ര സമയമെടുക്കുമെന്ന് കണക്കാക്കാൻ കഴിയില്ലെന്നും റഷ്യ പറയുന്നു.നാറ്റോ സഖ്യത്തിൽ ചേരാനുള്ള ഉക്രെയ്നിന്റെ ആഗ്രഹങ്ങൾക്ക് വീറ്റോ അധികാരം നൽകരുതെന്ന് കീവ് ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ഭാവിയിലെ റഷ്യൻ ആക്രമണങ്ങളെ തടയാൻ പാശ്ചാത്യലോകം ശക്തമായ സുരക്ഷാ ഉറപ്പ് നൽകണമെന്ന് ഉക്രെയ്ൻ പറയുന്നു. മോസ്കോ ആവശ്യപ്പെടുന്നു എന്നതുകൊണ്ട് മാത്രം തങ്ങളുടെ 'തുറന്ന വാതിൽ' നയം മാറ്റില്ലെന്ന് നാറ്റോയും മുമ്പ് പറഞ്ഞിട്ടുണ്ട്.നിലവിൽ ഉക്രൈന്റെ അഞ്ചിലൊന്നിൽ താഴെ മാത്രമാണ് റഷ്യയുടെ നിയന്ത്രണം. കഴിഞ്ഞ ഒരു വർഷമായി റഷ്യയുടെ മുന്നേറ്റങ്ങൾ ത്വരിതപ്പെടുത്തിയിട്ടുണ്ടെങ്കിലും, നാശനഷ്ടങ്ങളുടെയും സൈനിക ചെലവുകളുടെയും കാര്യത്തിൽ യുദ്ധം റഷ്യയ്ക്കും ഉക്രെയ്നും വലിയ നഷ്ടമാണ് വരുത്തിവയ്ക്കുന്നത്.

## നൂറുകണക്കിന് കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചു; ഫ്രഞ്ച് പീഡോഫൈൽ സർജന് 20 വർഷം തടവ്



പാരീസ്: നൂറുകണക്കിന് കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ച ഫ്രഞ്ച് പീഡോഫൈൽ സർജന് 20 വർഷം തടവ് ശിക്ഷ. 1989 നും 2014 നും ഇടയിൽ നൂറുകണക്കിന് രോഗികളെ, പ്രധാനമായും കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചതായി സമ്മതിച്ച മുൻ സർജൻ ജോയൽ ലെ സ്കൗർനെക്കിന് പരമാവധി ശിക്ഷയായ 20 വർഷം തടവ് ശിക്ഷ വിധിക്കുകയായിരുന്നു. ജഡ്ജി ഓഡ് ബുറേസി വിധി പറയുന്നത് കേട്ടുകൊണ്ട് ലെ സ്കൗർനെക് കറുത്ത വസ്ത്രം ധരിച്ച് കോടതിയിൽ വികാരരഹിതനായാണ് നിന്നത്. മാർച്ചിൽ 299 പേരെയും ലൈംഗികമായി പീഡിപ്പിച്ചതായി അദ്ദേഹം സമ്മതിച്ചു. മുൻ സർജൻ പ്രത്യേകിച്ച് അസുഖബാധിതരും ദുർബലരും മയക്കത്തിലുമായ ഇരകളെയാണ് പീഡനത്തിന് ഇരയാക്കിയിരുന്നതെന്ന വസ്തുത കോടതി കണക്കിലെടുത്തിട്ടുണ്ടെന്ന് ജഡ്ജി ബുറേസി പറഞ്ഞു. ശിക്ഷയ്ക്ക് കുറഞ്ഞത് മൂന്നിൽ രണ്ട് ശിക്ഷാ കാലാവധി നിർബന്ധമാണ്. അതേസമയം ലെ സ്കൗർനെക് ഇതിനകം ഏഴ് വർഷം തടവ് അനുഭവിച്ചതിനാൽ, 2030 ആകുമ്പോഴേക്കും അദ്ദേഹത്തിന് പരോളിന് അർഹതയുണ്ടായേക്കാം.ലെ സ്കൗർനെക്കിന്റെ ഇരകളിൽ ഒരാളായ അമേലി ലെവെക് പറഞ്ഞു: 'ഒരു ദിവസം അയാൾക്ക് തെരുവിലൂടെ നടക്കാനും ആളുകളെ കാണാനും കഴിയുമെന്ന് കരുതുന്നത് എന്നെ അസ്വസ്ഥനാക്കുന്നു. ആ ജീവിതം അവർ അയാൾക്ക് തിരികെ നൽകുമ്പോൾ ഞങ്ങൾക്ക് അതായത് ഇരകൾക്ക് ഇനി ഒരു സാധാരണ ജീവിതം ഇല്ല, അത് എന്നെ വെറുപ്പിക്കുന്നു.'-എന്നാണ്. ഇരകളുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇരുപത് വർഷം വളരെ കുറവാണെന്ന് ഇരകളിൽ ചിലരുടെ അഭിഭാഷകയായ ഫ്രാൻസെസ്ക സട്ട പറഞ്ഞു. നിയമം മാറേണ്ട സമയമാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അതേസമയം ലെ സ്കൗർനെക്കിന് അപ്പീൽ നൽകാൻ ഉദ്ദേശ്യമില്ലെന്ന് അദ്ദേഹത്തിന്റെ അഭിഭാഷകൻ മാക്സിം ടെസിയർ പറഞ്ഞു. ഫ്രാൻസിലെ ഏറ്റവും കൂടുതൽ പീഡോഫൈലർ എന്ന് വിളിക്കപ്പെടുന്ന ലെ സ്കൗർനെകിന് 74 വയസാണ്. ഇയാൾ 2020-ൽ തന്റെ രണ്ട് മരുമക്കൾ ഉൾപ്പെടെ നാല് കുട്ടികളെ ബലാത്സംഗം ചെയ്യുകയും ലൈംഗികമായി പീഡിപ്പിക്കുകയും ചെയ്തതിന് 15 വർഷം തടവിന് ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

## നൃത്തം ചെയ്തു വൈറൽ ആയി ബ്രസീലിയൻ കന്യാസ്ത്രീകൾ



സോഷ്യൽ മീഡിയയിലും ടി വി പരിപാടിയിലും വൈറൽ ആയി ബ്രസീലിൽ നിന്നുള്ള രണ്ട് കന്യാസ്ത്രീകൾ. ഒരു കത്തോലിക്കാ ടിവി പരിപാടിയിൽ താളമിട്ട് നൃത്തം ചെയ്തതോടെ ആണ് ഇവർ സോഷ്യൽ മീഡിയയിൽ വലിയ രീതിയിൽ വൈറലായത്.ഇതിന് പിന്നാലെ ഇവര് ആരാണ് എന്ന അന്വേഷണത്തിൽ ആയിരുന്നു സോഷ്യൽ മീഡിയ. സിസ്റ്റർ മരിസെലെ കാസിയാനോയും സിസ്റ്റർ മരിസ ഡെ പൗലയും ആണ് ഈ താരങ്ങൾ. ''കോപ്പിയോസ റെഡെൻസാവോ'' എന്ന കന്യാസ്ത്രീ സഭയുടെ അംഗങ്ങളാണ് ഇരുവരും എന്നാണ് ലഭിക്കുന്ന വിവരം. ബ്രസീലിലെ കത്തോലിക്കാ ചാനലിലെ ഒരു പരിപാടിയിൽ വൃത്തി ക്യാമ്പിനെക്കുറിച്ച് സംസാരിക്കവേ, ആണ് അവർ ഒരു ഗാനത്തെ കുറിച്ചും ചർച്ച ചെയ്തത്. അതിനു ശേഷം അവർ പെട്ടെന്ന് താളമിട്ട് പാട്ടും ഡാൻസും തുടങ്ങുകയായിരുന്നു. അവതാരകനായ ഡീക്കൺ ജിയോവാനി ബാസ്റ്റോസും അവർക്കൊപ്പം ചേർന്നു. ഈ കാഴ്ച പലർക്കും സന്തോഷം നൽകി ബ്രസീലിലും വിദേശത്തും ലക്ഷക്കണക്കിനാളുകൾ ആണ് ഈ വീഡിയോ കണ്ടത്.''ബീറ്റ് കേട്ടാൽ ഉടൻ ഡാൻസ് ചെയ്യും! എനിക്ക് പാടാനും ബീറ്റ്ബോക്സ് ചെയ്യാനും താല്പര്യമുണ്ട്. അതിനാൽ അതൊന്നും ഞങ്ങൾക്കായി പ്രത്യേകമായി പ്ലാൻ ചെയ്തതല്ല. ഇത്രയും അന്താരാഷ്ട്രതലത്തിൽ വൈറലാവുമെന്ന് ഞങ്ങൾ കരുതിയില്ല'' എന്നാണ് ഇതിനെ കുറിച്ച് സിസ്റ്റർ മരിസ വ്യക്തമാക്കിയത്.

## അവസാന തലവനെയും ഇല്ലാതാക്കിയതായി ഇസ്രയേൽ



ഗാസ സിറ്റി: ഹമാസ് തലവൻ മുഹമ്മദ് സിൻവാറിനെ വധിച്ചതായി ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. ഇസ്രയേൽ സൈന്യത്തിന്റെ ആക്രമണത്തിൽ സിൻവാർ കൊല്ലപ്പെട്ടെന്നാണ് ബുധനാഴ്ച നെതന്യാഹു വ്യക്തമാക്കിയത്. കഴിഞ്ഞ വർഷം ഒക്ടോബറിൽ ഇസ്രയേൽ സൈന്യത്തിന്റെ ആക്രമണത്തിൽ കൊല്ലപ്പെട്ട മുൻ ഹമാസ് നേതാവ് യഹ്യാ സിൻവാറിന്റെ സഹോദരനാണ് മുഹമ്മദ് സിൻവാർ.മെയ് 14 ന് ഗാസയിൽ ഇസ്രയേൽ നടത്തിയ വ്യോമാക്രമണത്തിൽ മുഹമ്മദ് സിൻവാറിന് മാരകമായി പരിക്കേറ്റിരുന്നതായുള്ള വിവരം പുറത്തുവന്നിരുന്നു. എന്നാൽ, ഇയാൾ മരിച്ചുവോ ഇല്ലയോ എന്ന് ഉറപ്പിക്കാനാവാത്ത സ്ഥിതിയായിരുന്നു ഉണ്ടായിരുന്നത്. മുഹമ്മദ് സിൻവാർ മരിച്ചതായി കൃത്യമായ വിവരം ലഭിച്ചതായി ഇസ്രയേലി ഡിഫൻസ് ഫോർസസ് (ഐഡിഎഫ്) വ്യക്തമാക്കി.'ഞങ്ങൾ മുഹമ്മദ് സിൻവാറിനെ ഇല്ലാതാക്കി. ഇസ്മായിൽ ഹനിയ്യ, മുഹമ്മദ് ദെയ്ഫ്, യഹ്യ സിൻവാർ... ഇപ്പോൾ മുഹമ്മദ് സിൻവാർ.. ഇവരെയെല്ലാം ഇസ്രയേൽ ഇല്ലാതാക്കിയിരിക്കുന്നു,' ഇസ്രയേൽ നിയമസഭയിൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പറഞ്ഞു. ഗാസയിൽ ഹമാസിന്റെ നേതൃനിരയിൽ ബാക്കിയുണ്ടായിരുന്ന അവസാന നേതാവായിരുന്നു മുഹമ്മദ് സിൻവാർ. ഭൂമിക്കടിയിൽ സജ്ജീകരിച്ചിരുന്ന പ്രത്യേക ഇടത്തിലായിരുന്നു മുഹമ്മദ് സിൻവാർ ഉണ്ടായിരുന്നത്. ഹമാസ് യുദ്ധം നിയന്ത്രിക്കുന്നതിനായി സർവ സജ്ജീകരണങ്ങളും ഒരുക്കിയിരുന്ന ഭൂഗർഭനിലയമായിരുന്നു ഇത്. ഡ്രോൺ ആക്രമണത്തിലൂടെയാണ് ഇസ്രയേലി സൈന്യം ഈ സ്ഥലം തകർത്തത്.



### ലിവർപൂൾ അപകടം; കാറിടിച്ചുകയറ്റുന്ന ദൃശ്യങ്ങൾ പുറത്ത്

ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ ലിവർപൂളിന്റെ കിരീടനേട്ടം ആഘോഷിക്കാനെത്തിയ ആൾക്കൂട്ടത്തിലേക്ക് കാറിടിച്ചുകയറ്റിയ സംഭവം ഏറെ ഞെട്ടലുണ്ടാക്കിയിരുന്നു. സംഭവത്തിന്റെ പുതിയ ദൃശ്യങ്ങൾ പുറത്ത്.വാട്ടർ സ്ട്രീറ്റിന് സമീപം മുഹമ്മദ് സലായും സംഘവും നടത്തിയ വിജയാഘോഷ പരേഡിനിടയിലേക്ക് മധ്യവയസ്കൻ കാറിടിച്ചുകയറ്റുകയായിരുന്നു. ഞെട്ടിക്കുന്ന അപകടത്തിൽ കുട്ടികളുൾപ്പെടെ 79 ഓളം പേർക്ക് പരിക്കേറ്റു. 27 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായാണ് റിപ്പോർട്ട്. രണ്ട് പേർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്. വാഹനത്തിനടിയിൽ കുടുങ്ങിയ നാല് പേരെ അഗ്നിശമന സേനാംഗങ്ങൾ എത്തിയാണ് പുറത്തെടുത്തത്. കാറിൻെറ ഡ്രൈവറെന്ന് കരുതപ്പെടുന്ന 53കാരനായ ബ്രിട്ടീഷുകാരനെ പൊലീസ് അറസ്റ്റ് ചെയ്തു.

# ഹിമാനികൾ ഇടിഞ്ഞുവീണു: സ്വിസ് ഗ്രാമം മണ്ണിനടിയിൽ; 300 കുടുംബങ്ങളെ ഒഴിപ്പിച്ചു



ആൽപ്സ്: ഒരു വലിയ ഹിമാനിയുടെ കഷണം താഴ്വരയിലേക്ക് ഇടിഞ്ഞുവീണതിനെത്തുടർന്ന് സ്വിസ് ഗ്രാമമായ ബ്ലാറ്റൻ ഭാഗികമായി നശിച്ചു. ബിർച്ച് ഹിമാനികൾ തകരുമെന്ന ഭയം കാരണം ദിവസങ്ങൾക്ക് മുമ്പ് തന്നെ ഗ്രാമത്തിൽ നിന്ന് ആളുകളെ ഒഴിപ്പിച്ചിരുന്നു. എങ്കിലും ഒരാളെ കാണാതായതായും നിരവധി വീടുകൾ പൂർണ്ണമായും നിലംപൊത്തിയതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.'സങ്കൽപ്പിക്കാനാവാത്തത് സംഭവിച്ചു' എന്നായിരുന്നു ബ്ലാറ്റന്റെ മേയർ മത്തിയാസ് ബെൽവാൾഡ് പ്രതികരിച്ചത്. പക്ഷേ ഗ്രാമത്തിന് ഇപ്പോഴും ഒരു പ്രതീക്ഷയുണ്ടെന്ന് അദ്ദേഹം പറയുന്നു. സ്വിസ് സൈന്യത്തിന്റെ ദുരന്ത നിവാരണ യൂണിറ്റിൽ നിന്ന് പ്രാദേശിക അധികാരികൾ പിന്തുണ അഭ്യർത്ഥിച്ചിട്ടുണ്ട്. സ്വിസ് സർക്കാർ അംഗങ്ങൾ സംഭവസ്ഥലത്തേക്ക് പോകുകയാണ്. ആൽപ്സിലുടനീളമുള്ള സമൂഹങ്ങൾക്ക് ഏറ്റവും മോശവും പേടിസ്വപ്നവുമാണ് ബ്ലാറ്റനിൽ സംഭവിച്ച ദുരന്തം.പ്രദേശം നിരീക്ഷിക്കുന്ന ജിയോളജിസ്റ്റുകൾ ഹിമാനികൾ അസ്ഥിരമാണെന്ന് മുന്നറിയിപ്പ് നൽകിയതിനെത്തുടർന്ന് മെയ് 19 ന് ഗ്രാമത്തിലെ 300 പ്രദേശവാസികൾക്കാണ് അവരുടെ വീടുകൾ വിട്ടുപോകേണ്ടിവന്നത്. ഇപ്പോൾ അവരിൽ പലർക്കും ഒരിക്കലും തിരിച്ചുവരാൻ കഴിഞ്ഞേക്കില്ലെന്ന യാഥാർത്ഥ്യം തിരിച്ചറിയേണ്ടിവന്നു എന്നതും സങ്കടകരമാണ്. കണ്ണീരിനെ ചെറുക്കാൻ ശ്രമിച്ചുകൊണ്ട് ബെൽവാൾഡ് പറഞ്ഞു: 'നമുക്ക് നമ്മുടെ ഗ്രാമം നഷ്ടപ്പെട്ടു, പക്ഷേ നമ്മുടെ ഹൃദയമല്ല. ഞങ്ങൾ പരസ്പരം പിന്തുണയ്ക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യും. ഒരു നീണ്ട രാത്രിക്ക് ശേഷം, വീണ്ടും പ്രഭാതമാകും.'- അദ്ദേഹം കൂട്ടിച്ചേർത്തു.ഗ്രാമത്തിൽ അല്ലെങ്കിലും, കുറഞ്ഞത് ആ പ്രദേശത്തെങ്കിലും താമസക്കാർക്ക് താമസിക്കാൻ കഴിയുമെന്ന് ഉറപ്പാക്കാൻ സ്വിസ് സർക്കാർ ഇതിനകം ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. എന്നിരുന്നാലും, ബ്ലാറ്റന് സമീപമുള്ള പ്രദേശങ്ങളിൽ കൂടുതൽ ഒഴിപ്പിക്കലുകൾ ആവശ്യമായി വന്നേക്കാമെന്ന് പ്രകൃതി ദുരന്തങ്ങളുടെ മേഖലാ ഓഫീസ് മേധാവി റാഫേൽ മയോറാസ് മുന്നറിയിപ്പ് നൽകി. കാലാവസ്ഥാ വ്യതിയാനം ഹിമാനികൾ - മഞ്ഞുമൂടിയ നദികൾ എന്നിവ വേഗത്തിൽ ഉരുകാൻ കാരണമാകുന്നു. കൂടാതെ ഉയർന്ന പർവതങ്ങളെ ഒരുമിച്ച് നിർത്തുന്ന പശ എന്ന് പലപ്പോഴും വിശേഷിപ്പിക്കപ്പെടുന്ന പെർമാഫ്രോസ്റ്റും ഉരുകുകയാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.ഡ്രോൺ ഫൂട്ടേജിൽ ബുധനാഴ്ച ഏകദേശം 15:30 ന് (14:30 ആടഠ) ബിർച്ച് ഹിമാനിയുടെ ഒരു വലിയ ഭാഗം തകരുന്നത് കാണിച്ചു. ബ്ലാറ്റന് മുകളിലൂടെ ഒഴുകിയെത്തിയ ചെളി ഒരു കാതടപ്പിക്കുന്ന ഗർജ്ജനം പോലെയായിരുന്നു. മഞ്ഞുരുകൽ നിരീക്ഷിക്കുന്ന ഹിമാനികൾ വർഷങ്ങളായി ചില ആൽപൈൻ പട്ടണങ്ങളും ഗ്രാമങ്ങളും അപകടത്തിലാകുമെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

# ഇസ്രായേൽ പോരാട്ടത്തിന് അപ്പുറത്തേക്ക് കടന്നുവെന്ന് യൂറോപ്യൻ യൂണിയൻ

ഗാസ സിറ്റി: ഗാസയിലെ ഇസ്രായേലി ആക്രമണങ്ങൾ ഹമാസിനെതിരായ പോരാട്ടത്തിന് അപ്പുറത്തേക്ക് കടന്നുവെന്ന് യൂറോപ്യൻ യൂണിയൻ. ഗാസയിലെ ഇസ്രായേലി ആക്രമണങ്ങൾ ഹമാസിനെതിരെ പോരാട്ടനതിന് ആവശ്യമായതിലും കൂടുതലാണ്. അവിടെ മരണസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്ന് യൂറോപ്യൻ യൂണിയന്റെ ഉന്നത നയതന്ത്രജ്ഞ കാജ കല്ലാസ് വ്യക്തമാക്കുന്നു. യുഎന്നിനെയും മറ്റ് മാനുഷിക സംഘടനകളെയും മറികടക്കുന്ന യുഎസും ഇസ്രായേലും പിന്തുണയ്ക്കുന്ന ഒരു പുതിയ സഹായ വിതരണ മാതൃകയെ ഇയു പിന്തുണയ്ക്കുന്നില്ലെന്നും കല്ലാസ് വ്യക്തമാക്കി.മാനുഷിക സഹായ വിതരണം സ്വകാര്യവൽക്കരിക്കുന്നതിനെ തങ്ങൾ പിന്തുണയ്ക്കില്ല. മാനുഷിക സഹായം ആയുധമാക്കാൻ കഴിയില്ലെന്നും അവർ കൂട്ടിച്ചേർത്തു. വെടിനിർത്തലിനെത്തുടർന്ന് മാർച്ചിൽ യുദ്ധം പുനരാരംഭിച്ചതിന് ശേഷം ഇസ്രായേലി വ്യോമാക്രമണങ്ങളും മറ്റ് സൈനിക നടപടികളും 3,924 പേരെ കൊന്നൊടുക്കിയതായി ഹമാസ് നടത്തുന്ന ആരോഗ്യ മന്ത്രാലയം പറയുന്നു. ഹമാസിനെ നശിപ്പിക്കാനും സംഘം കൈവശം വച്ചിരിക്കുന്ന ബന്ദികളെ തിരികെ കൊണ്ടുവരാനുമാണ് പോരാട്ടം നടത്തുന്നതെന്നാണ്



ഇസ്രായേൽ വ്യക്തമാക്കുന്നത്.സമീപകാല ഇസ്രായേൽ ബോംബാക്രമണങ്ങളിൽ ധാരാളം സാധാരണക്കാർ കൊല്ലപ്പെട്ടു. കഴിഞ്ഞ വെള്ളിയാഴ്ച ഖാൻ യൂനിസിൽ നടന്ന വ്യോമാക്രമണത്തിൽ ഒരു പലസ്തീൻ ഡോക്ടറുടെ 10 കുട്ടികളിൽ ഒമ്പത് പേർ കൊല്ലപ്പെട്ടു. വടക്കൻ ഗാസയിൽ കുടിയിറക്കപ്പെട്ട കുടുംബങ്ങൾക്ക് അഭയം നൽകിയിരുന്ന ഒരു സ്കൂൾ കെട്ടിടത്തിൽ കുറഞ്ഞത് 35 പേർ കൊല്ലപ്പെട്ടുവെന്നും കല്ലാസ് വ്യക്തമാക്കുന്നു.



### ഗാസയിലെ വെയർഹൗസിലേക്ക് ഇരച്ചുകയറി വിശക്കുന്നവർ; വെളിപ്പെടുത്തി ഡബ്ല്യു.യു.എഫ്

ഗാസ സിറ്റി: ബുധനാഴ്ച മധ്യ ഗാസയിലെ ഒരു ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കുന്ന ഗോഡൗണിലേക്ക് വിശന്നു പൊരിഞ്ഞ ഒരു കൂട്ടം ആളുകൾ ഇരച്ചുകയറിയതായി വേൾഡ് ഫുഡ് പ്രോഗ്രാം വെളിപ്പെടുത്തി. ഈ തിക്കിലും തിരക്കിലും പെട്ട് രണ്ടുപേർ മരിക്കുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി പ്രാഥമിക റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.ഗാസയിൽ ഭക്ഷണ സഹായം അടിയന്തരമായി വർദ്ധിപ്പിക്കേണ്ടതുണ്ട് എന്ന് WFP ഒരു പ്രസ്താവനയിൽ ആവശ്യപ്പെട്ടു. ജനങ്ങൾ പട്ടിണി കിടക്കാതിരിക്കാൻ ഇതാണ് ഏക പോംവഴിയെന്നും അവർ കൂട്ടിച്ചേർത്തു.

## കള്ളപണം വെളുപ്പിക്കൽ; വിദേശ ബാങ്കുകൾക്ക് പിഴ ചുമത്തി യുഎഇ

അബുദാബി: വിദേശ ബാങ്കുകളുടെ രണ്ട് യുഎഇ ശാഖകൾക്ക് പിഴ ചുമത്തി യുഎഇ സെൻട്രൽ ബാങ്ക്. കള്ള പണം വെളുപ്പിക്കൽ, തീവ്രവാദ സംഘടനകൾക്കുള്ള ധനസഹായം തടയുന്നതിനുമുള്ള നിയമങ്ങൾ ലംഘിച്ചു എന്നീ കുറ്റങ്ങൾക്ക് ആണ് പിഴ എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. 18.1 കോടി ദിർഹം ആണ് പിഴ ഈടാക്കിയത്.ആദ്യത്തെ ബാങ്ക് ശാഖയ്ക്ക് 10.6 കോടി ദിർഹവും, രണ്ടാം ശാഖയ്ക്ക് 7.5 കോടി ദിർഹവും പിഴ ഈടാക്കിയതായി സെൻട്രൽ ബാങ്ക് അറിയിച്ചു. സെൻട്രൽ ബാങ്കിന്റെ പരിശോധനയിൽ ഈ രണ്ടു ശാഖകളും യുഎഇയുടെ നിയമങ്ങൾ പാലിച്ചില്ലെന്നും നിയന്ത്രണങ്ങളിൽ ദോഷങ്ങൾ ഉണ്ടെന്നും കണ്ടെത്തിയതായി അറിയിച്ചു. ഇതിന് മുമ്പ് ഒരു എക്സ്ചേഞ്ച് ഹൗസിന് ഇത്തരത്തിൽ 200 കോടി ദിർഹം പിഴ ലഭിക്കുകയും അതിന്റെ ശാഖാ മാനേജർക്ക് 5 ലക്ഷം ദിർഹം പിഴയും തൊഴിൽ നിരോധനവും ലഭിക്കുകയും ചെയ്തിരുന്നുഅതേസമയം സെൻട്രൽ ബാങ്ക് എല്ലാ സാമ്പത്തിക സ്ഥാപനങ്ങളും രാജ്യത്തെ നിയമങ്ങളും നിയന്ത്രണങ്ങളും കർശനമായി പാലിക്കണം എന്ന് വ്യക്തമാക്കി.



ALL PRINT & DESIGN JOBS
HERE & ABROAD
SOUVENIR/BUSINESS CARD/FLYER/BROCHURE/BOOKLET
ENTRY TICKET/FLEX BOARD/FLEX BANNER
WALL CALENDAR/PULL OUT BANNER/NEWSLETTER
LETTERHEAD/ENVELOPS/WEDDING MASS BOOKLET
CHENNIKKARA
Call: Jose Chennikkara Ph:773 842 9149
chennikkara@gmail.com / www.chennikkara.com
In association with Five Star Offset Printers & Packaging Ernakulam / 91 984 733 6960




ലോകമെമ്പാടുമുള്ള
ഏറ്റവും പുതിയ
വാർത്തകൾ
മലയാളത്തിൽ
വായിക്കുവാൻ
സോഷ്യൽമീഡിയ
സ്‌പോർട്‌സ്
സിനിമാ
വിശേഷങ്ങളും
ഈടുറ്റ
ലേഖനങ്ങളും
ഇ-പേപ്പറും
വായിക്കുവാൻ...
വാചകം
VACHAKAM
News Portal for Malayalees Worldwide
visit: www.vachakam.com
news@vachakam.com | vachakamonline@gmail.com
1 773 888 2243, 1 773 842 9149